നമ്മുടെ ഭരണഘടന

കോന്നിയൂർ
ആർ. നരേന്ദ്രനാഥ്

നമ്മുടെ ഭരണഘടന

NAMMUDE BHARANAGHATANA

(Commentary on Indian Constitution - Malayalam)

First Impression : 1956

Second Impression : April 1964

Third Impression : 2001

Copies : 2000

Price : Rs. 350/00

by

KONNIYOOR R. NARENDRANATH,

(**R.N. Nair,** B.Sc., B.L.,)

A-3, Jains Shore Crest, 2, Jairam Street, Beach,
Valmiki Nagar, Thiruvanmiyur, Chennai - 600 041.
Phone : 4422624

Cover : T. Praveen

Copyright : Ganga N. Nath

Printed at Cosmic Press, Teynampet, Chennai - 600 006.
Phone : 4349764

Publishers : Catalyst Publications Division, Chennai - 600 034.

സമർപ്പണം

പരേതയായ എൻെറ അമ്മയുടെ-

കുഞ്ഞു കൊച്ചമ്മയുടെ-

പാവന സ്മരണയ്ക്കായി

- തങ്കപ്പൻ

കോന്നിയൂർ ആർ. നരേന്ദ്രനാഥിൻെറ കൃതികൾ

ആത്മമിത്രം - (ചെറുകഥകൾ) 1947
വിവാഹത്തിനുശേഷം - (നാടകം) 1948
നമ്മുടെ ഭരണഘടന - (പഠനം) 1956, 1958, 2001
തെറ്റിദ്ധാരണ നീങ്ങുന്നു - (നാടകം) 1952
മനുഷ്യരാശിക്കുവേണ്ടി - (നാടകം) 1952
കടപ്പാടുകൾ - (നോവൽ) 1953
അണു കുടുംബത്തിൽ - (ശാസ്ത്രം, ജീവചരിത്രം) 1958
മനുഷ്യബന്ധങ്ങൾ - (നോവൽ) 1960
മുത്തശ്ശിക്കഥകൾ - (നാടൻ കഥകൾ) 1961
പുതിയ ചക്രവാളങ്ങൾ - (ശാസ്ത്രപഠനം) 1962
ചക്രവാളത്തിനപ്പുറം - (ശാസ്ത്രകഥകൾ) 1963
വഴികാട്ടികൾ - (ജീവചരിത്രങ്ങൾ) 1964
വളരുന്ന ചക്രവാളം - (ശാസ്ത്രപഠനം) 1964
ജീവിതം ആരംഭിക്കുന്നു - (നാടകം) 1965
കന്നിമണ്ണ് - (പഠനം) 1966, 1967
നിക്കോബർ ദ്വീപുകളിൽ - (പഠനം) 1968
ജന്തുലോകം - Vol I (1969) Vol II (1970)
ആണും പെണ്ണും - (ശാസത്രപഠനം) 1971
വരം - (ശാസ്ത്രനോവൽ) 1972
വരദാനം - (ശാസ്ത്രനാടകം) 1973
സർദാർ കെ. എം. പണിക്കർ - (ജീവചരിത്രം) 1980
മുന്നേറുന്ന ശാസ്ത്രം - (ശാസ്ത്രപഠനം) 1986
ശാസ്ത്രഗതി - (ശാസ്ത്രപഠനം) 1987
പുതിയ ലോകം പുതിയ ചിന്ത - (ശാസ്ത്രപഠനം) 1997
മഹാൻമാരുടെ കൂടെ - (ജീവചരിത്രം) 1998
ജാഗ്രത് ആൻഡമാൻ - (ഹിന്ദി തർജ്ജമ) 1981
Sardar Panikkar - (Biography in English) 1982
Here is the Answer - (Encyclopedia in English) 1985

ഒന്നാം പതിപ്പിൻെറ മുഖവുര

ഭരണഘടനയെ സംബന്ധിച്ചുള്ള ഒരു ലളിതമായ ഗ്രന്ഥം തയ്യാറാക്കുന്നത് നന്നായിരിക്കുമെന്ന് ആശിച്ചിട്ട് കുറെ നാളുകളായി. ആ ആശ സഫലമാക്കുന്നതിനുവേണ്ടി ഭരണഘടനയുടെ വിശദാംശങ്ങൾ പ്രതിപാദിക്കുന്ന ചില വിശിഷ്ടങ്ങളായ ആംഗ്ലേയഗ്രന്ഥങ്ങൾ വായിച്ചുകൊണ്ടിരുന്നു. എന്നാൽ ഈ വിഷയത്തെ ഗൌരവപൂർവ്വം സമീപിച്ചപ്പോൾ അതിൻെറ ഭീമസ്വഭാവവും ഗൌരവവും വെളിപ്പെട്ടു. ഭാഷയിൽ ഇതു സംബന്ധമായുള്ള ഗ്രന്ഥങ്ങളുടെ അഭാവംകൊണ്ടുള്ള കുറവും നല്ലതുപോലെ അറിഞ്ഞു. ഭരണഘടനയുടെ വിവിധാംശങ്ങളെ വിശദീകരിക്കുന്നതിനുവേണ്ടിയുള്ള ഉദ്യമത്തിൽ ഇരിക്കുകയാണെന്ന് സ്നേഹിതൻമാരോടുപോലും പറയുകയുണ്ടായില്ല. കാരണം അങ്ങിനെ ചെയ്തു പോയാൽ അതു പൂർത്തിയാക്കാതിരിക്കുന്നത് ഭംഗിയല്ലല്ലോ. സുഹൃത്തുക്കൾ തിരക്കുമ്പോൾ തക്കതായ മറുപടിയും പറയേണ്ടിവരും. തുടങ്ങിയിട്ട് ഇടയ്ക്കു വച്ചു നിർത്തിയെന്ന് അവരോട് ഏറ്റുപറയുവാൻ സാധ്യവുമല്ല. അതിനാൽ കുറെ രഹസ്യമായിട്ടാണ് ഈ പുസ്തകം എഴുതിത്തുടങ്ങിയത്. അങ്ങിനെ ഇരിക്കുമ്പോൾ ഒരിക്കൽ എൻെറ ബഹുമാന്യസുഹൃത്തായ ശ്രീ. കെ. ദാമോദരൻ (തിരുവനന്തപുരം) ഭരണഘടനാസംബന്ധമായുള്ള ഒരു ലളിതഗ്രന്ഥത്തിൻെറ ആവശ്യത്തെക്കുറിച്ച് സന്ദർഭവശാൽ സംസാരിച്ചു. അതിനുവേണ്ടി ശ്രമിക്കുന്നത് നന്നായിരിക്കുമെന്നും എന്നെപ്പോലെയുള്ള ചെറുപ്പക്കാർ ശ്രദ്ധിക്കണമെന്നും അദ്ദേഹം സൂചിപ്പിക്കുകയും ചെയ്തു. ഇത്തരം പുസ്തകങ്ങളുടെ ആവശ്യം ഉണ്ടെന്ന് പലരും ആഗ്രഹിക്കുന്നുണ്ടെന്നുള്ളതിന് ഒരു ഉദാഹരണമായിട്ടാണ് ഞാൻ ശ്രീ. ദാമോദരൻെറ ആശയെ ഞാൻ വ്യാഖ്യാനിച്ചത്.

ഇതിനു ശേഷം ഈ പുസ്തകമെഴുത്ത് വളരെ ഗൗരവപൂർവ്വം കരുതി പൂർത്തിയാക്കുന്നതിനു തന്നെ തീരുമാനിച്ചു. പ്രധാനപ്പെട്ട ഇംഗ്ലീഷുപുസ്തകങ്ങൾ മിക്കതും വായിച്ചു കുറിപ്പുകളെടുത്തു കഴിഞ്ഞിരുന്നതിനാൽ ഇത് എഴുതിത്തുടങ്ങുകയും ചെയ്തു. ഔദ്യോഗികകൃത്യങ്ങൾക്ക് ഒരു വിധത്തിലും വീഴ്ച വരുത്താതെ ഇതു നിർവ്വഹിയ്ക്കേണ്ടിയിരുന്നതിനാൽ വിചാരിച്ചത്ര സമയം ദിവസംതോറും ഇതിനുവേണ്ടി വിനിയോഗിക്കുവാൻ കഴിഞ്ഞില്ല. അക്കാരണത്താൽ 1954 അവസാനത്തിൽ ആരംഭിച്ച ഈ പരിശ്രമം 1956 മാർച്ചോടുകൂടിയാണ് പൂർത്തിയായത്. സംസ്ഥാനപുനഃസംഘടന സംബന്ധമായ സംഗതികൾ താമസിയാതെ നടപ്പിൽവരുമെന്നു തീർച്ചയായതിനാൽ ആ വ്യത്യാസങ്ങൾകൂടി ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കാമെന്നു കരുതുകയും ചെയ്തു. ഇതാണ് ഈ പുസ്തകത്തിൻെറ ചരിത്രം.

കഴിയുന്നത്ര ലളിതമായി കാര്യങ്ങൾ പ്രതിപാദിക്കുവാൻ ഇതിൽ ഞാൻ ശ്രമിച്ചിട്ടുണ്ട്. പലപ്പോഴും ഇംഗ്ലീഷ് സാങ്കേതിക പദങ്ങൾക്ക് ശരിയായ തർജ്ജമ കണ്ടെത്തുക പ്രയാസമായി തോന്നി. സർവ്വസാധാരണങ്ങളും സാധാരണക്കാർക്കുപോലും മനസ്സിലാകുന്നതുമായ ഇംഗ്ലീഷ് വാക്കുകൾ അതേരൂപത്തിൽ സ്വീകരിക്കുവാൻ വൈമുഖ്യം കാണിച്ചിട്ടില്ല. അവയുടെ തർജ്ജമ നൽകാതിരുന്നിട്ടുള്ളത് സമാന്തരങ്ങളായ വാക്കുകൾ മലയാളത്തിൽ ഇല്ലാഞ്ഞിട്ടല്ല. ഇംഗ്ലീഷുവാക്കുകൾ അതുപോലെ സ്വീകരിച്ചാൽ കാര്യം കൂടുതൽ സുഗ്രഹമായിരിക്കുമെന്നു കരുതിയിട്ടാണ്. സുപ്രീംകോടതിയ്ക്ക് പരമോന്നത ന്യായാലയം എന്നു പറയാം. കാര്യം ശരിയുമായിരിക്കും. എന്നാൽ സുപ്രീംകോടതിയെന്നു പറഞ്ഞാൽ ലാഘവം കുടും; അഭിമാനക്ഷയമൊന്നുമുണ്ടാകാനുമില്ല. ചില ഇംഗ്ലീഷുവാക്കുകളുടെ മലയാളവും ചില സന്ദർഭങ്ങളിൽ ആ വാക്കുതന്നെയും പ്രയോഗിച്ചിട്ടുമുണ്ട്. എക്സിക്യൂട്ടീവിനു നിർവ്വഹണവിഭാഗമെന്നും എക്സിക്യൂട്ടീവെന്നും ഞാൻ ഉപയോഗിച്ചിട്ടുണ്ട്. നിർവ്വഹണവിഭാഗമെന്ന വാക്ക് തൃപ്തികരമായി ചില സന്ദർഭങ്ങളിൽ തോന്നിയിരുന്നതു

മൂലമാണ് ഇതു ചെയ്തിട്ടുള്ളത്. എന്നാൽ എക്സിക്യൂട്ടീവ് എന്ന ഇംഗ്ലീഷുവാക്കിൻെറ സകല അംശങ്ങളും മലയാളതർജ്ജമയിൽ വന്നിട്ടില്ലെന്നു തോന്നുകയാൽ അതിപ്രധാന്യമുള്ള ചില സന്ദർഭങ്ങളിൽ ഇംഗ്ലീഷുവാക്കുതന്നെ പ്രയോഗിക്കുന്നതിന് നിർബന്ധിതനായി. ഇതുപോലെ മറ്റു ചില വാക്കുകളുമുണ്ട്. നിയമസംബന്ധമായ സാങ്കേതികവിഷയങ്ങൾ മലയാളത്തിൽ പ്രതിപാദിക്കുന്നത് സാധാരണമായിത്തീർന്നിട്ടില്ലാത്തതിനാൽ അതിനുവേണ്ടി മനഃപൂർവ്വം ശ്രമിക്കുന്നവർക്ക് ഇങ്ങനെ ചില സ്വാതന്ത്ര്യങ്ങൾ ഭാഷാസ്നേഹികൾ അനുവദിച്ചുകൊടുക്കുവാൻ മടികാണിക്കുകയില്ലെന്നു വിശ്വസിക്കുന്നു.

ഈ പുസ്തകരചനയിൽ ഞാൻ ഏറ്റവും അധികം ആശ്രയിച്ചിട്ടുള്ളത് ശ്രീ. ബാസുവിൻെറ വിഖ്യാതമായ പ്രമാണികഗ്രന്ഥത്തെയാണ്. കൂടാതെ മറ്റു ചില പ്രധാനപ്പെട്ട പുസ്തകങ്ങൾ തിരഞ്ഞുപിടിച്ച് സംശയനിവർത്തി വരുത്തുവാനും ബാസുവിൻെറ ഗ്രന്ഥം സഹായിച്ചിട്ടുണ്ട്. അവയിൽ പ്രധാനമായവ വായനക്കാർക്ക് ചിലർക്കെങ്കിലും ഉപയോഗപ്പെട്ടേയ്ക്കുമെന്നു കരുതി ഈ പുസ്തകത്തിൻെറ മറ്റൊരു ഭാഗത്ത് ചേർത്തിരിക്കുന്നു. ആ പുസ്തകങ്ങളോട് എനിക്കുള്ള കടപ്പാട് സസന്തോഷം രേഖപ്പെടുത്തിക്കൊള്ളട്ടെ. ഈ പുസ്തകത്തിലെ നല്ല അംശങ്ങൾക്ക് പ്രധാനമായി അവയും തെറ്റുകൾക്ക് ഞാനും ആണ് ഉത്തരവാദിത്വം വഹിക്കേണ്ടത്.

എനിക്ക് സാഹിത്യപരമായ കാര്യങ്ങളിൽ ഉണ്ടായിട്ടുള്ള അഭിരുചിയെ യഥാവിധി പരിപോഷിപ്പിക്കുന്നതിനുവേണ്ട പ്രോത്സാഹനവും അനുഗ്രഹവും നൽകി എന്നും ആശീർവദിക്കാറുള്ള എൻെറ പരേതനായ പിതാവിനോട് - ശ്രീ. എം. എൻ. രാഘവൻ നായർ, കോന്നി-എനിക്കുള്ള ബാദ്ധ്യത ഈ പുസ്തകത്തിൻെറ കാര്യത്തിലും എടുത്തുപറയേണ്ടതായിട്ടുണ്ട്. അതിന് എനിക്കുള്ള അതിരില്ലാത്ത നന്ദി രേഖപ്പെടുത്തുവാൻ തുനിയുന്നത് സാഹസമായിരിക്കും. എൻെറ മറ്റു പല വീഴ്ചകളുമെന്നപോലെ ഇതും ആ സ്നേഹനിധി ക്ഷമിക്കട്ടെ.

ഇതിൻെറ കയ്യെഴുത്തുപ്രതി പല സ്നേഹിതൻമാരും വായിച്ചു നോക്കുകയുണ്ടായി. അവരുടെ പ്രോത്സാഹനം എനിക്ക് കുറച്ചൊരു ആത്മവിശ്വാസം നൽകുകയും ചെയ്തു. എൻെറ ശ്വശുരൻ പരേതനായ ശ്രീ. മള്ളൂർ ജി. രാമചന്ദ്രൻനായർ (അഡ്വക്കേറ്റ്) ഇതു വായിച്ച് വിലയേറിയ അനവധി നിർദ്ദേശങ്ങൾ നൽകി എന്നെ വളരെയധികം സഹായിച്ചിട്ടുണ്ട്. അദ്ദേഹത്തോട് എനിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. പരേതനായ പി. ദാമോദരൻനായർ (ഹെഡ് ട്രാൻസ്ലേറ്റർ) എൻെറ സ്യാലൻ പരേതനായ ശ്രീ. റ്റി. ആർ. നാരായണപിള്ള എന്നിവരുടെ കാര്യം പ്രത്യേകം എടുത്തുപറയാതിരിക്കുന്നത് നന്ദികേടായിരിക്കും. ഇവരുടെയെല്ലാം നിർദ്ദേശങ്ങളും മറ്റും ഈ പുസ്തകത്തിൻെറ മാറ്റു വർദ്ധിപ്പിക്കുവാൻ ഏറ്റവും അധികം സഹായിച്ചിട്ടുണ്ട്. ഇതിന് അവസാനരൂപം കൊടുക്കുന്നതിനു അവരുടെ സഹകരണമില്ലായിരുന്നെങ്കിൽ സാധിക്കുമായിരുന്നോ എന്നു സംശയിക്കുന്നു. എൻെറ ഒരു ഉത്തമസുഹൃത്തും അഗാധപണ്ഡിതനും സുപ്രസിദ്ധനിരൂപകനുമായ ശ്രീ. പി. ദാമോദരൻ പിള്ള (ലെക്സിൻ ആഫീസ്) ഈ പുസ്തകത്തിൻെറ പ്രൂഫുനോക്കുന്നതിനും കുറവുകൾ പരിഹരിക്കുന്നതിനും ഒരു സഹോദരനെപ്പോലെ സഹായിച്ചിട്ടുണ്ട്. അതിന് എനിക്കു അദ്ദേഹത്തിനോടുള്ള കടപ്പാട് രേഖപ്പെടുത്തിക്കൊള്ളുന്നു.

എൻെറ അഭ്യർത്ഥനയനുസരിച്ച് ഈ പുസ്തകത്തിന് ഏറ്റവും വിശിഷ്ടമായ ഒരു അവതാരിക എഴുതിത്തന്ന് എൻെറ പ്രയത്നത്തെ അനുഗ്രഹിച്ചതിന് സർദാർ കെ. എം. പണിക്കരോട് എനിക്കുള്ള കൃതജ്ഞത വ്യക്തമാക്കാൻ കഴിവുള്ളതല്ല. ഭാരതത്തിൻെറ ഭരണഘടനാശിൽപ്പികളിൽ പ്രധാനിയായ അദ്ദേഹം എൻെറ ഈ കൃതി അവതരിപ്പിച്ചത് എൻെറ മഹാഭാഗ്യമായി ഞാൻ കരുതുന്നു. അതിന് എൻെറ നിസ്സീമമായ നന്ദി രേഖപ്പെടുത്തിക്കൊള്ളട്ടെ!

ഈ പുസ്തകത്തിൻെറ പ്രധാനഭാഗങ്ങൾ വായിച്ചുനോക്കി അമൂല്യമായ പല നിർദ്ദേശങ്ങൾ നൽകിയും മറ്റും എന്നെ

അനുഗ്രഹിച്ചതിന് വാത്സല്യനിധിയായ പരേതനായ മള്ളൂർ ഗോവിന്ദപിള്ള അവർകളോട് ഏതുവിധത്തിലാണ് നന്ദി ഞാൻ രേഖപ്പെടുത്തേണ്ടതെന്നറിയുന്നില്ല. അദ്ദേഹം എപ്പോഴും എന്നോടു കാണിയ്ക്കുന്ന സ്നേഹത്തിനും വാത്സല്യത്തിനും എൻെറ കൂപ്പുകൈ അർപ്പിയ്ക്കുകയല്ലാതെ മറ്റെന്തെങ്കിലും ചെയ്യുവാൻ ഞാൻ അശക്തനാണ്.

ഈ പുസ്തകത്തിൽ തെറ്റുകളും കുറ്റങ്ങളും കുറയ്ക്കുവാൻ വളരെയധികം ഞാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും ഇത് കുറ്റമറ്റതാണെന്ന് അവകാശപ്പെടുന്നില്ല. വായനക്കാരിൽ നിന്നും പണ്ഡിതൻമാരിൽ നിന്നും സൃഷ്ടിപരമായ നിർദ്ദേശങ്ങൾ സസന്തോഷം സ്വാഗതം ചെയ്തുകൊള്ളുന്നു.

ഈ പുസ്തകത്തിന് മലയാളത്തിലെ ഭരണവ്യവസ്ഥാപരമായ ഗ്രന്ഥശേഖരത്തിൻെറ കുറവ് അൽപമെങ്കിലും നികത്താൻ കഴിയുന്നെങ്കിൽ ഞാൻ കൃതാർത്ഥനാണ്.

തിരുവനന്തപുരം
30-11-56

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

രണ്ടാം പതിപ്പിൻെറ മുഖവുര

പ്രസിദ്ധപ്പെടുത്തി ഏതാണ്ട് ഒരു കൊല്ലം തികയുന്നതിനു മുമ്പുതന്നെ ഒന്നാംപതിപ്പു മുഴുവൻ തീർന്നെങ്കിലും ചില പരാധീനതകൾകാരണം ഇപ്പോഴേ ഈ പുസ്തകത്തിൻെറ ഈ പതിപ്പു പ്രസിദ്ധപ്പെടുത്തുവാൻ കഴിഞ്ഞുള്ളൂ. പുസ്തക പ്രിയരും നിരൂപകരും ആദ്യത്തെപ്പോലെ ഇതിനെയും സ്വാഗതം ചെയ്യുമെങ്കിൽ ഞാൻ ധന്യനായി. ഭരണഘടനയെ സംബന്ധി ക്കുന്ന വ്യവസ്ഥകളിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള വ്യത്യാസ ങ്ങളും മറ്റും കഴിയുന്നത്ര ഉൾക്കൊള്ളിച്ച് ആവശ്യമായ പരിഷ്കാ രങ്ങൾ വരുത്തുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. പുസ്തകത്തെ ക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തുവാൻ സൻമനസ്സുണ്ടായ വർ നിർദ്ദേശിച്ച സ്വീകാര്യങ്ങളായ സംഗതികൾ മനസ്സിൽ വച്ചു കൊണ്ട് ചില മിനുക്കുപണികളും ഞാൻ നടത്തിയിട്ടുണ്ടെന്നും പ്രസ്താവിച്ചുകൊള്ളട്ടെ.

കോഴിക്കോട്
1958

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

മൂന്നാം പതിപ്പിൻെറ മുഖവുര

ഈ കൃതിക്ക് വളരെ ഉത്തമമായ സ്വീകരണമാണിതുവരെ കിട്ടിയത്. ഈ അവസ്ഥ തുടരുമെന്നു കരുതുന്നു. ചില കാരണങ്ങളാൽ പുതിയ പതിപ്പ് പ്രസിദ്ധപ്പെടുത്താൻ വളരെ അമാന്തിച്ചു. പുസ്തകത്തിൻെറ പ്രതി എവിടെ കിട്ടുമെന്നു അന്വേഷണം നടത്തുന്ന നിരവധി കത്തുകൾ കിട്ടിക്കൊണ്ടിരുന്നുതാനും. അതു കൊണ്ടു പുതിയ പതിപ്പ് ഇറക്കുന്നു. നവീകരിച്ച്, പരിഷ്കരിച്ച, ഒരു പുതിയ പതിപ്പാണ്. അങ്ങിനെ വേണമെന്ന് പലരും നേരിട്ടു പറയുകയും ചെയ്തു. പഴയ പതിപ്പുകളിൽ കടന്നു കൂടിയ ചില സ്കലിതങ്ങൾ നീക്കം ചെയ്യാൻ ഇപ്പോൾ സാധിച്ചിട്ടുണ്ട്. അതിനാൽ ഈ മൂന്നാം പതിപ്പ് കൂടുതൽ പ്രയോജനപ്രദമാകുമെന്നാണ് പ്രതീക്ഷ. നവീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഭരണഘടനയുടെ ഭാഗമല്ലെങ്കിലും, പ്രസക്തിയുള്ള മറ്റു ചില വസ്തുതകളും ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. അതു ഈ പുതിയ പതിപ്പിൻെറ പ്രത്യേകതയാണ്. ആഗ്രഹിച്ചെങ്കിലും ഒരു സൂചിക (ഇൻഡക്സ്) ചേർക്കാൻ കഴിഞ്ഞില്ല പല കാരണങ്ങളാൽ.

മാർച്ച് 2001

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ചെന്നൈ-41

ഈ പഠനത്തിന് ഉപകരിച്ചിട്ടുള്ള ചില പ്രധാന ഗ്രന്ഥങ്ങൾ

Theory and Practice of Modern Government by Finer
Laws of England - Halsbury
Grammar of Politics by Laski
Jurisprudence by Salmond
Laws of the Constitution by Dicey
Cabinet Government by Jennings
Some Characteristics of Indian Constitution by Jennings
Constitutional Law by Keith
Law of the Constitution by Clements
Constitution of U.S.A. by Munro
Law of American Constitution by Burwick
American Federal Government by Ferguson & Mechenry
Australian Constitution by Nicholas
Economic Aspects of Indian Constitution by Misra
Commentary on Constitution of India by Basu - Several Volumes
Fundamental Rights & Constitutional Remedies by Aggrawala
Constitutional History of India by Sharma
Parliamentary Government in South Asia by Bailey
Making of the Indian Constitution by Banerjee
The State in Ancient India by Prasad
Indian Public Administration by Chanda
We the Judges by Douglas
India Today by Dutt
Medieval India by Prasad
Indian Parliament by Lal
Outlines of Indian Legal History by Jain
Our Judicial System by Khosla
Parliament by Ilbert
Modern Democracies by Bryce
Fundamental Rights in India by Gledhill
Integration of the Indian States by Menon
Parliament in India by Jones
Working of Dyarchy in India by Panikkar
A survey of Indian History by Panikkar

ആവതാരിക

ശ്രീമാൻ കോന്നിയൂർ നരേന്ദ്രനാഥ് വിരചിച്ച നമ്മുടെ ഭരണഘടന മലയാളഭാഷയിലുണ്ടായിട്ടുള്ള ആദ്യത്തെ സ്വതന്ത്ര മായ ഭരണമീമാംസാഗ്രന്ഥമാണ്. ആദ്യത്തെ ഗ്രന്ഥമായതുകൊണ്ടു മാത്രമല്ല അതിനു മേൻമയുള്ളത്. ഞാൻ വായിച്ചുകണ്ടിടത്തോളം കൊണ്ട്, അതു പാണ്ഡിത്യവും സൂക്ഷ്മദർശിത്വവും തികഞ്ഞ ഒരു പ്രമാണഗ്രന്ഥമാണെന്നാണ് എനിക്കു തോന്നിയത്. വിപുല മായ ചരിത്രവിജ്ഞാനം ഭരണനിയമസിദ്ധാന്തങ്ങളിൽ പരി ചയം, ഇവ ഈ ഗ്രന്ഥത്തിൽ തെളിഞ്ഞുകാണുന്നുണ്ട്. കൂടാതെ സുഗമമായ ഒരു ഭാഷാരീതി, സാരാംശങ്ങൾ എടുത്തുകാണിച്ചു വിവരിക്കുന്നതിനുള്ള നൈപുണ്യം, ആവശ്യത്തിനു തികയുന്ന വ്യാഖ്യാനം ഈ ഗുണങ്ങൾകൊണ്ട് നമ്മുടെ ഭരണഘടന ഒരു നിയമപരമായ പുസ്തകത്തിൽ കവിഞ്ഞ് ഒരു സാഹിത്യഗ്രന്ഥം തന്നെ ആയിട്ടുണ്ടെന്നാണ് എൻെറ അഭിപ്രായം. നമ്മുടെ ഭരണ നിയമത്തിൻെറ ഓരോ ഭാഗങ്ങളും പ്രത്യേകമെടുത്തു വിവരി ക്കുകയാണ് ശ്രീ. നരേന്ദ്രനാഥ് ചെയ്തിട്ടുള്ളത്. ആദ്യത്തെ അദ്ധ്യായത്തിൽ ഭാരതീയ ഭരണകൂടമെങ്ങിനെ വളർന്നു ഈ രൂപമെടുത്തു എന്നു സമഗ്രമായി വിവരിച്ചിരിക്കുന്നു. ആ ഭാഗം ശ്രീ. നരേന്ദ്രനാഥിൻെറ അനതിദീർഘമെങ്കിലും സാരാംശ ദ്യോതകമായ വിവരണത്തിന് ഒരു മാതൃകയാണ്. പീഠിക, മൗലികാവകാശങ്ങൾ ഇങ്ങനെ ഓരോ ഭാഗങ്ങൾ എടുത്തു പ്രത്യേകം ചർച്ചചെയ്താണ് ഭരണഘടനയുടെ സ്വരൂപം അദ്ദേഹം വെളിപ്പെടുത്തുന്നത്.

ഇന്ത്യയുടെ കോൺസ്റ്റിട്യൂഷൻ അത്ര എളുപ്പം മനസ്സി ലാക്കാവുന്ന ഒന്നല്ല. ഒരൊറ്റ മാതൃക അനുസരിച്ചു നിർമ്മിച്ച തുമല്ല. ഇംഗ്ലണ്ട്, അമേരിക്ക, ബെൽജിയം, അയർലൻറ് മുതലായ പല രാജ്യങ്ങളിലെ മൗലിക നിയമങ്ങളിൽനിന്ന് പല ഭാഗങ്ങളും നാം സ്വീകരിച്ചിട്ടുണ്ട്. ഒരു സംയുക്ത (Federal) ഭരണകൂടമാക യാൽ ഭാരതത്തിൻെറ ഘടകങ്ങളായ രാജ്യങ്ങൾക്ക് പ്രത്യേകം അധികാരങ്ങളും അവകാശങ്ങളും ഉണ്ട്. കേന്ദ്രവും പ്രാദേശിക ഗവൺമെൻറുകളും തമ്മിലുള്ള ബന്ധം നിയമം കൊണ്ടു നിർണ്ണ യിച്ചിട്ടുള്ളതാണ്. ആ ബന്ധത്തെ രക്ഷിക്കുന്നതിനും പുലർത്തു ന്നതിനുമുള്ള അധികാരം സുപ്രീംകോടതിക്കാണ്. സുപ്രീം

കോടതിയ്ക്ക് ഗവൺമെൻറിനെ കവിഞ്ഞുതന്നെ ഒരു സ്ഥാന മാണ് നമ്മുടെ ഭരണഘടനയിലുള്ളത്.

ഏതിൻെറ ഛത്രച്ഛായയിൽ നാം ജീവിക്കുന്നുവോ, ഏതൊന്നിൻെറ ശക്തികൊണ്ടു നമ്മുടെ വ്യക്തിസ്വാതന്ത്ര്യവും രാജ്യ സ്വാതന്ത്ര്യവും നിലനിൽക്കുന്നുവോ, ഏതൊന്നിൻെറ രക്ഷയിൽ നമുക്കു സാമ്പത്തികാഭിവൃദ്ധിയും സാമുദായി കോൽക്കർഷവും നാം ആശിക്കുന്നുവോ, ആ കാൺസ്റ്റിറ്റ്യൂഷൻ (ഭരണഘടന) നാമെല്ലാവരും അറിഞ്ഞിരിക്കേണ്ടതാണെന്നു പറയേണ്ടതില്ലല്ലോ. ആ മൂലപ്രധാനമായ നിയമത്തിൻെറ സൂക്ഷ്മരൂപം മലയാളികൾക്കു മനസ്സിലാക്കിക്കൊടുക്കുവാ നാണ് ഈ ഗ്രന്ഥംവഴി ശ്രീ. നരേന്ദ്രനാഥ് ഉദ്യമിച്ചിട്ടുള്ളത്. ആ ഉദ്യമം സർവ്വഥാ ഫലപ്രദമായിട്ടുണ്ടെന്നാണ് എൻെറ അഭിപ്രായം.

താരതമ്യവിവേചനം ചെയ്ത രാജ്യമീമാംസാതത്വങ്ങൾ കൂടി പരിശോധിച്ച് എഴുതിയിട്ടുള്ള ഒരു വിശിഷ്ടഗ്രന്ഥമാണ് ഇതെന്നു പറയുന്നതിൽ എനിക്കു യാതൊരു സംശയവുമില്ല. മലയാളഭാഷയ്ക്ക് ഇത് ഒരു മികച്ച സമ്പാദ്യവുമാണ്. ശ്രീ. നരേന്ദ്രനാഥിൻെറ പഠിപ്പും പരിശ്രമവും ഇതുപോലെയുള്ള മറ്റു വിഷയങ്ങളിലും വിജയത്തോടുകൂടി പ്രവർത്തിച്ചുകാണുവാൻ ആഗ്രഹിക്കുന്നു.

സർദാർ കെ. എം. പണിക്കർ

നമ്മുടെ ഭരണഘടന

ഉള്ളടക്കം

കോന്നിയൂർ ആർ. നരേന്ദ്രനാഥിൻെറ കൃതികൾ	IV
ഒന്നാം പതിപ്പിൻെറ മുഖവുര	V
രണ്ടാം പതിപ്പിൻെറ മുഖവുര	XI
മൂന്നാം പതിപ്പിൻെറ മുഖവുര	XII
ഈ പഠനത്തിന് ഉപകരിച്ചിട്ടുള്ള ചില പ്രധാന ഗ്രന്ഥങ്ങൾ	XIII
അവതാരിക - സർദാർ കെ.എം. പണിക്കർ	XIV

അദ്ധ്യായം	ചരിത്ര പാശ്ചാത്തലം	1
	പീഠിക	28
	ഭാരതരാജ്യം	36
	പൗരത്വം	41
	മൗലികാവകാശങ്ങൾ	45
	നയം സംബന്ധിച്ച നിർദ്ദേശക തത്വങ്ങൾ	78
	മൗലിക കർത്തവ്യങ്ങൾ	83
	രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും	85
	ഭാരത മന്ത്രിസഭ	96
	പാർലിമെൻറിൻെറ സഭകൾ	101
	പരമോന്നത കോടതി	119
	അറ്റോണി ജനറൽ	126
	കംട്രോളർ-ആഡിറ്റർ ജനറൽ	128

സംസ്ഥാനങ്ങൾ	130 & 138
ഗവർണർ (രാജ്യപാൽ)	131
സംസ്ഥാന മന്ത്രിസഭ	144
സംസ്ഥാന നീതിന്യായ വിഭാഗം	152
കേന്ദ്രവും സംസ്ഥാനങ്ങളും	157
ധനകാര്യം	162
അടിയന്തിരാവസ്ഥ	167
ഭരണഘടനാഭേദഗതി	172
ദേശീയഗാനവും മറ്റും	174
പിന്നാക്കക്കാരെക്കുറിച്ചുള്ള വ്യവസ്ഥകൾ	178
ചില വിഭാഗങ്ങൾക്ക് പ്രത്യേക വ്യവസ്ഥകൾ	181
ഉദ്യോഗസ്ഥ വൃന്ദം	183
തെരഞ്ഞെടുപ്പ്	188
ഔദ്യോഗിക ഭാഷ	190
ജമ്മു - കാശ്മീരിന്റെ ഭരണഘടന	192
കേന്ദ്രഭരണ പ്രദേശങ്ങൾ	198
സ്മരണീയങ്ങളായ ചില വസ്തുതകൾ	201

നമ്മുടെ ഭരണഘടന

ചരിത്ര പശ്ചാത്തലം

ഒരു രാജ്യത്തിന്റെ ഭരണഘടന ആ രാജ്യത്തിന്റെ രാഷ്ട്രീയ വളർച്ചയുടെ ഫലമാണ്. അതിന്റെ വേരുകൾ പൂർവ്വകാല ചരിത്രത്തിൽ വ്യാപിച്ചു കിടക്കുന്നു. ആ പ്രാചീന കാല സംഭവങ്ങൾ മനസ്സിലാക്കാതെ ഭരണഘടനയുടെ പരിണാമ പശ്ചാത്തലം ധരിക്കുവാൻ സാധിക്കുന്നതല്ല. നമ്മുടെ ഭരണ ഘടനയുടെ ആദർശലക്ഷ്യങ്ങളിൽ പലതും നമ്മുടെ പ്രാചീന സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്. എങ്കിലും അതിന്റെ ആരംഭവും വളർച്ചയും രൂപഭാവങ്ങളും പാശ്ചാത്യപരിഷ്കാര വുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. ആ വിധത്തിൽ, നമ്മുടെ ഭരണഘടന തനി പാശ്ചാത്യമാണ്. പാശ്ചാത്യരുമായി ഭാരതീയർ ക്കുണ്ടായിട്ടുള്ള ബന്ധപരിണാമങ്ങളുടെ മുഖ്യമായ ഫലമാണ്, നമ്മുടെ ഭരണഘടനയെന്നും പറയാം.

സാംസ്കാരികമായി ഭാരതമേഖലയും ബൃഹത് ഭാരത മേഖലയും എക്കാലങ്ങളിലും ഒരു ഏകീകൃത ഘടകമായിരുന്നു. എന്നാൽ ബൃഹത് മേഖലാപ്രദേശങ്ങൾ അവരവരുടെതായ അനുഭവങ്ങളെ അടിസ്ഥാനമാക്കി, സ്വതന്ത്രഘടകങ്ങളായിട്ടാണു വളർന്നതും വികസിച്ചതും. എങ്കിലും ഭാരതീയ പശ്ചാത്തലം അവർക്കും തീരെ നിരാകരിക്കാൻ സാധിച്ചിട്ടില്ല. ബൃഹത് ഭാരതമേഖലയിലെ പ്രാചീനാവശിഷ്ടങ്ങൾ മാത്രമല്ല, അവിടെ ങ്ങളിലെ ഭാഷയും ജീവിതരീതിയും പല ആചാരങ്ങളും ഭാരതീയമായ അന്തരീക്ഷം അപ്പാടെ ഉപേക്ഷിക്കാൻ ശക്തങ്ങളാ യെന്നു പറഞ്ഞുകൂടാ.

മഞ്ഞണിഞ്ഞു നിൽക്കുന്ന ഹിമാലയം തൊട്ട്, സാഗര വീചികൾ താലോലിക്കുന്ന കന്യാകുമാരിവരെയും, സൗരാഷ്ട്രം മുതൽ അസ്സാമിലെ ഭീകരവനങ്ങൾവരെയും, എല്ലായിടത്തും ഏകത്വഭാവം പ്രകടമാണ്. ചരിത്രകാലങ്ങളിൽ ഈ പ്രദേശങ്ങളിൽ, സ്വതന്ത്രങ്ങളായ നിരവധി രാജ്യങ്ങൾ ഉണ്ടായിരുന്നിട്ടും ഏകീകരണം തുടർച്ചയായി ശക്തിപ്പെട്ടു. സംസ്കൃതഭാഷ, ഭാരതനിവാസികൾക്കെല്ലാം ഒരു പൂർവ്വീക സ്വത്തായിട്ടാണിരുന്നത്. അതായിരുന്നു ഏകീകരണത്തിനുള്ള പശ്ചാത്തലം വ്യാപകമാക്കിയതും സാംസ്കാരിക വിഭവങ്ങൾ വഹിച്ചതും. ഭാരതീയ സംസ്കാരത്തിൻെറ നെടും തൂണുകളായിത്തീർന്ന മഹൽ കൃതികളെല്ലാം തന്നെ സംസ്കൃതത്തിലാണുണ്ടായത്.

ഭാരതപ്രദേശത്തെ രാഷ്ട്രീയമായി ഏകീകരിക്കുന്നതിനുള്ള പരിശ്രമങ്ങൾ പഴയകാലത്ത് ഉണ്ടായിട്ടില്ലെന്ന് ഇതിനർത്ഥമില്ല. ചന്ദ്രഗുപ്തമൗര്യനും, അശോകപ്രിയദർശനും, അക്ബറും മറ്റും ഈ വിഷയം കാര്യമാക്കിയവരാണ്. ഭാരതദേശത്തിൻെറ ഒരു വലിയവിഭാഗം ഇവർ കീഴടക്കിയിട്ടുണ്ട്; രാഷ്ട്രീയമായി ഏക ഘടകം ആക്കുകയും ചെയ്തു. എന്നാൽ ഇവർ സാധിച്ചവിജയം താൽക്കാലികമായിരുന്നു. അനന്തരാവകാശികളുടെ പിടിപ്പു കേടും പ്രാദേശീക ശക്തികളുടെ വ'ളർച്ചയും, ചതിയൻമാരുടെ കുതന്ത്രങ്ങളും മറ്റും, രാഷ്ട്രീയ ഏകീകരണം ക്ഷയിപ്പിച്ചു. ഇതിനുശേഷം 1858-ൽ ഇംഗ്ലീഷു രാജ്ഞിയുടെ പ്രഖ്യാപനത്തോടു കൂടിയാണ്, ഇന്നത്തെ രൂപത്തിലുള്ള ഭാരതീയ രാഷ്ട്രീയരൂപം സംജാതമായത്. പാകിസ്ഥാനുൾപ്പെടുന്ന പ്രദേശങ്ങളും, ഭാരതവും എല്ലാം ഉൾപ്പെട്ട രാഷ്ട്രീയ ഘടകം, പാശ്ചാത്യരുടെ സൃഷ്ടിയായിരുന്നെങ്കിലും, പ്രാചീനകാലം മുതൽ നിലനിന്നിരുന്ന സാംസ്കാരിക ഏകത്വത്തെ ശക്തമാക്കിയെന്നു പറയാം. ഇക്കാലത്ത് ഭാരതീയരായ എല്ലാ ജനങ്ങളെയും ഒരുമിച്ചു നിർത്തിയ ശൃംഖല അവരുടെ അടിമത്തം ആയിരുന്നു. എന്നാൽ വിദേശികൾ അധികാരം വിട്ടൊഴിഞ്ഞപ്പോൾ, ഈ മേഖല വിഭജിച്ച് മുമ്പില്ലാതിരുന്ന ഒരു

രാജ്യത്തെക്കൂടിയുണ്ടാക്കി- പാകിസ്ഥാൻ. സ്വാതന്ത്ര്യസമരകാല മത്രയും വിദേശികളുടെ ഭരണശൃംഖല പൊട്ടിക്കാനുള്ള ശക്തി യായ ആഗ്രഹം, ജനങ്ങളിൽ അങ്കുരിക്കുകയുണ്ടായി. പാകിസ്ഥാൻ എന്ന ആശയം രൂപപ്പെട്ട്, അൻപതുകൊല്ലം ആകുന്നതിനുമുമ്പുതന്നെ, അങ്ങിനെ ഒരു രാജ്യത്തെ അംഗീ കരിക്കാൻ വിദേശികൾ തയ്യാറായത്. മന:പൂർവ്വമായ പരിശ്രമ ത്തിലാണെന്ന് തെളിഞ്ഞിട്ടുണ്ട്.

ഭാരതവുമായി നേരിട്ടു വ്യപാരബന്ധത്തിലേർപ്പെട്ട ആദ്യത്തെ യൂറോപ്യൻമാർ, പോർട്ടുഗീസുകാരാണ്. അവർക്ക് ഭാരതത്തിൻെറ പശ്ചിമതീരത്ത് ചില സങ്കേതങ്ങളിൽ താവളങ്ങൾ ഉറപ്പിക്കാൻ കഴിഞ്ഞു. അവരെ പിൻതുടർന്ന് ഡച്ചുകാർ, ഇംഗ്ലീഷുകാർ, ഫ്രഞ്ചുകാർ തുടങ്ങിയവർ ഇങ്ങോട്ടു വന്നു. അവരുടെ സങ്കുചിതത്വം, നിർദ്ദയമതഭ്രാന്ത് എന്നിവകൊണ്ട് പോർട്ടിഗീസുകാർക്ക്, ഇവിടെ പറയത്തക്ക പുരോഗതിയുണ്ടാ യില്ല. എങ്കിലും അവരുമായി ഭാരത പ്രദേശങ്ങൾക്കുണ്ടായ ബന്ധം, ഇവിടത്തെ ഉൽപ്പന്നങ്ങൾ ലോകവിപണിയിൽ, അതിനുമുമ്പുണ്ടാകാത്ത വിധം, വ്യാപിപ്പിക്കുവാൻ ഇടയാക്കി. 1498-ൽ യൂറോപ്പിലെ ഒരു പ്രധാനപ്പെട്ട നാവികശക്തി ഇൻഡ്യൻ സമുദ്രത്തിലേക്കു കടന്നതോടുകൂടി ഇവിടെ ഒരു നൂതന സംവിധാനശ്രമത്തിനുള്ള സംഗതിയുമുണ്ടായി. പാശ്ചാത്യ ദേശത്തു നടമാടിയിരുന്ന ശക്തിമത്സരങ്ങളുടെ, ചുഴിയിലേക്ക് ഈ പ്രദേശവും വീണെന്നു പറയാം.

പോർട്ടുഗീസുകാർ ഇവിടെ വന്നതിന് മൂന്നു മുഖ്യ കാരണങ്ങൾ പറയാവുന്നതാണ്. വാണിജ്യം, രാഷ്ട്രീയം, മതപ്രചരണം, എന്നീ മേഖലകളിലായി അവ വിഭജിക്കാനും വിഷമമില്ല. കൊള്ളലാഭത്തിലൂടെ സമ്പത്തു പെരുപ്പിക്കണ മെന്നു മാത്രമല്ല, ഇസ്ലാം മതത്തെ നശിപ്പിക്കണമെന്ന മോഹവും അവരെ നൂതനസരണികളിലേക്ക് നയിക്കാൻ നിർബ്ബന്ധിത രാക്കി. വാസ്കോഡിഗാമ കേരളതീരത്തു എത്തിയപ്പോൾ മുതൽ ആ മേഖലയിൽ അന്നുവരെ നിലനിന്നിരുന്ന സാഹചര്യത്തിന

സമൂല പരിവർത്തനം സംഭവിച്ചു തുടങ്ങി. കേരളവുമായുള്ള വ്യാപാരം അന്നുവരെ അറബികളുടെ കുത്തകയായിരുന്നു. പോർട്ടുഗീസുകാർ ആ കുത്തകയ്ക്ക് കുഴപ്പം വരുത്തി. അധികം താമസിയാതെ അറബികൾ അവിടെ നിന്ന് അപ്രത്യക്ഷമാകാൻ നിർബ്ബന്ധിതരുമായി. സമുദ്രവാണിജ്യത്തെ ആധാരമാക്കിയുള്ള സാമ്രാജ്യത്വത്തിൻെറ ഏഷ്യയിലെ അടിസ്ഥാനം ആൽബുകർക്കിൻെറ കാലത്തോടുകൂടി ആരംഭിക്കുകയുമുണ്ടായി.

ഭാരതത്തിലെ ഏതെങ്കിലും വിഭാഗക്കാർ പോർട്ടുഗിസുകാരുടെ വരവ് സ്വാഗതം ചെയ്തിട്ടില്ല. ആകപ്പാടെ കലങ്ങിക്കിടന്നിരുന്ന രാഷ്ട്രീയരംഗത്തിൽ കുടിലബുദ്ധികളായ ഒരു കക്ഷികൂടി വന്നു എന്നു മാത്രമാണ് അധികമാളുകളും അന്നു കരുതിയത്. പോർട്ടുഗീസുകാരുടെ ക്രൂരതയും, ഗർവ്വും, ഗൂഢകരുക്കൾ നീക്കാനുള്ള വിരുതും എല്ലാവർക്കും അറിവുള്ളതായിരുന്നു. പിൽക്കാലത്ത് ഏഷ്യയിലേക്കുവന്ന മറ്റു യൂറോപ്യൻ രാജ്യക്കാരുടെ അസാധാരണമായ പുരോഗതിമൂലം, അവർ ക്രമേണ അഗണ്യരായിത്തീർന്നു. പോർട്ടുഗീസുകാരെ അവരുടെ സ്വപ്നങ്ങളിൽ നിന്ന് ഉലച്ച് ഉണർത്തിയത്, ഡച്ചുകാർ, ഇംഗ്ലീഷുകാർ, ഫ്രഞ്ചുകാർ-എന്നിവരുടെ വരവും വളർച്ചയുമാണ്.

ഡച്ചുകാരെയും ഭാരതത്തിൻെറ തീരത്തു കൊണ്ടടുപ്പിച്ചത് വാണിജ്യോദ്ദേശ്യം, എന്ന കാറ്റുതന്നെ. 1696-നുശേഷം, അവർ ജാവ, സുമാത്രാ തുടങ്ങിയ ദേശങ്ങളുമായി സാമാന്യം വിജയകരമായ വ്യാപാരബന്ധങ്ങളിൽ ഏർപ്പെട്ടു. 1602-ൽ അവർ ഡച്ച് ഈസ്റ്റ് ഇൻഡ്യാ കമ്പനി എന്ന പേരിൽ ഒരു സംഘമായിത്തീർന്നു. ആരംഭം മുതൽ അവർക്ക് നല്ല സാമ്പത്തിക ശേഷിയും വലിയ അധികാരങ്ങളുമുണ്ടായിരുന്നു. പോർട്ടുഗീസുകാരുമായി ആദ്യം മത്സരത്തിൽ ഏർപ്പെട്ടതും ഡച്ചുകാർ തന്നെ അതിൽ പോർട്ടുഗീസുകാർക്കാണ് പരാജയം പറ്റിയത്. പൗരസ്ത്യദേശങ്ങളിലെ വാണിജ്യക്കുത്തക മുഴുവൻ ഏറ്റെടുക്കണമെന്നായിരുന്നു ഡച്ചുകാരുടെ ആഗ്രഹം. എന്നാൽ ഇക്കാലത്ത് ഇംഗ്ലീഷുകാർ ഏഷ്യയുമായുള്ള സമുദ്ര വാണിജ്യത്തിൻെറ ഒരു പങ്ക്

പറ്റണമെന്ന് ആഗ്രഹിച്ച് എത്തി. 1641-ൽ ഡച്ചുകാർ മലാക്കാ കൈവശപ്പെടുത്തി, സിലോണിനെ (ഇന്നത്തെ ശ്രീലങ്ക) ആക്രമിക്കുന്നതിനുള്ള എളുപ്പവഴിയുണ്ടാക്കി. 1666-ൽ കൊളമ്പ്, ഡച്ചുകാർക്ക് കീഴടങ്ങി. ഡച്ചുകാർ സിലോൺ സ്വാധീനപ്പെടുത്തിയതോടുകൂടി ഏഷ്യയിൽ പോർട്ടുഗീസുകാരുടെ സ്വാധീനം അസ്തമിച്ചെന്നു പറയാം. കേരള തീരത്തുള്ള പല താവളങ്ങളും, (1663-ടു കൂടി) ഡച്ചുകാരുടെ നിയന്ത്രണത്തിലുമായി. പോർട്ടുഗീസുകാരുടെ വാണിജ്യക്കുത്തകയും തീർന്നെന്നു വ്യക്തമായി.

ബർമ്മയിലെ (ഇന്നത്തെ മ്യാൻമാർ) അവസാനത്തെ രാജാവ് തിബാ (Thibaw) ആയിരുന്നു; കോൺബാംഗ് രാജവംശത്തിൽപ്പെട്ട ഭരണാധിപതികൾ. (Konbaung) അവരുടെ സ്വാധീനം അസ്സാംവരെ വ്യാപിപ്പിച്ചിട്ടുണ്ട്, ഒരു ഘട്ടത്തിൽ. ബ്രിട്ടീഷ് കൊളോനിയൽ സൈന്യങ്ങളുമായി ഏറ്റുമുട്ടിയ ബർമ്മീസ് സൈന്യം 1824, 1852 എന്നീ വർഷങ്ങളിൽ പരാജിതരായി. ബർമ്മ മേഖലയിലെ തേക്ക് ഉപയോഗപ്പെടുത്താനുള്ള കുത്തക ബോംബെ-ബർമ്മ ട്രേഡിംഗ് കോർപ്പറേഷനെന്ന സംഘടനയ്ക്കായിരുന്നു. അവർ കച്ചവടക്കാര്യങ്ങളിൽ ചതിവു പ്രയോഗിക്കുന്നതായി മനസ്സിലാക്കിയ തിബ രാജാവ് 100,000 പവൻ നഷ്ടപരിഹാരം ആവശ്യപ്പെട്ടു. ഇൻഡ്യയിലെ വൈസ്രായിയായിരുന്ന ഡഫ്രിൻ പ്രഭു ഇതുതന്നെ തരമെന്നു മനസ്സിലാക്കി 1885-ൽ നവംബർ 14-ന് അപ്പർ ബർമ്മ ആക്രമിച്ചു. തിബ യുദ്ധത്തിൽ പരാജിതനായി. സ്ഥാനഭ്രഷ്ടനായ അദ്ദേഹം രത്നഗിരി ക്കോട്ടയിൽ തടവുകാരനായി 1916-ൽ 58-ാ മത്തെ വയസ്സിൽ ദിവംഗതനായി.

ഇംഗ്ലീഷുകാരും പൗരസ്ത്യദേശത്തേക്കു വന്നത്, വ്യാപാരാഗ്രഹത്തോടുകൂടിയാണ്. ആദ്യം അവർ ശ്രദ്ധിച്ചിരുന്നത് ഇൻഡോനേഷ്യൻ ദ്വീപസമൂഹങ്ങളിലാ യിരുന്നു. എന്നാൽ മലാക്കയിൽ ഉണ്ടായ (1623)കൂട്ടക്കൊലയെ തുടർന്ന്, അവരുടെ ശ്രദ്ധ പ്രധാനമായി ഭാരതത്തിലേക്കായിത്തീർന്നു. യൂറോപ്പിലെ

രാഷ്ട്രീയ മത്സരങ്ങൾ ഏതാണ്ടതേരൂപത്തിൽ. ഇന്ത്യാമഹാസമുദ്രത്തിലും പ്രതിഫലിച്ചു. പോർട്ടുഗീസുകാർ പിന്നണിയിലേക്ക് പിൻവാങ്ങുവാൻ നിർബ്ബന്ധിതരുമായി. പിന്നെ ഡച്ചുകാരും ഇംഗ്ലീഷുകാരും തമ്മിലായി വടം വലി. അത് അവസാനിച്ചത്, യൂറോപ്പിൽ ഡച്ചുനാവികബലം ക്ഷയിച്ചപ്പോൾ മാത്രമാണ്.

ഇംഗ്ലീഷ് ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ രൂപീകരണത്തെ തുടർന്ന് ഭാരതത്തിലുണ്ടായ സംഭവഗതികൾ പരിശോധിക്കാൻ, നാലു ഘട്ടങ്ങളായി വിഭജിച്ച് പഠിക്കുന്നതാണുചിതം. ഒന്നാം ഘട്ടത്തിൽ കമ്പനിക്ക് കച്ചവട ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. (1600-1765) രണ്ടാം ഘട്ടത്തിൽ കമ്പനിക്കാർക്ക് പ്രാദേശികമായ കോയ്മയ്ക്കാണ് കൗതുകം. (1765-1858) ഇനിയുള്ളത് ബ്രിട്ടീഷ് ഭരണാധിപതി ഭരിക്കുന്ന കാലമാണ് (1858-1919) അവസാനത്തേതിൽ ഭരണാധികാരങ്ങൾ നമ്മുടെ ജനപ്രതിനിധികളിലേക്ക് പകർന്ന്, ഒടുവിൽ ഭാരതം സ്വതന്ത്രയായിഭവിച്ചു. (1919-1947).

1600-ൽ എലിസബത്തു രാജ്ഞി പ്രഥമ, കമ്പർലണ്ടു പ്രഭുവിനും മറ്റ് ഇരുനൂറോളം കച്ചവടക്കാർക്കും, പൗരസ്ത്യനാടുകളുമായി കച്ചവടം ചെയ്യുന്നതിനുള്ള തീട്ടൂരം, പതിനഞ്ചു കൊല്ലത്തേക്ക് കൊടുത്തു. അവർ സംഘടിപ്പിച്ചത് ഒരു റഗുലേറ്റഡ് കമ്പനിയായിരുന്നു. കമ്പനിയംഗങ്ങളെ പൊതുവിൽ ബാധിക്കുന്ന ചട്ടങ്ങൾ അവർ ഉണ്ടാക്കി. അംഗങ്ങൾക്ക് സ്വന്തം മൂലധനം മുടക്കി കച്ചവടം ചെയ്യാനും സ്വാതന്ത്ര്യം കൊടുത്തിരുന്നു. കമ്പനിക്ക് സംഘടിത മൂലധനം ഉണ്ടായിരുന്നില്ല. ആഫ്രിക്കയുടെ തെക്കെയറ്റമായ ഗുഡ്ഹോപ്പ് മുനമ്പുമുതൽ മെഗല്ലൻ കടലിടുക്കുവരെയുള്ള പ്രദേശങ്ങളുമായി കച്ചവടം ചെയ്യാനുള്ള കുത്തകാവകാശം കമ്പനി നേടി. കമ്പനിയുടെ പുരോഗതിക്കനുഗുണമായ നിയമങ്ങൾ നിർമ്മിക്കുന്നതിനും, ഉദ്യോഗസ്ഥൻമാരെ നിയന്ത്രിക്കുന്നതിനും അധികാരം ഉണ്ടായിരുന്നു അവ ഇംഗ്ലണ്ടിലെ കോമൺ (സാധാരണ) നിയമങ്ങൾക്കു വിധേയമായിരിക്കണം എന്നു മാത്രമായിരുന്നു

നിബന്ധന കുറ്റം ചെയ്യുന്നവർക്ക് ജയിൽ ശിക്ഷ, പിഴ തുടങ്ങിയ വയും കൊടുക്കാനുള്ള അധികാരം പ്രത്യേകമായി കമ്പനിക്ക് കൊടുത്തിട്ടുണ്ട്.

1612-വരെ, കമ്പനി അംഗങ്ങൾ അവരവരുടെ ഉത്തരവാദിത്വത്തിൽ കച്ചവടം നടത്തി. 1661-ൽ കമ്പനിക്കു കിട്ടിയ അധികാരപത്രം മൂലം, ഒരു ജോയിൻറ് സ്റ്റോക്ക് കമ്പനിയായിത്തീർന്നു. അവരുടെ നിയന്ത്രണത്തിലിരിക്കുന്ന പ്രദേശങ്ങളുടെ മേൽ കൂടുതൽ അധികാരം പ്രയോഗിക്കുന്നതിനും അനുവാദം കിട്ടി. യുദ്ധക്കപ്പലുകൾ, ആയുധശാലകൾ, കോട്ടകൾ, തുടങ്ങിയവ പരിപാലിക്കുന്നതിനും, ക്രിസ്ത്യേതരരായ ജനങ്ങളോട് യുദ്ധം പ്രഖ്യാപിക്കുന്നതിനും സമാധാനത്തിലേർപ്പെടുന്നതിനും ഉള്ള അധികാരവും അനുവദിച്ചു. കമ്പനിക്ക് ഭാരതത്തിൽ രാഷ്ട്രീയാധികാരം സിദ്ധിക്കുന്നത് 1669-ൽ ചാറൽസ് രണ്ടാമൻ ബോംബെ ദ്വീപ്, കമ്പനിക്കു നൽകിയ തോടു കൂടിയാണ്. അന്നുവരെ ഭാരതത്തിൻെറ ഇതരഭാഗങ്ങളിൽ കമ്പനിക്കുണ്ടായിരുന്ന പ്രദേശങ്ങളിൽ ഇങ്ങനെ ഒരധികാരം ഉണ്ടായിരുന്നില്ല. കച്ചവടം നടത്തുന്നതിനു പ്രതിഫലമായി അതതുപ്രദേശങ്ങളിലെ നാടുവാഴികൾക്ക് കമ്പനി കപ്പം കൊടുത്തിരുന്നു. 1678-ൽ കമ്പനിയുടെ പ്രവർത്തനപരിധിയിൽ നീതിന്യായ നിർവ്വഹണച്ചുമതലയുടെ ഉദയം കൂടി ദർശിക്കാം. മദിരാശി ഗവർണറും, അദ്ദേഹത്തിൻെറ ഉപദേശകസമിതിയും, പെറ്റിക്കേസുകൾ തീരുമാനിക്കുന്നതിന് ശക്തരായി. 1683-ലെ തീട്ടൂരം, അഡ്മിറാലിറ്റിക്കോടതി സ്ഥാപിക്കുന്നതിന് ശക്തിയുണ്ടാക്കി. 1726-ൽ കൽക്കട്ട, ബോംബെ, മദിരാശി എന്നിവിടങ്ങളിൽ മുനിസിപ്പാലറ്റികൾ നിലവിൽ വന്നു. അവിടങ്ങളിൽ മേയേഴ്സ് കോടതികളും സംഘടിപ്പിച്ചു. ഗവർണ്ണറും അഞ്ചു സീനിയർ കൗൺസിലൻമാരും സമ്മേളിച്ച്, ആണ്ടിൽ നാലുതവണ ക്വാട്ടർ സെഷൻസ് നടത്തിവന്നു. അതിൻെറ വിചാരണാധികാരത്തിൽ രാജ്യദ്രോഹം ഒഴിച്ചുള്ള എല്ലാ കേസുകളും പെട്ടു. 1759-ൽ ഇരുപത്തിനാലുപർഗാനകളും, 1760-ൽ ബർദ്വാൻ, മിഡ്നാപ്പൂർ,

ചിറ്റാഗോംങ്ങ് എന്നീ ദേശങ്ങളും, ബംഗാൾ നവാബ് കമ്പനിക്ക് വിട്ടുകൊടുക്കുകയുണ്ടായി, മ ുകില ചക്രവർത്തിയുടെ മേൽക്കോയ്മയ്ക്കു വിധേയമായി ആ പ്രദേശങ്ങളിൽ ഭരണം നടത്തുന്നതിനായിരുന്നു വ്യവസ്ഥ. കമ്പനിക്ക് കച്ചവട സംബന്ധമല്ലാത്ത ഭരണച്ചുമതലകളും അവകാശാധികാരങ്ങളും അങ്ങിനെ ഒന്നിനൊന്ന് വർദ്ധിച്ചു.

ഫ്രഞ്ചുകാരുടെ ആദ്യത്തെ ലക്ഷ്യം സിലോണിൽ അധികാരം സ്ഥാപിക്കണമെന്നായിരുന്നു. ഇത് സാധിക്കാൻ, ജേക്കബ് ഡിലാഹേയ്‌യുടെ കീഴിൽ ഒരു കപ്പൽപ്പടവന്നെത്തിയെങ്കിലും ലക്ഷ്യം നേടാൻ കഴിഞ്ഞില്ല.

ഭാരതത്തിൻെറ കിഴക്കേ തീരത്തുണ്ടായ സംഭവങ്ങൾ വിഗണിക്കത്തക്കവെയല്ല. യൂറോപ്പിൽ നടന്നിരുന്ന ആസ്ട്രിയൻ പിൻതുടർച്ചാവകാശവഴക്കിൻെറ പ്രതിധ്വനികൾ ഇവിടെയും മുഴങ്ങി. ഇംഗ്ലീഷുകാരുടെ കീഴിലിരുന്ന മദിരാശി ഫ്രഞ്ചുകാർ പിടിച്ചെടുത്തു. ഇംഗ്ലീഷുകാരുടെ സഹായാഭ്യർത്ഥയനുസരിച്ച് വന്ന ആർക്കാട്ടു നവാബിൻെറ സൈന്യം പരാജിതരായി. സമുദ്രത്തിലെന്ന പോലെ കരയിലും വെള്ളക്കാരുടെ പ്രഭാവം ഇതോടെ തെളിഞ്ഞു. 1742-ൽ പുതുശ്ശേരിയിൽ ഗവർണ്ണരായി ഡ്യൂപ്ലേ വന്നശേഷം, ദക്ഷിണഭാരതത്തിലെ രാഷ്ട്രീയാന്തരീക്ഷത്തിൽ ചില ഗ്രഹപ്പകർച്ചകൾ അത്യാസന്നമായി.

ഏഷ്യയിലെ ഭൂപ്രദേശങ്ങൾ ഫ്രഞ്ചു കോയ്മയ്ക്കു കീഴിൽ വരുത്തുന്നതിനെപ്പറ്റി ആദ്യം കൊതിച്ചതും ചിന്തിച്ചതും ഡ്യൂപ്ലേയാണ്. ഇതിനായി ഭാരതത്തിലെ രാഷ്ട്രീയ കാര്യങ്ങളിൽ പ്രത്യക്ഷമായി ഇടപെടാൻ വിമുഖത കാണിച്ചില്ല. ഇത് ഇംഗ്ലീഷുകാരുമായുള്ള സംഘട്ടനത്തിലേക്കാണ് ഫ്രഞ്ചുകാരെ നയിച്ചത്. യൂറോപ്പിൽ ഇവർ തമ്മിൽ ശത്രുക്കളല്ലായിരുന്നെങ്കിലും 1751-1764 വരെ തുടർച്ചയായി ഇവിടെ മത്സരത്തിലാണ് കഴിഞ്ഞത്. അതിൻെറ പരിണാമം കർണ്ണാറ്റിക്കിൽ ഇംഗ്ലീഷുകാരുടെ അധികാര വിപുലീകരണത്തിലായിരുന്നു. ഡ്യൂപ്ലേയും

അദ്ദേഹത്തിൻെറ മഹേച്ഛയും രംഗത്തുനിന്ന് തിരോഭൂതമായി. യൂറോപ്പിലെ സപ്തവത്സരസമരത്തിൻെറ പ്രത്യാഘാതങ്ങൾ, ഭാരതത്തിൽ ഫ്രഞ്ചുകാർക്ക് വളരെ പ്രതികൂലമായിരുന്നു. 1757-ൽ ഇംഗ്ലീഷുകാർ കൽക്കട്ട ആക്രമിച്ചു. തുടർന്നുണ്ടായ സംഭവങ്ങൾ പ്ലാസിയുദ്ധത്തിലാണവസാനിച്ചത്. ഒരു യുദ്ധ മെന്ന നിലയിൽ പ്ലാസി സംഭവം തികച്ചും നിസ്സാരമായിരുന്നെ ങ്കിലും, രാഷ്ട്രീയമായി പ്രാധാന്യമേറിയ ഒന്നായിരുന്നു. ഈസ്റ്റ് ഇൻഡ്യാകമ്പനിക്കാർ സെമിന്ദാരുടെ നില പ്രാപിച്ചത്, ഇരുപത്തിനാലു പർഗാനകളുടെ -(ഏതാണ്ട് 900 ച.നാഴിക വിസ്തൃതിയുള്ള പ്രദേശം) ചുമതല അവർക്ക് കിട്ടിയതോടു കൂടിയാണ്. അതോടെ കമ്പനിക്കാർ, ബംഗാളിലെ കിങ്ങ്മേക്കർ ആകുകയും ചെയ്തു. ഒരു പാവയായി, നാസിം നവാബ് സിംഹാസനത്തിലിരുന്നു! സുസംഘടിതമായ കവർച്ചയും, കുത്തിവാരലും കമ്പനിക്കാർ നടത്തി, ഇരുപത്തഞ്ചു കൊല്ല ത്തോളം! (1757-1772) യാഥാർത്ഥ്യം ഇങ്ങനെയാണെങ്കിലും, പ്ലാസിയുദ്ധത്തോടുകൂടിയാണ് ഇംഗ്ലീഷുകാരുടെ പ്രാബല്യ ത്തിൻെറ അടിത്തറയിട്ടതെന്നു വിശേഷിപ്പിക്കപ്പെടാറുണ്ട്. 1767-ൽ ക്ലൈവ് ഭാരതം വിട്ടപ്പോൾ, ഈസ്റ്റ് ഇൻഡ്യാ കമ്പനി ബംഗാൾ അടക്കിവാഴുകയായിരുന്നു. 1765-ൽ ഡിവാനി അവർക്കുകിട്ടിയതോടുകൂടി അവരുടെ പ്രാദേശിക മേൽക്കോ യ്മയുടെ ഉദയം ഉണ്ടായി എന്നും പറയാം.

ബ്രിട്ടീഷു ഭരണ ചരിത്രത്തിൻെറ രണ്ടാം ഘട്ടത്തിലേ ക്കാണ് നാം പ്രവേശിച്ചിരിക്കുന്നത്. കമ്പനി അതിൻെറ വാണിജ്യ ലക്ഷ്യമെന്ന മൂടുപടം ക്രമേണ തിരസ്കരിച്ച്, പ്രദേശ ങ്ങളുടെ യഥാർത്ഥ ഭരണാധികാരിയായി രൂപാന്തരപ്പെട്ടു. പ്രദേശ ങ്ങൾ കയ്യടക്കി കാര്യം നേടുന്നതിലുള്ള സുഖം മനസ്സിലായ തോടുകൂടി, കൂടുതൽ നാടുകൾ തങ്ങളുടെ അധീനത്തിൽ വരുത്താനുള്ള മോഹം അവർക്ക് അനിയന്ത്രിതമായി. ഫോർട്ട് വില്യമിലെ (കൽക്കട്ടയിലെ) ഗവർണ്ണർ ഇൻ കൗൺസിലിന്, റവന്യൂപിരിക്കുന്നതിനും സിവിൽ നിയമം പാലിക്കുന്നതിനും

ഉള്ള ഉത്തരവാദിത്വങ്ങൾ ഉണ്ടായി. എങ്കിലും പൊലീസും കുറ്റകാര്യങ്ങളും കൈകാര്യം ചെയ്യുന്നത് നവാബിൽ തന്നെ തുടർന്നു.

കമ്പനിയുടെ രൂപപ്പകർച്ചയുടെ പ്രതിധ്വനി ഇംഗ്ലണ്ടിലും ചെന്നെത്തി. അതിൻെറ ഓഹരിയിലുള്ള ലാഭവീതം 12% ഉയർന്നു. അതേ സമയം, ബംഗാളിലെ ഭരണം വല്ലാതെ ദുഷിച്ചു. കമ്പനിയിലെ ഉദ്യോഗസ്ഥൻമാർ സ്വകാര്യവാണിജ്യത്തിലൂടെയും കൈക്കൂലിയിലൂടെയും സമ്പന്നരായപ്പോൾ കമ്പനിപാപ്പരത്തത്തിലേക്ക് നീങ്ങി. ഇൻഡ്യയിൽ കമ്പനി നടത്തുന്ന ഭരണത്തിൽ ബ്രിട്ടീഷ് പാർലിമെൻറ് ഇടപെടണമെന്ന പൊതുജനാഭിപ്രായം ശക്തിയായി. അന്വേഷണത്തിനായി ഒരു കമ്മീഷൻ നിയമിതമായി. അവരുടെ ശുപാർശകളെ ആസ്പദമാക്കി നിയമനിർമ്മാണമുണ്ടായെങ്കിലും കമ്പനിയുടെ സാമ്പത്തിക നില മെച്ചപ്പെട്ടില്ല. 1772- ആയപ്പോഴേക്കും കമ്പനി പാപ്പരാകുമെന്ന നിലവന്നു.

ഈ ദുർഘടസ്ഥിതി തരണം ചെയ്യാൻ, കടം വായ്പക്കായി കമ്പനി സർക്കാരിനെ സമീപിച്ചു. നോർത്തു പ്രഭുവായിരുന്നു അന്നത്തെ പ്രധാന മന്ത്രി. അദ്ദേഹം ഈ അവസ്ഥ പ്രയോജനപ്പെടുത്തി, കമ്പനിയുടെ ആഭ്യന്തരകാര്യങ്ങളിൽ ദൂരവ്യാപകങ്ങളായ മാറ്റങ്ങളുളവാക്കിയ നിയമങ്ങൾ, പാർലിമെൻറിൽ പാസ്സാക്കിയെടുത്തു. 1773-ൽ രണ്ടു നിയമങ്ങളാണ് പാസാക്കിയത്. ഒന്ന്, കമ്പനിക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ളതും, രണ്ടാമത്തേത് റഗുലേറ്റിംഗ് ആകട് - എന്നതും. ഭാരതത്തിലെ സംഭവവികാസങ്ങൾ ഒരു കമ്പനിയുടെ മാത്രം കാര്യമല്ലെന്നും. ബ്രിട്ടീഷുകാരുടെ പൊതുവായ താൽപര്യമാണെന്നും അംഗീകൃതമായതിൻെറ പ്രത്യക്ഷത്തെളിവാണ് റെഗുലേറ്റിംഗ് ആക്ട്.

ക്ലൈവ് ഭാരതം വിട്ട് ശേഷം അഞ്ചു കൊല്ലം കഴിഞ്ഞപ്പോൾ. 1772-ൽ വാറൻ ഹേസ്റ്റിംഗ്സ് ബംഗാൾ ഗവർണ്ണരായി നിയമിതനായി. ഇതിനു മുമ്പ് പതിനഞ്ചു കൊല്ലത്തോളം അദ്ദേഹം

കമ്പനിക്കുവേണ്ടി ബംഗാളിൽ സേവനമനുഷ്ഠിച്ചിരുന്നു. നിയമനത്തിനുശേഷം രണ്ടു കൊല്ലമായപ്പോൾ, റെഗുലേറ്റിംഗ് ആക്ട് അനുസരിച്ച് അദ്ദേഹം ഗവർണർ ജനറൽ ഇൻ കൗൺസിൽ എന്ന പദവിയിലെത്തി. മദിരാശി, ബോംബെ, എന്നിവിടങ്ങളിലെ ഭരണം സംബന്ധിച്ച ചില കാര്യങ്ങളിലും ഗവർണർ ജനറലിന് ഉത്തരവാദിത്വമുണ്ടായി.

ഗവർണർ ജനറലായി നിയമിതനായ ഹേസ്റ്റിംഗ്സിന്റെ ഉത്തരവാദിത്വങ്ങൾ നിസ്സാരങ്ങളായിരുന്നില്ല. വ്യാപാരലക്ഷ്യത്തോടു കൂടി പ്രവർത്തിച്ചു പോന്ന ഒരു സ്വകാര്യ കമ്പനിയുടെ ഭരണത്തെ, ഉത്തരവാദിത്വമുള്ള സർക്കാർ ഭരണമായി പരിവർത്തനപ്പെടുത്തേണ്ടത് ആവശ്യമായിത്തീർന്നു. അതിനുള്ള സ്വാതന്ത്ര്യവും അദ്ദേഹത്തിനു സിദ്ധിച്ചു. മുഖ്യമായി ചെയ്യേണ്ടിയിരുന്നത്, ആഭ്യന്തരവാണിജ്യം സ്വതന്ത്രമാക്കുക; റവന്യൂ പുനസ്സംഘടിപ്പിക്കുക, നീതിന്യായക്കോടതികൾ സ്ഥാപിക്കുക എന്നിവയായിരുന്നു. നീതിന്യായക്കോടതികളുടെ ആവിർഭാവത്തോടുകൂടി, അഭിഭാഷക വൃന്ദത്തിന്റെ വളർച്ചയും സംജാതമായി. യൂറോപ്യൻമാർ ഭാരതീയ ഭാഷകൾ പഠിക്കുന്നതിന് താൽപര്യം കാണിച്ച്, ഭാരതീയ നീതിശാസ്ത്രം സംബന്ധിച്ച ഗ്രന്ഥങ്ങളും മറ്റും പഠിക്കാൻ തുടങ്ങി. യൂറോപ്യൻമാർ സംസ്കൃതം കണ്ടെത്തിയത് ഹേസ്റ്റിംഗ്സിന്റെ കാലത്താണ്. സർ. വില്യം ജോൺസ് കാളിദാസശാകുന്തളത്തിലൂടെ തുറന്നിട്ട നൂതന സരണിയിലൂടെ സഞ്ചരിച്ച മഹാൻമാരാണ്, സംസ്കൃത ഭാഷയുടെ മഹത്വം, പാശ്ചാത്യർക്കു കാണിച്ചു കൊടുത്തതിന്റെ തുടക്കം കുറിച്ചത്. ഭാരതീയ വിജ്ഞാനത്തിന്റെ പുനരുജ്ജീവനം സാധ്യമാക്കിയ സാഹചര്യം സൃഷ്ടിച്ചത്, ഒരു മഹാസംഭവം തന്നെ. ഇക്കാര്യങ്ങളിൽ വാറൻ ഹേസ്റ്റിംഗ്സ് നൽകിയ പ്രചോദനവും പ്രോൽസാഹനവും എടുത്തു പറയേണ്ട കാര്യമാണ്.

റെഗുലേറ്റിംഗ് ആക്ട് പ്രയോഗത്തിൽ കൊണ്ടു വന്നപ്പോൾ അനവധികുറവുകൾ തെളിയുകയുണ്ടായി. സ്വന്തം കൗൺസി

ലിന്റെ മുമ്പിൽ ദുർബ്ബലനായ ഒരു ഗവർണർ ജനറിലിനെയും, സുപ്രീം കോടതിയുടെ മുമ്പിൽ ശക്തിരഹിതരാകുന്ന നിർവ്വഹണ വിഭാഗത്തെയും, അതു സൃഷ്ടിച്ചു. ഇവ പരിഹരിക്കാൻ 1781-ലും, 1784-ലും നിയമങ്ങൾ പാസാക്കി. ഇതിൽ രണ്ടാമത്തേതാണ് പിറ്റിന്റെ ഇൻഡ്യാ നിയമം എന്ന് അറിയപ്പെടുന്നത്. 1786-ൽ ചില ഭേദഗതികൾ ഇതിൽ വരുത്തിയെങ്കിലും സാരാംശത്തിൽ വലിയ വ്യത്യാസമില്ലാതെ അത് 1858-വരെ തുടർന്നു.

പിറ്റിന്റെ ഇൻഡ്യാനിയമം വഴി, ഗവർണ്ണർജനറലിന്റെ കൗൺസിലിലെ അംഗങ്ങളുടെ എണ്ണം മൂന്നായി കുറവു ചെയ്തു. ഇത് ഗവർണർ ജനറലിന്റെ പ്രാമാണ്യം വർദ്ധിപ്പിച്ചു. മറ്റു പ്രസിഡൻസികളുടെ മേലുള്ള അദ്ദേഹത്തിന്റെ അധികാരം കൂടുതൽ സ്പഷ്ടമാക്കി. 1786 -ലെ ഭേദഗതി, ചില പ്രത്യേക സന്ദർഭങ്ങളിൽ, ഗവർണർ ജനറലിന് ഉപദേശകസമിതിയുടെ ഭൂരിപക്ഷാഭിപ്രായം പോലും വിഗണിക്കാമെന്നു വ്യക്തമാക്കി. ചില സന്ദർഭങ്ങളിൽ സർവ്വസൈന്യാധിപന്റെ അധികാരങ്ങളും അദ്ദേഹത്തിനു പ്രയോഗിക്കാമെന്നും വന്നു. അതു ഗവർണർ ജനറിലിനെ ഒരു യഥാർത്ഥഭരണത്തലവനാക്കുകയും ചെയ്തു. കമ്പനിയുടെ ഭരണകാര്യങ്ങൾ ഒരു ബോർഡ് ഓഫ് കൺട്രോളിന്റെ കീഴിലുമായി. അതിന്റെ അദ്ധ്യക്ഷൻ ബ്രിട്ടീഷ് മന്ത്രിസഭയിലെ ഒരാളായിരിക്കുമെന്നും വന്നു. അദ്ദേഹവും പ്രധാനപ്പെട്ട എല്ലാക്കാര്യങ്ങളും ബോർഡിനോടും ആലോചിച്ചേ ചെയ്യാൻ പാടുള്ളു എന്നും സ്പഷ്ടമായി.

1813-ൽ കമ്പനിയുടെ തീട്ടൂരം നവീകരിച്ചപ്പോൾ, ഭാരതവുമായുള്ള വാണിജ്യക്കുത്തക നിർത്തൽ ചെയ്യുകയും ബോർഡ് ഓഫ് കൺട്രോളിന്റെ അധികാരങ്ങൾ വിപുലമാക്കുകയും, ഭാരതീയരുടെ വിദ്യാഭ്യാസാഭിവൃദ്ധിക്കായി പ്രതിവർഷം ഒരു ലക്ഷം ഉറുപ്പിക നീക്കിവയ്ക്കുകയുമാണ് മുഖ്യമായി ചെയ്തത്. ഭാരതീയർക്ക് ഏതു തരത്തിലുള്ള വിദ്യാഭ്യാസമാണ് ഉത്തമമെന്നതിനെ സംബന്ധിച്ച വിഷയം ഇക്കാലത്തു മുൻ

പന്തിയിലേക്കു വരികയുണ്ടായി. അന്നു ഗവർണർ ജനറലിൻെറ ഉപദേശക സമിതിയിലെ അംഗമായിരുന്ന മെക്കാളെ പ്രഭുവും, രാജാ രാം മോഹൻ റായ്- തുടങ്ങിയ ഭാരതീയ പുരോഗമന വാദി കളും, പാശ്ചാത്യ വിദ്യാഭ്യാസത്തിനു വേണ്ടി വാദിച്ചവരാണ്. ഈ പ്രശ്നത്തിൻെറ വിവിധ വശങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ടു ചെയ്യാൻ മെക്കാളെ പ്രഭു നിയമിതനായി. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ടിനെ ആസ്പദമാക്കി ഇംഗ്ലീഷ് വിദ്യാഭ്യാസം തുടങ്ങാൻ തീരുമാനിച്ചു. ഈ തീരുമാനത്തിൽ നിന്നാണ് 1835-ൽ കൽക്കട്ടാ മെഡിക്കൽ കോളേജ് രൂപമെടുത്തത്. ക്രമേണ പാശ്ചാത്യ വിദ്യാഭ്യാസ പദ്ധതി ഭാരതത്തിൽ ഉറയ്ക്കുകയും 1857-ൽ ബോംബെ, കൽക്കട്ട, മദ്രാസ് എന്നീ സർവ്വകലാശാലകൾ സ്ഥാപിതമാകുകയും ചെയ്തു.

1833-ൽ ആണ് അടുത്തതായി കമ്പനിയുടെ തീട്ടൂരം പുതുക്കിയത്. കമ്പനിയുടെ കാലാവധി ഇരുപതു വർഷം കൂടി ദീർഘിപ്പിച്ചു. ബംഗാൾ ഗവർണർ ജനറലിനെ ഭാരതത്തിൻെറ മൊത്തം ഗവർണർജനറലായിട്ടംഗീകരിച്ചതും ഈ തീട്ടൂരത്തി ലാണ്. അദ്ദേഹത്തെ, ഭരണത്തിൽ സഹായിക്കുന്നതിന് ഉപദേശക സമിതിയിൽ ഒരു പുതിയ അംഗത്തെക്കൂടി ചേർത്തു. ആ ആൾ നിയമനിർമ്മാണ കാര്യങ്ങളുടെ ചുമതലയാണു വഹിച്ചത്. സിവിലും മിലിട്ടറിയുമായുള്ള വിഷയങ്ങൾ ഗവർണർ ജനറ ലിലും അദ്ദേഹത്തിൻെറ കൗൺസിലിലും നിക്ഷിപ്തമായി. എന്നാൽ നിയമ നിർമ്മാണച്ചുമതലയുള്ള അംഗം അത്തരത്തി ലുള്ള വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ മാത്രം ഹാജരായാൽ മതിയായിരുന്നു. ആ അവസരത്തിൽ, സഭ ഗവർണർജനറൽ ഇൻലെജിസ്ലേറ്റിവ് കൗൺസിൽ എന്നാണറിയപ്പെട്ടത്. ഗവർണർ ജനറലിൻെറ നിർവ്വഹണപരവും (എക്സിക്യൂട്ടീവ്) നിയമ നിർമ്മാണ പരവും (ലെജിസ്ലേറ്റീവ്) ആയ കർത്തവ്യങ്ങൾ തരം തിരിച്ചു വീതിച്ചത് ഒരു പുരോഗതിയാണ്. ഭാരതത്തിലുള്ള ഏത് ഉദ്യോഗവും വഹിക്കാൻ ഭാരതീയർ യോഗ്യരാണെന്നും അംഗീകരിച്ചു.

ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ തിട്ടൂരം അവസാനമായി പുതുക്കിയത് 1853-ൽ ആണ്. ആ കാലാവധി മറ്റു തരത്തിൽ നിർദ്ദേശിക്കുന്നതുവരെ- എന്നും തീർച്ചയാക്കി. ഡയറക്ടർ മാരുടെ എണ്ണം ഇരുപത്തിനാലിൽ നിന്ന് പതിനെട്ടായി ചുരുക്കി. അവരിൽ ആറു പേരെ ഇംഗ്ലണ്ടിലെ സർക്കാരായി രിക്കും നിയമി ക്കുന്നത് മത്സരപരീക്ഷയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥൻമാരെ തെരഞ്ഞെടുക്കുന്ന സമ്പ്രദായവും സ്വീക രിച്ചു. ഗവർണർ ജനറലിൻെറ സഭ, നിയമനിർമ്മാണം ആവശ്യ മാകുമ്പോൾ, ഓരോ പ്രവിശ്യയിൽ നിന്നും രണ്ടു പ്രതിനിധി കൾ, ബംഗാൾ ചീഫ് ജസ്റ്റിസ്, സുപ്രീം കോടതിയിലെ ഒരു ജഡ്ജി എന്നിവരെ ചേർത്ത് നിയമനിർമ്മാണസഭയായി പ്രവർത്തിക്കാനും ഏർപ്പാടുണ്ടാക്കി. ഈ വിധത്തിൽ ഭരണ സഭയും (എക്സി ക്യൂട്ടീവ് കൗൺസിലും) നിയമസഭയും (ലെജി സ്ലേറ്റീവ് കൗൺസിലും) ശക്തമായി ഭവിച്ചെന്നു പറയാം.

1858-വരെ ഭാരത്തിൻെറ ഭരണം പ്രധാനമായി ഇംഗ്ലണ്ടിൽ നിന്നുള്ള ഒരു പൊലീസ് സ്റ്റേറ്റാണ് നടത്തിയിരുന്നതെന്നു പറയാം. ഭാരതീയരുമായി ആലോചിക്കാനോ അവരുടെ സഹകരണം സ്വീകരിക്കാനോ ഭരണത്തിന് ഒരു സംവിധാനവും ഉണ്ടായിരുന്നില്ല.

വിദേശമേധാവിത്വത്തിൻെറ മൂന്നാം ഘട്ടം തുടങ്ങിയത് 1857-ലെ വിപ്ലവത്തിൻെറ ഫലമായിട്ടാണ്. കമ്പനിയുടെ സമാപനവും അതിൻെറ ഫലമായിരുന്നു. ഭാരതത്തിൻെറ ഭരണം ബ്രിട്ടീഷ് സർക്കാർ ഏറ്റെടുത്തു. വിക്ടോറിയ രാജ്ഞിയുടെ പ്രഖ്യാപനത്തിൽ, നാട്ടുരാജാക്കൻമാരുമായി നേരത്തെ ഏർപ്പെ ട്ടിരുന്ന ഉടമ്പടികളും, സന്ധികളും, പൂർണ്ണമായി നിറവേറ്റു മെന്നു എടുത്തു പറയുകയുണ്ടായി. മതസഹിഷ്ണതയുടെ അടിസ്ഥാനത്തിലായിരിക്കും സർക്കാരിൻെറ എല്ലാ നടപടിക ളെന്നും സ്പഷ്ടമാക്കി. 1858-ലെ നിയമം അനുസരിച്ച് ഇൻഡ്യാ ഗവൺമെൻറ് ബ്രിട്ടീഷ് ഭരണാധിപതിയുടെ മേൽ നോട്ടത്തി ലായി. ഗവർണർ ജനറൽ തന്നെ ഭരണാധിപതിയുടെ പ്രതി

പുരുഷൻ (വൈസ്രോയി) ആയിട്ടാണു വർത്തിച്ചത്. ഇംഗ്ലണ്ടിൽ ബോർഡ് ഓഫ് കൺട്രോളിൻെറ സ്ഥാനത്ത് ഇൻഡ്യാകൗൺസിൽ സംഘടിപ്പിച്ചു. ഈ കൗൺസിലിൽ ആകെയുണ്ടായിരുന്ന പതിനഞ്ചു പേരിൽ എട്ടുപേരെ രാജാവാണ് നിയമിച്ചത്. ബാക്കിയുള്ളവരെ ഡയറക്ടേഴ്സിൽ നിന്ന് അവർ തന്നെ തെരഞ്ഞെടുക്കാനായിരുന്നു ഏർപ്പാട്. കൗൺസിലിൻെറ പ്രസിഡൻറ്, സെക്രട്ടറി ഓഫ് സ്റ്റേറ്റ് എന്ന പേരിലാണറിയപ്പെട്ടിരുന്നത് അദ്ദേഹത്തിന് കൗൺസിൽ വേണ്ട ഉപദേശങ്ങൾ നൽകുന്നു. എന്നാൽ അവ നിരാകരിക്കാനുള്ള അധികാരവും സെക്രട്ടറി ഓഫ് സ്റ്റേറ്റിനുണ്ടായിരുന്നു. അദ്ദേഹം ബ്രിട്ടീഷ് മന്ത്രിസഭയിലെ ഒരംഗമായിരുന്നതിനാൽ, ഭാരതത്തിൻെറ നടത്തിപ്പ് സ്വാഭാവികമായി ബ്രിട്ടീഷ് പാർലിമെൻറിനധീനമായിരുന്നുതാനും.

1853-ലെ ചാർട്ടർ അക്ട് പ്രകാരം ചില പ്രത്യേക വ്യവസ്ഥയിൽ കൗൺസിൽ നിയമസഭയായി രൂപാന്തരപ്പെടുത്താമെന്ന് ഏർപ്പാടു ചെയ്തിരുന്നു. ഇങ്ങനെ സംഘടിപ്പിക്കപ്പെടുന്ന നിയമ സഭയുടെ അധികാരം ഏറ്റവും പരിമിതമായി 1861-ലെ ഇൻഡ്യൻ കൗൺസിൽസ് ആക്ടിൽ നിർവ്വചിച്ചിട്ടുണ്ട്. അതുപോലെ മദിരാശി, ബോംബെ, എന്നിവിടങ്ങളിലെ സർക്കാരുകൾക്ക് കൂടുതൽ നിയമനിർമ്മാണ സ്വാതന്ത്ര്യവും കൊടുത്തു. ഗവർണ്ണർ ജനറലിന് ഏതു നിയമ നിർമ്മാണവും വീറ്റോ ചെയ്യുന്നതിനും അധികാരം കിട്ടി. ബംഗാൾ, പഞ്ചാബ് തുടങ്ങിയ പ്രദേശങ്ങളിൽ ചെറിയ നിയമ സഭകൾ സംഘടിപ്പിച്ചു. അടിയന്തിര കാലങ്ങളിൽ ഓർഡിനൻസു പുറപ്പെടുവിക്കാനും ഗവർണ്ണർ ജനറലിനു കഴിയുമെന്നു വന്നതും ഇവിടെ സ്മരണീയമാണ്.

ഭാരതത്തിലെ ബഹുജനപ്രസ്ഥാനങ്ങളും രാഷ്ട്രീയ പ്രബുദ്ധതയും ഈ കാലങ്ങളിൽ വളർന്നു കൊണ്ടേയിരുന്നെന്ന വസ്തുത ഇവിടെ സ്മരിക്കേണ്ടതുണ്ട്. ഇതിൻെറ പ്രത്യക്ഷമായ തെളിവായിരുന്നു 1885-ൽ സ്ഥാപിതമായ ഇൻഡ്യൻ നാഷണൽ

കാൺഗ്രസ്സ്. അതിൻെറ സൂത്രധാരകൻ അല്ലൻ ഒക്ടേവിയൻ ഹ്യൂം (1829-1912) (ജില്ലാ കളക്ടർ, ഗവൺമെൻറ് സെക്രട്ടറി തുടങ്ങിയ സേവനമനുഷ്ഠിച്ചിട്ടുള്ള ആളായിരുന്നെങ്കിലും) ഭാരതീയരേയും ബ്രിട്ടീഷ് സർക്കാരിനെയും കൂട്ടിയിണക്കുന്ന ഒരു സൗഹൃദസംഘം രൂപീകരിക്കാൻ തൽപ്പരനായി. ബോംബെയിലെ ഗോകുലദാസ് തേജ് പാൽ കോളേജ് അങ്കണത്തിൽ 1885 ഡിസംബർ 27-ാം തീയതി ഇൻഡ്യൻ നാഷണൽ കോൺഗ്രസ് രൂപീകൃതമായി. അടുത്ത ദിവസം ഉച്ചയ്ക്ക് 12 മണിക്ക് ഹ്യൂമിൻെറ നേതൃത്വത്തിലും ഡബ്ളിയു. സി.ബാനർജിയുടെ അദ്ധ്യക്ഷതയിലും ഒന്നാമത്തെ കോൺഗ്രസ് സമ്മേളനവും നടന്നു. ഭാരതീയരുടെ അവകാശങ്ങൾക്ക് പ്രചോദനവും പിൻതുണയും നൽകി ജനഹിതത്തെ മാനിച്ചു, സർക്കാരിനെക്കൊണ്ട് പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ശക്തമായ പൊതുജനാഭിപ്രായം രൂപീകരിക്കാൻ ബഹുജന പ്രസ്ഥാനങ്ങൾക്ക് സാധിച്ചു. ഇതിൻെറ ഫലമായി കേന്ദ്രത്തിലും, സംസ്ഥാനങ്ങളിലും ഉള്ള ഏർപ്പാടുകൾ വികസിപ്പിക്കുന്നതിന് 1892-ൽ ഒരു പുതിയ നിയമം സർക്കാർ പാസാക്കി. നിയമസഭകളിലെ അംഗങ്ങളിൽ ചിലരെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള അധികാരം സ്വയം ഭരണ സ്ഥാപനങ്ങൾക്കു വിട്ടുകൊടുത്തത് ഇതിൻെറ ഒരു പുതുമയായിരുന്നു. സർക്കാർ സമർപ്പിക്കുന്ന സാമ്പത്തിക സ്ഥിതിവിവരങ്ങളെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള അധികാരം നിയമസഭാ സാമാജികൻമാർക്കുകിട്ടി എങ്കിലും ഭാരതീയ നേതാക്കൻമാർ ഇതുകൊണ്ട് തൃപ്തരായില്ല. വളർന്നുകൊണ്ടിരുന്ന ദേശീയ ബോധം കൂടുതൽ പരിഷ്കാരങ്ങൾ കൊതിച്ചു. ബംഗാൾ വിഭജനത്തിനെതിരായുള്ള പ്രക്ഷോഭണവും അതിനെ സർക്കാർ നേരിട്ട രീതികളും പ്രക്ഷുബ്ധമായ അന്തരീക്ഷമാണു സൃഷ്ടിച്ചത്. ഭരണവിഷയങ്ങളിൽ കൂടുതൽ ഭാരതീയ സഹകരണം കൂടാതെ കഴിയുകയില്ലെന്നു വന്നതിൻെറ ഫലമായിരുന്നു മോർലി-മിൻേറാ ഭരണ പരിഷ്കാരം (1909). നിയമസഭകൾ വിപുലപ്പെടുത്തി, അതിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്ന ഏർപ്പാടു പ്രയോഗത്തിൽ വന്നു.

കേന്ദ്രനിയമ സഭയിൽ ഔദ്യോഗിക ഭൂരിപക്ഷം ഉണ്ടായിരുന്നെങ്കിലും, സംസ്ഥാനങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്നവരും നാമനിർദ്ദേശം ചെയ്യപ്പെട്ടവരുമായ അനൗദ്യോഗിക സാമാജികൻമാർക്കു ഭൂരിപക്ഷമുണ്ടായിരുന്നു. എന്നാൽ ഈ നിയമത്തിലാണ് ശപിക്കപ്പെട്ട വർഗ്ഗീയ നിയോജകമണ്ഡലങ്ങൾക്ക് ആദ്യമായി അംഗീകാരം കിട്ടിയത്. ഇതിൻെറ ആശയം, അഗാഖാൻെറ നേതൃത്വത്തിൽ 1906 ഒക്ടോബറിൽ, വൈസ്രോയിയായിരുന്ന മിൻേറാ പ്രഭുവിനെ സന്ദർശിച്ച് ഡെപ്യൂട്ടേഷനു ശേഷമാണ് രൂപീകൃതമായത്. വൈസ്രോയിയുടെ പ്രോത്സാഹനത്തിൻെറ നിഴൽ പറ്റി പ്രത്യേക നിയോജക മണ്ഡലങ്ങൾക്കു വേണ്ടി തൽപര കക്ഷികൾ ശ്രമം തുടർന്നു. അങ്ങിനെ 1906 -ഒക്ടോബർ ഒന്നാം തീയതി ഭാരതചരിത്രത്തിൽ പ്രാധാന്യം പ്രാപിച്ച ദുർദ്ദിനമായി ത്തീർന്നു. ഏതോ ഒരാൾ പ്രസ്താവിച്ചിട്ടുള്ളത് ഇവിടെ ഓർമ്മയിൽ വരുന്നു. ഇൻഡ്യാചരിത്രത്തിൽ ഒരു നൂതന യുഗത്തിൻെറ പ്രാരംഭം അന്നു കുറിച്ചു. മിൻേറാ പ്രഭ്വി അവരുടെ ഡയറിയിൽ ഇങ്ങനെ രേഖപ്പെടുത്തി: ഇന്നു സായാഹ്നത്തിൽ ഒരു കത്ത് എനിക്കു കിട്ടി. അതിൽ ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു: ഇന്ന് ഒരു സുപ്രധാന സംഭവം നടന്നത് അറിയിക്കാൻ ഈ വാക്കുകൾ എഴുതുന്നതാണ്. ഭാരതചരിത്രത്തെയും ജനങ്ങളെയും അനേക കാലത്തേക്ക് ബാധിക്കത്തക്ക ഒരു ഭരണ നൈപുണ്യപരമായ സംഗതി സാധിച്ചിരിക്കുന്നു.[1] പിൽക്കാലത്ത് ഭാരതത്തിലുണ്ടായ വർഗ്ഗീയവൈരങ്ങൾക്കും കൂട്ടക്കൊലകൾക്കും വിഷബീജം വിതച്ച ഒരു ദുർദ്ദിനമായിരുന്നു അതെന്ന് സംഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. മിൻേറാ പ്രഭുവിൻെറ ആനുകൂല്യം കിട്ടിയതിനാൽ, 1909-ലെ നിയമത്തിൽ വർഗ്ഗീയ നിയോജകമണ്ഡല വ്യവസ്ഥയ്ക്കു സ്ഥാനം സിദ്ധിച്ചു. പിൽക്കാലങ്ങളിൽ പ്രാബല്യത്തിൽ വന്ന നിയമങ്ങളിൽ അതു നീക്കം ചെയ്യുന്നതിനു പകരം, വിപുലീകരണവും പ്രോത്സാഹനവുമാണുണ്ടായത്. 1935 -ലെ ഭരണപരിഷ്കാരങ്ങളിൽ ഒരു അവാർഡ് (വിധി) ആയി വർഗ്ഗീയ നിയോജകമണ്ഡലങ്ങൾ

1.Quoted in India Divided by Dr. Rajendra Prasad

വളർന്നു. അതിൻെറ പരിണാമം, 1947 -ൽ ഭാരതം വെട്ടിമുറിച്ച തോടുകൂടി പൂർത്തിയായി എന്നു പറയാമെങ്കിലും പൂർണ്ണമാ യെന്നു കരുതാവുന്നതല്ല.

1909-ലെ മോർലി-മിൻേറാ ഭരണപരിഷ്കാരങ്ങൾ ആരെയും തൃപ്തിപ്പെടുത്തിയില്ല. ഭരണത്തുറകളിലൊന്നും ഭാരതീയർക്ക് ഗണ്യമായ പങ്കു ലഭിച്ചുമില്ല. ബഹുജന പ്രക്ഷോഭണം ശക്തിയായി, മുമ്പോട്ടു നീങ്ങി. എന്നിരുന്നാലും ഭാരതം ഒന്നാം ലോകമഹായുദ്ധത്തിൽ, ബ്രിട്ടീഷുകാരുമായി സഹകരിച്ചു. 1917-ൽ ഇൻഡ്യാ സെക്രട്ടറിയുടെ നയപ്രഖ്യാപന മുണ്ടായി-ഭരണകൂടത്തിൻെറ എല്ലാ ശാഖകളിലും കൂടുതൽ പ്രവേശിപ്പിച്ചും, സ്വയംഭരണസ്ഥാപനങ്ങളെ വികസിപ്പിച്ചും, ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ ഘടകമായി, ഉത്തരവാദിത്വഭരണം ക്രമേണ ഏറ്റെടുക്കുവാൻ ഭാരതീയരെ, ശേഷിയുള്ളവരാക്കി ത്തീർക്കുക- എന്നതായിരുന്നു ആ നയം. 1919-ൽ ഭരണപരി ഷ്കാരം, മൊൻടേഗ്-ചെംസ്ഫോർഡ് റിപ്പോർട്ടിനെ ആസ്പദ മാക്കി, പ്രഖ്യാപിതമായി. കൗൺസിൽ ഒഫ് സ്റ്റേറ്റ്സ് എന്നും ലെജിസ്ലേറ്റീവ് അസംബ്ലി എന്നും രണ്ടു മണ്ഡലങ്ങൾ ഉൾപ്പെ ടുന്ന നിയമസഭ കേന്ദ്രത്തിൽ സംഘടി പ്പിച്ചു. രണ്ടു സഭകളിലും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കായിരുന്നു ഭൂരിപക്ഷം. വർഗ്ഗീയ നിയോജക മണ്ഡലങ്ങൾ വഴിയുള്ള തെരഞ്ഞെടുപ്പി നായിരുന്നു വ്യവസ്ഥ. ഗവർണ്ണർ ജനറലിന് ഓർഡിനൻസു പുറപ്പെടുവിക്കാൻ പ്രയാസമുണ്ടായിരു ന്നില്ല. വൈസ്രായി യുടെ വീറ്റോയിക്കും സർട്ടിഫിക്കേഷനും വിധേയമായി, കേന്ദ്രനിയമസഭകൾക്ക് ചർച്ചകൾ ചെയ്യാനും നിയമ നിർമ്മാണം നടത്താനും സാധിക്കുമായിരുന്നു.

സംസ്ഥാനങ്ങളിലെ നിയമസഭകളിലും തെരഞ്ഞെടുക്ക പ്പെട്ടവർക്കായിരുന്നു ഭൂരിപക്ഷം. എന്നാൽ വർഗ്ഗീയ നിയോജക മണ്ഡല വ്യവസ്ഥ തുടരുവാനായിരുന്നു തീരുമാനം. കാര്യ നിർവ്വഹണ വിഭാഗത്തിൻെറ (എക്സിക്യൂട്ടീവ്) കാര്യത്തിലും, സുപ്രധാന മായ വ്യത്യാസങ്ങൾ വന്നു. ധനകാര്യം, പൊലീസ്,

മുതലായ വകുപ്പുകൾ പ്രവിശ്യഗവർണറോട് നേരിട്ട് ഉത്തരവാദിത്വമുള്ള എക്സിക്യൂട്ടീവ് കൗൺസിലറൻമാരുടെ നിയന്ത്രണത്തിലും വിദ്യാഭ്യാസം, പൊതുജനാരോഗ്യം, പ്രാദേശിക സ്വയം ഭരണം തുടങ്ങിയ വകുപ്പുകൾ സംസ്ഥാനനിയമസഭയോട് ഉത്തരവാദിത്വമുള്ള മന്ത്രിമാരുടെ ചുമതലയിലുമായി. ഈ രണ്ടു വിഭാഗങ്ങളും ഗവർണറും ഉൾപ്പെടുമ്പോൾ സംസ്ഥാന എക്സിക്യൂട്ടീവ് മുഴുവനുമായി എന്നായിരുന്നു വ്യവസ്ഥ. ഇപ്രകാരം വീതിച്ചുള്ള ഭരണരീതി ദ്വിഭരണസമ്പ്രദായം (ഡയാർക്കി) എന്ന പേരിലാണ് അറിയപ്പെട്ടത്.

1919-ലെ ഭരണപരിഷ്കാരത്തിൽ, കേന്ദ്രത്തിൽ ഉത്തരവാദിത്വഭരണരീതി സ്വീകരിച്ചില്ല. വർഗ്ഗീയ നിയോജക മണ്ഡലങ്ങൾ തുടർന്നു പുലർത്തുവാനും വ്യവസ്ഥ ചെയ്തു. കുറ്റങ്ങളും കുറവുകളും കാര്യമാക്കാതെ ഭരണപരിഷ്കാരം പരീക്ഷിച്ചു നോക്കണമെന്നു മിതവാദികളായ രാഷ്ട്രീയ നേതാക്കൻമാർ അഭിപ്രായപ്പെട്ടെങ്കിലും കാൺഗ്രസ്സും ഗാന്ധിജിയും അത് അംഗീകരിച്ചില്ല. സർക്കാരുമായി നിസ്സഹകരിക്കാനാണ് അവർ (ഗാന്ധിജിയും കാൺഗ്രസ്സും) തീരുമാനിച്ചത്. രാജ്യ മാസകലം പ്രക്ഷോഭണം സംഘടിപ്പിച്ചപ്പോൾ അത് അടിച്ചമർത്താൻ സർക്കാർ തയ്യാറായി. റൗളറ്റ് ആക്ട്, ക്രിമിനൽ നിയമങ്ങൾ തുടങ്ങിയവ അതിനു സർക്കാർ സ്വീകരിച്ച ആയുധങ്ങളാണ്. ജാലിയൻവാലബാഗിൽ കൂട്ടക്കൊല നടന്നതോടുകൂടി ഭാരതീയ രാകമാനം ഇളകി. 1920-ൽ ലോകമാന്യ ബാലഗംഗാധര തിലകൻ നിര്യാതനായപ്പോൾ, കാൺഗ്രസ്സിൻെറ നേതൃത്വം ഗാന്ധിജിയിൽ ചെന്നു ചേർന്നു. സി.ആർ. ദാസ് തുടങ്ങിയവർ ഗാന്ധിജിയുടെ അനുമതിയോടു കൂടി സ്വരാജ് കക്ഷി രൂപീകരിച്ച് 1925-ൽ കേന്ദ്രനിയമസഭയിൽ പ്രവേശിച്ചു. ഈ കക്ഷിയും കേന്ദ്രനിയമസഭാദ്ധ്യക്ഷനായിരുന്ന വിതൽഭായ് പട്ടേലും, ഭരണപരിഷ്കാരങ്ങളുടെ പൂച്ച് പുറത്താക്കിയ കാര്യം ഇവിടെ സ്മരണീയമാണ്.

1919-ലെ പരിഷ്കാരങ്ങളുടെ ഫലം, പത്തു കൊല്ലത്തിൽ തിട്ടപ്പെടുത്തുമെന്നും, ആവശ്യമായ തിരുത്തലുകൾ വരുത്തുമെ

ന്നുമായിരുന്നു സർക്കാരിൻെറ നിലപാട്. ഇതനുസരിച്ച് ബ്രിട്ടീഷ് പാർലിമെൻറ് ഒരു കമ്മീഷന് വ്യവസ്ഥ ചെയ്തിരുന്നു. ഏഴ് അംഗങ്ങളുള്ള ഒരു കമ്മീഷനെ 1927-ൽ നിയമിക്കുകയുണ്ടായി. അദ്ധ്യക്ഷൻ സർ.ജോൺ സൈമൺ ആയിരുന്നതിനാൽ, സൈമൺ കമ്മീഷൻ എന്ന പേരിലാണ് അത് അറിയപ്പെട്ടത്. അവർ ഭാരതത്തിലാകമാനം സഞ്ചരിച്ച് തെളിവുകൾ ശേഖരിക്കാൻ ശ്രമിച്ചു. എന്നാൽ ഇക്കാര്യത്തിൽ അവരുമായി കാൺഗ്രസ്സ് നിസ്സഹരിക്കുകയാണുണ്ടായത്. എങ്കിലും സർക്കാർ 1930-ൽ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തി. ഇതനുസരിച്ചു തയ്യാറാക്കിയ നിയമം 1935-ൽ പാസ്സാക്കിയ കാര്യവും ഇവിടെ സൂചിപ്പിക്കട്ടെ!

ഭാരതത്തിൽ ഒരു ഫെഡറൽ സംവിധാനത്തിനുള്ള ആശയമാണ് 1935-നിയമത്തിൽ അടങ്ങിയിരുന്നത്. ഫെഡറൽ ഘടകങ്ങൾ, ബ്രിട്ടീഷ് ഇന്ത്യൻ സംസ്ഥാനങ്ങളും, നാട്ടുരാജ്യങ്ങളുമായിരിക്കുമെന്നായിരുന്നു ശുപാർശ. നാട്ടു രാജ്യങ്ങൾ അവരവരുടെ രാജാക്കൻമാരുടെ ഹിതാനുസരണമാണ് ഫെഡറേഷനിൽ ചേരേണ്ടത്. അതിന് പ്രത്യേകം പ്രവേശന പ്രമാണത്തിൽ അവർ ഒപ്പു വയ്ക്കണം എന്നും വ്യവസ്ഥയുണ്ടായിരുന്നു. നാട്ടുരാജ്യങ്ങളുടെ വിധേയത്വം നിയന്ത്രിക്കുന്നത് അവർ ഒപ്പുവച്ച പ്രവേശന പ്രമാണത്തെ ആസ്പദമാക്കിയായിരുന്നു. നാട്ടുരാജ്യങ്ങളിൽ കുറഞ്ഞത് പകുതിയെങ്കിലും ചേർന്നെങ്കിൽ മാത്രമേ, ഫെഡറേഷൻ നിലവിൽ വരൂ എന്നുമുണ്ടായിരുന്നു വ്യവസ്ഥ. അതായത് നാട്ടുരാജ്യങ്ങളിലെ ആകെ ജനസംഖ്യയിൽ പകുതിയെങ്കിലും ഉൾപ്പെടത്തക്കവണ്ണമെങ്കിലും അവർ ചേർന്നിരുന്നാൽ മാത്രമേ അത് അംഗീകരിക്കത്തക്ക ഘടകമാകൂ. 1935-ലെ നിയമം അനുസരിച്ചുള്ള ഫെഡറേഷൻ നടപ്പിൽ വന്നില്ല എന്ന കാര്യവും പറയേണ്ടതുണ്ട്.

ഗവർണ്ണർ ജനറലും അദ്ദേഹം നിയമിക്കുന്ന മന്ത്രിസഭയും ചേർന്നതാണ് കേന്ദ്രനിർവ്വഹണ സമിതി എന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. എന്നാലും മന്ത്രിമാരുടെ ശുപാർശകൾ സ്വീകരിക്കാനോ നിരാകരിക്കാനോ ഗവർണ്ണർ ജനറലിന്

അധികാരമുണ്ടെന്നും വ്യക്തമാക്കിയിരുന്നു. രാജ്യരക്ഷ, വിദേശ കാര്യം തുടങ്ങിയവ ഗവർണ്ണർ ജനറലിൻെറ നേരിട്ടുള്ള നിയന്ത്ര ണത്തിലിരിക്കുമെന്നും വ്യവസ്ഥ ചെയ്തിരുന്നു. അടിയന്തിര ഘട്ടങ്ങൾ നേരിടുന്നതിന് അദ്ദേഹത്തിന് പ്രത്യേകാധികാര ങ്ങൾക്കും വ്യവസ്ഥ ചെയ്തു. നാട്ടുരാജ്യങ്ങളുമായുള്ള ഇടപാടുകൾ, ബ്രിട്ടീഷ് ഭരണാധിപതിയുടെ പ്രതിപുരുഷനെന്ന നിലയിൽ വൈസ്രായി നിർവ്വഹിക്കുമെന്നായിരുന്നു ഏർപ്പാട്.

കേന്ദ്രനിയമസഭ രണ്ടു മണ്ഡലങ്ങളോടു കൂടിയവ യായിരുന്നു. ഉപരിസഭയ്ക്ക് കൗൺസിൽ ഓഫ് സ്റ്റേറ്റ്സ് എന്നും, മറ്റേതിന് ഫെഡറൽ അസംബ്ലി എന്നുമാണ് പേരു നൽകിയിരുന്നത്. ഉപരിസഭയിൽ അകെ ഇരു നൂറ്റിയറുപതു അംഗങ്ങൾക്കായിരുന്നു വ്യവസ്ഥ. അതിൽ 156 സാമാജികൻ മാരെ ബ്രിട്ടീഷ് സംസ്ഥാനങ്ങളിൽ നിന്നും, ബാക്കി നാട്ടുരാജ്യങ്ങ ളിൽ നിന്നുമാണ് സ്വീകരിക്കേണ്ടത്. അസംബ്ലിയിൽ 375 അംഗങ്ങൾക്കായിരുന്നു വ്യവസ്ഥ. ഇതിൽ 250 പേർ ബ്രിട്ടീഷ് ഇൻഡ്യയിൽ നിന്നും ബാക്കി നാട്ടുരാജ്യങ്ങളിൽ നിന്നുമാണ് തെരഞ്ഞെടുക്കാൻ വ്യവസ്ഥ ചെയ്തതത്. നാട്ടുരാജ്യപ്രതി നിധികൾ ആരായിരിക്കുമെന്ന് തീരുമാനിക്കുന്നത് അവിടങ്ങ ളിലെ നാടു വാഴികളായിരിക്കും. കേന്ദ്ര അസംബ്ലിയിലേക്കുള്ള സാമാജികൻമാരെ തീരുമാനിക്കുന്നത് സംസ്ഥാനനിയമസഭ കളിലെ അംഗങ്ങളും.

കേന്ദ്ര നിയമസഭയ്ക്കും സംസ്ഥാന സഭകൾക്കും നിയമനിർമ്മാണം നടത്തുന്നതിന് അധികാരമുള്ള വിഷയങ്ങൾ വേർതിരിച്ചു വച്ചിരുന്നു. അവയ്ക്കു വിശദീകരണം നൽകുന്ന പട്ടികകളും നിയമത്തിൻെറ ഭാഗമായി ചേർത്തിരുന്നതും ഓർമ്മിക്കേണ്ടതുണ്ട്. അതുപോലെ, രണ്ടു കൂട്ടർക്കും അധികാര മുള്ള വിഷയങ്ങളേതൊക്കെയെന്നും കാണിക്കാനും ഏർപ്പാടു ചെയ്തിട്ടുണ്ട്. ഇവയിലൊന്നിലും പെടാത്ത കാര്യങ്ങൾ അവശിഷ്ടാധികാരമുപയോഗിച്ച് ഗവർണ്ണർ ജനറലിന് സംസ്ഥാന ത്തിനോ കേന്ദ്രത്തിനോ നൽകാം.

1935-ലെ ഭരണ നിയമപ്രകാരം ബർമ്മയെ ഭാരത്തിൽ നിന്ന് വേർപെടുത്തിയെന്നതും ഒരു ഫെഡറൽ കോടതി സംഘടിപ്പിക്കുന്നതിന് ഏർപ്പാടുണ്ടാക്കിയതും പറയേണ്ടതുണ്ട്. പുതിയതായി ഒറീസ്സ, സിൻഡ്, എന്നീ സംസ്ഥാനങ്ങളും രൂപീകരിച്ചു. കേന്ദ്രത്തിൽ ഗവർണ്ണർ ജനറലിനുണ്ടായിരുന്നമാതിരി, സംസ്ഥാനങ്ങളിൽ ഗവർണ്ണർമാർക്കും ചില പ്രത്യേകാധികാരങ്ങൾ നൽകിയിരുന്നതുംസ്മരണീയമാണ്. സംസ്ഥാന നിയമസഭയിലെ ഭൂരിപക്ഷ കക്ഷിയിൽ നിന്നു നിയമിക്കുന്ന മന്ത്രിമാരുടെ സഹായത്തോടു കൂടിയാണ് സംസ്ഥാനങ്ങളിൽ ഭരണം നടത്താൻ വ്യവസ്ഥ ചെയ്തിരുന്നത്. മന്ത്രിമാരുടെ ഉത്തരവാദിത്വം നിയമസഭയോടായിരുന്നു. അതായത് സ്വയം ഭരണം തത്വത്തിൽ അംഗീകരിച്ചു എന്നുസാരം.

കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും സാമ്പത്തിക കാര്യങ്ങൾ വേർതിരിച്ചിരുന്നതു കൂടാതെ, അതതിടങ്ങളിലെ ഉദ്യോഗസ്ഥൻമാരുടെയും മറ്റും സേവനവ്യവസ്ഥകളും നിജപ്പെടുത്തി. അഖില ഭാരതസർവ്വീസുകളിലേക്ക് തെരഞ്ഞെടുപ്പു നടത്തുന്നതും അവയുടെ സേവനവ്യവസ്ഥകൾ നിജപ്പെടുത്തുന്നതും ഇൻഡ്യാ സെക്രട്ടറിയായിരുന്നു.

ഗവർണ്ണർമാരെ നിയമിക്കുന്നത് ഇംഗ്ലണ്ടിലെ ഭരണാധിപതിയായിരുന്നു. ഗവർണ്ണർ ജനറൽ, ഗവർണ്ണർ വഴിക്ക്, ബ്രിട്ടീഷ് സർക്കാരിനോട് ഉത്തരവാദിത്വമുള്ളവരായിരിക്കും. ഗവർണ്ണമാർക്ക് ചില പ്രത്യേക ഉത്തരവാദിത്വങ്ങളും അംഗീകരിച്ചു. സംസ്ഥാനത്ത് ഏതെങ്കിലും ഭാഗത്തോ, പൊതുവെയോ, ഗുരുതരമായ സമാധാന പ്രശ്നമോ മറ്റോ ഉണ്ടായാൽ ഗവർണ്ണർക്ക് കൈകാര്യം ചെയ്യാനായിരുന്നു ഈ ഏർപ്പാട്. അഖിലേന്ത്യാ സർവ്വീസിനു സംരക്ഷണം, ന്യൂനപക്ഷ താൽപര്യ സംരക്ഷണം, ബ്രിട്ടീഷ് താൽപര്യങ്ങൾക്കെതിരായുള്ള വിവേചനം തടയൽ, തുടങ്ങിയവ ഗവർണ്ണർമാരുടെയും ഗവർണ്ണർ ജനറലിൻെറയും പ്രത്യേകാധികാരത്തിൽ പെട്ടു. സംസ്ഥാനത്തെ ഭരണം തകർന്നാൽ, ഗവർണ്ണർക്ക് അത് ഏറ്റെടുക്കാം. അത്തരം സന്ദർ

ഭങ്ങളിൽ നിയമനിർമ്മാണം, നിർവ്വഹണം മുതലായ എല്ലാ സംഗതികളും ഗവർണ്ണറിൽ നിക്ഷിപ്തമാകും. എന്നാൽ ഈ അധികാരങ്ങൾ അദ്ദേഹം ഉപയോഗിക്കുന്നത് ഗവർണ്ണർ ജനറലിൻെറ അധികാരങ്ങൾക്കു വിധേയമായിട്ടായിരിക്കുമെന്നു മാത്രം.

1935-ലെ നിയമമനുസരിച്ചുള്ള പരിഷ്കാരങ്ങൾക്ക് സമ്മിശ്രമായ പ്രതികരണമാണുണ്ടായത്. കാൺഗ്രസ്സു കക്ഷി അത് അപ്പാടെ നിരാകരിച്ചു. ഫെഡറൽ വ്യവസ്ഥയോട് മുസ്ലീം ലീഗ് വിയോജിച്ചു എങ്കിലും സംസ്ഥാനങ്ങളെ സംബന്ധിച്ചുള്ളവ അവർ സ്വാഗതം ചെയ്തു. നാട്ടുരാജാക്കൻമാർ പരിഷ്കാരം സ്വീകരിക്കാൻ സന്തോഷം കാണിച്ചില്ല.

1935-ലെ വ്യവസ്ഥകളനുസരിച്ച് 1937-ൽ തെരഞ്ഞെടുപ്പു നടന്നു. അകത്തു കയറി ഭരണ സംവിധാനത്തെ ഉടയ്ക്കുന്നതിനു വേണ്ടി കാൺഗ്രസ്സ് തെരഞ്ഞെടുപ്പിൽ പങ്കുകൊണ്ടു. ഏഴു സംസ്ഥാനങ്ങളിൽ കാൺഗ്രസ്സുകാർക്ക് മന്ത്രിസഭകൾ രൂപീകരിക്കാനും അധികാരത്തിൽ കയറാനും കഴിഞ്ഞു. ബംഗാളിലും പഞ്ചാബിലും മുസ്ലിംലീഗിനാണ് ഭൂരിപക്ഷം കിട്ടിയത്. അസ്സാമിലും സിൻഡിലും ആർക്കും തികഞ്ഞ ഭൂരിപക്ഷം ഇല്ലായിരുന്നു. അവിടങ്ങളിൽ സംയുക്തമന്ത്രിസഭകളാണ് അധികാരത്തിലെത്തിയത്. ഈ ഏർപ്പാടുകൾ ഒരു കൊല്ലത്തോളം നിലവിലിരുന്നെന്നു പറയാം.

1939-ൽ ലോകമഹായുദ്ധം തുടങ്ങിയപ്പോൾ ഭാരതം സഖ്യകക്ഷികളുടെ ഭാഗത്ത് യുദ്ധത്തിൽ പങ്കാളികളായിരിക്കുന്നു എന്ന് വൈസ്രായി വിളംബരപ്പെടുത്തി. ഈ പ്രഖ്യാപനം ജനഹിതമാരായാതെയാണ് നടത്തിയതെന്നതിനാൽ, കാൺഗ്രസ്സ് മന്ത്രിസഭകൾ എല്ലാം രാജിവെച്ചു. ഭരണപരിഷ്കാരങ്ങൾക്ക് പ്രസക്തിയുമില്ലാതായി.

ഭാരതത്തിൻെറ ന്യായമായ ആവശ്യങ്ങളും അവകാശങ്ങളും അംഗീകരിക്കാതിരിക്കുന്നത് ആപൽക്കരമായിരിക്കുമെന്ന ചിന്ത പല ബ്രിട്ടീഷ് നേതാക്കൻമാർക്കുമുണ്ടായെന്നു

പറയാം. പ്രത്യേകിച്ചും 1940 - നു ശേഷം. ബ്രിട്ടീഷ് പ്രധാന മന്ത്രിയായിരുന്ന വിൻസ്റ്റൻ ചർച്ചിൽ 1942 മാർച്ച് 11-ാം തീയതി സർ. സ്റ്റാഫോർഡ് ക്രിപ്സിനെ കൂടിയാലോചനകൾക്കായി, ഭാരതത്തിലേക്കു നിയോഗിക്കുമെന്ന് ബ്രിട്ടീഷ് പാർലിമെൻററിൽ പ്രഖ്യാപിച്ചു. അദ്ദേഹത്തിൻെറ പദ്ധതിയുടെ രൂപരേഖ മാർച്ച് 29-ന് പ്രസിദ്ധപ്പെടുത്തി. രാജ്യരക്ഷയൊഴിച്ചുള്ള മറ്റു വിഷയങ്ങൾ ഭാരതീയർക്കു കൈമാറണമെന്നായിരുന്നു മുഖ്യമായുള്ള പദ്ധതി. അതോടൊപ്പം ഒരു ഭരണഘടനാനിർമ്മാണ സമിതിയും രൂപീകരിക്കാവുന്നതാണെന്നും (മഹായുദ്ധാനന്തരം മാത്രം) വ്യക്തമാക്കി. അവർക്ക് ഡൊമിനിയൻ പദവിയുള്ള ഒരു ഭരണഘടന നിർമ്മിക്കാവുന്നതാണെന്നാണ് വ്യവസ്ഥ ചെയ്തത്. ഈ നിർദ്ദേശങ്ങൾ അസ്വീകാര്യങ്ങളായിരുന്നതിനാൽ ക്രിപ്സ് ദൗത്യം പരാജയപ്പെട്ടു. കാൺഗ്രസ് വർക്കിംഗ് കമ്മിറ്റി 1942 ജൂലൈ 14-ാം തീയതി വാർദ്ധയിൽ ചേർന്ന് ഇൻഡ്യവിട്ടു പോകുക (ക്വിറ്റ് ഇൻഡ്യ) പ്രമേയം പാസ്സാക്കി. ഏതാണ്ട് 1700 വാക്കുകൾ അടങ്ങിയ ആ പ്രമേയത്തിൽ ബ്രിട്ടീഷ് അധികാരികൾ വിട്ടു പോകണമെന്നാണ് ആഹ്വാനം. കാൺഗ്രസ്സും മുസ്ലീംലീഗും എത്ര ഭിന്നങ്ങളായ ആദർശങ്ങളിലാണ് നിലയുറപ്പിച്ചിരുന്നതെന്നതും സ്പഷ്ടമായെന്നു പറയാം.

ലോകയുദ്ധം അവസാനിച്ചശേഷം ഇംഗ്ലണ്ടിൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ തൊഴിലാളി കക്ഷി ഭൂരിപക്ഷം നേടി, അവിടെ മന്ത്രിസഭയുണ്ടാക്കി. ഭാരതത്തെ സംബന്ധിച്ച കാര്യങ്ങൾ കഴിയുന്നത്ര നേരത്തെ തീരുമാനത്തിലെത്തിക്കണമെന്നായിരുന്നു അവരുടെ ആഗ്രഹം. അതിൻെറ ഫലമായി ചർച്ചകൾക്കായും മറ്റും ഭാരതത്തിലേക്കു പോകാൻ, സെക്രട്ടറി ഓഫ് സ്റ്റേറ്റ് ആയിരുന്ന പെത്തിക് - ലാറൻസ് പ്രഭു, സർ. സ്റ്റാഫോർഡ് ക്രിപ്സ്, എ.വി. അലക്സാണ്ടർ എന്നിവരുൾപ്പെട്ട ഒരു മന്ത്രി സഭാകമ്മിറ്റിയെ (കാബിനറ്റ് മിഷൻ) നിയമിച്ച കാര്യം 1946- ഫെബ്രുവരി 19-ന് ലണ്ടനിൽ പ്രഖ്യാപിക്കുകയുണ്ടായി.

അതിൻെറ തുടർച്ചയായി മാർച്ച് 17-ന് ബ്രിട്ടീഷ് പ്രധാന മന്ത്രിയായിരുന്ന ക്ലെമൻറ് ആറ്റ്ലി നടത്തിയ പ്രഖ്യാപനത്തിൽ ഒരിടക്കാല സർക്കാർ രൂപീകരിക്കാനുള്ള പദ്ധതിയുടെ കാര്യമാണ് മുഖ്യമായുണ്ടായിരുന്നത്.

നേരത്തെ അവരെടുത്ത തീരുമാനം കടകം മറിച്ച് മുസ്ലീം ലീഗ് ജൂലൈ 29-ന് മറ്റൊരു തീരുമാനം കൈകൊണ്ടു. ഡയറക്ട് ആക്ഷൻ (Direct action) വഴി, പാകിസ്ഥാൻ നേടാനുള്ള തീരുമാന മായിരുന്നു അത്. ജവഹർലാൽ നെഹ്രുവിൻെറ നേതൃത്വത്തി ലുള്ള ഇടക്കാല സർക്കാർ 1946 സെപ്തംബർ 2-ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. അതിൽ 12 അംഗങ്ങളാണുണ്ടായി രുന്നത്. ഭരണഘടനാനിർമ്മാണ സഭ 1946 ഡിസംബർ 9-ാം തീയതി ഡാ. സച്ചിദാനന്ദ സിൻഹയുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. 1947-മാർച്ച് 24-ന് മൗണ്ട് ബാറ്റൻ പ്രഭു ഭാരത ത്തിലെ വൈസ്രോയിയായി സ്ഥാനമേറ്റു. ഭാരതത്തെ രണ്ടു രാജ്യങ്ങളായി വേർതിരിക്കുന്നതിനുള്ള പദ്ധതി 1947-ജൂൺ 3-ന് ബ്രിട്ടീഷ് സർക്കാർ പ്രഖ്യാപിച്ചു. 1947- ആഗസ്റ്റ് 15-ന് ഈ രാജ്യങ്ങൾ സ്വതന്ത്രങ്ങളായി രൂപമെടുക്കുമെന്ന് തീരുമാനിക്കു കയും ചെയ്തു. സ്വാതന്ത്ര്യം നൽകുന്നതിലേക്കുള്ള നക്കൽ പ്രമേയം (ബിൽ) ബ്രിട്ടീഷ് പാർലിമെൻറിൽ അവതരിപ്പിച്ചത്, 1947ജൂലൈ മാസം 7-ാം തീയതിയായിരുന്നു. ബ്രിട്ടീഷ് രാജാ വിൻെറ അംഗീകാരം അതിന് 1947-ജൂലൈ 18-ാം തീയതി വെള്ളി യാഴ്ച 4.30ന് കിട്ടുകയും ചെയ്തു.

ഭരണഘടനാ നിർമ്മാണ സഭയിലേക്കുള്ള തെരഞ്ഞെടുപ്പ് 1946-ൽ നടന്നു. ഓരോ കക്ഷിക്കുമുണ്ടായിരുന്ന ജനസ്വാധീ നത്തിൻെറ ഏകദേശരൂപം സ്പഷ്ടമാക്കാൻ അതു സഹായി ച്ചെന്നു പറയാം.

ഭരണഘടനാനിർമ്മാണ സഭ ന്യൂഡൽഹിയിൽ ആദ്യമായി സമ്മേളിച്ചത്, 1946 ഡിസംബർ 9-ാം തീയതി ഡാ. സച്ചിദാനന്ദ സിൻഹയുടെ അദ്ധ്യക്ഷതയിലാണ് എന്നു പറഞ്ഞല്ലോ. ഈ

ഇടക്കാല സഭാ സമ്മേളനം ഡാ. രാജേന്ദ്രപ്രസാദിനെ സ്ഥിരാദ്ധ്യക്ഷനായി തിരുമാനിക്കുകയുണ്ടായി. ഭരണഘടനാ നിർമ്മാണ സഭയിലെ അംഗങ്ങളെ പരോക്ഷമായ (Indirect election) രൂപത്തിലാണ് നിശ്ചയിച്ചിരുന്നത്. പ്രാദേശിക നിയമ നിർമ്മാണ സഭകളിലെ അംഗങ്ങളിൽ നിന്നാണ് അവരെ നിർദ്ദേശിച്ചത്.

ഭരണഘടനാ നിർമ്മാണം നിർവ്വഹിച്ചത് മൂന്നു വിധത്തിലായിരുന്നു. ആദ്യം പൊതു തത്വങ്ങളെക്കുറിച്ചും മുഖ്യ വിഷയങ്ങളെപ്പറ്റിയും തീരുമാനിച്ചു. പിന്നെ ഭരണഘടനാ നിർമ്മാണോപദേഷ്ടാവ് ലോകത്തിലെ ഇതരഭരണ ഘടനകളിൽ നിന്നും മറ്റും സ്വരൂപിച്ച പ്രസക്തങ്ങളായ വിഷയങ്ങൾ ചർച്ചയ്ക്കു വിധേയമാക്കി ഒരു നക്കൽ ഭരണ ഘടന തയ്യാറാക്കി. ഇവയൊക്കെ ഒരു വിദഗ്ദ്ധ കമ്മിറ്റി പരിശോധിച്ച് അന്തിമരൂപം നൽകി. ഡാ.ബി.ആർ. അംബേദ്കർ അദ്ധ്യക്ഷനായിരുന്ന വേറൊരു കമ്മിറ്റി ഭരണഘടനയുടെ നക്കൽ പരിശോധിച്ച് ചർച്ചയ്ക്കുവിധേയമാക്കേണ്ട നക്കൽ ഭരണഘടന തയ്യാറാക്കണമെന്നായിരുന്നു വ്യവസ്ഥ. അന്തിമരൂപത്തിലുള്ള നക്കൽ ഭരണ ഘടനാരചനക്കമ്മിറ്റിയ്ക്കായിരുന്നു മുഖ്യമായുള്ള ഉത്തരവാദിത്വവും ചുമതലയും. ഈ കമ്മിറ്റിയിൽ അല്ലാടി കൃഷ്ണസ്വാമി അയ്യർ, ഡാ.കെ.എം. മുൻഷി, എൻ. ഗോപാലസ്വാമി അയ്യങ്കാർ, ബി.എൽ. മിറ്റർ, ഡി.പി.ഖൈത്താൻ, മുഹമ്മദ് സാദുള്ള, എൻ. മാധവറാവു, ടി.ടി. കൃഷ്ണമാചാരി തുടങ്ങിയവരാണുണ്ടായിരുന്നത്.

ഭരണഘടനയുടെ നക്കൽ രൂപം 1948 ജനുവരിയിൽ പ്രസിദ്ധപ്പെടുത്തി. അതു ചർച്ചചെയ്യാൻ എട്ടുമാസത്തോളം അനുവദിച്ചിരുന്നു. ഭരണഘടനാനിർമ്മാണ സഭയിലെ പൊതുവായ ചർച്ച 1948 നവംബർ 9 വരെ നീണ്ടു നിന്നു. നവംബർ 15 മുതൽ ഒക്ടോബർ 17വരെ വകുപ്പു വകുപ്പായി ചർച്ചയ്ക്കെടുത്തു.മൊത്തത്തിൽ 7635 ഭേദഗതികളാണ് അവതരിപ്പിച്ചത്. അവയിൽ 2473 എണ്ണം ചർച്ചയ്ക്കു വിധേയമായി. നക്കൽ ഭരണഘടനയുടെ മൂന്നാം വായന നവംബർ 14 മുതൽ 26 വരെ

യായിരുന്നു. ഇപ്രകാരം രൂപീകരിച്ചു, തയ്യാറാക്കിയ ഭരണ ഘടനയിൽ 1949 നവംബർ 26 -ന് അദ്ധ്യക്ഷനായ ഡാ. രാജേന്ദ്ര പ്രസാദ് ഒപ്പുവച്ചു. മൊത്തം രണ്ടു കൊല്ലവും പതിനൊന്നു മാസവും പതിനെട്ടു ദിവസവും കൊണ്ടു പൂർത്തിയാക്കി യതാണ് ഈ മൗലിക നിയമം. അത് 1950 ജനുവരി 26-ന് പ്രാബല്യ ത്തിൽ വന്നു.

ഇൻഡ്യയ്ക്കും പാകിസ്ഥാനും സ്വാതന്ത്ര്യം അംഗീകരി ക്കുന്ന നിയമത്തിന്റെ നക്കൽ (ബിൽ) ബ്രിട്ടീഷ് പാർലി മെൻറിൽ 1947 ജൂലൈ 7-ാം തീയതിയാണവതരിപ്പിച്ചത്. അതു പാസ്സാക്കി, ബ്രിട്ടീഷ് രാജാവിന്റെ അംഗീകരിമാർജ്ജിച്ചത് 1947 ജൂലൈ 18-ാം തീയതി 4.30 മണിക്കായിരുന്നു. അതോടുകൂടി പാകിസ്ഥാനെന്നും ഇൻഡ്യയെന്നുമുള്ള രണ്ടു സ്വതന്ത്ര ഡൊമി നിയനുകളുടെ സൃഷ്ടിയും പൂർത്തിയായി.

ക്യാബിനറ്റു മിഷന്റെ പദ്ധതി പ്രകാരം 1946-ൽ സംഘടി പ്പിച്ച ഭരണഘടനാ നിർമ്മാണ സഭ 1947 ആഗസ്റ്റ് 14-ാം തീയതി അർദ്ധരാത്രിക്ക്, ഭാരതത്തിന്റെ പരമാധികാരമുള്ള നിയമ നിർമ്മാണ സഭയായിത്തീർന്നു. പരമാധികാര റിപബ്ലിക്കായി ഭാരതം രൂപാന്തരപ്പെട്ടത് 1950 ജനുവരി 26-ാം തീയതിയും.

പീഠിക

ഏതൊരു നിയമത്തിനും മുഖവുരയെന്നവണ്ണം ഒരു പീഠികയുണ്ട്. പിന്നീടുള്ള വകുപ്പുകൾ നേരാം വണ്ണം മനസ്സിലാക്കാൻ സഹായിക്കുന്ന കാര്യങ്ങൾ വിശദമാക്കുകയാണ് അവയുടെ ലക്ഷ്യം[1].നിയമനിർമ്മാണത്തിലൂടെ സാധിക്കാനുദ്ദേശിക്കുന്ന വസ്തുതകളെക്കുറിച്ചും അവയ്ക്കു പ്രേരകമായി വർത്തിക്കുന്ന നയവും, സാധാരണമായി പീഠികയിൽ ഉണ്ടായിരിക്കും. നിയമത്തിലൂടെ എന്തു നേടാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന വസ്തുതയും സൂചിപ്പിച്ചെന്നു വരും. അമേരിക്കൻ ഐക്യനാടുകളുടെ ഭരണഘടനയെപ്പോലെ, നമ്മുടെ മൗലിക നിയമവും രണ്ടു കാര്യങ്ങളാണ് സാധിക്കുന്നത്. ഒന്നാമത് ഭരണഘടനയുടെ അധികാരം എവിടെയെന്നും രണ്ടാമത് ഭരണഘടന എന്തു ലക്ഷ്യമാണിട്ടിരിക്കുന്നതെന്നും പീഠികയിൽ വ്യക്തമാക്കുന്നു.

ജനങ്ങൾക്കുള്ള പരമാധികാരം ഉപയോഗിച്ച്, അവർക്കു വേണ്ടി അവർതന്നെ ജനായത്താടിസ്ഥാനത്തിലുള്ള ഭരണഘടന എഴുതിയുണ്ടാക്കിയിരിക്കുന്നു. ഇതു സാധിച്ചത്, സാധിക്കുന്നത്, ജനങ്ങൾ തെരഞ്ഞെടുത്ത പ്രതിനിധികൾ വഴിയാണ്. പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമാണെന്നുള്ളതിന്, വിശേഷവിധിയായി പ്രസ്താവനകളൊന്നുമില്ല. പീഠികയുടെ തുടക്കത്തിൽ, ഞങ്ങൾ ഭാരതത്തിലെ ജനങ്ങൾ- എന്ന വാക്കുകളിൽ ഇതിൻെറ പ്രതിധ്വനിയാണു മുഴങ്ങുന്നത്.[2] ഭരണഘടനാനിർമ്മാണസഭയിൽ അവതരിപ്പിച്ച ലക്ഷ്യപ്രഖ്യാപന പ്രമേയം ഈ അവസരത്തിൽ സ്മരണീയമാണ്. പരമാധികാരമുള്ള,

---

1.Thring - Practical Legislation. p.92
2. Preamble - Constitution of India.

സ്വതന്ത്രമായ ഭാരതത്തിൻേറയും അതിൻെറ ഘടകങ്ങളുടെയും അവിടെയുള്ള ഭരണപരമായ സ്ഥാനങ്ങളുടേയും സകല ശക്തികളും അധികാരങ്ങളും ജനങ്ങളിൽ നിന്ന് സിദ്ധിച്ചിട്ടുള്ളതാണ് - എന്ന് അതിൽ കാണാം. ഭാരതത്തിലെ ജനങ്ങളുടെ നാമധേയത്തിൽ, ഭരണഘടനാനിർമ്മാണ സഭ അവരുടെ പരമാധികാര പ്രമാണമായ ഭരണഘടന അംഗീകരിക്കുകയും അതിന് നിയമപ്രാബല്യം നൽകുകയും ചെയ്തു. ഭാരതത്തെ പരമാധികാരമുള്ള ഒരു സോഷ്യലിസ്റ്റു മതേതര ജനാധിപത്യ റിപബ്ലിക് - ആക്കി സുസംഘടിതമാക്കുവാൻ ജനങ്ങളായ ഞങ്ങൾ തീരുമാനിച്ചിരിക്കുന്നതായി പ്രസ്താവിച്ചു കൊണ്ടാണ് പീഠിക ആരംഭിക്കുന്നത്. പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനകീയ റിപബ്ലിക് എന്ന പ്രസ്താവന പീഠികയിൽ ഉൾപ്പെടുത്തിയത് ഭരണഘടനയുടെ നാൽപ്പത്തി രണ്ടാമത്തെ ഭേദഗതിയാലൂടെയാണെന്ന വസ്തുത ഇവിടെ സ്മരിക്കട്ടെ [3]. സംസ്ഥാനങ്ങളിലെയും കേന്ദ്രത്തിലെയും സർക്കാർ അവരവരുടെ അധികാരമാർജ്ജിക്കുന്നത്, നിശ്ചിതകാലങ്ങളിൽ പ്രായപൂർത്തി വോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ നടക്കുന്ന തെരഞ്ഞെടുപ്പുകളിലൂടെയും കേന്ദ്രത്തിൽ പരോക്ഷമായ തെരഞ്ഞെടുപ്പുകളുടെയും അടിസ്ഥാനത്തിലാണ്. ജനഹിതമാണ് എല്ലാറ്റിൻേറയും അടിസ്ഥാനം. ജനഹിതത്തിൽ നിന്നാണ് പരമാധികാര മുൽഭവിക്കുന്നത്.

ഭാരതം ബ്രിട്ടീഷ് കോമൺവെൽത്തിലെ അംഗമാണ്. നമ്മുടെ പരമാധികാരത്തെ ഒരു വിധത്തിലും അത് ബാധിച്ചിട്ടില്ല. റിപ്പബ്ലിക്കൻ ഭരണം ഇവിടെ പ്രഖ്യപിച്ചപ്പോൾ, അനുയോജ്യമായ വിധം കോമൺവെൽത്തിൻെറ ആശയം വ്യത്യാസപ്പെട്ടു. ഭരണഘടനാപ്രകാരം ഭാരത റിപബ്ലിക് പരമാധികാര സ്ഥാപനമാണ്. ഭാരത റിപബ്ലിക് എന്നു പറയുമ്പോൾ, കേന്ദ്രവും സംസ്ഥാനങ്ങളും അതിൽ ഉൾപ്പെടും.

ജനായത്ത റിപബ്ലിക് ആയിട്ടാണ് നമ്മുടെ രാഷ്ട്രീയ സംവിധാനത്തെ സംഘടിപ്പിച്ചിട്ടുള്ളത്. എന്താണ് അതുകൊണ്ട് അർത്ഥമാക്കുന്നത്? രാഷ്ട്രമീമാംസയിൽ ഡെമോക്രസി (ജനാധി

---

3. Constitution (Forty Second Amendment) Act, 1976-Section 2.

പത്യം) എന്ന വാക്കിന് വ്യാപകമായ അർത്ഥമാണുള്ളത്. രാഷ്ട്രീയം, സാമൂഹികം, സാമ്പത്തികം എന്നീ മേഖലകളിൽ അതിനു വ്യാപ്തിയുണ്ട്. പീഠികയിലെ, അതിന്റെ സൂചന കൊണ്ട്, ഭരണക്രമത്തെ മാത്രമല്ല ഉദ്ദേശിക്കുന്നത്. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും, ചിന്തയിലും പ്രകാശനത്തിലും, വിശ്വാസത്തിലും, ആരാധനയിലും പൂർണ്ണസ്വാതന്ത്ര്യവും, പദവി, അവസരം, തുടങ്ങിയവയിൽ സമത്വം, എല്ലാവരിലും-സഹോദരഭാവന, അന്തസ്സ് തുടങ്ങിയവ വളർത്താനുള്ള പ്രോൽസാഹനം, എന്നിവയും പീഠികയുടെ അംശങ്ങളാണ്. നാൽപ്പത്തിരണ്ടാമത്തെ ഭരണഘടനാ ഭേദഗതിയിലൂടെ രാജ്യത്തിന്റെ ഐക്യവും സംയോജനവും ചേർക്കുകയുണ്ടായി.

പ്രായപൂർത്തിയെത്തിയ പൗരൻമാർക്ക് ഭരണത്തിൽ അവരുടെ ഭാഗഭാഗിത്വം ഉറപ്പു വരുത്തുവാൻ വഴികൾ പലതുമുണ്ട്. യഥാകാലം തെരഞ്ഞെടുക്കുന്ന പ്രതിനിധികളിലൂടെ അവർ അധികാരം പ്രയോഗിക്കുന്നു. ജനനം, സമ്പത്ത്, വർണ്ണം, വർഗ്ഗം, ലിംഗം, തുടങ്ങിയ വ്യത്യാസങ്ങളൊന്നും കാര്യമാക്കാതെ പ്രായപൂർത്തിയായവർക്ക് ഹിതാനുസരണം സമ്മതിദാനം പ്രയോജനപ്പെടുത്താം. ഭാരതത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് അതിവിപുലമായ ഇപ്രകാരമുള്ള സാഹചര്യം സംജാതമായത്.

റിപബ്ലിക് എന്ന വാക്ക് സങ്കുചിതമായ അർത്ഥത്തിൽ രാജവാഴ്ചയ്ക്കു വിപരീതമായിട്ടാണ് ഉപയോഗിക്കാറുള്ളത്. ജനങ്ങളിൽ നിന്ന് അധികാരമാർജജിച്ച്, ജനനൻമക്കായി അവരുടെ പ്രതിനിധികൾ ഒരു നിശ്ചിത കാലഘട്ടത്തിൽ മാത്രം അധികാരം പ്രയോഗിച്ചു ഭരിക്കുന്ന സമ്പ്രദായമാണത്.അതിന്റെ പിൻബലം, ഏറ്റവും അധികം ജനങ്ങളുടെ അംഗീകാരമാണ്. ജനസംതൃപ്തി ഉള്ള കാലത്തോളമേ അവരുടെ പ്രതിനിധികൾക്ക് ഭരണത്തിൽ തുടരാൻ കഴിയൂ[4]. അധികാരം കയ്യാളുന്ന

4. Madisson

തിനുതകുന്ന പദവി, ഒരുത്തർക്കും പാരമ്പര്യദായ ക്രമത്തിലൂടെ കൈവരുന്നതുമല്ല. ജനങ്ങൾ ഒരേസമയത്ത് ഭരണാധികാരികളും പ്രജകളുമാണവിടെ[6]. റിപ്പബ്ലിക്കൽ ഭരണ സമ്പ്രദായത്തിൽ ഒരു നിശ്ചിത കാലത്തേക്കു മാത്രം പദവിയും അധികാരവും വഹിക്കുന്ന രാഷ്ട്രത്തലവനാണുള്ളത്. അമേരിക്കൻ ഐക്യനാടുകളിലെ പ്രസിഡൻറിൻെറ കാലാവധി നാലു കൊല്ലമാണ്. സ്വിറ്റ്സർലണ്ടിൽ ഒരു വർഷത്തേക്കുമാത്രമാണ് ആ പദവിയിൽ ഒരാളിരിക്കുന്നത്. അതേ സമയം അവിടെ ഏഴ് അംഗങ്ങളുള്ള ഒരു സമിതിയുണ്ട്. അവരിൽ നിന്നൊരാളാണ് പ്രസിഡൻറായി പദവി വഹിക്കുന്നത്. സമിതിയുടെ കാലാവധി ഏഴു കൊല്ലവുമാണ്! നമ്മുടെ രാഷ്ട്രപതിയുടെ കാലാവധി അഞ്ചുകൊല്ലവുമാണ്. ഏതൊരു ഭാരതീയനും ആ മാന്യസ്ഥാനം വഹിക്കാൻ അർഹതയുണ്ട്. ജാതിയോ, മതമോ, വർഗ്ഗമോ, വർണ്ണമോ, ലിംഗമോ- ഒന്നും അതിനു തടസ്സമായിത്തീരുന്നില്ല.

പീഠികയിൽ വ്യക്തമാക്കിയിരിക്കുന്ന നീതിയെക്കുറിച്ച് ഇതിനുമുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. സാമൂഹികം, സാമ്പത്തികം, രാഷ്ട്രീയം എന്നീ കാര്യങ്ങളിൽ എല്ലാവർക്കും നീതി ലഭിക്കും. വ്യക്തിയെന്ന നിലയിൽ ഒരാളുടെ പെരുമാറ്റവും സമൂഹത്തിൻെറ പൊതുവായ ക്ഷേമവും പൊരുത്തപ്പെട്ടു പോകുകയാണ് സംഘർഷങ്ങൾ ഒഴിവാക്കാനുള്ള വഴി. അങ്ങിനെയുള്ള സമൂഹത്തിൽ ഉറച്ചു നിൽക്കുന്ന പൊതു നൻമയിലാണ് നീതി നിലവിലിരിക്കുന്നതും വളരുന്നതും. സമുദായത്തിൻെറ പൊതുതാൽപര്യങ്ങളെ സഹായിക്കത്തക്കവണ്ണം സ്വകാര്യ പ്രവർത്തനങ്ങൾ നടത്തുമ്പോൾ മാത്രമേ നീതിക്കു പുലരാൻ പറ്റൂ. പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ പ്രോത്സാഹനം കൊടുത്ത് മുഖ്യധാരയിലേക്കു എത്തിക്കേണ്ടത് ആവശ്യമാണ്. അതിലേക്കുള്ള വ്യവസ്ഥകൾ പലതും ഭരണഘടനയിൽ കാണാം[5]. സമ്പത്ത്, സാഹചര്യം, വർഗ്ഗം, വർണ്ണം, ജാതി, മതം, ബഹുമതി തുടങ്ങിയവയെ അടിസ്ഥാനമാക്കിയുള്ള യാതൊരു അസമത്വ

6. Article :15 (4); 16(4); part XVI
5. Bluntschli-Theory of State

ങ്ങളും അംഗീകരിച്ചു കൂടെന്നു സ്പഷ്ടമാക്കിയിരിക്കുന്നു. നിർദ്ദേശകതത്വങ്ങളിൽ കൂടുതൽ കൂടുതൽ കാര്യങ്ങൾ സ്പർശിച്ചിട്ടുമുണ്ട്[7]. മനുഷ്യമൂല്യം നിർണ്ണയിക്കുമ്പോൾ വ്യത്യാസമൊന്നും അംഗീകരിച്ചു കൂടാ. തുല്യ വേലയ്ക്ക് തുല്യവേതനം എന്ന തത്വം അംഗീകരിച്ചിരിക്കുന്നു[8].

പീഠികയിൽ പ്രത്യേക പ്രാമാണ്യം കൊടുത്തിട്ടുള്ള വിഷയമാണ് സ്വാതന്ത്ര്യം. (Liberty) അതിന് രണ്ടു ഭാവങ്ങളുണ്ട്. നിഷേധകാർത്ഥവും ക്രിയാത്മകവും. ഇവിടെ പ്രസക്തിയുള്ളത് ക്രിയാത്മക കാര്യങ്ങൾക്കു മാത്രമാണ്. ഒരു കാര്യത്തിലും, ഒരു വ്യക്തിയുടെ മേൽ ഏകപക്ഷീയമായ വിലക്കുകൾ വയ്ക്കാവുന്നതല്ല. വ്യക്തിത്വത്തിന്റെ പൂർത്തീകരണത്തിനും വളർച്ചയ്ക്കും ഇത് ആവശ്യമാണല്ലോ. പഴയ കാലങ്ങളിൽ, ആവശ്യമില്ലാത്ത നിയന്ത്രണങ്ങൾ ഒഴിവാക്കുക- എന്നതു മാത്രമാണ് പൊതുവിൽ സ്വാതന്ത്ര്യത്തിന്റെ മാർഗ്ഗമെന്നു കരുതിയിരുന്നു. വ്യക്തിയുടെ വികസനത്തിനു വേണ്ടിവരുന്ന എല്ലാ കാര്യങ്ങളും ഒരുക്കുന്ന ഒരു സാഹചര്യം ഉറപ്പുവരുത്താൻ സമൂഹത്തിന് ബാധ്യതയുണ്ടെന്ന് ആധുനിക ചിന്തകൻമാർ കരുതുന്നു[9]. ഈ വിധത്തിൽ മാത്രമേ ദേശീയ ജീവിതത്തിൽ സഫലീകരണം സാധ്യമാകൂ. ചിന്ത, വിശ്വാസം, ആരാധന, തുടങ്ങിയവയിൽ സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടത് വ്യക്തിയുടെയും രാഷ്ട്രത്തിന്റെയും വികസനത്തിന് ഒഴിച്ചു കൂടാത്തതാണ്. ഭരണഘടനയിലെ വകുപ്പുകൾ പ്രയോഗിക്കുമ്പോൾ, വ്യാഖ്യാനിക്കുമ്പോൾ, സംശയമുള്ള വിഷയങ്ങളിൽ വെളിച്ചം പകരാൻ, പീഠികയുടെ പ്രാകാശത്തിന് കഴിവുണ്ട്.

സമത്വം കൊണ്ട് ലക്ഷ്യം വെയ്ക്കുന്നതെന്താണ്? എല്ലാ മനുഷ്യരും സമൻമാരാണെന്ന് ആരും പറയുകയില്ല. എന്നാൽ എല്ലാ മനുഷ്യർക്കും വ്യക്തികളെന്ന നിലയിൽ, അവസര സമത്വം സിദ്ധിക്കണം. ഫ്രഞ്ചു വിപ്ലവകാലത്തിനു ശേഷമാണ് സമത്വത്തെക്കുറിച്ചു വിവാദങ്ങളും വിശദീകരണങ്ങളും അധികമായി

7. Part IV; Articles 23, 24 etc. 8. Article :39 (d)
9. Grammar of Politics by Harold Laski

വന്നിട്ടുള്ളത്- മനുഷ്യരെല്ലാം സ്വതന്ത്രരായിട്ടാണു ജനിക്കുന്നത് അവർക്കെല്ലാം സമത്വത്തിനും സ്വാതന്ത്ര്യത്തിനും അർഹത യുണ്ട്ന്ന് മനുഷ്യാവകാശ പ്രമാണത്തിൽ പറഞ്ഞിട്ടുള്ളതാണ് ഇവിടെ പ്രസക്തം. പൊതു ഹിതത്തിൻെറ പ്രകാശനമാണ് നിയമം. രക്ഷയ്ക്കും ശിക്ഷയ്ക്കും അവ എല്ലാവർക്കും ഒരു പോലെ ബാധകമായിരിക്കണം പൊതു സ്ഥാനമാനങ്ങളിലും, കഴിവനുസരിച്ചു വേല ലഭിക്കുന്നതിലും സമൻമാരായിരിക്കാൻ എല്ലാവർക്കും അർഹതയുണ്ട്. ഏതൊരു വ്യക്തിക്കും, യോഗ്യ തയെ ആധാരമാക്കി, ഏതു പദവിക്കും, ഉദ്യോഗത്തിനും അർഹ തയുണ്ട്. സമത്വത്തിന്, നമ്മുടെ ഭരണഘടനയിൽ നൽകിയിരി ക്കുന്നത് അതിവിപുലവും വിശാലവുമായ അർത്ഥമാണ്.

പീഠികയിൽ പിന്നീടുള്ളത്, സഹോദരത്വമാണ്. വ്യക്തി യുടെ അന്തസ്സും രാഷ്ട്രത്തിൻെറ ഐക്യവും സയോജനവും ഉറപ്പാക്കാൻ ഓരോ വ്യക്തിക്കും ബാധ്യതയുണ്ട്. സഹോദര ത്വവും സൻമനോഭാവവും എല്ലാവരും പുലർത്തിയാലേ ഇത് സാധിക്കുകയുള്ളു. വ്യക്തികൾ പെരുമാറേണ്ടത് സഹോദരത്വ ഭാവം ഉപേക്ഷിക്കാതെ വേണം. ഐക്യരാഷ്ട്രസഭ അംഗീകരിച്ചി ട്ടുള്ള മനുഷ്യാവകാശ പ്രഖ്യാപനത്തിലുള്ള ആശയങ്ങളെ ആധാരമാക്കിയാണ് നമ്മുടെ ഭരണഘടനയിൽ സഹോദരത്വത്തെ സ്വീകരിച്ചിട്ടുള്ളത്. ഭാഷ, മതം, സംസ്കാരം, വർഗ്ഗം, വർണ്ണം എന്നീ രംഗങ്ങളിലെല്ലാം വൈവിധ്യ വൈപുല്യങ്ങളുള്ള ഭാരത ത്തിൽ ജനങ്ങളെല്ലാം സഹോദരത്വേന വർത്തിക്കണമെന്നാണ് ഈ അനുശാസനത്തിലൂടെ ലക്ഷ്യമാക്കുന്നത്. ഫ്രഞ്ചു വിപ്ല വത്തെ തുടർന്ന് സ്ഥാപിക്കാൻ ലക്ഷ്യം വെച്ച, പുതിയ സാമൂ ഹിക വ്യവസ്ഥിതിയെപ്പറ്റി പറയുമ്പോഴാണ്, സാഹോദര്യത്തെ ക്കുറിച്ച് ഗണ്യമായ വിധത്തിൽ ചർച്ചചെയ്യാൻ ആരംഭിച്ച തെന്നു വേണം വിശ്വസിക്കാൻ. സമത്വവും സ്വാതന്ത്ര്യവും മാത്രമല്ല സാഹോദര്യവും പുലരുന്ന ഒരു വ്യവസ്ഥിതിയെപ്പറ്റി മനുഷ്യാവകാശങ്ങളുടെ അംശമായി അന്നു മുതൽ പറയാൻ തുടങ്ങി. ഐക്യരാഷ്ട്ര മനുഷ്യാവകാശപ്രമാണത്തിലും പിൽ

ക്കാലത്ത് അവ പ്രമുഖസ്ഥാനം നേടി. എല്ലാമനുഷ്യരും സ്വത ന്ത്രരും അന്തസ്സിലും അവകാശങ്ങളിലും തുല്യത്വമുള്ള വരുമാണെന്ന് ആ പ്രമാണത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. മനുഷ്യരെല്ലാം യുക്തിയും മനഃസാക്ഷിയുമുള്ളവരുമാണ്. അവർ സാഹോദര്യത്തോടുകൂടി പ്രവർത്തിക്കേണ്ടവരുമാണ് - ഇതേ ആശയം തന്നെയാണ് നമ്മുടെ ഭരണഘടനയുടെ പീഠികയിലും ഉൾപ്പെടുത്തിയിരിക്കുന്നത്. ശിഥിലീകരണ പ്രവണതകൾക്ക് വിരാമമിടാനും അരാജകത്വത്തിന് അരങ്ങ് അനുവദിക്കാതിരിക്കാനും ഈ സാഹോദര്യം ഒഴിച്ചുകൂടാവുന്നതല്ല. ഭാരതത്തെപ്പോലെ വൈവിധ്യമുള്ള ഒരു രാജ്യത്ത് ഐക്യവും ശാന്തിയും വളർത്താൻ മനുഷ്യസാഹോദര്യം കൊണ്ടേ സാധിക്കൂ.

നമ്മുടെ ഭരണഘടനയുടെ പീഠികയുടെ സവിശേഷതകൾ പറയുമ്പോൾ ഒരു കാര്യം കൂടി സ്പഷ്ടമാക്കേണ്ടതുണ്ട്. ആദർശങ്ങളുടെ കാര്യത്തിൽ ഇത്രയും വിശാലവും നീതിയുക്തവും ബൃഹത്തുമായ മറ്റൊരു പീഠിക, ഇതര ഭരണഘടനകളിൽ കാണാൻ കഴിയുന്നില്ല. വിദേശമേധാവിത്വ കാലത്തു നടന്നിട്ടുള്ള സ്വാതന്ത്ര്യസമരങ്ങളിൽ മുഴങ്ങി നിന്ന നിരവധി ആദർശങ്ങൾ, മനോഹര രൂപത്തിൽ അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഒരു പണ്ഡിതൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഭരണഘടനയുടെ ഏറ്റവും വിലയേറിയ പീഠിക അതിൻെറ ജീവാത്മാവും പരമാത്മാവുമാണ്; താക്കോലുമാണ്[10].

"ഭാരതത്തിലെ ജനങ്ങളായ ഞങ്ങൾ, ഈ നാടിനെ ഒരു പരമാധികാര ജനാധിപത്യമതേതര റിപ്പബ്ലിക്കായി രൂപീകരിക്കാനും, അതിലെ എല്ലാ പൗരൻമാർക്കും സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ നീതിയും; ചിന്തയ്ക്കും ആശയ പ്രകടനത്തിനും വിശ്വാസത്തിനും, മതവിശ്വാസത്തിനും ആരാധനയ്ക്കും പൂർണ്ണ സ്വാതന്ത്ര്യം നൽകാനും; പദവിയിലും, സന്ദർഭങ്ങളിലും സമത്വവും, സമഭാവനയും പ്രോത്സാഹിപ്പിക്കാനും, അന്തസ്സ് എല്ലാവർക്കും ഉറപ്പുവരുത്താനും, എല്ലാവ

10. Constituent Assembly Debates : Pandit Thakur Das Bhargava : p . 682

രിലും സഹോദരത്വം വളർത്തി, രാഷ്ട്രത്തിന്റെ സംയോജനം സാധ്യമാക്കാനും, ഭരണഘടനാനിർമ്മാണസഭ 1949 നവംബ 20-ാം തീയതി, രചിച്ച്, അംഗീകരിച്ച്, ഈ ഭരണഘടന ഞങ്ങൾക്കായി നൽകുന്നു". - ഇതാണ് പീഠികയുടെ ഏകദേശ തർജ്ജമയെന്നു പറയാം. ജനങ്ങളുടെ ആദർശങ്ങളും ലക്ഷ്യങ്ങളുമാണ് അതു സൂചിപ്പിക്കുന്നത്. ഭരണഘടനയുടെ ഏതു ഭാഗത്തെയും പോലെ, ഏത് വകുപ്പിനെയും പോലെ പീഠികയും, ഭേദഗതി ചെയ്യാവുന്നതാണെന്ന് ഭാരതത്തിലെ പരമോന്നത കോടതിയായ സുപ്രീം കോടതി വിധിച്ചിട്ടുണ്ട്[11]. ഭേദഗതിയിലൂടെ ചില കൂടുതൽ കാര്യങ്ങൾ പീഠികയിൽ ചേർത്തിട്ടുള്ള കാര്യവും ഇവിടെ ഓർമ്മിക്കുക[12].

പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ നടത്തിയ നേരി ട്ടുള്ള തെരഞ്ഞെടുപ്പിലൂടെ ആയിരുന്നില്ല ഭരണഘടനാനിർമ്മാണസഭ സംഘടിപ്പിച്ചത്. അതു ചോദ്യം ചെയ്യാൻ തുനിഞ്ഞിട്ടുള്ളവരുമുണ്ടായിരുന്നു. പരോക്ഷമായ തെരഞ്ഞെടുപ്പിലൂടെ സഭ സംഘടിപ്പിക്കുക യല്ലാതെ മറ്റു പ്രായോഗിക പദ്ധതികളൊന്നുമില്ലായിരുന്നു എന്നുള്ളതാണ് സത്യം. ഭരണഘടന എഴുതിയുണ്ടാക്കി, അംഗീകരിച്ചശേഷം ഒരു ഹിതപരിശോധനയിലൂടെ പൊതുജനങ്ങളുടെ അംഗീകാരം ആർജ്ജിക്കുന്നതിനും സാഹചര്യമനുകൂലമായിരുന്നില്ല. എന്നാൽ പിൽക്കാലങ്ങളിൽ നടന്ന പൊതു തെരഞ്ഞെടുപ്പുകളെല്ലാം തന്നെ ഭരണഘടനാശില്പികളെന്നു വിളിക്കപ്പെട്ട പ്രധാനവ്യക്തികളെയെല്ലാം വിജയിപ്പിച്ചിട്ടുണ്ടെന്ന കാര്യം ഇവിടെ ഓർമ്മിക്കുന്നത് ഉചിതമാകും. ഭരണഘടനയുടെ വേരുകൾ, അതിന്റെ അധികാരശക്തി, പരമാധികാര സ്വഭാവം തുടങ്ങിയവ പീഠികയിൽ ഉണ്ട്[13].

---

11. Kesavananda Bharati's Case - AIR 1973. S.C. 1461.
12. Constitution (Forty-Second Amendment) Act - 1976.
13. Constituent Assembly Debated - Dr. Ambedkar - X p. 456.

ഭാരതരാജ്യം

വിവിധ സംസ്ഥാനഘടകങ്ങൾ ചേർന്ന ഒരു സംയുക്ത രാജ്യമാണു ഭാരതം. എന്നാൽ ഈ ഘടകങ്ങൾ തമ്മിലുള്ള ഒത്തു തീർപ്പോ, കരാറോ വഴി ഉണ്ടായിട്ടുള്ളതല്ല നമ്മുടെ സംയുക്ത രാജ്യം. ഫെഡറൽ സംവിധാനം രൂപീകൃതമാകുമ്പോൾ, ഈ സംസ്ഥാനഘടകങ്ങൾക്ക് പരമാധികാരമൊന്നുമുണ്ടായിരുന്നു മില്ല. ഭാരതത്തിൻെറ ഘടകങ്ങളായി വർത്തിച്ചിരുന്ന പ്രസിഡൻ സികളും, പ്രവിശ്യകളും കുറെയൊക്കെ സ്വയം ഭരണമുള്ളവ യായിരുന്നെങ്കിലും, അവിടങ്ങളിലെ ഭരണാധിപതികളെല്ലാം, ഗവർണ്ണർ ജനറലിൻെറ അധീനത്തിൽ പ്രവർത്തിച്ചിരുന്നവരാണ് - നാട്ടുരാജ്യങ്ങളുടെ സ്ഥിതി ഇതിലും ശോചനിയമായിരുന്നു. പൊതുവെ അവയ്ക്കുണ്ടായിരുന്നത് തികഞ്ഞ അടിമത്തമായി രുന്നു. ഉടമ്പടികളും ആചാരങ്ങളുമൊക്കെയാണ് ബ്രിട്ടീഷു സർക്കാരുമായുള്ള അവരുടെ ബന്ധം നിയന്ത്രിച്ചിരുന്നതെന്നു പറയാറുണ്ടെങ്കിലും അവരെല്ലാം തന്നെ വൈസ്രായിയുടെ ആജ്ഞാനു വർത്തികൾ മാത്രമായിരുന്നു.

മറ്റു പല ഫെഡറൽ രാജ്യങ്ങളുടെ കാര്യങ്ങളിൽ നില വിലിരുന്ന രൂപത്തിലല്ല, ഭാരതത്തിലെ ഫെഡറൽ സംവിധാനം രൂപം കൊണ്ടത്. അമേരിക്കൻ ഐക്യനാടുകളിലെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിൽ പതിമൂന്നു കോളനികളാണ്, അവരുടെ പരമാധികാരത്തിൻെറ പേരിൽ, ഐക്യനാടുകളായി രൂപീകരി ച്ചത്. പിൽക്കാലങ്ങളിൽ കൂടുതൽ പ്രദേശങ്ങൾ ഐക്യനാടു കളുടെ കൂടെ ചേർന്നു. ഈ വിധത്തിലുള്ള പ്രക്രിയകളൊന്നും ഇവിടെയുണ്ടായില്ല. ഇൻഡ്യ എന്ന ഭാരതം, ഒരു സംയുക്ത രാജ്യമായിരിക്കുമെന്നാണ് ഭരണഘടനയുടെ ഒന്നാം വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ളത്. ഘടകപ്രദേശങ്ങൾ ഏതൊക്കെയെന്ന

കാര്യം, ഭരണഘടനയുടെ ഒന്നാം പട്ടികയിൽ വ്യക്തമാക്കിയിരിക്കുന്നു. സംസ്ഥാനങ്ങൾ കൂടാതെ കേന്ദ്ര ഭരണപ്രദേശങ്ങളും മേലിൽ ചേരുന്ന നാടുകളും ഈ പട്ടികയിൽ പെടും. സംസ്ഥാനങ്ങളുടെയും മറ്റും പ്രദേശ വിസ്തൃതിയും അതിരുകളും പാർലിമെൻറു് നിശ്ചയിക്കുന്ന വ്യവസ്ഥകളനുസരിച്ച് ഭേദഗതി ചെയ്യാൻ വിഷമമില്ല. പുതിയ സംസ്ഥാനങ്ങളുടെ പേരും ഈ വിധത്തിൽ പരിഷ്കരിച്ചു നിശ്ചയിക്കുന്നതായിരിക്കും. ഈ കാര്യങ്ങൾക്കാവശ്യമായ കരടു നിയമം പാർലിമെൻറിൽ അവതരിപ്പിക്കുന്നത് രാഷ്ട്രപതിയുടെ ശുപാർശയനുസരിച്ചായിരിക്കണം എന്നു മാത്രം. ഇക്കാര്യങ്ങളിൽ ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങളും നിശ്ചിത രൂപത്തിൽ പരിഗണിക്കേണ്ടതു പ്രാധാന്യമർഹിക്കുന്നതാണ്. ഈ മാറ്റങ്ങളൊക്കെ അന്തിമരൂപത്തിൽ ഒരു ഭരണഘടനാ ഭേദഗതിയായി പാർലിമെൻറിൽ അവതരിപ്പിച്ച് അംഗീകാരം നേടണമെന്നാണു വ്യവസ്ഥ ചെയ്തിരിക്കുന്നത്.

ഭാരതപ്രദേശത്തിൽ പെടുന്ന ഏതെങ്കിലും ഭാഗം ഫെഡറേഷനിൽ നിന്നു വിട്ട്, സ്വതന്ത്രമായിത്തീരുന്നതിന് പ്രചരണം നടത്തുന്നതും അതിനുവേണ്ടി ആരെങ്കിലും പ്രയത്നിക്കുന്നതും കർശനമായി നിരോധിച്ചിട്ടുണ്ട്. അതു പോലെ ഏതെങ്കിലും പ്രദേശം അന്യരാജ്യത്തിനു വിട്ടുകൊടുക്കാനും പ്രയാസമുണ്ട്. അതിനു ഭരണഘടനാഭേദഗതി ഉണ്ടായേ തീരൂ എന്ന് സുപ്രീം കോടതി വിധിച്ചിട്ടുണ്ട്[14]. അത്തരത്തിലുള്ള ഒരു കാര്യം നിറവേറ്റാൻ നടത്തിയ ഭേദഗതിയാണ് 1960-ൽ നടന്ന ഒൻപതാമത്തെ ഭരണഘടനാ ഭേദഗതിയെന്ന വസ്തുതയും ഇവിടെ ചൂണ്ടിക്കാണിക്കട്ടെ. മറ്റൊരു പ്രസക്തമായ യാഥാർത്ഥ്യം, ഭാരതഫെഡറേഷനിലെ ഏതെങ്കിലും ഘടകത്തിന് സംയുക്ത സംവിധാനത്തിൽ നിന്നു വിട്ടു പോകുവാനുള്ള സ്വാതന്ത്ര്യമില്ലെന്നതാണ്[15].

14. Re Berubari case AIR 1960. S.C. 845.
15. Dr. B.R. Ambedkar - Constituent Assembly Debates Vol VII

ഇന്നത്തെ രൂപത്തിലും വിസ്തൃതിയിലുമുള്ള സംയുക്ത ഘടകങ്ങൾ, ഏറെക്കുറെ സംസ്ഥാന പുനഃസംഘടനാ കമ്മീഷൻെറ ശുപാർശ പ്രകാരം സ്വീകരിച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയിട്ടുള്ളവയാണെന്നു പറയാം. എന്നാൽ അതിനുശേഷം ചില ഭേദഗതികളും വരുത്തിയിട്ടുണ്ടെന്ന വസ്തുതയും വിസ്മരിച്ചു കൂടാ. സിക്കിം സംസ്ഥാനം 1975-ഏപ്രിലിൽ ഭാരതഫെഡറേഷൻെറ ഭാഗമായി[16]. ഏതാണ്ട് 500-ൽ അധികമുണ്ടായിരുന്ന നാട്ടുരാജ്യങ്ങൾ, സംസ്ഥാനങ്ങളുടെ രൂപത്തിൽ സംയോജിപ്പിച്ച വസ്തുത, ഭാരത സ്വാതന്ത്ര്യത്തെത്തുടർന്നുണ്ടായ ഏറ്റവും ബൃഹത്തായ പരിവർത്തന പ്രക്രിയയാണ്. സംയോജനവും ലയനവും വഴി സാധിച്ച ഈ പരിവർത്തനം ഒരു മഹാ വിപ്ലവം തന്നെയാണ്. ഇക്കാര്യത്തിൽ ഇനി അവശേഷിക്കുന്നത് ജമ്മു-കാശ്മീർ സംസ്ഥാനത്തിൻെറ കാര്യം മാത്രമാണ്. അതിൻെറ പേരിൽ ഭാരതവും പാകിസ്ഥാനും തമ്മിൽ രണ്ടു യുദ്ധം തന്നെ നടത്തി. ഐക്യരാഷ്ട്രസഭയിൽ പരാതിപ്പെട്ടതിൽ നിന്നുണ്ടായിട്ടുള്ള സങ്കീർണ്ണതകളും ആ പ്രശ്നത്തിൻെറ അംശമായി തീർന്നിരിക്കുന്നു, നാട്ടുരാജ്യ സംയോജനത്തെ അരക്കിട്ടുറപ്പിക്കാൻസംസ്ഥാന പുനഃ സംഘടനാ കമ്മീഷൻെറ ശുപാർശകൾക്കു കഴിഞ്ഞു. പഴയ നാട്ടുരാജ്യങ്ങൾ ഇനിമേൽ ചരിത്രകാരൻമാരുടെ ശ്രദ്ധമാത്രം നേടുന്നവയായിട്ടേ, ഭാരതത്തിൽ ഉണ്ടായിരിക്കൂ. സാധാരണക്കാർക്ക് ഒരു പ്രസക്തിയുമില്ലാത്ത ചരിത്രയാഥാർത്ഥ്യം!

1999 ഡിസംബറിൽ ഉണ്ടായിരുന്ന സ്ഥിതിയനുസരിച്ച് 25 സംസ്ഥാനങ്ങളും, ആറ് യൂണിയൻ പ്രദേശങ്ങളും ദേശീയ തലസ്ഥാനമായ ഡൽഹിയും ഉൾപ്പെടുന്നതാണ് ഭാരത ഫെഡറേഷൻ. ഫാസൽ ആലിയുടെ അദ്ധ്യക്ഷതയിൽ നിയമിതമായ സംസ്ഥാനപുനസംഘടനാ കമ്മീഷനിൽ എച്ച്. എൻ. കുൺസ്രു, സർദാർ കെ.എം. പണിക്കർ എന്നിവർ അംഗങ്ങളായിരുന്നു*.

---

16. Constitution (36th Amendment) Act 1975

* വിശദവിവരങ്ങൾക്ക് ഗ്രന്ഥകാരൻെറ സർദാർ കെ.എം. പണിക്കർ - കാണുക.

നിയമം മൂലം സംയുക്ത വ്യവസ്ഥിതിയിലേക്ക് പുതിയ പ്രദേശത്തെ പ്രവേശിപ്പിക്കാനും, പുതിയ സംസ്ഥാനങ്ങൾ നിശ്ചിത വ്യവസ്ഥകളിൽ പാർലിമെൻറിന് രൂപീകരിക്കാനുമുള്ള കഴിവുണ്ട് എന്ന കാര്യം സ്പഷ്ടമായിരിക്കുന്നു. പോർട്ടുഗീസ്, ഫ്രഞ്ച് വിദേശീയ ഭരണത്തിൽ വർത്തിച്ചിരുന്ന പ്രദേശങ്ങൾ ഭാരതത്തിൽ ലയിപ്പിക്കുന്നതിന് സാധിച്ചതും[17], സിക്കിം ഒരു സംസ്ഥാനമായി ഭാരതത്തിൽ സ്ഥാനം പിടിച്ചതും സ്മരണീയമാണ്.

ഒരു രാജ്യത്തിൻെറ പ്രദേശം എന്താണ്? കരയായാലും ജലമായാലും രാഷ്ട്രാധികാരം പ്രയോഗിക്കാൻ സാധിക്കുന്ന ഭാഗങ്ങളെല്ലാം പ്രദേശപരിധിയിൽ പെടുന്നു. ഇത് ഉടമ്പടികൾ കൊണ്ടോ, കീഴ് നടപ്പുകൊണ്ടോ നിരന്തരമായ അംഗീകാരം കൊണ്ടോ ഉണ്ടാകാം. ജനവാസമുള്ളതോ ഇല്ലാത്തതോ ആകാം[18]. അവിടെ മറ്റൊരു രാജ്യത്തിനും പരമാധികാരമില്ല. ഏതൊരു രാജ്യത്തിൻെറയും, കരയോടു ചേർന്നു കിടക്കുന്ന സമുദ്രമേഖലയിലും ചില അധികാരങ്ങൾ ലോകനിയമം അംഗീകരിച്ചിട്ടുണ്ട്. ഭാരതത്തിന് സമുദ്രതീരാധികാരപരിധി, സാധുവായ അടിസ്ഥാന രേഖമുതൽ ആറു നാവിക നാഴിക കടലിലേക്ക് വ്യാപിച്ചു കിടക്കുന്നു. ഒരു നാവിക നാഴികയെന്നാൽ 2025 ഗജം എന്നാണർത്ഥം. തീര സമുദ്രമേഖലാ പരിധി അന്തർദ്ദേശീയ നിയമം അംഗീകരിച്ചിട്ടുള്ള വസ്തുതയാണ്. വ്യാപ്തിയുടെ കാര്യത്തിൽ രാജ്യങ്ങൾ തമ്മിൽ ഐകരൂപ്യമില്ല. കടൽത്തീരത്തിൻെറ സാധുവായ അടിസ്ഥാന രേഖമുതൽ ആറുനാവിക നാഴിക കടലിലേക്കു നീണ്ടു കിടക്കുന്ന വിസ്താരത്തിലുണ്ട് നമുക്കു പരമാധികാരം. അതിനുശേഷമുള്ള സമുദ്രമേഖലയെ, "അന്തർദ്ദേശീയ സമുദ്രമേഖല" എന്നാണ് വ്യവഹരിക്കാറുള്ളത്.

കൽക്കട്ടയിൽ നിന്ന് ബ്രിട്ടീഷ്കാർ തലസ്ഥാനം ദില്ലിയിലാക്കിയത് 1912-ൽ! പ്രാചീന കാലം മുതൽ പലരാജാക്കൻ

17.Acquired Territories (Merger) Act, 1960
18. International Law by Hall (1924)

മാരും ചക്രവർത്തികളും ഇവിടെ ഭരിച്ചിരുന്നു. പഴയപേര് ഇന്ദ്രപ്രസ്ഥം -എന്നാണ്. പഴയ നഗരം വിട്ട് അല്പം ഒഴിഞ്ഞു മാറിയ സങ്കേതങ്ങളിലാണ് ബ്രിട്ടീഷുകാർ നവദില്ലി പണി ചെയ്ത് തലസ്ഥാനമാക്കിയത്. ഒരു കേന്ദ്രഭരണ പ്രദേശപദവി 1956 നവംബർ 1-ന് നേടി. പുതിയ ഭരണ വ്യവസ്ഥ1966-ൽ നിലവിൽ വന്നു. നഗരഭരണ സമിതിയിൽ 61 പേരുണ്ട്, അവരിൽ അഞ്ചുപേർ നാമനിർദ്ദേശത്തിലൂടെയും ബാക്കിയുള്ള വർ പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ തെരഞ്ഞെ ടുക്കപ്പെട്ടവരുമാണ്. തലവൻ ലെഫ്.ഗവർണർ ആണ്. അദ്ദേ ഹത്തെ മുഖ്യനഗര സമിതിയംഗവും മറ്റ് നാല് അംഗങ്ങളും സഹായിക്കുന്നു. ലോക്സഭയിൽ ഏഴും രാജ്യസഭയിൽ മൂന്നും സാമാജികൻമാർ ദില്ലിയെ പാർലിമെൻറിൽ പ്രതിനിധീകരി ക്കുന്നുണ്ട്. മുൻസിപ്പൽ കോർപ്പറേഷൻ, പുതുദില്ലി മുൻസി പ്പൽ കമ്മിറ്റി, കൻേറാൺമെൻറ് ബോർഡ് എന്നു ഭാഗിച്ചിട്ടുണ്ട്. ദില്ലിയിലെ 214 ഗ്രാമങ്ങൾ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശത്താണ്.

പൗരത്വം

ഭാരതഭരണഘടനയുടെ രണ്ടാം ഭാഗത്താണ് പൗരത്വം സംബന്ധിച്ചുള്ള കാര്യങ്ങൾ പ്രതിപാദിക്കുന്നത്, അഞ്ചു മുതൽ പതിനൊന്നുവരെയുള്ള വകുപ്പുകളിൽ അവ അവതരിപ്പിച്ചിരിക്കുന്നു. കൂടാതെ വിശദമായി കാര്യങ്ങൾ ചേർത്തിട്ടുള്ള പൗരത്വനിയമം 1955-ൽ ഭാരതപാർലിമെൻറ് പാസ്സാക്കി നടപ്പിൽ വരുത്തിയിട്ടുമുണ്ട്. ഇതു ചെയ്തത് ഭരണഘടനയുടെ പതിനൊന്നാം വകുപ്പിലെ നിർദ്ദേശം അനുസരിച്ചാണ്.

പാകിസ്ഥാനും ഭാരതവും രണ്ടു സ്വതന്ത്രരാജ്യങ്ങളായതിനെത്തുടർന്നുണ്ടായ സംഭവങ്ങൾ കാരണം, ലക്ഷക്കണക്കിന് ജനങ്ങൾ അങ്ങോട്ടുമിങ്ങോട്ടും കുടിമാറുന്നതിന് നിർബ്ബന്ധിതരായി. പാകിസ്ഥാനിൽ നിന്ന് ഇങ്ങോട്ടു പ്രവഹിച്ചത് ഹിന്ദുക്കളും സിക്കുകാരുമായിരുന്നു. സ്വാതന്ത്ര്യം നേടിയതിനാൽ വിദേശങ്ങളിൽ പാർത്തിരുന്നവരും ധാരാളമായി ഭാരതത്തിലേക്ക് തിരിച്ചു പോന്നു. ഈ ബൃഹത്തായ സംഭവങ്ങളുടെ സമ്മർദ്ദം ഏറിനിന്നിരുന്ന കാലത്താണ് ഭരണഘടനാനിർമ്മാണസഭ, യോഗം ചേർന്നിരുന്നത്. സങ്കീർണ്ണമായ പല അവസ്ഥാവിശേഷങ്ങൾ അനുഭവിച്ചിരുന്ന പല വിഭാഗം ജനങ്ങളെ സംബന്ധിക്കുന്ന പൗരത്വവിഷയമാണ്, ഭരണഘടനാശില്പികൾ കൈകാര്യം ചെയ്യാൻ നിർബ്ബന്ധിതരായത്. അവർ ചർച്ച ചെയ്ത പൗരത്വത്തെക്കുറിച്ചുള്ള കരടു നിർദ്ദേശങ്ങൾ വളരെയേറെ വിവാദങ്ങളും ഭേദഗതികളും ക്ഷണിച്ചുവരുത്തിയതിൽ അത്ഭുതപ്പെടാനില്ല.

ഭരണഘടന ഊർജ്ജിതത്തിൽ വന്ന കാലത്തുണ്ടായിരുന്ന പ്രത്യേക അവസ്ഥാവിശേഷങ്ങൾ അനുഭവിക്കുന്ന വ്യക്തികളെ

എപ്രകാരമാണ് പൗരൻമാരുടെ പദവിയിലേക്ക് ഉയർത്തേണ്ടത് എന്ന കാര്യമാണ് ആദ്യം കൈകാര്യം ചെയ്തത്. ഭരണഘടന ഊർജ്ജിതത്തിൽ വന്നപ്പോൾ ഭാരതപ്രദേശത്തു സ്ഥിരമായി വസിച്ചിരുന്നവരും, അവിടെ ജനിച്ചവരുമാണ് ആദ്യത്തെ ക്കൂട്ടർ[19]. സ്വാഭാവികമായി അവർ പൗരൻമാരായിത്തീർന്നു. ദമ്പതിമാരിൽ ഒരാൾക്ക് ജനിച്ചവരുടെ കാര്യമാണ് അടുത്തത്. മറ്റൊരു കൂട്ടർ ഭരണഘടന ഊരജ്ജിതത്തിൽ വരുന്നതിന് തൊട്ടു മുമ്പ് അഞ്ചുകൊല്ലമെങ്കിലും ഭാരത പ്രദേശത്ത് സ്ഥിരമായി വസിച്ചിട്ടുള്ളവരാണ്. ഇവരെയെല്ലാം ഭാരതപൗരൻമാരുടെ പദവിയിൽപെടുത്തി.

ഭാരതപ്രദേശത്ത് സ്ഥിരമായി വസിച്ചിരുന്നവരിൽ ചിലർ പാകിസ്ഥിനിലേക്ക് കുടിയേറുകയുണ്ടായി. അതുപോലെ പാകിസ്ഥാൻ പ്രദേശത്തു വസിച്ചിരുന്നവരിൽ ചിലർ ഭാരതത്തിലേക്ക് കുടിയേറുകയുണ്ടായിട്ടുണ്ട്. രണ്ടാമത്തെ ഈ കൂട്ടർ തന്നെ 1948 ജൂലൈ 19 നു മുമ്പോ, അതിനുശേഷമോ ഉള്ളവരാകാം. ഇപ്പറഞ്ഞ തീയതിക്കു ശേഷം ഭാരതത്തിലേക്ക് കുടിയേറിയവർ പൗരത്വനിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവരാണെങ്കിൽ മാത്രമേ ഭാരത പൗരൻമാരായിത്തീരുകയുള്ളു [20]. 1948-ജൂലൈ 19-നു മുമ്പുള്ളവരെ സ്വഭാവികമായിത്തന്നെ പൗരൻമാരായി പരിഗണിക്കുന്നതായിരിക്കും. ഇതുപോലെ സങ്കീർണ്ണമായ അവസ്ഥാവിശേഷങ്ങളെല്ലാം പരിഗണിച്ചിട്ടാണ് ഭരണഘടനാശിൽപ്പികൾ വകുപ്പുകൾക്ക് രൂപം നൽകിയത്. ഇപ്പറഞ്ഞവരെ കൂടാതെ വേറൊരു വിഭാഗക്കാർ കൂടിയുണ്ട്. പാകിസ്ഥാനിൽ കുടിയേറിയവരാണെങ്കിലും ഭാരതപ്രദേശത്തു വസിക്കണമെന്ന ലക്ഷ്യത്തോടുകൂടി, ഭാരതത്തിലേക്കു മടങ്ങിയെത്തിയവർ. ഇവർക്ക് പ്രത്യേക അനുമതി പത്രം (പെർമിറ്റ്) കൊടുത്ത് ഭാരത പ്രദേശത്തു തങ്ങാൻ സൗകര്യപ്പെടുത്തിയിട്ടുണ്ട്. ഇത് ഏർപ്പാടു ചെയ്തത് 1948-ജൂലൈ 19-ാം തീയതി മുതലാണ്. അന്നാണ് അനുമതി പത്ര സമ്പ്രദായം നിലവിൽ വന്നത്. സ്ഥിരവാസമോഹികളായ ഇവർക്കും പൗരത്വത്തിനു യോഗ്യതയുണ്ട്. മറ്റൊ

19. Article : 6 20. Article :7

രുദേശത്തെ പൗരത്വം ആർജ്ജിക്കുന്ന ഒരാൾ അന്നു മുതൽ ഭാരത പൗരപദവി സ്വയം അടിയറവയ്ക്കുന്നതും ഭാരത പൗരനല്ലാതായിത്തീരുന്നതുമാണ്[21]. ഇക്കാര്യങ്ങൾ ഭരണ ഘടനയിൽ ചേർത്തിട്ടുണ്ടെങ്കിലും, കൂടുതൽ വസ്തുതകളും മറ്റും അറിയാൻ ഭാരത പൗരത്വനിയമം (1955) പരിശോധിക്കണം. ഭരണഘടന ഊർജ്ജിതപ്പെട്ട തീയതിയ്ക്കു ശേഷം ഭാരതത്തിൽ ജനിച്ച ഏതൊരാളും ജൻമനാതന്നെ പൗരനായി ഭവിക്കും. മുകളിൽ പറഞ്ഞ തീയതിക്കുശേഷം പിറന്ന ഒരാളുടെ പിതാവ്, ഭാരതീയപൗരനാണെങ്കിൽ സ്വാഭാവികമായി ഭാരതപൗരനായിത്തീരും. രജിസ്ട്രേഷൻ വഴി ഭാരതീയ പൗരത്വം ആർജ്ജിക്കുന്നതിനുള്ള സൗകര്യവും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ദീർഘകാലമായി ഭാരതദേശത്തു വസിക്കുന്നവർക്കും അതിനുള്ള സാധ്യത നൽകിയിരിക്കുന്നു. കൂടുതൽ പ്രദേശങ്ങൾ ഭാരത സംയുക്ത രാജ്യത്തിന്റെ, ഭാഗമായിത്തീരുന്ന അവസരങ്ങളിൽ അവിടുത്തുകാർക്ക് ഭാരതീയ പൗരത്വം, മറ്റ് ഏർപ്പാടുകളൊന്നുമില്ലാതെ കിട്ടും.

പൗരത്വം ആർജ്ജിക്കുന്ന സമ്പ്രദായങ്ങൾ മാത്രമല്ല, അത് വേണ്ടെന്നു വെയ്ക്കുന്നതിനുള്ള വിധങ്ങളും നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. അതുപോലെ ഭാരത സർക്കാരിന് ഒരുത്തരവുമൂലം ചില നിശ്ചിത വിഭാഗക്കാർക്കുള്ള പൗരത്വപദവി റദ്ദു ചെയ്യുന്നതിനും അധികാരമുണ്ട്. നമ്മുടെ ഭരണഘടന ഒരാൾക്ക് ഒരു പൗരത്വമേ അംഗീകരിച്ചിട്ടുള്ളു; ബഹുപൗരത്വം ഇവിടെയില്ല; ഏക പൗരത്വമേയുള്ളു. അമേരിക്കൻ ഐക്യനാടുകളിലെ ഒരു പൗരൻ, ഏതെങ്കിലുമൊരു സംസ്ഥാനത്തിലെയും, ഐക്യ നാടുകളിലെയും പൗരനാണെന്ന കാര്യം ഇവിടെ പറയട്ടെ. ബ്രിട്ടീഷുഭരണകാലത്ത് ബ്രിട്ടീഷിന്ത്യക്കാരനെന്നും നാട്ടുരാജ്യ പ്രജയെന്നുമുള്ള വ്യത്യാസം ഉണ്ടായിരുന്നത് സ്മരണീയമത്രേ.

---

21. Article : 9

ഭാരതീയരായ ഒട്ടനവധിയാളുകൾ വിദേശങ്ങളിൽ പല കാരണങ്ങളാൽ വസിക്കുന്നുണ്ടല്ലോ. അവരിൽ ആർക്കെങ്കിലും ഭാരതീയ പൗരനാകണമെങ്കിൽ അത് സാധിക്കേണ്ടത് എങ്ങിനെയെന്ന കാര്യങ്ങളും ഭരണഘടനയിൽ വിശദമാക്കിയിരിക്കുന്നു[22].

ഒരു രാജ്യത്തിലെ പ്രജകളെ രണ്ടായി തരം തിരിക്കാം. ഒന്ന് പൗരൻമാർ. രണ്ട് : അവിടെ തങ്ങുന്ന വിദേശികൾ. ആദ്യത്തെ കൂട്ടർ സിവിളും രാഷ്ട്രീയവുമായ അവകാശം സമ്പൂർണ്ണമായി അനുഭവിക്കുന്നതിനു യോഗ്യതയുണ്ട്. പൗരൻമാരും സ്റ്റേറ്റും തമ്മിലുള്ള ബന്ധം വ്യക്തിപരവും സ്ഥിരവുമാണ്. വിദേശീയരുടെ ബന്ധം പ്രാദേശികവും താൽക്കാലികവുമാണ് [23]. ഭാരതീയ പൗരത്വനിയമവും അതിൻെറ കീഴിലുള്ള ചട്ടങ്ങളും യഥാകാലം പാർലിമെൻറ് പാസ്സാക്കിയിട്ടുണ്ട്[24].

അന്യരാജ്യങ്ങളിലെ പൗരരായിരുന്നെങ്കിലും ഭാരതീയ പൗരത്വമാർജ്ജിച്ച പ്രസിദ്ധരായ വ്യക്തികളിൽ, ജെ.ബി.എസ്. ഹാൾഡേൻ എന്ന ശാസ്ത്രജ്ഞനും, ജീവകാരുണ്യ സേവനങ്ങൾക്ക് പ്രസിദ്ധയായ മദർതെറിസയുമുണ്ട്.

---

22. Article: 8 23. Jurisprudence - Salmond (1948) p. 132.
24. Indian Citizen Ship Act, 1955 CitizenShip Rules, 1956

മൗലികാവകാശങ്ങൾ

അമേരിക്കൻ ഐക്യനാടുകൾ, അയർലൻഡ് തുടങ്ങിയ ചില രാജ്യങ്ങളുടെ ഭരണഘടനകളിൽ മൗലികാവകാശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അവയുടെ ചുവടുപിടിച്ചാണെന്നു പറയാം നമ്മുടെ ഭരണഘടനയിലും ഇവ ചേർത്തിരിക്കുന്നു. എങ്കിലും നമ്മുടെ ഭരണഘടനയിൽ ഉള്ളതു പോലെ ഇത്രയും വിസ്തരിച്ചുള്ള അവകാശങ്ങൾ ചേർത്തു കാണുന്നത് കുറവുതന്നെ. ഭാരതത്തെപോല ഇത്രയും വൈവിധ്യവും വൈപുല്യവുമുള്ള ഒരു രാജ്യത്തെ എല്ലാജനങ്ങളെയും തൃപ്തിപ്പെ ടുത്താനുതകുന്ന വിധത്തിൽ അവകാശങ്ങൾ സ്പഷ്ടമാക്കുമ്പോൾ ന്യായമായും അവ വിസ്തരിച്ചേ പറ്റൂ. മതം, സംസ്കാരം, സമൂഹനിലവാരം, വർണ്ണം, ആരാധനാരീതികൾ എന്നിവയിലെല്ലാം വൈവിധ്യമുള്ള, ഇത്രയധികം ജനസംഖ്യയുള്ള, മറ്റൊരു ജനാധിപത്യരാജ്യം വേറെയില്ല.

ചരിത്രപ്രധാനമായ സാർവ്വത്രിക മനുഷ്യാവകാശ പ്രഖ്യാപനം ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. അത് 1945-ജൂൺ 25-ന് ആണ് അംഗീകരിച്ചത്. മാനുഷികമൂല്യങ്ങളെയും മനുഷ്യാവകാശങ്ങളെയും അവഗണിക്കുന്ന ചരിത്രം പല രാജ്യങ്ങൾക്കും ഉണ്ട്. അവ ആവർത്തിക്കാൻ ഇവിടെ അവസരം വന്നുകൂടാ, എന്ന ലക്ഷ്യബോധമാണ് നമ്മുടെ ഭരണഘടനാശിൽപികളെ നയിച്ചിട്ടുള്ളത്. മനുഷ്യൻെറ ധർമ്മ ബോധത്തെ അവമതിക്കുന്നതും, അപമാനിക്കുന്നതുമായ അപരിഷ്കൃത കൃത്യങ്ങൾ ഇവിടെ ഉണ്ടായിക്കൂട എന്ന് ഉറപ്പു വരുത്തുവാൻ, മനുഷ്യാവകാശ പ്രമാണത്തെ ആശ്രയിച്ച്, മൗലികാവകാശങ്ങൾ ഭരണഘടനയുടെ ഭാഗമായിത്തന്നെ അവതരിപ്പിച്ചിരിക്കുന്നു. ലോക

ത്തിൽ ഏതു ഭാഗത്തു വസിക്കുന്ന ആളിനും ഭയവും പട്ടിണിയും കൂടാതെ അഭിപ്രായ സ്വാതന്ത്ര്യത്തോടും വിശ്വാസ സ്വാതന്ത്ര്യത്തോടും കൂടി ജീവിക്കുന്നതിനു വേണ്ടിയാണ് മനുഷ്യാവകാശ പ്രഖ്യാപനം ഉണ്ടായിട്ടുള്ളത്. അതിലെ ആശയങ്ങൾ എല്ലാ രാജ്യങ്ങളും സ്വീകരിച്ച്, അതതു രാജ്യങ്ങളിൽ നടപ്പിലാക്കണമെന്ന് അതിൻെറ പീഠികയിൽ തന്നെ പ്രസ്താവിച്ചിട്ടുമുണ്ട്. മുപ്പതു വകുപ്പുകളിൽ ഒതുങ്ങുന്നതാണ് മനുഷ്യാവകാശ പ്രഖ്യാപനം. അവ, പൊതുവായിപ്പറഞ്ഞാൽ, മൂന്നു ഭാഗങ്ങളിലായി വീതിക്കാം. ഒന്ന് : ശാരീരികം. രണ്ട് രാഷ്ട്രീയം. മൂന്ന് : സാമൂഹികവും സാമ്പത്തികവും. ഐക്യരാഷ്ട്ര മനുഷ്യാവകാശങ്ങൾ ഔദ്യോഗികമായി ഇൻഡ്യ അംഗീകരിച്ചത് 1979 മാർച്ച് 27-ന് ഒരു പ്രത്യേക പ്രഖ്യാപനത്തിലൂടെയാണ്.

ശാരീരികം : ഒരുവൻെറ ദേഹത്തെയും ദേഹിയേയും സംബന്ധിക്കുന്നവയാണ്. അവയിൽ ഇനി പറയുന്ന സംഗതികൾ ഉൾപ്പെടുന്നു. (1) ജീവനിലും ദേഹത്തിലും ഉള്ള അവകാശങ്ങൾ[1]. അടിമത്തത്തിൽ നിന്നും ദാസ്യവൃത്തിയിൽ നിന്നുമുള്ള മോചനവും സ്വാതന്ത്ര്യവും[2]. അന്യായമായ അറസ്റ്റ്, തടങ്കൽ, നാടുകടത്തൽ - എന്നിവകളിൽ നിന്നുള്ള സ്വാതന്ത്ര്യം[3]. അവനവൻെറ പാർപ്പിടങ്ങളിൽ സ്വൈര ജീവിതം നയിക്കുന്നതിനും സ്വകാര്യമായി എഴുത്തുകുത്തു നടത്തുന്നതിനും ഉള്ള സ്വാതന്ത്ര്യം[4]. ചിന്താസ്വാതന്ത്ര്യം, മതവിശ്വാസ സ്വാതന്ത്ര്യം, മനസ്സാക്ഷി സ്വാതന്ത്ര്യം തുടങ്ങിയ[5] ആശയ പ്രകാശന സ്വാതന്ത്ര്യം[6]. സംഘടിക്കാനും സമ്മേളിക്കാനുമുള്ള സ്വാതന്ത്ര്യം[7] സ്വൈരമായി കുടുംബജീവിതം നയിക്കാനുള്ള സ്വാതന്ത്ര്യം[8]. നിയമപ്രകാരം തുല്യാവകാശങ്ങളും തുല്യ സംരക്ഷയും[9]. അഭയം തേടുന്നതിനുള്ള സ്വാതന്ത്ര്യം[10]. സ്വകാര്യ സ്വത്ത് സമ്പാദിക്കാനും സംരക്ഷിക്കാനുമുള്ള അവകാശവും[11] സ്വാതന്ത്ര്യവും.

---

1. Human Rights : Articles 3,5,8,19. 2. " " Articles : 14
3. Human Rights : Articles : 9,10,11. 4. " " Articles : 12.
5. Human Rights Articles : 18. 6. Article: 19
7. Articles: 20,23. 8. Article: 16 9. Articles: 6,7.
10. Articles: 13,14. 11. Article : 17.

ഒരാളുടെ രാഷ്ട്രീയാവകാശങ്ങളിൽ, സ്വമേധയാ തെര ഞ്ഞെടുക്കപ്പെട്ട ആളുകളാൽ ഭരിക്കപ്പെടുവാനും, രഹസ്യ സമ്മതിദാനത്തിലൂടെ ഭരണാധികാരികളായിത്തീരേണ്ടവരെ തീരുമാനിക്കുവാനും കഴിവുണ്ടാക്കുന്നു[12]. ജനാധിപത്യ വ്യവ സ്ഥിതിയുടെ മൂലക്കല്ലുകളാണല്ലോ ഇവ.

സാമ്പത്തികവും സാമൂഹികവുമായ അവകാശങ്ങളിൽ, വിദ്യാഭ്യാസത്തിനും സംസ്കാരത്തിനും, സമാധാന ജീവിതത്തി നുമുള്ളവ കൂടാതെ തൊഴിൽ ചെയ്യാനും വേതനം ലഭിക്കാനു മുള്ള അവകാശങ്ങൾ പെടുന്നു. ഒരു വ്യക്തിയുടെ ഉത്തരവാദിത്വ ങ്ങളും ഇതിൽ മറന്നിട്ടില്ല [14].

മനുഷ്യാവകാശ പ്രഖ്യാപനത്തെ മനുഷ്യരുടെ മൊത്തം സ്വാതന്ത്ര്യ തീട്ടൂരമായിട്ടാണ് പലരും വിശേഷിപ്പിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രഖ്യാപനത്തിന് മനുഷ്യൻെറ ധാർമ്മിക പിൻബലമല്ലാതെ മറ്റൊന്നുമില്ല. അവനടപ്പാക്കാനുള്ള ശക്തിയും അവയ്ക്ക് പിൻബലമായിട്ടില്ല. നമ്മുടെ ഭരണഘടനയിലെ മൗലികാവകാശങ്ങളിൽ പലതിൻെറയും ആശയം മനുഷ്യാ വകാശ പ്രമാണത്തിൽ നിന്നാണെന്നു പറയുന്നതിൽ തെറ്റില്ല. ജനാധിപത്യ ഭരണക്രമത്തിൽ സ്വതവേ തന്നെ അന്തർലീനങ്ങ ളായ ആശയങ്ങളാണ് ഇവയെന്നും, അതിനാൽ ഇക്കാര്യങ്ങൾ എടുത്തു പറയേണ്ട കാര്യമില്ലെന്നും കരുതുന്ന ഭരണഘടന കളും കുറവല്ല. ജനാധിപത്യത്തിൻെറ മാതാവ് എന്നു വിശേഷി പ്പിക്കപ്പെടുന്ന ബ്രിട്ടനിൽ ഒരു ലിഖിത രൂപത്തിലുള്ള ഭരണ ഘടന തന്നെയില്ല. കാനഡ, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിലെ ഭരണഘടനകളിൽ മൗലികാവകാശങ്ങൾ വേർ തിരിച്ചു പറഞ്ഞി ട്ടുമില്ല. ഇവിടങ്ങളിലെ ജനാധിപത്യവ്യവസ്ഥിതികളിൽ സ്വാഭാ വികമായിട്ടുള്ള, എല്ലാ പ്രസക്ത വിഷയങ്ങളിലും അത്യുന്നത മായ നിലവാരം പുലർത്തുന്നുമുണ്ട്. എന്നാൽ മുൻകാലങ്ങളിൽ ഈ അവകാശങ്ങൾക്കുവേണ്ടി നിരന്തരമായ പൊതുജനാഭി

12. Article : 21.
13. Articles : 26,27,2828
14. Article : 29

പ്രായവും, ഉറപ്പു വരുത്തുവാൻ വേണ്ടി വിപുലമായ പ്രക്ഷോഭണങ്ങളും നടന്നിട്ടുണ്ട്. ജനാധിപത്യത്തിൻെറ കാതലായ പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ഒരു നിയമസഭയ്ക്ക് സ്വേച്ഛാധിപത്യത്തിൻെറ ഘടകമായിത്തീരാവുന്നതല്ലെന്നാണ് ബ്രിട്ടീഷുകാരുടെ അഭിപ്രായമെന്നു പറയാം. അടിസ്ഥാനപരങ്ങളായ മനുഷ്യാവകാശ പ്രമാണങ്ങൾ എഴുതിച്ചേർത്ത് ഭരണനിർവ്വഹണ വിഭാഗത്തിൻെറയും (എക്സിക്യൂട്ടീവ്) നിയമസഭയുടെയും പ്രവർത്തനങ്ങളിൽ കടിഞ്ഞാണിടണമെന്നും, അത് നീതിന്യായക്കോടതി വഴി ഭദ്രമായി കാത്തുസൂക്ഷിക്കണമെന്നുമുള്ള ആശയങ്ങളുമത്രേ അമേരിക്കൻ ഭരണകോവിദൻമാർ അംഗീകരിക്കുന്നത്. അമേരിക്കൻ ഐക്യനാടുകളുടെ ഭരണഘടന നിലവിൽ വന്ന ശേഷം ഏതാണ്ടു രണ്ടു വർഷം കഴിഞ്ഞപ്പോൾ, മനുഷ്യാവകാശ പ്രമാണരേഖ അതിൽ ചേർക്കുകയുണ്ടായത് ഇവിടെ സ്മരണീയമത്രേ. എക്സിക്യൂട്ടീവിനേയും (ഭരണനിർവ്വഹണ വിഭാഗത്തെയും) നിയമസഭയെയും അപേക്ഷിച്ച് ഈ വിധത്തിലുള്ള അവകാശ സംരക്ഷണത്തിന് വിശ്വസിക്കാവുന്നത് നീതിന്യായക്കോടതികളെയാണ്.

എക്സിക്യൂട്ടീവിൻെറ (കാര്യ നിർവ്വഹണ വകുപ്പിൻെറ) തോന്ന്യാസങ്ങൾ ധാരാളം കാണുകയും അനുഭവിക്കുകയും ചെയ്തിട്ടുള്ള രാഷ്ട്രീയ പ്രവർത്തകരായിരുന്നു ഭരണഘടനാനിർമ്മാണസഭയിലെ അംഗങ്ങൾ. അതുകൊണ്ട് അടിസ്ഥാനപരമായ ഉറപ്പിലൂടെ മൗലികാവകാശങ്ങൾ വ്യക്തികൾക്കു ലഭ്യമാകുന്നതിനുള്ള വഴികളാണ്, ഭരണഘടനയുടെ ഭാഗമെന്ന നിലയിൽ (മൗലികാവകാശങ്ങൾ) എഴുതിച്ചേർത്തപ്പോൾ ചെയ്തത്. 1935-ലെ ഭരണ നിയമത്തിൻെറ അനുഭവങ്ങളും അവർ മറന്നിരുന്നില്ല. പ്രസക്തമായ ഒരു വസ്തുത, ഭരണഘടനാനിർമ്മാണസഭയിലെ ഒരു സാമാജികൻ പോലും മൗലികാവകാശങ്ങൾ ഭരണഘടനയുടെ അവിഭാജ്യാംശമാക്കുന്നതിന് എതിരായിരുന്നില്ല എന്നതാണ്. ഭാരതത്തിൻെറ മനുഷ്യാവകാശക്കമ്മീഷൻ നിലവിൽ വന്നത് 1993- സെപ്തംബർ 29-ാം തീയതിയാണ് കേരളത്തിലേത് 1998 ഡിസംബർ 11-നും.

ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിട്ടുള്ള സാർവ്വത്രിക മനുഷ്യാവകാശ പ്രഖ്യാപനത്തിൽ ആദർശങ്ങളും ഉൽബോധനങ്ങളും നിരോധനങ്ങളും കൂടിക്കലർന്നു കിടക്കുന്നു. അവയുടെ പിൻബലം ധാർമ്മികാനുശാസനം മാത്രമാണെന്നും മുമ്പു സൂചിപ്പിച്ചു. എന്നാൽ നമ്മുടെ ഭരണഘടനയിലെ മൗലികാവകാശങ്ങളിൽ സ്പഷ്ടതയുണ്ട്.വ്യക്തികൾക്ക് അവ സ്ഥാപിച്ചു കിട്ടുന്നതിന് കോടതികളെ സമീപിക്കാം. രാഷ്ട്രത്തിൻെറ എല്ലാ ശക്തി ചൈതന്യവും അവയുടെ പിൻബലമായിവർത്തിക്കുന്നു. മനുഷ്യാവകാശപ്രമാണങ്ങൾ വിശാലമായ രീതിയിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നെങ്കിലും ചില നിശ്ചിത ലക്ഷ്യങ്ങളെ ലാക്കാക്കി കുറെയൊക്കെ പരിമിതപ്പെടുത്താവുന്നതാണ്[15]. ഈ വിധത്തിലുള്ള പരിമിതികൾ മൗലികാവകാശങ്ങളിലും വയ്ക്കാൻ വിഷമമില്ല.

ഭരണഘടനയുടെ മൂന്നാം ഭാഗത്തിലാണ് മൗലികാവകാശങ്ങളെ സംബന്ധിച്ച വകുപ്പുകൾ സമാഹരിച്ചിരിക്കുന്നത്. അവ സൂചിപ്പിക്കുന്നത് സർക്കാരിൻെറ പൊതുവായ അധികാരങ്ങൾക്കുള്ള പരിമിതികളാണ്. നിർവ്വഹണ വിഭാഗത്തിനും നിയമ നിർമ്മാണ സഭയ്ക്കും സ്വേച്ഛാധിപത്യ പ്രവൃത്തികളിൽ നിന്നുള്ള കർശനമായ തടയൽ ഇവയിൽ കാണാം. ഇതു മൂലം ഏതു വ്യക്തിയ്ക്കും തന്നതായ പരിശ്രമങ്ങളിലൂടെ അഭിവൃദ്ധി- എല്ലാ വിധത്തിലുള്ള അഭിവൃദ്ധിയും- സാധിക്കാൻ വിഷമമില്ല. എല്ലാ വ്യക്തികൾക്കും അവരുടെ അവകാശങ്ങൾ ഒരു പോലെ അനുഭവിക്കുന്നതിനും സംരക്ഷിക്കുന്നതിനും, സമൂഹത്തിൻെറയും രാഷ്ട്രത്തിൻെറ-(സ്റ്റേറ്റിൻെറ)-യും ഉത്തമതാൽപര്യങ്ങൾ പുലർത്തുന്നതിനും പോഷിപ്പിക്കുന്നതിനും ആവശ്യമായ പരിമിതികൾ സ്വാഭാവികമായി തന്നെ അവകാശങ്ങളിൽ പ്രയോഗിക്കാൻ വൈഷമ്യമില്ല. ഭരണഘടന ഊർജ്ജിതത്തിൽ വരുന്നതിനുമുമ്പ്, അതിൻെറ അധികാരപരിധിയിൽപ്പെട്ടിരുന്ന ദേശങ്ങളിൽ നില

15. Human Rights : Articles 29, 30.

വിലിരുന്ന നിയമങ്ങളും, നിയമസാധുത്വമാർജ്ജിച്ചിരുന്ന ആചാരമര്യാദകളും, നാട്ടുനടപ്പുകളും മൗലികാവകാശങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായിരുന്നാൽ, എത്രമാത്രം വിരുദ്ധമായിരിക്കുന്നുവോ അത്രയും, അസാധുവായിത്തീരുന്നതാണെന്ന് സ്പഷ്ടമാണ്[16]. ഏതു നിലവിലിരിക്കുന്ന നിയമത്തെയും ഭരണഘടനയുടെ വകുപ്പുകളുമായി പൊരുത്തപ്പെടത്തക്ക വിധത്തിലാക്കുന്നതിന് രാഷ്ട്രപതിക്ക് ഒരു ഉത്തരവിലൂടെ സാധിക്കുകയും ചെയ്യും . ഈ വിധത്തിലുള്ള നിരവധി ഉത്തരവുകൾ യഥാകാലങ്ങളിൽ പുറപ്പെടുവിച്ചു കഴിഞ്ഞിട്ടുമുണ്ട്[17]. ജമ്മു-കാശ്മീർ സംസ്ഥാനത്തെ സംബന്ധിച്ചുള്ളവ ഊർജ്ജിതത്തിൽ വന്നത് 1954 മേയ് 14 മുതലാണ്[18]. മൗലികാവകാശങ്ങൾ കുറയ്ക്കുന്നതോ നിഷേധിക്കുന്നതോ ആയ നിയമം നിർമ്മിക്കാവുന്നതല്ല. ഇതിനുവിപരീതമായി ഉണ്ടാകാവുന്ന നിയമം, എത്രത്തോളം ലംഘനം നടത്തുന്നുവോ അത്രത്തോളം, അസാധുവാണ് [19]. അസാധുവാക്കുന്ന പ്രഖ്യാപനം നടത്തുന്നതിന് കോടതികൾക്ക് അധികാരവുമുണ്ട് [20]. മൗലികാവകാശങ്ങളുടെ സംരക്ഷണാധികാരം നീതിന്യായക്കോടതികളിലാണ് നിക്ഷിപ്തമായിട്ടുള്ളത് ഭരണഘടനാവ്യവസ്ഥകൾ ജനങ്ങൾക്ക് അനുഭവിക്കുന്നതിന് ഈ അധികാരം ഉറപ്പു കൊടുക്കുന്നു[21].

ഭരണഘടനയുടെ മൂന്നാം ഭാഗം തുടങ്ങുന്നത് സ്റ്റേറ്റ് (രാഷ്ട്രം) എന്ന വാക്കിൻെറ അർത്ഥവ്യാപ്തി വ്യക്തമാക്കിക്കൊണ്ടാണ്. അതി വിപുലമായ അർത്ഥമാണ് അതിനു കല്പിച്ചിരിക്കുന്നത്. ഭാരതസർക്കാരും, പാർലമെൻറും, സംസ്ഥാന സർക്കാരും സംസ്ഥാന നിയമസഭയും എല്ലാം സ്റ്റേറ്റിൻെറ (രാഷ്ട്രത്തിൻെറ) പരിധിയിൽപെടും. അതു പോലെ പ്രാദേശികമോ മറ്റോ ആയ അധികാര സ്ഥാനങ്ങളും അതിൽ ഉൾപ്പെടും[22].

---

16. Article : 372 17. Adaptation of Laws Order 1950-
18. Constitution (Application to Jammu & Kashmir) Order 1954.
19. Article : 13 20. Gopalan Vs. State of Madras - 1950 S.C. 174
21. Articles 32,226
22. Sukhdev Singh Vs Bhagatram : AIR 1975 S.C.1331.also Article :12

എല്ലാ അധികാര സ്ഥാപനങ്ങളുടെയും മൗലികാവകാശ ലംഘന ങ്ങൾക്കുള്ള പരിഹാരം ലഭ്യമാണെന്നു ചുരുക്കം.

അടിയന്തരാവസ്ഥ നിലവിലിരിക്കുന്ന കാലത്ത് മൗലികാ വകാശങ്ങൾ ഒരുത്തരവിലൂടെ തടഞ്ഞു വെയ്ക്കുന്നതിന് രാഷ്ട്രപതിക്ക് അധികാരമുണ്ട് . പ്രത്യേകിച്ച് പത്തൊമ്പതാം വകുപ്പിൽ ഉറപ്പു ചെയ്തിട്ടുള്ള അഭിപ്രായ പ്രകാശന സ്വാതന്ത്ര്യം തുടങ്ങിയവ[23]. ആഭ്യന്തരാസ്വാസ്ഥ്യങ്ങൾ കൊണ്ടോ രാജ്യത്തിനു വെളിയിൽ നിന്നുള്ള ആക്രമണം കൊണ്ടോ സംജാത മായേക്കാവുന്ന ദുർഘട സന്ധികൾ നേരാംവണ്ണം നേരിടുന്ന തിനും ഭരണാധികാരികൾക്ക് വിഷമമില്ല. ഈ പ്രതിസന്ധികൾ വേണ്ടതു പോലെ കൈകാര്യം ചെയ്യുമ്പോൾ മൗലികാവകാശങ്ങ ളിൽ ഭേദഗതികൾ വരുത്താൻ പാർലമെൻറിന് അധികാരമുണ്ട്[24]. ഭരണഘടനാപരമായ പരിഹാരം നേടാനുള്ള അവകാശം, ആവാസയോഗ്യതകളിലുള്ള നിയന്ത്രണം, ചില കാര്യങ്ങൾക്കു ശിക്ഷ ചെയ്യുവാനുള്ള അധികാരം, എന്നിവയിലെല്ലാം പ്രസക്ത മായ നിയന്ത്രണങ്ങൾ വരുത്താൻ പ്രത്യേകാധികാരം പാർലമെൻ റിനുണ്ട്. ഭാരതരാജ്യമൊട്ടുക്ക് പൊതുവെ ഏകീകൃതമായ അവസ്ഥാവിശേഷം ഉറപ്പാക്കുന്നതിനും സാധിക്കും. ദേശീ യൈക്യം ഉറപ്പിക്കാനാണിവ കൂടുതൽ ഉതകുന്നതത്. ഒരു ഭരണ ഘടനാ പണ്ഡിതൻെറ അഭിപ്രായത്തിൽ, നമ്മുടെ ഭരണഘടന മൗലികാവകാശങ്ങൾ സൃഷ്ടിക്കുന്നില്ല; മൗലിക സ്വാതന്ത്ര്യങ്ങൾ സംരക്ഷിക്കുന്നതേയുള്ളു[25]. വ്യക്തിസ്വാതന്ത്ര്യങ്ങളും സമൂഹ ത്തിലെ നിയന്ത്രണങ്ങളും സമതുലനനിലയിൽ നിൽക്കുന്നതിനു തകുന്ന മദ്ധ്യമാർഗ്ഗം അവലംബിക്കാൻ ശ്രമിക്കുകയാണ് ഈ അവകാശങ്ങളുടെ പ്രകാശനം കൊണ്ട് ഭരണഘടന ചെയ്തി രിക്കുന്നത്[26].

---

23. Articles : 358, 359 24. Articles : 33, 34, 35
25. Some Characteristics of Indiaan Constitution (1953) Jennings, Sir Ivor
26. Gopalan Vs State of Madras - 1950 S.C. 27.

പലവിഷയങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങൾ സ്പഷ്ട മായ രൂപത്തിൽ വ്യക്തിമാക്കിയാണ് മൗലികാവകാശങ്ങൾ ഭരണ ഘടനയുടെ മൂന്നാം ഭാഗത്തിൽ വ്യവസ്ഥചെയ്തിരിക്കുന്നത്. സമത്വം, സ്വാതന്ത്ര്യം, ചൂഷണവിമുക്ത അവസ്ഥ, മതവിശ്വാസ സ്വാതന്ത്ര്യം, സാംസ്കാരികവും വിദ്യാഭ്യാസപരവുമായവ, സ്വത്തു സബന്ധിച്ചവ, നിയമപ്രതിവിധിക്കുള്ളവ എന്നിങ്ങനെ സമഗ്രമായിട്ടാണ് ഭരണഘടനയിലെ വ്യവസ്ഥകൾ സ്പഷ്ടമാക്കി യിരിക്കുന്നത്. ചിലവയെക്കുറിച്ച്, പ്രസക്തിയുള്ള കൂടുതൽ കാര്യങ്ങൾ ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. അതുകൊണ്ട് അവ ഓരോന്നായി ഇനി പരിശോധിക്കാം.

സമത്വത്തിനുള്ള അവകാശം

ജനാധിപത്യ വ്യവസ്ഥിതിയിൽ ജനങ്ങളെല്ലാം സമൻമാ രാണ്. നമ്മുടെ ഭരണഘടനയുടെ അടിത്തറയായി അംഗീകരിച്ചി ട്ടുള്ള ഈ സമത്വം, നിയമത്തിൻെറ പ്രയോഗത്തിൽ നിക്ഷിപ്തമാ യിരിക്കുന്നു. എല്ലാ ജനങ്ങൾക്കും തുല്യമായ വിധത്തിൽ രാഷ്ട്രം നൽകുന്ന സംരക്ഷണം ലഭിക്കുന്നതായിരിക്കും[27]. യാതൊരു വിധമായ വിവേചനത്തിനും ഒരാൾ വിധേയനായിത്തീരുക യില്ല. മുഴുവനുമോ കുറച്ചോ സർക്കാർ മുതൽകൊണ്ടു സംരക്ഷി ക്കപ്പെടുന്നതോ, പൊതു ഉപയോഗത്തിനായി സമർപ്പിക്കപ്പെടു ന്നതോ ആയ ഏതൊരു ഏർപ്പാടും, എല്ലാവർക്കും ഒരു പോലെ പ്രയോജനപ്പെടുത്താവുന്നതാണ്. അവ ഉപയോഗപ്പെടുത്തുന്ന തിന് ആർക്കും യോഗ്യതക്കുറവോ, നിയന്ത്രണമോ, ഉപാധി കളോ, ഉണ്ടായിരിക്കുകയില്ല[28]. .ഒരു വിധത്തിലുള്ള പക്ഷപാ തവും ആരിലും നിക്ഷിപ്തമാകുന്നില്ല. അതേ സമയം സ്ത്രീ കൾക്കും കുഞ്ഞുങ്ങൾക്കും വേണ്ടി ചില പ്രത്യേക വ്യവസ്ഥ കൾക്ക് വിഘാതമില്ലതാനും. പിന്നാക്കം നിൽക്കുന്ന വിഭാഗ ത്തിൽപെട്ട ജനങ്ങളുടെയും പട്ടികജാതി-വർഗ്ഗക്കാരുടെയും ഉന്ന മനത്തെ ലക്ഷ്യമാക്കി പ്രത്യേക നിബന്ധനകൾ നിർമ്മിക്കാനും രാഷ്ട്രത്തിന് കഴിവുണ്ട്.

---

27. Article : 14 28. Articles :15

നിയമത്തിൻെറ മുമ്പിൽ സമത്വം എന്നു പറയുന്നത്, തുല്യൻമാരിൽ നിയമം സമമായി പ്രയോഗിക്കുക; അല്ലെങ്കിൽ എല്ലാവരേയും ഒരു പോലെ നിയമകാര്യങ്ങൾക്കു പരിഗണിക്കുക, എന്നത്രേ[29]. ജനനം, വിശ്വാസം തുടങ്ങിയവയെ ആസ്പദമാക്കി വിവേചനമൊന്നുമില്ലാത്ത അവസ്ഥയാണത്. വർഗ്ഗം, മതം, ധനസ്ഥിതി, പദവി, രാഷ്ട്രീയ സ്വാധീനം എന്നിവയൊന്നും ഗണ്യമല്ല. ഏതൊരു കുറ്റകൃത്യത്തിനും കേസുകൊടുക്കാനും,കേസിനുവിധേയനാകാനും, പ്രോസിക്യൂട്ടു ചെയ്യാനും, ചെയ്യപ്പെടാനും, സ്വീകരിക്കുന്നത് ഒരേ നടപടിക്രമങ്ങൾ തന്നെ[29]. എല്ലാ പൗരൻമാർക്കും ഒരേ നിയമങ്ങളും ഒരേ കോടതികളും മാത്രമേ ഉള്ളു. ഭരണഘടനയുടെ പരിധിയിൽ വിരുന്ന ഏതൊരാളിനും നിയമത്തിൽ സമത്വവും നിയമപ്രകാരമുള്ള സംരക്ഷണവും തുല്യമായുണ്ട്. എല്ലാ രാജ്യങ്ങളിലും ചെയ്യുന്നതുപോലെ, ഈ അവകാശങ്ങളിലും ചില വ്യത്യസ്തതകൾ നമ്മുടെ രാഷ്ട്രവും അംഗീകരിച്ചിരിക്കുന്നു[30]. ഇവയിൽ ചിലത് രാഷ്ട്രീയകാരണങ്ങളാലോ ആചാരമര്യാദകളാലോ സ്വരൂപിച്ചിട്ടുള്ളവയായിരിക്കും.

ഔദ്യോഗിക കർത്തവ്യങ്ങൾ നിഷ്പക്ഷമായും നീതിയുക്തമായും നിർവ്വഹിക്കുമ്പോൾ ചില പ്രത്യേകാധികാരാവകാശങ്ങൾ ആവശ്യമാണ്. ഇവ ഭരണഘടന അംഗീകരിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന ഭരണത്തലവൻമാരും ഉദ്യോഗസ്ഥൻമാരുമാണ് ഈ വിഭാഗത്തിൽ പെടുന്നത്[31]. രാഷ്ട്രപതി, ഗവർണ്ണർ, തുടങ്ങിയവർ ഔദ്യോഗിക കാര്യങ്ങൾ നിറവേറ്റുമ്പോൾ നിർവ്വഹിക്കുന്ന നടപടികൾക്ക്, കോടതി വിധേയത്വമില്ല [32].

ഉദ്യോഗ നിയമനക്കാര്യങ്ങളിൽ അവസരസമത്വം എല്ലാവർക്കുമുണ്ട്. എവിടെ വസിക്കുന്നു എന്ന പ്രശ്നവും അംഗീക

29. Law of the Constitution by Jennings.
29. Law of the Constitution by Diecey.
30. Constitutional Law by Wade & Philips
31. Articles : 361   32. Article : 16

രിച്ചിട്ടില്ല. ഭാരതമൊട്ടുക്ക് ഐക്യരൂപ്യമുള്ള യോഗ്യതാമാന ദണ്ഡം ഉറപ്പാക്കിയിട്ടുമുണ്ട്[32]. നിശ്ചിതമായ ഉദ്യോഗത്തിന് നിശ്ചിതമായ ചില യോഗ്യതകൾ വേണമെന്നു തീരുമാനിക്കുന്നതിന് വിഷമമില്ല[33]. താമസസ്ഥലത്തെ സംബന്ധിക്കുന്ന വ്യവസ്ഥകൾ നിജപ്പെടുത്തുന്നതിനുള്ള അധികാരം പാർലിമെൻറിനാണ്. ചില ഉദ്യോഗങ്ങളിൽ ജനന സ്ഥലം ഒരു പ്രത്യേക യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നതിനും, ചില നിശ്ചിതപ്രദേശങ്ങളിലെ ഉദ്യോഗങ്ങളിൽ പിന്നോക്ക വിഭാഗങ്ങൾക്ക്, വേണ്ടിടത്തോളം പ്രാതിനിധ്യമില്ലെന്ന കാരണത്താൽ, ചില തസ്തികകളിൽ സംവരണം ഏർപ്പെടുത്താനുള്ള അധികാരങ്ങൾ എടുത്തുകളഞ്ഞിട്ടില്ല[34].

മറ്റു രാജ്യങ്ങളുമായി ന്യായവും അഭിമാനകരവുമായ ബന്ധം പാലിക്കാനും അന്തരാഷ്ട്ര നിയമങ്ങളെയും ഉടമ്പടികളെയും മാനിക്കാനും ചെയ്തിട്ടുള്ള ചില വ്യത്യസ്തതകൾ നമ്മുടെ ഭരണഘടന മാനിച്ചിട്ടുമുണ്ട്. ഇതിനുള്ള വ്യവസ്ഥകൾ സ്മരണീയങ്ങളാണ്[35]. ഒരു സ്വതന്ത്ര രാജ്യത്തെ ഭരണ മേധാവി അന്യരാജ്യത്ത് എത്തുമ്പോൾ, സ്വന്തം രാജ്യത്തിലെ സകല നിർബാധകളും അദ്ദേഹത്തിന് അതിഥിയെന്ന നിലയിൽ അനുഭവിക്കാവുന്നതാണ്. കോടതികൾക്ക് ഒരധികാരവും അദ്ദേഹത്തിൻെറ മേൽ പ്രയോഗിക്കാവുന്നതല്ല. സ്ഥാനപതികൾ, മറ്റു രാജ്യങ്ങളിൽ നിന്ന് എത്തുന്ന പ്രതിനിധികൾ, എന്നിവർക്കും ഈ നിർബാധകൾ സ്വതവേ സിദ്ധിക്കും. ശത്രു രാജ്യങ്ങളിലെ പ്രജകളെ സാധാരണ കുറ്റങ്ങൾക്കു വിചാരണ ചെയ്യുന്നത് സാധാരണ കോടതികൾ മാത്രമായിരിക്കും. യുദ്ധസംബന്ധികളായ കുറ്റങ്ങളായാൽ സൈനിക നിയമങ്ങളാണ് പ്രയോഗിക്കപ്പെടുന്നത്.

യുക്തിയുക്തങ്ങളും ന്യായയുക്തങ്ങളുമായ അടിസ്ഥാനത്തിൽ നിയമ ബാധ്യത പ്രയോഗിക്കാനുള്ള കഴിവ് പാർലമെൻററു

---

32. Article : 16 33. Banarsidas Vs State of U.P.; AIR 1956 SC . 520
34. Article : 16 - Supreme Court Judgement reported in Indian Express 29.4. 196 35. Articles : 51

നിർമ്മിക്കുന്ന നിയമങ്ങൾക്കുണ്ട്. ഉദാഹരണത്തിന് മേജറാകാത്ത ഒരുവന് കരാറുകളിൽ നിയമ ബാധ്യതയുള്ള വ്യക്തിയെന്ന നിലയിൽ പങ്കാളിയാകാൻ സാധിക്കുകയില്ല. ഇവിടെ ആളുകളെ വയസ്സിൻെറ അടിസ്ഥാനത്തിൽ വീതിക്കുന്നു. ഇത് നീതിയുക്തവും ന്യായയുക്തവുമായ തരം തിരിക്കലാണ്[36].

ഹിന്ദുക്കൾക്ക് പ്രത്യേകിച്ചും, ഭാരതത്തിനു പൊതുവെയും, തീരാക്കളങ്കമായി പരിഗണിച്ചിട്ടുള്ള അയിത്താചരണം ഭരണഘടന എന്നെന്നേക്കുമായി നിരോധിച്ചിരിക്കുന്നു[37]. ഭരണഘടനയിലെ വ്യവസ്ഥ കൂടാതെ ഇതിനു വേണ്ടി ഒരു വിശേഷാൽ നിയമവും പാർലിമെൻററ് അംഗീകരിച്ചിട്ടുണ്ട്[38]. തീണ്ടൽ, തൊടീൽ, തുടങ്ങിയവ ആചരിക്കുന്നത് ശിക്ഷാർഹമാക്കിയിരിക്കുന്നു. പൊതുകിണറുകൾ, തെരുവുകൾ, വിദ്യാലയങ്ങൾ, ആരാധനാസ്ഥലങ്ങൾ, എന്നിവിടങ്ങളിൽ നിന്ന് താഴ്ന്നജാതിക്കാരെന്നു പണ്ടു പറയപ്പെട്ടിരുന്നവരെ അകറ്റുന്നത് അപ്പാടെ അസാധുവാക്കിയിരിക്കുകയാണ്. അയിത്താചാരത്തിൻെറ എല്ലാ ക്രൂരതകളും അപമാനവും സഹിക്കാനിടവന്ന ഒരു വ്യക്തിയാണ് ഭരണഘടനാശിൽപ്പികളിൽ പ്രമുഖനായിരുന്നതെന്ന വസ്തുത വിധിയുടെ കർക്കശമായ വിനോദമാണെന്നു ഇന്നു തോന്നുന്നു. അയിത്തത്തെ കുറ്റമാക്കുന്ന നിയമം 1955 ജൂണിലാണ് പ്രാബല്യത്തിൽ വന്നത്. അത് ഭരണഘടനയിലെ വകുപ്പിൻെറ പൂർത്തീകരണമാണു സാധിച്ചത്. നിയമപരമായി ഇതൊക്കെയാണു സ്ഥിതിയെങ്കിലും അയിത്തം ഭാരതത്തിൻെറ പല ഭാഗങ്ങളിലും ഒളിഞ്ഞു കഴിയുന്നുണ്ടെന്ന പരമാർത്ഥം വിസ്മരിക്കവെയ്യാ. ബഹുശതാബ്ദങ്ങളായി നില വിലിരുന്ന ഒരു ഹീനാചാരം നിയമ നിർമ്മാണങ്ങളിലൂടെയും മറ്റും ഒരു പ്രഭാതത്തിൽ ഇല്ലായ്മ ചെയ്യാമെന്ന് മോഹിക്കുന്നത് യാഥാർത്ഥ്യങ്ങൾ മറന്നാൽ മാത്രമേ കഴിയൂ. എങ്കിലും ശുദ്ധീകരണത്തിനുള്ള

---

36. K.L.T. 1961. S.C. 11.also 1952. S.C. 235
37. Article : 17 38. The Untouchability (Offences) Act, 1955.

ആദ്യത്തെ നടപടികൾ ഭാരതത്തിലെ ഹിന്ദുക്കളുടെയിടയിൽ ആരംഭിച്ചു കഴിഞ്ഞു എന്നുള്ളത് എടുത്തുപറയേണ്ട സംഗതിയാണ്.

മിക്കവാറും എല്ലാ രാജ്യങ്ങളുടെ ചരിത്രങ്ങളിലും ഒരു ഘട്ടത്തിലല്ലെങ്കിൽ മറ്റൊരു ഘട്ടത്തിൽ അധികാരപദവി കയ്യാളി യിരുന്നവർ, കൃത്രിമ വിഭാഗത്തെ സൃഷ്ടിക്കുന്നതിന് താൽപര്യം കാണിച്ചിട്ടുണ്ട്. സമൂഹത്തിലെ ചില വ്യക്തികളെ മാത്രം ബഹു മതികളിലൂടെ മാനിക്കാനും അവരെ ഒരു കൃത്രിമ വിഭാഗമായി രൂപീകരിക്കാനുമായിരുന്നു, അന്ന് യത്നിച്ചിരുന്നത്. എന്നാൽ നീതിയും സമത്വവും നിലവിലിരിക്കുന്ന ഒരു സമൂഹത്തിൽ ഇത്തരം കൃത്രിമക്കൂട്ടം അപ്രസക്തമാണ്; അയഥാർത്ഥമാണ്. അതി നാൽ ഭാരതരാഷ്ട്രം യാതൊരുവിധ ബഹുമതികളും ആർക്കും നൽകുന്നതല്ല[39]. ആ വിധത്തിൽ ഒരു കുലീനവർഗ്ഗത്തെ പ്രോൽ സാഹിപ്പിച്ചു വളർത്തുന്നതുമല്ല. എന്നാൽ ഇതിന് ഒഴിവുകൾ ഇല്ലാതില്ല. വിദ്യാഭ്യാസ പ്രധാനവും, സൈനികവും, സേവന പ്രധാനവുമായ രംഗങ്ങളിൽ മഹത്വം അംഗീകരിക്കുന്നതിന് ചില വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. അവ ബഹുമതി ചിഹ്നങ്ങളല്ല; സേവനാംഗീകാരങ്ങൾ മാത്രമാണ്. വിദേശങ്ങളിൽ നിന്നും ബഹുമതികൾ ഭാരതീയരായ പൗരൻമാർ സ്വീകരിക്കുന്നതും വിലക്കിയിട്ടുണ്ട്. ഉദ്യോഗം വഹിക്കുന്ന യാതൊരാളും രാഷ്ട്ര പതിയുടെ അനുമതിയില്ലാതെ, പാരിതോഷികങ്ങളോ ശമ്പളമോ ഔദ്യോഗികപദവിയോ വിദേശ രാഷ്ട്രത്തിൽ നിന്ന് സ്വീകരിച്ചു കൂടാ. ബഹുമതികൾ നിരോധിച്ചിട്ടുള്ള രാജ്യങ്ങളുടെ കൂട്ടത്തിൽ, അമേരിക്കൻ ഐക്യനാടുകൾ, അയർലൻഡ്, ബർമ്മ, തുടങ്ങിയ വയുണ്ട്. ഇക്കാര്യം യഥാർത്ഥത്തിൽ അവകാശങ്ങളല്ലെന്നും, നിയന്ത്രണങ്ങളാണെന്നും ഒരു ചിന്താഗതിയുണ്ട്[40].

---

39. Article : 18
40. Some Characteristics of Indian Constitution : (1953) Jennings.

സ്വാതന്ത്ര്യത്തിനുള്ള അവകാശം

ഭരണഘടനയുടെ പീഠികയിൽ തന്നെ എടുത്തു പറഞ്ഞിട്ടുള്ള ഒരു കാര്യമാണ് സ്വാതന്ത്ര്യം. ചിന്ത, പ്രകാശനം, വിശ്വാസം, ആരാധന എന്നിവയിലെല്ലാമുള്ള സ്വാതന്ത്ര്യം എടുത്തുപറഞ്ഞിട്ടുള്ള വസ്തുതകളാണ്. ഇവ പീഠികയിലുൾപ്പെടുത്തിയ കാര്യങ്ങളുമാണ്. മൗലികാവകാശങ്ങളിലാണ് കൂടുതൽ വിശദീകരണങ്ങളും വസ്തുതകളും അടങ്ങിയിട്ടുള്ളത്. വ്യക്തിസ്വാതന്ത്ര്യങ്ങളുടെ ആണിക്കല്ലുകളാണ് മൗലികാവകാശങ്ങളിൽ സ്പഷ്ടമാക്കിയിട്ടുള്ളത് - പ്രത്യേകിച്ചും സ്വാതന്ത്ര്യത്തിനുള്ള അവകാശങ്ങളിൽ. സ്വാതന്ത്ര്യത്തിന് അതിരറ്റ പ്രാമാണ്യമാണുള്ളതെന്ന് എടുത്തു പറയേണ്ട കാര്യമില്ല. എല്ലാവർക്കും അവ അനുഭവിക്കാനുള്ള അവസരമാണ് ഉറപ്പു ചെയ്തിരിക്കുന്നത്. സപ്തസ്വാതന്ത്ര്യങ്ങൾ എന്നു വിവക്ഷിക്കാവുന്നവയാണ് ആദ്യം[41]. ചിന്ത, അഭിപ്രായ പ്രകാശനം, സമ്മേളനം, സംഘടന, സഞ്ചാരം, കുടിപാർപ്പ്, സ്വത്തു സമ്പാദനം, തൊഴിൽ - എന്നീ ഏഴു മേഖലകളിലായി വ്യാപിച്ചു കിടക്കുന്നവയാണ് ഈ സ്വാതന്ത്ര്യങ്ങൾ. ഇവ വളരെ സമഗ്രമായിട്ടുണ്ടെന്ന വസ്തുതയും മറ്റു ഭരണഘടനകളുമായി താരതമ്യപ്പെടുത്തുമ്പോൾ ചൂണ്ടിക്കാണിക്കണം. ഈ അവകാശങ്ങൾ അനുഭവിക്കുന്നതിൽ ഒരാളിന് ചില പരിമിതികൾ വച്ചിട്ടുണ്ടെന്ന വസ്തുത വിസ്മരിക്കത്തതല്ല. അവതികച്ചും യുക്തിയുക്തങ്ങളായവയുമാണ്. കോടതികൾ കണിശമായും ഊർജ്ജിതമായ തോതിലും ഇവ സംരക്ഷിക്കും. സമൂഹത്തിൻെറ ഉത്തമ താൽപര്യങ്ങൾ പരിരക്ഷിക്കുന്നതിനും, അഭിവൃദ്ധിപ്പെടുത്തുന്നതിനും ആവശ്യമായ പരിമിതികളാൽ സ്വാതന്ത്ര്യം നിയന്ത്രിതമാണ്.

അഭിപ്രായ പ്രകാശനത്തെ സംബന്ധിച്ച് ഏഴു നിയന്ത്രണങ്ങളാണ് മുഖ്യമായിട്ടുള്ളത്. അവ (1)രാഷ്ട്രത്തിൻെറ ഭദ്രത (2) വിദേശങ്ങളുമായുള്ള സൗഹൃദബന്ധം (3) പൊതുവായ

---

41. Articles : 19

സമാധാനം (4) സദാചാരത്തെ സംബന്ധിക്കുന്നവ (5) കോടതിയലക്ഷ്യം (6) അക്രമം കാട്ടുന്നതിലേക്കുള്ള പ്രേരണ (7) മാനനഷ്ടമുണ്ടാക്കാതിരിക്കുന്നതിനു വേണ്ട കാര്യങ്ങൾ. ഭരണഘടനയുടെ ഒന്നാമത്തെ ഭേദഗതി തന്നെ ആശയ പ്രകാശനത്തിൽ ഉണ്ടാക്കിയ നിയന്ത്രണങ്ങളാണ്[42]. പിൽക്കാല പ്രാബല്യവും ഈ ഭേദഗതിക്കുണ്ടായിരുന്നു. പിന്നീട് 1963, 1978 ൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അതു പോലെ പ്രസ്ക്തങ്ങളായ ചില വിധികളും സുപ്രീം കോടതിയിൽ നിന്നുണ്ടായി[43]. ന്യായയുക്തങ്ങളായ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് തടസ്സമൊന്നുമില്ലെന്നും സുപ്രീംകോടതി വിധിച്ചിട്ടുണ്ട്. ആശയപ്രകാശന സ്വാതന്ത്ര്യത്തിൽ പത്രസ്വാതന്ത്ര്യവും ഉൾപ്പെടുമെന്നാണ് പൊതുവെയുള്ള ആശയഗതി.

ആയുധരഹിതരായി, സമാധാനപൂർവ്വം സമ്മേളിക്കുന്നതിന് ജനങ്ങൾക്ക് അവകാശമുണ്ട്. പൊതു നൻമയെ ലക്ഷ്യമാക്കി കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് ഈ വിധത്തിലുള്ള സമ്മേളനങ്ങൾ വേണം. സമാധാന പരിപാലനത്തിനായി സർക്കാർ ഏർപ്പെടുത്തുന്ന യുക്തങ്ങളായ നിയന്ത്രണങ്ങളും ഇവിടെ പ്രസക്തമാണ്. ഈ സ്വാതന്ത്ര്യത്തിൻെറ മേൽ പരിധികൾ ഏർപ്പെടുത്താൻ സർക്കാരിനു സാധിക്കും. നിലവിലിരിക്കുന്ന നിയമങ്ങളെ വിപരീതമായി ഈ വ്യവസ്ഥ ബാധിക്കുകയില്ല. മേലിൽ അത്തരത്തിലുള്ള നിയമ നിർമ്മാണം നിർവ്വഹിക്കാനും തടസ്സമില്ല. ജമ്മു-കാശ്മീർ സംസ്ഥാനത്തിൻെറ ഭദ്രതലാക്കാക്കി അവിടെ യോഗം ചേരുന്നതിനുള്ള സ്വാതന്ത്ര്യത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സർക്കാരിന് സാധിക്കും. ചില പ്രദേശങ്ങളിൽ സമാധാനഭംഗം ഉണ്ടായേക്കാമെന്ന് ബോധ്യമായാൽ സമ്മേളനം പിരിച്ചു വിടുന്നതിന് മജിസ്രേട്ടിനും പൊലീസിനും ക്രിമിനൽ നിയമമനുസരിച്ച് നടപടികളെടുക്കാവുന്നതാണ്[44].

---

42. The Constitution (First Amendment) Act. 1951.
43. Ramesh Thapper case - AIR 1950 S.C. 124
    Maneka Gandhi Vs. Union of India : AIR. 1978 S.C. 597
44. Code of Criminal Procedure - Section: 127

സമാധാനപൂർവ്വം സമ്മേളിക്കാനുള്ള അവകാശത്തോടൊപ്പം ജനാധിപത്യസംവിധാനത്തിൽ അനുവദിച്ചിട്ടുള്ള മറ്റൊരു കാര്യമാണ് സംഘടനകൾ രൂപീകരിക്കാനും, നിലനിർത്താനും, നടത്താനുമുള്ള അവകാശം. ഇവിടെയും ന്യായയുക്തമായ പരിധികൾവയ്ക്കാൻ സർക്കാരിനു കഴിവുണ്ട്. നിലവിലുള്ള നിയമങ്ങൾ പ്രാബല്യത്തിൽ തുടരുന്നതു കൂടാതെ പ്രസക്തങ്ങളായ പുതിയ നിയമങ്ങൾ നിർമ്മിക്കാനും സർക്കാരിനു കഴിവുണ്ട്. സംഘടനകളെ സംബന്ധിക്കുന്ന നിലവിലുള്ള നിയമങ്ങൾ പലതുണ്ട്[45]. ഈ അവകാശത്തിൽ ജമ്മു-കാശ്മീർ പ്രദേശത്ത് നിയന്ത്രണം വയ്ക്കാൻ സർക്കാരിന് പ്രയാസമില്ല. പൊതു സമാധാനവും സദാചാരക്രമങ്ങളും ഉറപ്പുവരുത്തി വേണം സംഘടനകൾ രൂപീകരിക്കാൻ. അവയെ ആസ്പദമാക്കിയേ നിയന്ത്രണവും നിലവിൽ വരുത്താവൂ. സർക്കാരുദ്യോഗസ്ഥൻമാർ സേവനചട്ടങ്ങൾ അനുസരിക്കാൻ ബാദ്ധ്യസ്ഥരാണ്. സർവ്വീസ് ചട്ടങ്ങൾ അവർ വിരോധിക്കാനും പാടില്ല എങ്കിലും അവർക്ക് സ്വന്തം യൂണിയനുകൾ രൂപീകരിക്കാം.

സഞ്ചരിക്കാനും, എവിടെയും സ്ഥിരവാസത്തിനു വ്യവസ്ഥചെയ്യാനും ജനങ്ങൾക്ക് കഴിയും. ഭാരതദേശത്ത് എവിടേക്കു വേണമെങ്കിൽ അവർക്ക് സഞ്ചരിക്കാം. ഏതു സ്ഥലത്തു വേണമെങ്കിൽ കുടികെട്ടി സ്ഥിരമായി താമസിക്കാം എങ്കിലും പൊതുനൻമ, പട്ടിക- ജാതി-വർഗ്ഗ താല്പര്യസംരക്ഷണം, തുടങ്ങിയവയ്ക്കുവേണ്ടി ചില പരിമിതികൾവയ്ക്കുവാൻ വിഷമമില്ല. എവിടെ താമസിച്ചാലും വിവേചനങ്ങൾക്ക് വിധേയരാകുകയില്ല. ജമ്മു-കാശ്മീർ സംസ്ഥാനത്തിൻെറ ഭദ്രതയെ ലക്ഷ്യം വച്ചു നിർവ്വഹിക്കുന്ന യുക്തിയുക്തങ്ങളായ നിയന്ത്രണങ്ങളും ഏർപ്പാടു ചെയ്യാം. നിലവിലുള്ള നിയമങ്ങൾ ശക്തി ഹീനങ്ങളാകുകയില്ല. അതുപോലെ പുതിയ നിയമങ്ങൾ ഉണ്ടാക്കുകയും ചെയ്യാം. രാജ്യരക്ഷാപരങ്ങളായ കാരണങ്ങളാൽ സഞ്ചാരനിയന്ത്രണം സാധ്യമാണ്[46].

---

45. Co-operative Societies Act (1912). Companies Act (1913) Societies Registration Act 1860 etc.
46. See Indian Railways Act (1890) Section : 71 Epidemic Diseases Act (1897) etc.

പാർക്കാനും സഞ്ചരിക്കാനുമുള്ള സ്വാതന്ത്ര്യങ്ങളോടൊപ്പം, പ്രസക്തിയുള്ളതാണ് സ്വത്തുസമ്പാദിക്കാനും, കൈവശം വെയ്ക്കാനും, അനുഭവിക്കാനുമുള്ള സ്വാതന്ത്ര്യം. ഒരാളിന് ഏതു സ്ഥാവര-ജംഗമ സ്വത്തുക്കൾ സമ്പാദിക്കാനും അവകാശമുണ്ട്. ദായക്രമമനുസരിച്ചോ, സ്വപ്രയത്നത്തിലുടെയോ, മറ്റ് ഏതു നിയമപരമായ രിതികളിലോ ഒരു വ്യക്തിക്ക് സ്വത്താർജ്ജിക്കാം; സ്വന്തമായിട്ടനുഭവിക്കാം. പൊതുജനതാൽപര്യം, പട്ടിക ജാതി-വർഗ്ഗ താൽപര്യസംരക്ഷണം തുടങ്ങിയവയ്ക്ക് ന്യായയുക്തമായ നിയന്ത്രണങ്ങളും ഇവിടെ ചെയ്യാം. അത്തരം നൂതന നിയമങ്ങൾ നിർമ്മിക്കുന്നതിനും വിലക്കില്ല, സ്വത്ത് വെച്ചുമാറിയെടുക്കുന്നതിനും, ദാനരൂപത്തിൽ സ്വീകരിക്കുന്നതിനും ഒരു വ്യക്തിക്കു സാധിക്കും. അങ്ങിനെ സമ്പാദിക്കുന്നവയും ഉടമസ്ഥാവകാശമുള്ള മുതലായി പരിഗണിക്കുന്നതാണ്[47]. സ്വകാര്യസമ്പാദ്യങ്ങളിൽ ചുമത്താവുന്ന ചില നിയന്ത്രണങ്ങൾ, ഏതു രാജ്യത്തിലെയും പോലെ, ഇവിടെയും പ്രസക്തമാണ്. മറ്റുള്ളവർക്ക് ഉപദ്രവകരമായ വിധത്തിൽ സ്വകാര്യസ്വത്ത് അനുഭവിക്കുവാൻ ആർക്കും സാധിക്കുകയില്ല. സൻമാർഗ്ഗ ജീവിതം തടസ്സപ്പെടുത്തുന്നതും വ്രണപ്പെടുത്തുന്നതുമായ വിധത്തിൽ ഒരുത്തനും സ്വത്ത് അനുഭവിച്ചുകൂടാ. പരിസ്ഥിതിനാശം വരുത്തുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളിൽ ഭാഗഭാഗാക്കുന്നതും, പ്രകൃതിവിഭവങ്ങൾ മനഃപൂർവ്വം ഇല്ലായ്മ ചെയ്യുന്നതും നിയന്ത്രണങ്ങൾക്ക് വിധേയമാണ്. സ്വകാര്യസ്വത്തുക്കൾ പൊതുകാര്യങ്ങൾക്കായി എടുക്കുന്നതിനും, ഏൽക്കുന്നതിനും, സർക്കാരിന് സാധിക്കും. ഒരാളുടെ സ്വകാര്യ സ്വത്ത്, ആവശ്യമായി വന്നാൽ ചേതപ്പെടുത്താൻ വ്യവസ്ഥ ചെയ്യുന്നത് നിയമാനുസരണം മാത്രമേ പാടുള്ളൂ[48]. ഈ വ്യവസ്ഥ 1978-ൻ പുറപ്പെടുവിച്ച ഭരണഘടനാ ഭേദഗതിയിലൂടെ എടുത്തു കളഞ്ഞിട്ടുണ്ടെങ്കിലും, പുതിയ രൂപങ്ങളിൽ മാറ്റിയെഴുതിയിരിക്കുന്നു. പൊതു ആവശ്യത്തിലേക്കോ മറ്റോ സ്വത്ത് ഏറ്റെടുക്കുകയാണെങ്കിൽ

---

47. Constitutional Law by Cooley.
48. Article: 31 Constitution (42 Amendment)'78

അതിനു നഷ്ടപരിഹാരം നൽകിയേ പറ്റൂ. പരിഹാരത്തുക നിർണ്ണയിക്കുന്നതിലേക്കാവശ്യമായ വിധങ്ങൾ വ്യക്തമാക്കിയിരിക്കണം. നഷ്ടപരിഹാരത്തുക മതിയായിട്ടില്ല എന്നകാരണം പറഞ്ഞ് ഒരു നിയമത്തേയും ചോദ്യം ചെയ്യാവുന്നതല്ല[49]. ഇത്തരം ഒരു നിയമം സംസ്ഥാന നിയമസഭ പാസ്സാക്കിയാൽ, അത് രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് അനുമതി വാങ്ങിയാലേ നിയമപ്രാബല്യം നേടുകയുള്ളു. നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകൾ ന്യായവും നീതിയുക്തവുമാണെന്ന് ഉറപ്പാക്കുന്നതിനാണ് രാഷ്ട്രപതിയുടെ അംഗീകാരം നേടണമെന്ന വ്യവസ്ഥ ചെയ്തിരിക്കുന്നത്. രാഷ്ട്രപതി ഒരു പൊതു വിജ്ഞാപനത്തിലൂടെ അംഗീകരിക്കുമ്പോൾ, ചില വ്യവസ്ഥകൾ ലംഘിക്കുന്നുവെന്നോ, 1935 ഭരണനിയമത്തിലെ 299 -ാം വകുപ്പു ലംഘിച്ചു എന്നോ കാരണം കാണിച്ച്, നിയമങ്ങളെ കോടതിയിൽ ചോദ്യം ചെയ്യാവുന്നതല്ല. നിയമപരമായ (ജുഡിഷ്യൽ) തടസ്സങ്ങൾ ഉച്ചാടനം ചെയ്യാനും, ഭൂ പരിഷ്കരണ പദ്ധതികൾ നടപ്പിൽ വരുത്താനുമായി ഭരണഘടന ഭേദഗതി ചെയ്യാനാണ് ഈയവസരത്തിൽ സർക്കാർ ഒരുങ്ങിയത്. സുദീർഘങ്ങളായ പുതിയ രണ്ടു വകുപ്പുകൾ ചേർത്ത് ഭൂപരിഷ്കാരങ്ങളെ പൂർണ്ണമായും രക്ഷിക്കുകയായിരുന്നു ലക്ഷ്യം[50]. അതിൻെറ ഭാഗമായി ഒൻപതാം പട്ടിക എന്നൊന്ന് ചേർക്കുകയും ചെയ്തു. നഷ്ടപരിഹാരത്തുകയോ അതു തീരുമാനിക്കാനുള്ള വിധങ്ങളോ നിശ്ചയിക്കുന്നതിനുള്ള അധികാരം നിയമ സഭയ്ക്കു മാത്രമാണെന്നും ഈ പ്രശ്നങ്ങൾ കോടതിയിൽ വിവാദമാക്കിക്കൂടന്നും തീരുമാനമായി[51]. ഭരണഘടന ഭേദഗതി ചെയ്യാനുള്ള അധികാരം പാർലമെൻറിനുണ്ടെന്ന വസ്തുത ഉറപ്പിക്കാൻ വേറൊരു ഭരണഘടനാ ഭേദഗതി പാസ്സാക്കി[52]. അതുപോലെ സുപ്രധാനമായ മറ്റൊരു കാര്യം കൂടി സാധിച്ചു. സാമൂഹിക-സാമ്പത്തിക പദ്ധതികൾ നടപ്പിൽ വരുത്താനുള്ള ഒരു മുഖ്യ ഉപകരണമാക്കി പാർലിമെൻറിനെ

---

49. The Constitution (Fourts Amendment) Act, 1955 - Section : 2
50. Constitution (1st Amendment) Act 1951. Section :14
51. Constitution (4th Amendment) Act 1955.
52. Constitution (24th Amendment) Act, 1971.

പരിവർത്തനപ്പെടുത്താൻ, ഭരണഘടനയുടെ ഇരുപത്തഞ്ചാം ഭേദഗതി സഹായിക്കുകയുണ്ടായി. ഭരണഘടനയിലെ നിർദ്ദേശകതത്വങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതകൾ നടപ്പിലാക്കുമ്പോൾ, മൗലികാവകാശങ്ങളുടെ പേരിൽ ചോദ്യം ചെയ്യപ്പെട്ടുകൂടാ എന്നതാണ് മുഖ്യം[53].

നിയമസംരക്ഷണാവകാശം

നിയമത്തിൻെറ പ്രാബല്യം പ്രത്യേകിച്ച് എടുത്തുകാണിയ്ക്കുന്ന ഒരവകാശമാണിതെന്നു പറയാം. കുറ്റം ചെയ്ത കാലത്തു പ്രാബല്യത്തിലിരിക്കുന്ന നിയമ ലംഘനമുണ്ടായാൽ മാത്രമേ, ഒരാളെ കുറ്റാരോപണവിധേയനാക്കാൻ പാടുള്ളു. ആ കാലത്തു പ്രാബല്യത്തിലുള്ള നിയമപ്രകാരം മാത്രമേ കുറ്റവിധേയനായ ആളിന് ശിക്ഷ കൊടുക്കാൻ കഴിയൂ. ഒരു കുറ്റത്തിന് നിയമപ്രകാരം ഒരു തവണ മാത്രമേ ശിക്ഷിക്കാൻ സാധിക്കൂ. അതുപോലെ കുറ്റ വിധേയനെ അയാൾക്കെതിരെ തന്നെ സാക്ഷിയാക്കാനും പാടില്ല[54]. നിയമപ്രകാരമുള്ള സ്വാതന്ത്ര്യവും സംരക്ഷണവും ഏതൊരാളിനും അനുഭവിക്കാം. അതിക്രമങ്ങൾക്കു വിധേയനായിത്തീരാൻ ഒരാളെയും അനുവദിക്കുകയില്ല എന്നു സാരം. ഒരാളിനെ അറസ്റ്റു ചെയ്താൽ, അതിനാസ്പദമായ വസ്തുതകൾ അയാളെ അറിയിക്കണം. ഇരുപത്തിനാലു മണിക്കൂറിനകം ഒരുമജിസ്ട്രേട്ടിൻെറ മുമ്പിൽ ഹാജരാക്കേണ്ടതാണ്. മജിസ്ട്രേട്ടിൻെറ ഉത്തരവുകൂടാതെ ആരെയും ഇരുപത്തിനാലു മണിക്കൂറിൽ കൂടുതൽ തടഞ്ഞു വെയ്ക്കാൻ പാടില്ല. അറസ്റ്റിലായ ആളിന് നിയമോപദേശം തേടാൻ സൗകര്യം കൊടുക്കണം. ശത്രു രാജ്യത്തിലെ പ്രജയായ ഒരാളിന് ഈ അവകാശങ്ങൾ കിട്ടുന്നതല്ല. ആവശ്യമായി വന്നാൽ ആളുകളെ കരുതൽ തടങ്കലിൽ വയ്ക്കാനും സാധിക്കും. സാധാരണമായി ഇത് രണ്ടു മാസത്തിൽ കൂടുതൽ സാധ്യമല്ല. എന്നാൽ ഏതെല്ലാം കാര്യങ്ങളിൽ ഈ കാലാവധിയിൽ കൂടുതൽ സാധിക്കുമെന്നു പാർലമെൻറിന് നിയമം വഴി നിശ്ചയിക്കാം. വിസ്തരിക്കാതെ രണ്ടു മാസത്തിലധികം തട

---

53. Constitution (25th Amendment) Act 1971. 54. Article: 20

ങ്കലിൽ വയ്ക്കാൻ തക്കകാരണങ്ങളുണ്ടെന്ന് ഒരുപദേശക സമിതി ശുപാർശ ചെയ്താൽ അതിനു സാധിക്കും. ഈ ഉപദേശക സമിതിയിൽ അദ്ധ്യക്ഷനെ കൂടാതെ രണ്ട് അംഗങ്ങൾ കൂടിയുണ്ടായിരിക്കും. പദവിയിലിരിക്കുന്ന ഒരു ഹൈക്കോടതി ജഡ്ജിയായിരിക്കും അദ്ധ്യക്ഷൻ. അംഗങ്ങൾ സ്ഥാനമൊഴിഞ്ഞ ഒരു ജഡ്ജിയോ, പദവിയിലിരിക്കുന്ന ജഡ്ജിയോ ആകാം. പുള്ളിയെ തടവിൽവെയ്ക്കുന്നതിനുള്ള കാരണം കഴിയുന്നത്രനേരത്തെ അയാളെ അറിയിക്കണം. തടങ്കലിനെതിരായി എത്രയും നേരത്തെ നിവേദനം നടത്താൻ അയാൾക്ക് അവസരമുണ്ടാക്കുകയും. വേണം. തടവിൽ വെച്ചതിൻെറ കാരണം വെളിപ്പെടുത്തുന്നത്, പൊതുതാൽപര്യത്തിന് ഹാനികരമാണെന്നു തോന്നുന്ന പക്ഷം, അത് വ്യക്തമാക്കേണ്ടതില്ല.

കരുതൽ തടങ്കൽ എന്ന ഏർപ്പാട് അമേരിക്കൻ ഐക്യനാടുകളിലെയോ ഇംഗ്ലണ്ടിലെയോ നിയമസംഹിതിയിൽ സാധാരണ കാലത്ത് ഇല്ല എന്ന വസ്തുത സ്മരണിയമാണ്. ജനായത്ത സിദ്ധാന്തങ്ങൾക്ക് തികച്ചും വിരുദ്ധമാണെന്നാണ് ഒരു പക്ഷം. ഒരു ഭരണഘടനയിലും അതിൻെറ ഭാഗമായി അംഗീകരിച്ചിട്ടുമില്ല[55]. കേന്ദ്രസർക്കാരിൻെറ അധികാരപരിധിയിലും, കേന്ദ്രത്തിൻെറയും സംസ്ഥാനങ്ങളുടെയും സംയുക്താധികാരങ്ങളിലും തടങ്കൽ നിയമത്തിൻെറ കാര്യം ഉൾപ്പെടുത്തിയിരിക്കുന്നു[56]. യുദ്ധകാലമെന്നോ, സമാധാന കാലമെന്നോ ഉള്ള വ്യത്യസവും അതിനില്ല. കരുതൽ തടങ്കൽ ഒരു സാധാരണ കാല നിയമമായിട്ടാണ് നമ്മുടെ ഭരണഘടനവീക്ഷിച്ചിട്ടുള്ളത്[57]. സാമൂഹ്യവിരുദ്ധരും വിധ്വംസകപ്രവർത്തകരും ഭാരതരാജ്യത്ത് അഴിഞ്ഞാടാതിരിക്കാനും ഭദ്രതയും ശാന്തിയും നശിപ്പിക്കാതിരിക്കാനും ഈ അധികാരം സർക്കാരിന് ആവശ്യമാണ്. കരുതൽ തടങ്കൽ ആദ്യമായി പാർലമെൻറു പാസ്സാക്കിയത് 1950-ൽ ആണ്. ഏറ്റവും കൂടുതൽ പ്രാവശ്യം ഭേദഗതിചെയ്ത നിയമം എന്ന കുപ്രസിദ്ധിയും അതിനുണ്ട്!

---

55. Gopaln Vs. State of Madras (1950) 56. Seventh Schedule: I (a); III (3)
57. State of Bombay Vs. Atmaram (1951) S.C.208

ചൂഷണത്തിനെതിരായ അവകാശങ്ങൾ

മനുഷ്യരെ വ്യാപാരവിഭവമാക്കുന്നതും, അവരെ നിർബ്ബന്ധിതമായി തൊഴിൽ ചെയ്യിക്കുന്നതും നിരോധിച്ചിട്ടുണ്ട്. ഇത് അമേരിക്കൻ ഐക്യനാടുകളുടെ പതിമൂന്നാം ഭേദഗതിയ്ക്കു സമാനമായ കാര്യങ്ങളാണെന്നു പറയാം. അസാൻമാർഗിക കാര്യങ്ങൾക്ക് സ്ത്രീകളെ പ്രയോജനപ്പെടുത്തുന്നതും, കൂലി കൂടാതെ വേലയെടുപ്പിക്കുന്നതും നിരോധിച്ചിട്ടുണ്ട്. എന്നാൽ പൊതുകാര്യങ്ങൾക്കുതകുന്നവയ്ക്ക് നിർബ്ബന്ധിതസേവനം ലഭ്യമാക്കാൻ സർക്കാരിനെ തടയുന്നതല്ല. അടിയന്തിര കാലത്ത് രാജ്യരക്ഷർത്ഥമോ യുദ്ധാവശ്യങ്ങൾക്കോ ആളുകളെ നിർബ്ബന്ധിത സേവനം ചെയ്യിക്കാൻ സർക്കാരിന് അധികാരമുണ്ട്. എന്നാൽ മതമോ, ജാതിയോ, വർഗ്ഗമോ നോക്കി വിവേചനം കാണിച്ചുകൂടാ. അടിയന്തിര കാലത്ത് രാജ്യരക്ഷാർത്ഥമോ യുദ്ധാവശ്യങ്ങൾക്കോ ആളുകളെ നിർബ്ബന്ധിക്കുന്ന നടപടികൾ സ്വീകരിക്കാൻ പാർലിമെൻറിന് അധികാരം കൊടുത്തിട്ടുണ്ട്[58]. അയിത്തം പോലെതന്നെ ഹീനമായ കാര്യങ്ങളാണ് നിർബ്ബന്ധിതവേലയും, കൂലിയില്ലാതുള്ള വേലയും.

പതിന്നാലുവയസ്സിനു താഴെ പ്രായമുള്ള ബാലികാബാലൻമാരെ വ്യവസായ ശാല, ഖനി, തുടങ്ങിയ സങ്കേതങ്ങളിൽ വേലയ്ക്ക് ഏർപ്പെടുത്തിക്കൂടാ[59]. ഇതിന് നിലവിലുള്ള മറ്റു ചില നിയമങ്ങളും സഹായമാകുന്നു[60]. പതിനാലു വയസ്സുവരെ പ്രായം വരുന്ന എല്ലാ കുട്ടികളെയും നിർബ്ബന്ധിത സൗജന്യ പ്രാഥമിക വിദ്യാഭ്യാസത്തിലേർപ്പെടുത്താൻ നിർദ്ദേശകതത്വത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് സ്മരണീയമാണ്.

ചൂഷണത്തിനെതിരായ പല നിയമങ്ങൾ നിലവിലുണ്ടെങ്കിലും രാഷ്ട്രീയക്കാർ ഘോരഘോരം, വാതോരാതെ ഇതിനെക്കുറിച്ച് ഒച്ചവെയ്ക്കാറുണ്ടെങ്കിലും, നിരവധി പേർ ഈ സാഹചര്യത്തിൽ ചെന്നു പെടാറുണ്ടെന്ന വസ്തുത വിസ്മരിച്ചു

---

58. Seventh Schedule, List I (1)
59. Article : 24.
60. Employment of Children Act,1938 Indian Factories Amendment) Act,1940 etc.

കൂടാ. അതുപോലെ, ബാലികമാരെയും സ്ത്രീകളെയും ദുഷിച്ച നടപടികൾക്കായി ഉപയോഗപ്പെടുത്തി വരുന്നതും സമൂഹത്തിൽ നിലവിലിരിക്കുന്നു. മാന്യമായ തൊഴിൽ കണ്ടെത്താനും, വേതന നിർണ്ണയത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ പരിഹരിക്കാനും സാധിക്കാത്തതാണ്, ഈ വിധത്തിലുള്ള വികൽപ്പങ്ങൾ നിലവിലിരിക്കുന്നതും, വർദ്ധിക്കുന്നതുമായ സാഹചര്യമുണ്ടാക്കുന്നത്.

ദേവദാസി സമ്പ്രദായം പോലെയുള്ള കാര്യങ്ങൾ സമൂഹത്തിൽ നിന്നു തുടച്ചു നീക്കാനുള്ള ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുമ്പോൾ, ലൈംഗികത്തൊഴിലാളികളെന്നൊരു വിഭാഗത്തെ, തൊഴിലാളി വർഗ്ഗമായിട്ടംഗീകരിക്കുന്നതും അവർക്കു സ്വകാര്യ യൂണിയനും മറ്റും സംഘടിപ്പിച്ച്, മുതലെടുക്കുന്നതും ചില രാഷ്ട്രീയക്കാരാണെന്ന കാര്യം മറക്കാൻ വയ്യാ. പേരെന്താണെങ്കിലും ദുഷിച്ച പ്രവണതകളെ വേർതിരിച്ചറിയാനുള്ള വിവേകം ജനങ്ങൾ കാണിക്കാൻ ഇനിയും അമാന്തിച്ചു കൂടാ.

മതവിശ്വാസത്തിനുള്ള സ്വാതന്ത്ര്യം

ഭാരതരാജ്യം സ്വതന്ത്രയായി രൂപം പ്രാപിച്ചപ്പോൾ, മതത്തിൻെറ അടിസ്ഥാനത്തിൽ സംയുക്ത ഭാരതത്തിൽ നിന്നു വേർപെടുത്തിയ മറ്റൊരു രാജ്യം കൂടി രൂപമെടുത്തു. ആ രാജ്യത്തിനു വേണ്ടിയുണ്ടായ പ്രക്ഷോഭണവും വാദവുമെല്ലാം മതത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നല്ലോ. മതം വരുത്താവുന്ന നിഷ്ഠൂരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് എന്നും ഓർമ്മപ്പെടുത്തുന്ന ഘടകമായി ആ അയൽരാജ്യം നിലനിൽക്കുന്നു. അനാദികാലം മുതൽ എല്ലാ മതങ്ങളെയും സ്വാഗതം ചെയ്യാനും അഭയസ്ഥാനം കൊടുത്തു പുലർത്താനും, സന്നദ്ധത കാണിച്ചിട്ടുള്ള ഭാരതത്തിന് ഈ വിധത്തിലൊരു ദുർഗ്ഗതി യുണ്ടായത് ചരിത്രത്തിൻെറ അപചാരമെന്നേ പറയാനൊക്കു. യഹൂദൻമാർക്കും പാഴ്സികൾക്കും മറ്റെങ്ങും ഇടം കിട്ടാതെ വന്നപ്പോൾ ഇവിടെ അഭയം കിട്ടി. ക്രിസ്തുശിഷ്യൻമാരിൽ പ്രധാനിയായി

രുന്ന തോമസ് പുണ്യവാളനാണ് ഭാരതത്തിൽ (കേരളത്തിൽ) ക്യസ്തുമതത്തിന്റെ തുടക്കമിട്ടതെന്നാണ് വിശ്വാസം. സിൻഡിൽ മുസ്ലീമുകൾ വന്നു ചേരുന്നതിന് എത്രയോ മുമ്പ്, കേരളത്തിൽ അറബികളുടെ സമ്പർക്കങ്ങളിലൂടെ, ഇസ്ലാം പ്രചരിച്ചിട്ടുണ്ട്. മതവിശ്വാസങ്ങളുടെ കാര്യത്തിൽ എന്നും അത്യുദാരമായ ഒരു നിലപാടാണ് ഭാരതത്തിൽ നിലനിന്നിരുന്നത്. ഈ പാരമ്പര്യം പുലർത്തുകയാണ് നമ്മുടെ ഭരണഘടനയും.

പൊതു സമാധാനം, സദാചാര നിലവാരം, സുഖജീവിതം എന്നിവയ്ക്കു വിധേയമായി ഏതൊരാളിനും ഇഷ്ടമുള്ള മതം സ്വീകരിക്കാനും അനുഷ്ഠിക്കാനും, പ്രചരിപ്പിക്കാനും സ്വാതന്ത്ര്യമുണ്ടെന്ന് ഭരണഘടന വ്യക്തമാക്കുന്നു[61]. ഏതു മതവിഭാഗത്തിനും അതതിന്റെ കാര്യങ്ങൾ നിയന്ത്രിക്കാനും, നിർണ്ണയിക്കാനും, വസ്തുവകകൾ സമ്പാദിക്കാനും, അവ വേണ്ടവിധത്തിൽ ഭരിക്കാനും അവകാശമുണ്ട്[62]. മതസ്വാതന്ത്ര്യം എന്നത് മതവിശ്വാസത്തിൽ മാത്രമായിച്ചുരുക്കിയിട്ടില്ല. ഏതെങ്കിലും ഒരു മതത്തോട് രാഷ്ട്രം ഏതെങ്കിലും വിധത്തിലുള്ള പ്രത്യേകത പ്രദർശിപ്പിക്കുകയില്ല. ഒരാൾക്ക് ഏതു മതവും സ്വീകരിക്കാം, പ്രചരിപ്പിക്കാം, അതനുസരിച്ച് ജീവിതം ക്രമീകരിക്കാം. മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉദ്യോഗങ്ങളിൽ പക്ഷപാതം കാണിച്ചു കൂടാ. മതം പ്രചരിപ്പിക്കുമ്പോൾ ഒരാൾ മറ്റു മതങ്ങളെ അവഹേളിക്കുന്നത് അനുവദനീയമല്ല[63]. സമൂഹപരിഷ്കാരവും മതാചാരവും തമ്മിൽ പൊരുത്തപ്പെടാതാകുമ്പോൾ, മതാചാരം വഴിമാറിക്കൊടുക്കുകയേ മാർഗ്ഗമുള്ളൂ.

രാഷ്ട്രം നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതപഠനം പാടില്ല [64]. അതേ സമയം മതത്തിന്റെ അന്തഃസ്സത്തയെ യാതൊരു വിധത്തിലും നിയന്ത്രിക്കാൻ തുനിയുന്നതുമല്ല.

---

61. Article : 25 62. Article : 26 63. Constitution-Assembly Debated p. 833
64. Article : 28

സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ

ഏതെങ്കിലും ന്യൂനപക്ഷവിഭാഗത്തിന് സ്വന്തമായ ഭാഷയും ലിപിയും സംസ്കാരവുമുണ്ടെങ്കിൽ അവർക്ക് അവ സംരക്ഷിക്കുന്നതിന് അഭംഗുരമായ അവകാശമുണ്ട്. രാഷ്ട്രത്തിൻെറ ഉടമസ്ഥയിലോ രാഷ്ട്രത്തിൻെറ സഹായത്താലോ നടത്തുന്ന ഏതൊരു വിദ്യാഭ്യാസ കേന്ദ്രത്തിലും ജാതി-മത- ഭാഷാദിസ്ഥാനത്തിലുള്ള വിവേചനം അംഗീകരിച്ചു കൂടാ. അവിടെ പ്രവേശനത്തിന് ഏതൊരാളിനും യോഗ്യതയുണ്ടെന്നർത്ഥം. ന്യൂനപക്ഷങ്ങൾക്ക് തങ്ങളുടെതായ സാംസ്കാരിക താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഉറപ്പും ഈ വ്യവസ്ഥകളിലുണ്ട്[65]. മതം, ഭാഷ എന്നിവയെ ആധാരമാക്കിയുള്ള ന്യൂനപക്ഷങ്ങളെയാണ് ഇവിടെ ലക്ഷ്യം വെച്ചിട്ടുള്ളത്. അവർ അതിപ്രധാനമായി കരുതുന്ന കാര്യങ്ങളുടെ സമഗ്രമായ സംരക്ഷണം ഇവയിലുണ്ട്. 1957-ൽ നിലവിൽ വന്ന കേരളവിദ്യാഭ്യാസ കരടു നിയമത്തിൻെറ (ബിൽ) സാധുത തീരുമാനിക്കാൻ ഭരണഘടനയുടെ മുപ്പതാം വകുപ്പനുസരിച്ച് രാഷ്ട്രപതി പരമോന്നത കോടതിയുടെ (സുപ്രീം) അഭിപ്രായം തേടിയത് സ്മരണീയമാണ്. വിദ്യാഭ്യാസ കരടുനിയമത്തിൽ ഉണ്ടായിരുന്ന മൂന്നാം വകുപ്പിൽ അഞ്ചാം ഉപവകുപ്പായി ചേർത്തിരുന്ന കാര്യങ്ങൾ അസാധുവാണെന്നാണ് ഭൂരിപക്ഷാടിസ്ഥാനത്തിൽ കോടതി നൽകിയ ഉപദേശം. എല്ലാ ന്യൂനപക്ഷങ്ങൾക്കും, അവർ തീരുമാനിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഭരണം നടത്താൻ അധികാരമുണ്ട്. ഭരണത്തിൽ യാതൊരുപാധിയും വയ്ക്കാവുന്നതുമല്ല. ന്യൂനപക്ഷങ്ങളോടുള്ള ബാധ്യതകൾ എല്ലാവരും മാനിക്കേണ്ടതുമുണ്ട്. ഏതു സിദ്ധാന്തങ്ങളിൽ നിന്നും, സംസ്കാരത്തിൽ നിന്നും സാരാംശങ്ങൾ ഉൾക്കൊള്ളാനുള്ള കരുത്ത് പ്രോൽസാഹിപ്പിക്കാൻ ഈ വ്യവസ്ഥകൾ സഹായിക്കുന്നു. പ്രത്യേകസംസ്കാരമുള്ള ഒരു ന്യൂനപക്ഷം അവരുടെ അടിസ്ഥാന ഘടകങ്ങൾ സംരക്ഷിക്കാനാഗ്രഹിച്ചാൽ, അവരുടെ മേൽ അന്യ സംസ്കാരത്തിൻെറ കാര്യങ്ങൾ അടിച്ചേൽപ്പിക്കാൻ പാടില്ലെന്നുള്ളതാണ് ചുരുക്കം.

---

65. Article : 29, 30.

ഭരണഘടനാടിസ്ഥാനത്തിൽപ്രതിവിധികൾക്കുള്ള അവകാശം.

ഭരണഘടനയിൽ എന്തെല്ലാം നല്ല കാര്യങ്ങൾ ഉറപ്പുചെയ്തിരുന്നാലും അവ യഥാർഥമായി അനുഭവിക്കുന്നത് ഉറപ്പുവരുത്താൻ വഴിയില്ലെങ്കിൽ പ്രയോജനമൊന്നുമില്ല. ഇതാണ് ഭരണഘടനാടിസ്ഥാനത്തിൽ പ്രതിവിധികൾ ലഭിക്കുന്ന വ്യവസ്ഥകളിൽ ഭാരതീയർക്ക് കൊടുത്തിരിക്കുന്നത്. അതുകൊണ്ട് ഇവയുടെ പ്രാധാന്യം പ്രത്യേകിച്ചു പറയേണ്ടതില്ല. ഈ പ്രതിവിധികൾ നേടാൻ ഏവർക്കും അവകാശമുണ്ട്. അവകാശങ്ങൾ വെറും പ്രഖ്യാപനങ്ങളായിരിക്കരുതെന്നും അതിലുറപ്പുചെയ്തിട്ടുള്ളവ വ്യക്തിയുടെ രക്ഷാകവചമായിത്തീരണമെന്നും ഉറപ്പുവരുത്തുവാൻ ആവശ്യമായ അധികാരം കോടതികൾക്ക് കൊടുത്തിരിക്കുകയാണ്. ഭരണഘടനാനിർമ്മാണ സഭയിലെ ചർച്ചകളിൽ സംബന്ധിച്ചിരുന്ന ഡാ. അംബേത്കർ ചെയ്ത ഒരു പ്രസ്താവന ഇവിടെ പ്രസക്തമാണ്. "ഈ ഭരണഘടനയിലെ ഏറ്റവും പ്രധാനപ്പെട്ട വകുപ്പ് ഏതെന്നു ചോദിച്ചാൽ, മൗലികാവകാശങ്ങൾ സ്ഥാപിച്ചു കിട്ടാൻ വ്യവസ്ഥ ചെയ്യുന്ന വകുപ്പായിരിക്കും ഞാൻ ചൂണ്ടിക്കാണിക്കുന്നത്. അതിന്റെ അഭാവത്തിൽ ഈ ഭരണഘടന ശക്തി ഹീനവും അഗണ്യവും ആയിരിക്കും. ഈ വകുപ്പ് അതിന്റെ ആത്മാവും ഹൃദയവും ആണ്; സത്തയും സാരവുമാണ്".[66] ഈ മഹത്തായ കാര്യവും ഒരു മൗലികാവകാശമായി മൂന്നാം ഭാഗത്തിൽ ചേർത്തിരിക്കുന്നത് പ്രത്യേകിച്ചും ശ്രദ്ധേയമാണ്[67].

മൗലികാവകാശങ്ങളുടെ പരിരക്ഷകനെന്ന നിലയിൽ പരമോന്നതകോടതിക്ക് (സുപ്രീം) രണ്ടു വിധത്തിൽ കേസ് സ്വീകരിക്കാം-ആദ്യഹർജിയായും അപ്പീലായും. ചില പ്രത്യേക സാഹചര്യങ്ങളിൽ കോടതികളുടെ സഹായം നേടാനുള്ള സൗകര്യം, രാഷ്ട്രപതിക്ക് ഒരു പ്രത്യേക ഉത്തരവിലൂടെ, നിർത്തിവയ്ക്കാൻ സാധിക്കും. ഭാരതം നേരിടുന്ന വിദേശാക്രമണം,

---

66, Constituent Assembly Debates : VII-page 953 67 Article : 32 (3)

ആഭ്യന്തര കലഹം, വ്യവസ്ഥാപിത ഭരണത്തകർച്ചയുണ്ടാക്കുന്ന സാഹചര്യം- എന്നീ സന്ദർഭങ്ങളിലാണ് രാഷ്ട്രപതിക്ക് അപ്രകാരം ചെയ്യാവുന്നത്.

ഏതൊരാളിനും തൻെറമൗലികാവകാശം സ്ഥാപിച്ചു കിട്ടുന്നതിന് കോടതിയോടപേക്ഷിക്കാം. സുപ്രീം കോടതിക്കുള്ള ഈ അധികാരം കീഴ്ക്കോടതികളെ എല്ലാമോ ചിലതായോ ഏൽപ്പിക്കാൻ പാർലിമെൻറിന് അധികാരമുണ്ട് [67]. ഹൈക്കോടതികൾക്ക് ഈ അധികാരങ്ങൾ ഭരണഘടനതന്നെ വ്യവസ്ഥചെയ്തിരിക്കുന്നു. നിയമാനുസൃതമായ പ്രതിവിധികൾക്ക് ജമ്മു-കാശ്മീരിന് ചില പ്രത്യേകതകളുണ്ടെന്ന വസ്തുത മറന്നുകൂടാ. അവിടെ ഹൈക്കോടതിക്ക് സുപ്രീം കോടതി പുറപ്പെടുവിക്കാറുള്ള മാതിരി പ്രവർത്തിക്കാനധികാരം[68] ,കൊടുത്തിട്ടുണ്ട്.

സായുധസേനയിലെയും പൊലിസിലെയും അംഗങ്ങൾക്ക് മൗലികാവകാശങ്ങൾ എത്രത്തോളം ഉതകുന്നതാണെന്ന് പാർലിമെൻറ് നിയമം മൂലം വ്യവസ്ഥ ചെയ്യും. അവരുടെ അച്ചടക്കം, ഉറപ്പാക്കാനും, മറ്റും ചില നിയമങ്ങൾ നിലവിലിരിക്കുന്നു[69].

സുപ്രീം കോടതിക്ക് ഉത്തരവിലൂടെ മാർഗ്ഗനിർദ്ദേശം കൊടുക്കാനും ഉത്തരവു പുറപ്പെടുവിക്കാനും, റിട്ടുകൾ നൽകാനും സാധിക്കും[70].

ഭരണ നിർവ്വഹണം അത്യന്തം സങ്കീർണ്ണവും വ്യാമിശ്രവുമായതിനാൽ രാഷ്ട്രത്തിന് പൗരൻെറ വ്യക്തിസ്വാതന്ത്ര്യത്തെ അത്ര ഗൗരവമുള്ളതായി ചിലപ്പോൾ കാണാൻ കഴിഞ്ഞെന്നു വരുന്നതല്ല. അങ്ങിനെയുള്ള അവസരങ്ങളിൽ ജനങ്ങളുടെ ഏക ആശ്രയസ്ഥാനം കോടതികൾ ആണ്. പൗരസ്വാതന്ത്ര്യധ്വംസകരെ നിലയ്ക്കു നിർത്താനും, പരാജയപ്പെടുത്താനും പലവിധത്തിലുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ

67. Article : 32 (3)
68. Constitution (Application to Jammu & Kashmir) Order 1954
69. Indian Army Act ; Indian Air Forces Act etc.
70. Article : 32 (2)

യാണ് റിട്ടുകൾ (ശാസനാരൂപത്തിലുള്ള ഉത്തരവുകൾ) ഇവ സുപ്രീം കോടതിക്കുമാത്രമല്ല എല്ലാ ഹൈക്കോടതികൾക്കും പുറപ്പെടുവിക്കാം[71]. ഹൈക്കോടതികളുടെ അധികാരം വ്യവസ്ഥ ചെയ്യുന്ന വകുപ്പ് രണ്ടു തവണ ഭേദഗതിക്കുവിധേയമായി[72]. ഇംഗ്ലീഷ് നിയമസംഹിതയുടെ സംഭാവനകളാണ് പൗര സ്വാതന്ത്ര്യ പ്രധാനങ്ങളായ റിട്ടുകൾ. ഭരണ ഘടന ഒരു രാജ്യത്തിന്റെ മൗലിക നിയമമാണ്; മറ്റെല്ലാ നിയമങ്ങളെക്കാളും പ്രാമുഖ്യമുള്ളതാണ്. റിട്ടുകൾക്കുള്ള അധികാരം ഭരണഘടനയിൽ തന്നെ വ്യവസ്ഥ ചെയ്തിരിക്കുന്നതു കൊണ്ട്, നമ്മുടെ ഭരണഘടന അതിന്റെ അന്യാദൃശത്വം പ്രഖ്യാപിക്കുന്നു.

ഹേബിയസ് കോർപ്പസ്

വ്യക്തിസ്വാതന്ത്ര്യത്തിന് അങ്ങേയറ്റം വില കൽപ്പിക്കുന്ന നിയമ സംഹിതയാണ് ഇംഗ്ലണ്ടിൽ പരിണാമപ്പെട്ടിട്ടുള്ളത്. രാജാവാണ് അവിടത്തെ നിയമങ്ങളുടെ ഉറവിടം എന്നാണു സങ്കൽപ്പം. ഹേബിയസ് കോർപ്പസ് - എന്ന വാക്കുകൾ ലത്തീൻ ഭാഷയിലെതാണ്. ഏതെങ്കിലും വിധത്തിൽ സ്വാതന്ത്ര്യം നഷ്ടപ്പെട്ട, നിയമവിരുദ്ധമായി തടവിൽ പാർപ്പിക്കപ്പെട്ട, ഒരാൾക്കോ, അയാൾക്കു വേണ്ടി അയാളുടെ ബന്ധുക്കൾക്കോ, പരിഹാര നടപടിയെടുക്കാം. തടവിൽവെച്ചിരിക്കുന്ന ആളെ കോടതിയിൽ ഹാജരാക്കാനാണ് അപേക്ഷിക്കേണ്ടത്. ഇംഗ്ലണ്ടിൽ 14-ാം നൂറ്റാണ്ടു മുതൽ ഇതിന് വഴിയുണ്ടായിരുന്നെങ്കിലും, 1679-ൽ ആണ് ഒരു നിയമമായി അത് രൂപീകൃതമായത്[73]. ഇംഗ്ലണ്ടിൽ 1925-ലെ ജൂഡിക്കേച്ചർ നിയമം പാസ്സായതോടെയാണ് അവിടെ ഈ അധികാരം ഹൈക്കോടതിക്കു കിട്ടിയത്. പൗരസ്വാതന്ത്ര്യത്തിന്റെ രക്ഷാകവചമായിട്ടാണ് ഹേബിയസ് കോർപ്പസ് ഇംഗ്ലണ്ടിൽ സ്വീകരിച്ചിരുന്നത്. ഈ റിട്ടു പുറപ്പെടുവിച്ച് തടവിൽ കഴിയുന്ന പുള്ളിയെ കോടതിയിൽ ഹാജരാക്കിയശേഷം, അയാളുടെ പേരിൽ നിയമ പ്രകാരമുള്ള നടപടികളല്ല സ്വീകരി

---

71. Article 32 (2) ; 22672. Constitution (42 nd & 43 ed Amendment) 1976 & 1977
73. Habieus Corpus Act (1979)

ച്ചിരിക്കുന്നത് എന്നു കണ്ടാൽ, ഉടനെ മോചിപ്പിക്കാൻ ഉത്തരവാകും[74]. തടങ്കലിൽ വച്ചിരിക്കുന്ന ആളിൻെറ മാന്യതയോ കുറ്റത്തിൻെറ ഹീന സ്വഭാവമോ ഒന്നും നടപടിയിൽ പ്രസക്തമല്ല. വ്യക്തി സ്വാതന്ത്ര്യമാണ് പ്രശ്നം. ഇംഗ്ലീഷ് നിയമത്തിലെ ഈ മഹത്തായ ആശയം ഭാരതത്തിലെ നിയമസംഹിതയിൽ വ്യാപിച്ചത് 1872-ലെ ക്രിമിനൽ നടപടി നിയമം മൂലമത്രേ. അതിനു മുമ്പ് കൽക്കട്ട, ബോംബെ, മദിരാശി എന്നീ പ്രസിഡൻസി കോടതികൾ ഇംഗ്ലീഷ് കോമൺ ലാ അനുസരിച്ച് ഹേബിയസ് കോർപ്പസ് പുറപ്പെടുവിക്കാൻ അധികാരമുള്ളവയായിരുന്നു. എന്നാൽ 1872- നു ശേഷം ഈ അധികാരം നീക്കം ചെയ്തു. പകരം എല്ലാ കോടതികൾക്കും ക്രിമിനൽ നടപടിനിയമം ആധാരമാക്കി, വേണ്ടതു ചെയ്യാൻ ഏർപ്പാടുനിലവിൽ വന്നു[75]. ആ പരിധിക്കു പുറത്ത് റിട്ടുകൾ പുറപ്പെടുവിക്കാൻ കോടതികൾക്കു പാടില്ലെന്നുമായി. ഭരണ ഘടന ഊർജ്ജിതത്തിൽ വന്നതോടുകൂടി, ഇംഗ്ലണ്ടിലെ കോമൺ ലാ അനുസരിച്ചുള്ള റിട്ടുകൾ പുറപ്പെടുവിക്കാൻ, സുപ്രീം കോടതിക്കും ഹൈക്കോടതികൾക്കും അധികാരം വന്നു. ഇതു കാരണം ക്രിമിനൽ നടപടി പ്രകാരമുള്ള അധികാരം നിർജ്ജീവമായിട്ടുണ്ട്. ഒരാൾ വേറൊരാളെ തടഞ്ഞുവെച്ചിട്ടുണ്ടെങ്കിൽ, ഒരു പ്രത്യേക സ്ഥലത്ത് ഒരു നിശ്ചിതസമയത്ത് ഉടലോടെ തന്നെ ഹാജരാക്കുക എന്നാണ് കോടതി പുറപ്പെടുവിക്കുന്ന നിർദ്ദേശം. തടങ്കലിൽ കഴിയുന്ന ഒരാളെ മോചിപ്പിക്കുക അയാൾക്ക് സ്വാതന്ത്ര്യം കൊടുക്കുക ആണ് അതിൻെറ ലക്ഷ്യം. ഭരണാധികാരികൾ, സ്വകാര്യവ്യക്തികൾ, സംഘടനകൾ, തുടങ്ങിയവർക്കെതിരായി ഈ റിട്ടു പുറപ്പെടുവിക്കാവുന്നതാണ്. പുള്ളിയെ കോടതിയിൽ ഹാജരാക്കി, എന്തു കാരണത്താലാണ് അയാളെ തടവിൽവെച്ചിട്ടുള്ളതെന്ന് കോടതിയെ ബോധിപ്പിക്കണം. നിയമരഹിതമായുള്ള തടവാണെങ്കിൽ ഉടനെ മോചിപ്പിക്കാനും ആജ്ഞാപിക്കാം. തടവുപുള്ളിയുടെ ബന്ധുക്കൾ, സ്നേഹിതൻമാർ, തുടങ്ങിയവർക്ക് ഹേബി

---

74. Laws of England by Halsbury vol IX
75. Criminal Procedure Code.Section : 491

യസ് കോർപ്പീസിന് നടപടി കൈക്കൊള്ളാം. ഹേബിയസ് കോർപ്പസ് സംബന്ധിച്ച് സുപ്രീം കോടതിയിലെ നടപടി ക്രമങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്[76].

ഹേബിയസ് കോർപ്പ്സ് കേസിൽ ഭരണഘടനാപരമായ പ്രശ്നം ഉൾക്കൊള്ളുന്നെങ്കിൽ, അതിന് ഹൈക്കോടതി സാക്ഷി പത്രം നൽകുന്ന പക്ഷം, സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കാം. സാക്ഷിപത്രമാണു മുഖ്യം. അന്യായമായി തടവിൽ വെച്ചിരിക്കുന്ന ഒരാൾക്ക് എത്രയും വേഗം സ്വാതന്ത്ര്യം വീണ്ടു കിട്ടുകയെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം.

മണ്ടാമസ്

ഇതും ഒരു ലാറ്റിൻ വാക്കാണ് -നാം ഉത്തരവിടുന്നു- എന്നാണ് അതിൻെറ വാക്യാർത്ഥം. സ്ഥാപനം, വ്യക്തി, തുടങ്ങിയവർ അവരുടെ കർത്തവ്യം നിറവേറ്റാൻ കൊടുക്കുന്ന ശാസനയാണത്. ഇത് ഒരു അവകാശ റിട്ടല്ല. കോടതിയുടെ യുക്തം പോലെ ചെയ്യുന്ന ഒരു കാര്യം മാത്രം. നിയമപ്രകാരം ചെയ്യു വാൻ കടപ്പെട്ട കർത്തവ്യം അധികാരികൾ നിറവേറ്റാതിരുന്നാൽ അതിന് ശാസിക്കുന്ന ഉത്തരവാണ് മണ്ടാമസ്[77]. അനാസ്ഥപരി ഹരിച്ച് നിയമപ്രകാരം പ്രവർത്തിക്കാൻ അതു ശാസിക്കുന്നു. നീതിപൂർവ്വവും ന്യായ യുക്തവും നിയമപരവുമായ ഒരു കടമ തന്നോടു നിറവേറ്റാനുണ്ടായിരുന്നിട്ടും അതു ചെയ്യുന്നില്ലെന്നു കാണിച്ചാണ് കോടതിയിൽ അപേക്ഷിക്കേണ്ടത്. ഹർജിക്കാരന് നിയമപരമായ ഒരവകാശവും വിഷയത്തിൽ ഉണ്ടായിരിക്കണം. അനാസ്ഥപരിഹരിച്ച്, ഉദ്യോഗസ്ഥൻമാരെയും, കീഴ്കോടതിക ളെയും, പൊതു സ്ഥാപനങ്ങളെയും കർമ്മനിരതമാക്കാനാണ് ഈ ഉത്തരവ് ഉതകേണ്ടത്. ഹർജിക്കാരന് പ്രത്യക്ഷമായ താൽപര്യമുള്ള കാര്യമായിരിക്കണം പരാതിക്കാസ്പദം. ട്രൈബ്യൂണലുകൾ, പൊതു പ്രവർത്തനത്തിലേർപ്പെടുന്ന കോർപറേഷനുകൾ, പ്രാദേശികസ്ഥാപനങ്ങൾ, തെരഞ്ഞെടുപ്പു അധികാരികൾ,

---

76. Supreme Court Rules : Order XXXV
77. Laws of England by Halsbury vol IX

സർവ്വകലാശാലകൾ- തുടങ്ങിയവയ്ക്കെതിരായി മണ്ടാമസ് റിട്ടു പുറപ്പെടുവിച്ചിട്ടുണ്ട്. ഏതെങ്കിലും മറ്റു നിയമങ്ങളിലൂടെ സങ്കടപരിഹാരം സിദ്ധിക്കാൻ സാധ്യതയുണ്ടെങ്കിൽ മണ്ടാമസ് റിട്ടിന് അർഹതയില്ല.

കൽക്കട്ട, ബോംബെ, മദിരാശി എന്നിവിടങ്ങളിലെ പ്രസിഡൻസി ഹൈക്കോടതികൾക്ക് ഇംഗ്ലണ്ടിലെ കോമൺ ലാ അനുസരിച്ച് ഇത് പുറപ്പെടുവിക്കാമായിരുന്നു. 1877-ലെ സ്പെസിഫിക് റിലീഫ് നിയമം മൂലം ആ അധികാരത്തിൽ വ്യത്യാസം വന്നു. മണ്ടാമസ് റിട്ട് നിർത്തലാക്കി. നമ്മുടെ ഭരണഘടന ഊർജ്ജിതത്തിൽ വന്നതോടുകൂടി ആ അധികാരം എല്ലാ ഹൈക്കോടതികൾക്ക് ലഭിക്കുകയുണ്ടായി. ഔദ്യോഗിക ചുമതലകളെ രണ്ടായി തരം തിരിക്കാം. നിർബ്ബന്ധമായി നിർവ്വഹിക്കേണ്ടതും യുക്ത്യാനുസരം നിറവേറ്റേണ്ടതും. ഇവയിൽ നിർബ്ബന്ധമായി നിർവ്വഹിക്കേണ്ടവയുടെ കാര്യത്തിൽ മാത്രമേ മണ്ടാമസിന് പ്രസക്തിയുള്ളു. തനിക്ക് അവകാശപ്പെട്ട പൊതുസ്ഥാനം നഷ്ടപ്പെടുത്തിയാൽ അതു പുനഃസ്ഥാപിച്ചു കിട്ടുന്നതിന് ഈ റിട്ട് ഉതകും. തെറ്റായ വയസ്സ് ആധികാരിക രേഖകളിൽ കൊള്ളിച്ചിട്ടുള്ളത് തിരുത്താം. ബിരുദിന് അർഹതനേടിയ ഒരുത്തന് അത് കൊടുപ്പിക്കാം. പ്രവേശന യോഗ്യതയുള്ള ഒരാൾക്ക് അതു നിഷേധിച്ചാൽ പരിഹരിക്കാം. ഇതൊക്കെ ചില ഉദാഹരണങ്ങളാണ്[78].

നിരോധനം

നിയമ പ്രകാരം അധികാരമില്ലാത്ത ഒന്ന് കീഴ്ക്കോടതി ചെയ്താൽ നിരോധന റിട്ടുമൂലം ഹൈക്കോടതിക്ക് അത് നിരോധിക്കാം. ചെയ്യാൻ പോയേക്കാവുന്ന കാര്യങ്ങൾ തടയുവാനാണ് നിരോധന റിട്ട്. കഴിഞ്ഞുപോയ കാര്യത്തിന് പരിഹാരം നേടാനല്ല. കോടതികൾ അതതിൻെറ അധികാരപരിധിയിൽ ഒതുങ്ങി നിന്നു കർത്തവ്യം നടത്തുവാനാണ് അനുശാസനം[79]. പ്രവർത്തിക്കാതിരിക്കാനാണ് നിവർത്തിക്കാനല്ല അതു വേണ്ടി വരുന്നത്.

78. Laws of England by Halsbury vol IX
79. Laws of England Vol IX

ഒരു കോടതിയിലെ ജഡ്ജിക്ക് ആ കോടതിയിൽ വിചാരണയ്ക്കു വെച്ചിരിക്കുന്ന വിവാദത്തിൽ താൽപര്യമുള്ളപ്പോഴും, വിധിയിൽ വന്നു പോയ പിശക് പരിഹരിക്കാനല്ലാതെ. വ്യത്യാസപ്പെടുത്താൽ ശ്രമിക്കുമ്പോഴും കേസ്സിനടിസ്ഥാനമായ തുക തിട്ടപ്പെടുത്തി ഒരു കോടതിയുടെ പരിധിയിൽ പെടുത്താൻ ശ്രമിക്കുമ്പോഴും നിരോധന റിട്ട് പ്രയോഗിച്ചിട്ടുണ്ട്. ജുഡിഷ്യലും ഏറെക്കുറെ ജുഡിഷ്യലുമായ സ്ഥാപനങ്ങൾക്കെതിരായി മാത്രമേ ഈ റിട്ടു നിലനിൽക്കൂ.

സെർഷ്യോററി

കീഴ്ക്കോടതിയിൽ നിന്ന് ഒരു വിവാദവിഷയം (കേസ്) മേൽക്കോടതിയിലേക്ക് മാറ്റാനായുള്ള ഉത്തരവാണിത്. നിയമവിരുദ്ധമായോ അധികാരപരിധിയതിക്രമിച്ചോ ഒരു കീഴ്ക്കോടതി കാര്യം നടത്തിയിട്ടുണ്ടോ എന്നു പരിശോധിക്കുകയാണ് മുഖ്യമായി ചെയ്യുന്നത്. ഔദ്യോഗിക ഉത്തരവു നീക്കം ചെയ്യാനോ, കാര്യനിർവ്വഹണ വിഭാഗത്തിൻെറ ഭരണപ്രധാനമായ ഉത്തരവു റദ്ദാക്കാനോ ഈ റിട്ട് ഉതകുകയില്ല. ഏതെങ്കിലുമൊരു നടപടി കൂടുതൽ ഉന്നതമായ കോടതിയിലേക്ക് പരിശോധനയ്ക്കായി ഏറ്റെടുക്കുന്നത് ഇതിൻെറ പരിധിയിൽ പെടുന്നസംഗതിയാണ്. സെർഷ്യോററി വിചാരണ തീർന്ന കേസുകളുടെ കാര്യത്തിലുള്ളതും, നിരോധന റിട്ട്, വിചാരണതടയലാണ്. നിരോധനത്തിന് മണ്ടാമസിനോടാണടുപ്പം.

ക്വോവാറൻേറാ

ഇതും വളരെ പഴക്കമുള്ള കോമൺ ലാ പ്രകാരമുള്ള ഒരു റിട്ടാണ്. അർഹതയില്ലാത്ത ഉദ്യോഗം വഹിക്കുന്നതിൽ നിന്ന് തടയുകയും, ആ പദവി ഒഴിഞ്ഞു കിടക്കുന്നു എന്ന് പ്രഖ്യാപിക്കുന്നതുമാണ് ലക്ഷ്യം. സ്വകാര്യ സ്ഥാപനങ്ങളുടെ ഉദ്യോഗം ഇതിൻെറ പരിധിയിൽ പെടുകയില്ല. ഒരുദ്യോഗസ്ഥൻ എന്ത് അധികാരത്തെ അടിസ്ഥാനമാക്കിയാണ് ആ പദവിവഹിക്കുന്നതെന്നു ചോദിച്ച്, അയാൾ സമർപ്പിക്കുന്ന സമാധാനത്തിൽ

തീർപ്പെടുക്കുന്നു. ഇതിനു രണ്ട് ഉപാധികളുണ്ട്. ഒന്ന്: സ്ഥാനം അഥവാ പദവി ഏതെങ്കിലും നിയമപരമായ കാര്യത്തെ ആശ്രയിച്ചുള്ളതായിരിക്കണം. രണ്ട് : ചോദ്യം ചെയ്യുന്ന ആളിന്, അതായത് ഹർജിക്കാരന്, അതിൽ താൽപര്യം വേണം. ഇവിടെ ഒരുദാഹരണം എടുത്തുകാണിക്കട്ടെ. സി. രാജഗോപാലാചാരിയെ നിയമസഭയിലേക്ക് നാമനിർദ്ദേശം ചെയ്തതിനെതിരായി ക്വോവാറൻേറാ സമർപ്പിച്ച ചക്കരച്ചെട്ടിയാരുടെ ആവലാതി നിലനിന്നില്ല. വ്യക്തിപരമായ താൽപര്യം ഇല്ലെന്നതായിരുന്നു കാരണം.

ഭാരതത്തിൻെറ ഭരണഘടനയുടെ മൂന്നാം ഭാഗത്താണല്ലോ മൗലികാവകാശങ്ങൾക്ക് വ്യവസ്ഥകൾ ചെയ്തിരിക്കുന്നത് 12 മുതൽ 35 വരെയുള്ള വകുപ്പുകളിൽ വ്യാപിച്ചു കിടക്കുന്ന കാര്യങ്ങളിൽ അവകാശങ്ങൾ മാത്രമല്ല, അവയെ സംബന്ധിച്ച് ആവശ്യമെന്നു തോന്നിയിട്ടുള്ള നടപടിക്രമങ്ങളും, നിയന്ത്രണങ്ങളും, ഉപാധികളും വച്ചിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തിലെ ചൂടും തിക്താനുഭവങ്ങളും തിരസ്കരിക്കാനാവാത്ത വിധത്തിൽ മനസ്സിൽ നിറഞ്ഞുനിൽക്കുമ്പോൾ, ലോകത്തിൻെറ വിവിധദേശങ്ങളിൽ നടന്നിട്ടുള്ള സമരങ്ങളിൽ മുഴങ്ങിക്കേട്ടിട്ടുള്ള ആദർശങ്ങളുടെ അലകൾ നിരന്തരമായി വന്നലച്ചുകൊണ്ടിരിക്കുമ്പോൾ, ആണ് നമ്മുടെ ഭരണഘടനാ നിർമ്മാണ സഭ രൂപീകരിച്ചതും, അതിലെ സാമാജികൻമാർ കർത്തവ്യങ്ങൾ അനുഷ്ഠിച്ചതും. അതുകൊണ്ട് ന്യായമായും, അവർക്ക് ചില പരാധീനതകളുണ്ടായിരുന്ന കാര്യം മറന്നു കൂടാ. ഈ പരാധീനതകളും സമ്മർദ്ദങ്ങളുമൊക്കെ അവരുടെ നിർമ്മാണോൽപ്പന്നത്തിൽ പ്രതിഫലിക്കുന്നത് ന്യായമാണ്. എന്നിരുന്നാലും ഒരു മൗലികനിയമം ചമയ്ക്കുമ്പോൾ, ആവശ്യമായ വിധത്തിൽ നിഷ്പക്ഷതയും സർവ്വോപരി നിർമ്മമതയും പരിപാലിക്കേണ്ടതുണ്ട്. അക്കാര്യങ്ങളിൽ ഭരണഘടനാശിൽപ്പികൾ എത്രമാത്രം വിജയിച്ചിട്ടുണ്ട് എന്നു തിട്ടപ്പെടുത്തുക വിഷമമേറിയ കാര്യമാണ്. ഭരണഘടനയിലെ മൗലികാവകാശ വ്യവസ്ഥകളെപ്പറ്റി ചർച്ച ചെയ്യുമ്പോൾ പലരും ഇക്കാര്യങ്ങൾ വിസ്മരിക്കുന്നു.

ഭരണഘടനയുടെ കുറ്റങ്ങൾ കൂടുതലായും കുത്തിപുറത്തിടാൻ കിണഞ്ഞു ശ്രമിച്ചിട്ടുള്ളവരധികവും വിദേശികളായ വിചക്ഷണൻമാരാണ്. അവർക്ക് ബൃഹത്തും, പാരമ്പര്യത്താൽ മഹത്തും, എല്ലാ വിധവൈവിധ്യങ്ങളും നിലവിലിരിക്കുന്നതുമായ ഭാരതസ്വരൂപം പൊതുവായി ഉൾക്കൊള്ളാനുള്ള കരുത്ത് കുറവാണ്. ലോകജനസംഖ്യയിൽ ഏറ്റവും കൂടുതലുള്ള രാജ്യങ്ങളിലൊന്നായ ഭാരതത്തിൻെറ പ്രശ്നങ്ങളുടെ സങ്കീർണ്ണതയും അവർ ധരിക്കുന്നതപൂർവ്വമാണ്. അവരധികവും ജനസംഖ്യ വളരെ കുറവും വിസ്തൃതികുറച്ചുമുള്ള യൂറോപ്യൻ രാജ്യപശ്ചാത്തലമാണ്. ഭാരതത്തിൻെറ കാര്യത്തിലും ആരോപിക്കാറുള്ളത്. അതുകൊണ്ട് അവരുടെ വിലയിരുത്തലധികവും വികൽപ്പവിധേയമായിത്തീരുന്നു. പാശ്ചാത്യദേശങ്ങളിലെ വ്യവസായ വിപ്ലവത്തിൻെറ പശ്ചാത്തലത്തിൽ പരിണാമപ്പെട്ടിട്ടുള്ള ആശയങ്ങൾ അടങ്ങിയ അവകാശങ്ങൾ തികച്ചും പിന്നാക്കം നിൽക്കുന്ന ഒരു നാട്ടിൽ മാറ്റി നടുന്നത് വരുത്തുന്ന വിഷമങ്ങൾ പലരും വിസ്മരിച്ചു കളയുന്നു. ഒരു നിയമപണ്ഡിതൻ പറയുന്നു- കരുതൽ തടങ്കൽ ഭാരതത്തിൻെറ ഭരണപരമായ ഒരാവശ്യമാണ്; പൊതുഭദ്രത, നീതിന്യായ പരിപാലനം, തുടങ്ങിയവയ്ക്ക് പ്രത്യേകിച്ചും. ...... ഇംഗ്ലണ്ടിൽ ഉറപ്പാക്കിയിട്ടുള്ളതുപോലെ സ്വാതന്ത്ര്യം, ഭാരതത്തിലും നടപ്പാക്കുവാൻ ശ്രമിക്കുന്നത്, ഭാരതത്തിലെ അസ്വാസ്ഥതകളും അപ്രതീക്ഷിതങ്ങളായ ആപത്തുകളും കണക്കിലെടുക്കാതെയാണ് [80]. 1962-ൽ ഭാരതത്തിനെതിരായി ചൈനയുടെ ആക്രമണമുണ്ടായി. അന്ന് ദേശീയാടിയന്തരാവസ്ഥ രാഷ്ട്രപതി പ്രഖ്യാപിച്ചു. അപ്രകാരം ചെയ്തത് ഭാരതീയ രാജ്യരക്ഷാനിയമം (1962) അനുസരിച്ചായിരുന്നു. കാര്യനിർവ്വഹണ വിഭാഗം (എക്സിക്യൂട്ടീവ്) സ്വീകരിക്കാറുള്ള അസാധാരണാധികാര്യങ്ങൾ വഴിയാണ് നിയന്ത്രണാധികാരങ്ങൾ നിലവിൽ വരുത്തേണ്ടത്. ഒരു നിയമ പണ്ഡിതൻ പറഞ്ഞിട്ടുള്ളതുപോലെ [81]- മാഗ്നാക്കാർട്ടയിലെ വ്യവസ്ഥകൾ അനുസരിച്ചോ ഗിരി പ്രഭാഷ

80. Fundamental Rights in India by Alan Glendhill -p.128

ണത്തിലൂടെയോ ഒരു യുദ്ധം നടത്തതാവുന്നതല്ല. അതിനാൽ പ്രത്യേക സാഹചര്യങ്ങളിൽ മൗലികാവകാശങ്ങൾ നിയന്ത്രിച്ചേ കഴിയൂ. എന്നാൽ മറ്റൊരു പണ്ഡിതൻ പ്രസ്താവിച്ചിട്ടുള്ളതു മാതിരി - പോരു നടക്കുമ്പോഴും നിയമങ്ങൾ നിശ്ശബ്ദമാകുന്നില്ല. ചില വ്യതിയാനങ്ങൾ വരാമെങ്കിലും, ഏതു കാലത്തും അത് സംസാരിക്കുന്നത് ഒരേ ഭാഷയിലായിരിക്കും[82]. മൗലികാവകാശങ്ങളും മറ്റും കോടതികളാണ് സംരക്ഷിക്കുന്നതെങ്കിലും, അവ പുലർത്തുന്ന സാഹചര്യവും, വളർത്തുന്നതിനുള്ള വളവും, വെള്ളവും ഉറപ്പാക്കേണ്ടത് ശക്തമായ പൊതുജനാഭിപ്രായമാണെന്നതാണ് വാസ്തവം. അത് രൂപമെടുക്കുന്നതും, എടുക്കേണ്ടതും ദീർഘകാലത്തെ സാമൂഹ്യബോധപരിണാമങ്ങളിലൂടെയാണ്. അതിനു കളമൊരുക്കാൻ എല്ലാ രാഷ്ട്രീയ കക്ഷികൾക്കും, ബാധ്യതയും ലക്ഷ്യവും ഉണ്ടാകണം.

✲✲✲

81. Lord (Justice) Scruton
82. Lord Eatkin.

നയം സംബന്ധിച്ച നിർദ്ദേശക തത്വങ്ങൾ

ഭാരതഭരണഘടനയുടെ നാലാംഭാഗത്തിലാണ് രാജ്യത്തിൻെറ നയപരിപാടികളെ നയിക്കുന്നതും നിർണ്ണയിക്കുന്നതുമായ വകുപ്പുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. സുപ്രീം കോടതിയുടെ ഒരു വിധിയിൽ മൗലികാവകാശങ്ങളും നിർദ്ദേശക തത്വങ്ങളും ഭരണഘടനയുടെ മനഃസാക്ഷിയാണെന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്[83]. അവ തമ്മിൽ സംഘട്ടനമൊന്നുമില്ലെന്നു മാത്രമല്ല, പരസ്പര പൂരകത്വം ഉണ്ടുതാനും. നമ്മുടെ ഭരണഘടനയുടെ മുഖ്യമായ പ്രത്യേകതകളിൽ ഒന്നാണത്. റിപ്പബ്ലിക്കായ അയർലണ്ടിൻെറ ഭരണഘടനയിൽ ഇത്തരം നിർദ്ദേശകതത്വങ്ങൾ ഉണ്ട്. ഐക്യരാഷ്ട്രസഭയുടെ സാർവ്വലൗകിക മനുഷ്യാവകാശ തീട്ടൂരം, ജറമിബെന്താം, ഫേബിയൻ സോഷ്യലിസം, ഗിൽഡ്സോഷ്യലിസം എന്നിവയിൽ നിന്നും ആശയങ്ങൾ സ്വീകരിച്ചാണ്, ഈ നാലാംഭാഗം സംവിധാനം ചെയ്തതെന്നു പറയാം. അതേ സമയം തികച്ചും ഭാരതീയമായ ആശയാഭിപ്രായങ്ങളും അതിൻെറ രൂപീകരണത്തിൽ സ്വാധീനം നേടി. ഗ്രാമപഞ്ചായത്ത്, മദ്യനിരോധനം, ഗോവധനിരോധനം, കുടിൽവ്യവസായം, പിന്നാക്കം നിൽക്കുന്നവരുടെ അഭിവൃദ്ധി, എന്നിങ്ങനെ പലതും അതിനു ചൂണ്ടിക്കാണിക്കാം. മൊത്തത്തിൽ പരിശോധിച്ചാൽ ഭാരതത്തിൻെറ പുരോഗതി ഏതു ദിശയിലേക്കായിരിക്കുമെന്നു നേരത്തെ കൂട്ടി വഴിയൊരുക്കുകയാണ് നിർദ്ദേശകതത്വങ്ങളിൽ. ക്ഷേമരാഷ്ട്രമെന്ന ലക്ഷ്യം പ്രാപിക്കണമെങ്കിൽ ഈ തത്വങ്ങൾ സാക്ഷാത്കരിച്ചേ പറ്റൂ. നിയമനിർമ്മാതാക്കളും നിർവ്വഹണ വിഭാഗക്കാരും അവരുടെ കർത്തവ്യനിർവ്വഹണത്തിൽ ഈ ആശയങ്ങൾ കണക്കിലെടുത്തേ മതി

83. Minerva Mills Vs. Union of India (1980).S.C. 625

യാവൂ. ഭരണനയമത്തിൻെറ അടിസ്ഥാന വശങ്ങളായി ഇവയെ പരിഗണിക്കാതെ വയ്യാ.

പ്രത്യേക പ്രാധാന്യം കൊടുത്ത് ഇനിപറയുന്ന സംഗതികൾ ജനങ്ങൾക്കു ലഭ്യമാക്കാൻ ശ്രദ്ധിക്കണം : (1) എല്ലാ പൗരൻമാർക്കും മതിയായ ഉപജീവനത്തിനുള്ള സൗകര്യം വേണം. (2) ഭൗതിക വിഭവങ്ങൾ ന്യായയുക്തമാംവണ്ണം വിതരണം ചെയ്യണം. (3) സമ്പത്തും ഉൽപാദനോപാധികളും കേന്ദ്രീകരിക്കുന്നതു തടയണം. (4) തുല്യ വേലക്ക് തുല്യവേതനം, സ്ത്രീ പുരുഷ ഭേദം നോക്കാതെ നടപ്പിൽ വരുത്തുക. (5) കുട്ടികളുടെ ഇളം പ്രായവും തൊഴിലാളികളുടെ പ്രയത്നവും ദുരുപയോഗ വിധേയമാകാതെ സൂക്ഷിക്കുക. (6) ബാല്യവും യുവത്വവും ചൂഷണത്തിൽ നിന്നു രക്ഷിക്കണം [84]

ഗ്രാമപഞ്ചായത്ത് സംഘടിപ്പിക്കാൻ നടപടികൾ സർക്കാർ സ്വീകരിക്കണം. അവ വിജയകരമായി നടത്തിക്കൊണ്ടു പോകാനുള്ള കഴിവാർജ്ജിക്കാൻ സർക്കാർ സഹായിക്കണം[85]. ജോലി ചെയ്യാനുള്ള അവകാശം, വിദ്യാഭ്യാസം ചെയ്യാനുള്ള സൗകര്യം, ചില നിശ്ചിത കാര്യങ്ങളിൽ സഹായം സിദ്ധിക്കാനുള്ള സജ്ജീകരണം എന്നിവ ഉറപ്പുവരുത്തിയേ പറ്റൂ[86]. നീതിയുക്തവും മനുഷ്യത്വപരവുമായ സാഹചര്യങ്ങളിൽ പണിയെടുക്കാനും, പ്രസവരക്ഷസംബന്ധിച്ച സംഗതികൾ ഉറപ്പുവരുത്താനും വേണ്ടതു ചെയ്യണം. നിയമനിർമ്മാണത്താലോ സാമ്പത്തികാസൂത്രണം കൊണ്ടോ മറ്റേതെങ്കിലും തരത്തിലോ കർഷക വ്യവസായത്തൊഴിലാളികൾക്ക് ജീവിക്കാനാവശ്യമായ കൂലിയും മാന്യമായ ജീവിത മാനദണ്ഡം നേടുവാനുള്ള വഴിയും ഉണ്ടാക്കുവാൻ പരിശ്രമിക്കും. വിശ്രമവേള ആനന്ദകരമായി അനുഭവിക്കാൻ വേണ്ട സാഹചര്യങ്ങൾ മാത്രമല്ല, സാമൂഹികവും സാംസ്കാരികവുമായ വികസനത്തിന്നും ഏർപ്പാടു

---

84. Article : 39 85. Article : 40 86. Article : 41

ചെയ്യേണ്ടതാണ്. സ്വകാര്യാടിസ്ഥാനത്തിലോ സഹകരണാടിസ്ഥാനത്തിലോ ഗ്രാമവ്യവസായങ്ങൾ പരിപോഷിപ്പിക്കാൻ പ്രത്യേകം ശ്രമിക്കും [87]. ഭാരതത്തിലാകമാനം ഒരൊറ്റ സിവിൾ കോഡ് (ദായക്രമവും വിവാഹവും പിൻതുടർച്ചാവകാശവും സംബന്ധിച്ച നിയമം) നടപ്പിലാക്കും[88]. വിവാഹം, വിവാഹമോചനം, ദത്തെടുക്കൽ, മരണശാസനം, മരണ ശാസനമില്ലാതുള്ള മരണംമൂലമുള്ള പിൻതുടർച്ചാവകാശം, കൂട്ടു കുടുംബവും ഭാഗം വെയ്ക്കലും, തുടങ്ങിയ കാര്യങ്ങളെപ്പറ്റി സംയുക്ത പട്ടികയിലാണ് പെടുത്തിയിട്ടുള്ളത്[89]. പതിന്നാലു വയസുവരെയുള്ള കുട്ടികൾക്ക് സൗജന്യ നിർബ്ബന്ധിത വിദ്യാഭ്യാസം നടത്താൻ സൗകര്യമുണ്ടാക്കും[90]. പിന്നാക്കവിഭാഗങ്ങളുടെ വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താൽപ്പര്യങ്ങൾമെച്ചപ്പെടുത്താൻ ശ്രമിക്കും. പ്രത്യേകിച്ചും പട്ടിക ജാതി- വർഗ്ഗങ്ങളുടെ കാര്യങ്ങളിൽ [91].

പൊതുജന ജീവിതത്തോതുയർത്താൻ രാഷ്ട്രത്തിന് കടമയുണ്ട്. ലഹരിസാധനങ്ങൾ ഉപയോഗിക്കുന്നത് നിരോധിക്കാനോ, നിയന്ത്രിക്കാനോ പ്രയത്നിക്കുന്നതാണ്[92]. സംസ്ഥാന നിയമസഭയ്ക്ക് മദ്യനിരോധനത്തിനുള്ള നിയമങ്ങൾ നിർമ്മിക്കാം. കൃഷിയും കന്നുകാലി വളർത്തലും ആധുനികവും ശാസ്ത്രീയവുമാക്കും. ഗോവധ നിരോധനവും ഇതിൽപെടും[93]. കന്നുകാലി സംരക്ഷണം, കന്നുകാലി അഭിവൃദ്ധി, മൃഗരോഗ നിയന്ത്രണം, മൃഗവൈദ്യ പരിശീലനം, മൃഗവൈദ്യം തുടങ്ങിയവ സംസ്ഥാനങ്ങളുടെ വിഷയങ്ങളാണ്. കൃഷി, കൃഷിസംബന്ധികളായ ഗവേഷണ വിദ്യാഭ്യാസം, കീടനിയന്ത്രണം, സസ്യരോഗ മുൻകരുതൽ തുടങ്ങിയവയും സംസ്ഥാനനിയമ നിർമ്മാണധികാരങ്ങൾ തന്നെ.

ദേശീയാടിസ്ഥാനത്തിൽ ചരിത്രം, കലാമേൻമ എന്നിവയ്ക്കു പ്രാധാന്യമുള്ള സ്മാരകങ്ങൾ, സങ്കേതങ്ങൾ, സാധന

87. Article : 43 88. Article : 44
89. Seventh Schedule : List III 90. Article : 45 90. Article : 46
91. Article : 47 92. Article : 48 93. Article : 50

ങ്ങൾ തുടങ്ങിയവ സംരക്ഷിക്കാൻ രാഷ്ട്രത്തിനു ബാധ്യതയുണ്ട്. പുരാവസ്തുക്കളെന്ന നിലയിൽ അവസൂക്ഷിക്കപ്പെടണം. അത്തരം വിഭവങ്ങൾ നശിപ്പിക്കുക, വിരൂപപ്പെടുത്തുക, എടുത്തു മാറ്റുക, കൈമാറ്റം ചെയ്യുക, കയറ്റിയയക്കുക, തുടങ്ങിയവയും നിരോധിച്ചിരിക്കുന്നു. ദേശീയ പ്രാധാന്യമുള്ളതെന്ന് പാർലിമെൻററു നിയമത്തിലൂടെ നിർണ്ണയിക്കുന്നവയെപ്പറ്റി നിയമനിർമ്മാണാധികാരം കേന്ദ്രസർക്കാരിനാണ്. നിയമത്തിലൂടെ പാർലിമെൻറ് പ്രഖ്യാപിക്കാത്ത ദേശീയ പ്രാധാന്യമുള്ളവയായാൽ സംയുക്ത പട്ടികയിലാണുൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്രത്തിനോ സംസ്ഥാനങ്ങൾക്കോ യുക്തം പോലെ അവയ്ക്ക് നിയമമുണ്ടാക്കാം.

ഭരണനിർവ്വഹണവകുപ്പിൽ നിന്ന് നീതിന്യായ പരിപാലനം വേർതിരിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കാനും സർക്കാരിനു ചുമതലയുണ്ട്[93]. ഭാരതസർക്കാർ എന്നും അന്തർദ്ദേശീയ സമാധാനത്തിനും ഭദ്രതയ്ക്കും പരിശ്രമിക്കുന്നതാണ്. ഈ ലക്ഷ്യം വെച്ചുകൊണ്ട്, നീതിപൂർണ്ണവും അഭിമാനകരവുമായ ബന്ധം എല്ലാ ദേശങ്ങളുമായി പുലർത്തും. അന്തർദ്ദേശീയ മണ്ഡലത്തിലെ മത്സരം, ഭിന്നിപ്പ്, അഭിപ്രായവ്യത്യാസം തുടങ്ങിവ സമാധാന പരമായ രീതിയിൽ ഒതുക്കുന്നത് പ്രോത്സാഹിപ്പിക്കും[94].

രാജ്യത്തിൻെറ നയം സംബന്ധിച്ച നിർദ്ദേശക തത്വങ്ങൾക്ക് നിയമ പ്രാബല്യമില്ല. അവ കോടതികൾ സ്ഥാപിക്കുകയുമില്ല. ഇക്കാരണത്താൽ ഇവയ്ക്ക് 'അർത്ഥമില്ലെന്ന് ചിലർ വാദിച്ചിട്ടുണ്ട്. ലക്ഷ്യപ്രഖ്യാപന പ്രധാനങ്ങളായ ഈ തത്വങ്ങൾ നമ്മുടെ ആദർശങ്ങളും ലക്ഷ്യങ്ങളും കുറിക്കുന്ന പ്രമാണമായി കരുതിയാൽ മതി. അവ മാർഗ്ഗോപദേശവും, പ്രചോദനവും നിരന്തരം നമുക്ക് നൽകികൊണ്ടിരിക്കും. മൗലികാവശ്യങ്ങൾ സ്ഥാപിച്ചുകിട്ടേണ്ടുന്ന അവകാശങ്ങൾ ആണ് പരാമർശിക്കു

93. Article : 50 94. Article : 51

ന്നത്. ആ നിലയിൽ അവ നിശ്ചലങ്ങളാണ്. നിർദ്ദേശകതത്വങ്ങൾ നേടാനിരിക്കുന്ന ആദർശങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു[95]. ഇവ രചിച്ചത് ജവഹർലാൽ നെഹ്റുവാണെന്നാണ് ചിലർ കരുതുന്നത്. സുപ്രീം കോടതിയുടെ ഒരു വിധിയിൽ, മൗലികാവകാശവും നിർദ്ദേശകതത്വങ്ങളും തമ്മിൽ പ്രാമാണ്യത്തിനു വേണ്ടി മത്സരമുണ്ടായാൽ എന്തായിരിക്കും സ്ഥിതിയെന്ന പ്രശ്നം കൈകാര്യം ചെയ്തിട്ടുണ്ട്. നിർദ്ദേശകതത്വങ്ങൾ മൗലികാവകാശങ്ങളുടെ അനുബന്ധമായിരിക്കണം, അനുസ്യൂതമായിരിക്കണം. മൂന്നും നാലും ഭാഗങ്ങളിൽ കാണുന്ന വ്യവസ്ഥകൾ, ശരിയായി മനസ്സിലാക്കേണ്ടത് അപ്രകാരമാണ്[96].

95. Nehru's Speeches 1949 - 1953 p.492
96. Justice S.R. Das : (1952) S.C. 354

മൗലിക കർത്തവ്യങ്ങൾ

ഭരണഘടനയുടെ നാൽപ്പത്തിരണ്ടാമത്തെ ഭേദഗതിയിലൂടെ ചേർത്ത ഒരു പുതിയ ഭാഗമാണ് മൗലിക കർത്തവ്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അത് ഊർജ്ജിതത്തിൽ വന്നത് 3-1-1997 മുതലാണ്. അവകാശങ്ങളെക്കുറിച്ചല്ലാതെ, പൗരൻമാരുടെ കർത്തവ്യങ്ങളെപ്പറ്റി ഭരണഘടനയിൽ എവിടെയും പരാമർശമില്ലെന്ന ആവലാതി, നാലാം ഭാഗം 'എ' എന്ന വിഭാഗത്തിലൂടെ അവസാനിപ്പിച്ചിരിക്കുന്നു[97]. കർത്തവ്യങ്ങൾ ഇവയാണ്:

1) ഭരണഘടനയിലെ വ്യവസ്ഥകൾ അനുസരിച്ചും, അതിലെ ആദർശങ്ങളും സ്ഥാപനങ്ങളും ആദരിച്ചും, ദേശീയ പതാക, ദേശീയ ഗാനം, എന്നിവയെ ബഹുമാനിച്ചും കഴിയേണ്ടത് ഒരു ഭാരതീയ പൗരൻ എന്ന നിലയിൽ എൻെറ കടമയായിരിക്കും.

2) ദേശീയ സ്വാതന്ത്ര്യസമരകാലത്ത് ഉത്തേജിപ്പിച്ച മഹത്തായ ആദർശങ്ങളും അന്തശ്ചോദനാശയങ്ങളും പ്രിയപ്പെട്ടവയായി സൂക്ഷിക്കും.

3) ഭാരതപരമാധികാരം, ഐക്യം, അഭിന്നത, എന്നിവ പുലർത്തും.

4) ആവശ്യമായിവരുമ്പോൾ ദേശീയ സേവനം നിർവ്വഹിക്കാനും, രാജ്യരക്ഷ ഉറപ്പുവരുത്താനും തയ്യാറായിരിക്കും.

5) മതം, ഭാഷ, പ്രാദേശികത്വം, വിഭാഗീയത, വൈവിധ്യം എന്നിവ നോക്കാതെ എല്ലാ ജനങ്ങളിലും സഹോദരതയും

---

97. The Constitution (42 nd Amendment) Act 1976 : S. 10 Part IV A.

ഇണക്കവും പ്രോത്സാഹിപ്പിക്കും. വനിതാ മാന്യതയ്ക്കെതിരായ ഏതു ആചാര മര്യാദയും വച്ചൊഴിയും.

6) ഭാരതത്തിൻെറ സമ്പന്നമായ പാരമ്പര്യം, വൈവിധ്യമുള്ള സംസ്കാരം എന്നിവ വിലപ്പെട്ടവയായി കരുതുകയും സംരക്ഷിക്കുകയും ചെയ്യും.

7) വനങ്ങൾ, തടാകങ്ങൾ, നദികൾ, വന്യജീവികൾ, എന്നിവയുൾപ്പെടുന്ന പ്രകൃതി വിഭവം സംരക്ഷിക്കാനും, വർദ്ധിപ്പിക്കാനും, ജീവജാതികളുടെ അനുപാതം പെരുപ്പിക്കാനും തയ്യാറാവും.

8) പൊതുവായ ശാസ്ത്രീയാഭിനിവേശം, മനുഷ്യത്വം, വിജ്ഞാനകൗതുകം, പരിഷ്കാരങ്ങൾക്കുള്ള താൽപര്യം തുടങ്ങിയവ വികസിപ്പിക്കും.

9)പൊതു മുതൽ സംരക്ഷിക്കാനും, അക്രമം പൂർണ്ണമായി വർജ്ജിക്കാനും പരിശ്രമിക്കും.

10) നിരന്തരം അഭ്യുന്നതപ്രയത്നത്തിനും, നേട്ടത്തിനും മാത്രമല്ല ദേശത്തിലെ വ്യക്തിഗത ശ്രമങ്ങളിലും, സംയുക്ത പരിശ്രമങ്ങളിലും പ്രകർഷത്തിനും,ഏറിയ മാനദണ്ഡാർജ്ജനത്തിനും ശ്രമിക്കും.

ഈ പത്തു വിഭാഗങ്ങളിൽ പെടുത്തിയിട്ടുള്ള ആശയങ്ങൾക്കാണ് മൗലിക കർത്തവ്യങ്ങളിൽ പ്രാമാണ്യം നൽകിയിരിക്കുന്നത്. നിർദ്ദേശക തത്വങ്ങളെപ്പോലെ ഇവയും പൗരജീവിതത്തിൽ മേൻമ വരുത്താൻ സഹായിക്കുന്നു.

രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും

, സമ്പർക്കം കൊണ്ടും, നടത്തിപ്പുകണ്ട് പരിചയിക്കാനും, ഏറ്റവുമധികം അവസരങ്ങൾ ഭാരതത്തിന് ഉണ്ടായിട്ടുള്ളത് ബ്രിട്ടനിലെ ഭരണ സമ്പ്രദായവുമായിട്ടാണ്. അവിടെ സ്വീകരിച്ചിട്ടുള്ള ജനാധിപത്യ മാതൃകയാണ് ഭാരതത്തിന് ഏറ്റവും അനുകൂലമായത് എന്നത്രേ, നമ്മുടെ നേതാക്കൻമാരധികവും കണ്ടെത്തിയത്. കുറ്റമറ്റതായതുകൊണ്ടല്ല, കുറ്റം ഏറ്റവും കുറവുള്ളതെന്നതു കൊണ്ടാണ് അവർ അങ്ങിനെ തീരുമാനം കൈക്കൊണ്ടത്. രാജവാഴ്ചയെത്തന്നെ ജനാധിപത്യ വ്യവസ്ഥിതിയുടെ അംശമാക്കിമാറ്റാൻ ബ്രിട്ടീഷുകാർക്കു സാധിച്ചു. ദീർഘനാളത്തെ നിരന്തരമായ രാഷ്ട്രീയ പരിണാമത്തിലൂടെ അവർ രാജവാഴ്ചയെ സ്ഥുടം ചെയ്ത്, ക്യാബിനറ്റ് സമ്പ്രദായമാക്കി. അന്യരാജ്യങ്ങളിൽ പിൽക്കാലങ്ങളിൽ എഴുതിയുണ്ടാക്കിയ പല ഭരണഘടനകളും, പരാജയം ഏറ്റുവാങ്ങിയപ്പോഴും ബ്രിട്ടനിലെ അലിഖിത ഭരണസമ്പ്രദായം ശക്തിയാർജ്ജിച്ച് നിലനിന്നു. ഫെഡറൽ വ്യവസ്ഥയ്ക്കു ഏർപ്പാടു ചെയ്തിട്ടുള്ള നമ്മുടെ ഭരണക്രമം, മാതൃകയാക്കാൻ വേണ്ടി അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡൻഷ്യൽ ഭരണക്രമവും, സ്വിറ്റ്സർലണ്ടിലെ ഭരണനിർവ്വഹണമായ കൊളീജിയേറ്റ് എക്സിക്യൂട്ടീവും പരിശോധിച്ചെങ്കിലും ഒടുവിൽ ബ്രിട്ടീഷ് മാതൃകതന്നെയാണ് സ്വീകരിച്ചത്. ഭരണഘടനാനിർമ്മാണ സഭയിൽ, ഇപ്പറഞ്ഞവയ്ക്കു വേണ്ടി വാദിക്കാൻ പലരുമുണ്ടായിരുന്നെങ്കിലും, ഒടുവിൽ ഭൂരിപക്ഷം സാമാജികർ തീരുമാനിച്ചത്, ക്യാബിനറ്റ് ഭരണരീതി തന്നെ മതിയെന്നാണ്. അതിരൂക്ഷങ്ങളായ രണ്ടു ലോകമഹായുദ്ധങ്ങൾ വിജയപൂർവ്വം നടത്താനും, സമാധാന കാലത്ത് സകലർക്കും ആദരവുവരുത്തും വിധം ഭരണം നിർവ്വ

ഹിക്കാനും, സാധിച്ച ബ്രിട്ടീഷ് ക്യാബിനറ്റ് സമ്പ്രദായം അസാമാന്യമായ ആർജ്ജവവും കരുത്തും തെളിയിച്ചിട്ടുണ്ട്. പിരിച്ചുനട്ടതാണെങ്കിലും ജനസഹകരണമെന്ന വളവും വെള്ളവും വേണ്ടത്ര നൽകിയാൽ, ഭാരതത്തിലെ മണ്ണിലും അത് തഴച്ചു വളരുമെന്ന് കാണിക്കേണ്ടത്, ജനിധിപത്യവിശ്വാസി കളായ ജനങ്ങളുടെ കടമയാണ്.

ഒരു റിപ്പബ്ലിക് ആകയാൽ ഭാരതം ഭരണത്തലവനായി ഒരു രാജാവിനെ അംഗീകരിക്കുന്നില്ല; മറിച്ച് തെരഞ്ഞെടുക്കുന്ന ഒരു രാഷ്ട്രപതിയാണ്, നമ്മുടെ ഭരണകൂടത്തിൻെറ പ്രതീകം[98]. അദ്ദേഹത്തിൻെറ ഉദ്യോഗ കാലാവധി ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. ബ്രിട്ടനിലെ രാജാവിൻെറ മാതിരിയിൽ മന്ത്രിസഭയുടെ ഉപദേശം സ്വീകരിച്ചാണ് അദ്ദേഹവും സ്വകർത്ത്യവ്യങ്ങൾ നിവ്വ ഹിക്കുന്നത്. കേന്ദ്രഭരണത്തിലെ നിർവ്വഹണാധികാരം രാഷ്ട്ര പതിയിൽ നിക്ഷിപ്തമാണ്. അതു കൂടാതെ ഭാരതീയ സൈന്യ വിഭാഗങ്ങളുടെ പരമോന്നതാധിപൻ അദ്ദേഹമാണ്. അതു സംബന്ധിച്ച് അദ്ദേഹത്തിൽ നിക്ഷിപ്തമായ അധികാരം നിയമം മൂലം പാർലിമെൻറ് നിയന്ത്രിക്കും. ഭാരതീയനായ ഏതൊരു പൗരനും രാഷ്ട്രപതി സ്ഥാനത്തേക്കു മത്സരിക്കാനുള്ള യോഗ്യത യുണ്ട്. മുപ്പത്തിയഞ്ചു വയസ് പൂർത്തിയാകണം. ലോകസഭയി ലേക്ക് തെരഞ്ഞെടുക്കപ്പെടാനുള്ള യോഗ്യതകളും അയാൾക്കു ണ്ടായിരിക്കണം. ആ സമയം ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥനായി രുന്നു കൂടാ. രാഷ്ട്രപതിയായി പദവിയിയേറുന്ന ദിവസം മുതൽ, അദ്ദേഹത്തിന് നിയമസഭാംഗമോ, പാർലിമെൻറ് അംഗമോ ആയി തുടരാവുന്നതല്ല. രാഷ്ട്രപതി ഒരു വ്യവസ്ഥാപിത ഭരണാധികാരി മാത്രമാണ്. അദ്ദേഹം മന്ത്രിസഭയുടെ സഹാ യവും ഉപദേശവും സ്വീകരിച്ചാണ് സ്വകർത്തവ്യങ്ങൾ നിറവേറ്റുന്നത്[99].

---

98. Article : 52 99. Sham Sher Singh Vs. State of Punjab - AIR 1974 S.C. 2192. Article : 53

ഭാരത പാർലിമെൻററിൻെറ ഇരു സഭകളിലെയും സംസ്ഥാന നിയമസഭകളിലേയും അംഗങ്ങൾ ആണ് രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത്[100]. ഇവർ ജനങ്ങളെ പ്രതിനിധീകരിച്ചു കൊണ്ട്, തെരഞ്ഞെടുപ്പിൽ പങ്കുകൊള്ളുന്നു, -പരോക്ഷമായ രീതിയിൽ. പ്രാതിനിധ്യത്തിൽ ഐകരൂപ്യമുണ്ടാക്കാൻ, ഉതകുന്ന വിധത്തിലാണ്, തെരരഞ്ഞെടുപ്പുരീതിയും പദ്ധതിയും[1]. രഹസ്യമായിട്ടാണ് സമ്മതിദാനാവകാശം രേഖപ്പെടുത്തുന്നത്. പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ ജനങ്ങൾ നേരിട്ടു തെരഞ്ഞെടുക്കുന്ന രീതി നമ്മുടെ ഭരണഘടന സ്വീകരിച്ചിട്ടില്ല[2].

വാടക കൂടാതെ ഔദ്യോഗികവസതി (രാഷ്ട്രപതി ഭവൻ) നവദില്ലിയിൽ അദ്ദേഹത്തിന് അനുവദിച്ചിരിക്കുന്നു, നിശ്ചിത മായ പ്രതിമാസശമ്പളത്തിനും അർഹതയുണ്ട്. അത് കാലാവധി കഴിയുന്നതു വരെ, വിപരീതമാകത്തക്ക വിധത്തിൽ വ്യത്യാസ പ്പെടുത്തിക്കൂടാ. കാലവധികഴിഞ്ഞോ രാജിമൂലമോ രാഷ്ട്രപ തിക്ക് പദവിയിൽ നിന്നു പിൻമാറാം. അദ്ദേഹത്തിന് ജീവിതാവ സാനം വരെ അടുത്തൂൺ സ്വീകരിക്കാൻ അർഹതയുണ്ട്. പദവി യിലിരിക്കുന്ന കാലമത്രയും സൗജന്യ ചികിത്സയും സ്വീക രിക്കാം, പദവിയിൽ നിന്നു പിരിഞ്ഞു കഴിഞ്ഞാലും ഒരു ആപ്പീസും അതിനുവേണ്ട ഉദ്യോഗസ്ഥൻമാരും അദ്ദേഹത്തിന് കിട്ടാൻ അർഹതയുണ്ട്.

ഭരണഘടനാ വ്യവസ്ഥകൾ രാഷ്ട്രപതി ലംഘിച്ചാൽ അദ്ദേ ഹത്തെ കുറ്റവിചാരണ ചെയ്ത് നീക്കം ചെയ്യാവുന്നതാണ്[3]. കാലാവധി കഴിഞ്ഞു പിരിഞ്ഞശേഷം വീണ്ടും മത്സരിക്കാൻ പ്രയാസമില്ല. ചില രാജ്യങ്ങളിൽ ഇപ്രകാരം വീണ്ടും തെരഞ്ഞെ ടുക്കപ്പെടാനുള്ള അർഹത നിജപ്പെടുത്തിയിട്ടുണ്ട്. അയർല ണ്ടിലും ബർമ്മയിലും ഇത് രണ്ടു തവണയാണ്.

100. Article : 54
1. Article : 55 2. Constitution Assembly Debates Vol IV No.6
Presidential & Vice - Presidential Election Act (1952)
3. Article : 61

രാഷ്ട്രപതിയിൽ വളരെ വിപുലമായ അധികാരങ്ങൾ നിക്ഷേപിച്ചിരിക്കുന്നു. നീതിനിർവ്വഹണം, നിയമനിർമ്മാണം, ഭരണനിർവ്വഹണം, ധനകാര്യം എന്നീ വകുപ്പുകളിൽ പെടുത്താവുന്നതാണ് ഈ അധികാരങ്ങൾ. കുറ്റവാളികൾക്ക് ശിക്ഷയിൽ മാപ്പു കൊടുക്കാനും, ശിക്ഷ ഇളവു ചെയ്യാനും, മാറ്റിവയ്ക്കാനും, അദ്ദേഹത്തിന് സാധിക്കും[4]. പക്ഷേ ഇവ നിറവേറ്റുന്നത് ഗവർണ്ണർമാർക്കുള്ള സമാനാധികാരങ്ങൾക്കു ബാധകമാകാത്തവിധം വേണം. കേന്ദ്രസർക്കാരിൻെറ നിയമങ്ങൾക്കെതിരായുള്ള കുറ്റം, മരണശിക്ഷ, സൈനിക കോടതിയുടെ ശിക്ഷ എന്നീ മൂന്നു കാര്യങ്ങൾക്കാണ് മാപ്പു നൽകാവുന്നത്.

രാഷ്ട്രപതിക്കുള്ള നിയമനാധികാരങ്ങളും വിപുലം തന്നെ. പ്രധാനപ്പെട്ടവ ഇനി പറയുന്നവയാണ് : (1) ഭാരത പ്രധാനമന്ത്രിയും സഹമന്ത്രിമാരും. (2) അറ്റോണി ജനറൽ. (3) കംട്രോളർ-ആഡിറ്റർ ജനറൽ (4) സുപ്രീം കോടതി ജഡ്ജിമാർ. (5) ഹൈക്കോടതി ജഡ്ജിമാർ. (6) സംസ്ഥാന ഗവർണ്ണർ. (7)യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗം. (8) തെരഞ്ഞെടുപ്പു കമ്മീഷൻ അംഗങ്ങൾ. (9) ധനകാര്യക്കമ്മീഷൻ അംഗം. (10) ഇൻറർ സ്റ്റേറ്റ് കമ്മീഷൻ അംഗങ്ങൾ. (11) പിന്നാക്ക -വർഗ്ഗ-ജാതിക്കാർക്കുള്ള പ്രത്യേക ഉദ്യോഗസ്ഥൻ (12) പട്ടിക വർഗ്ഗ-ജാതി ഭരണ റിപ്പോർട്ടു തയ്യാറാക്കുന്ന ഉദ്യോഗസ്ഥൻ (13) ഔദ്യോഗിക ഭാഷാ കമ്മീഷൻ അംഗങ്ങൾ.

ഭാരതസേനയെ സംബന്ധിച്ചുള്ള അധികാരങ്ങളും വളരെയുണ്ട്. യുദ്ധപ്രഖ്യാപനം നടത്താനോ, പാർലിമെൻറിൻെറ അനുമതിയില്ലാതെ യുദ്ധത്തിനായി സൈന്യവിന്യാസം നടത്താനോ, അനുമതി പ്രതീക്ഷിച്ചുകൊണ്ട് അവ ചെയ്യാനോ കഴിയുകയില്ല. പാർലിമെൻറിൻെറ സഭകൾ വിളിച്ചു കൂട്ടാനും, നിർത്തിവെയ്ക്കാനും പിരിച്ചു വിടാനും, യുക്തമെന്നു തോന്നുന്ന കാലത്ത്, സ്ഥലത്ത്, സമയത്ത് സഭകൾ ചേരാൻ ആവശ്യപ്പെടാനും സാധിക്കും. സഭ ആദ്യമായി ചേരുമ്പോഴും ഓരോ ആണ്ടിൽ

---

4. Article : 72

ആദ്യവും സഭയെ അഭിസംബോധന ചെയ്യാം. പാർലിമെൻറി ൻെറ ഏതെങ്കിലും സഭയെയോ, സംയുക്ത സമ്മേളനത്തേയോ അഭിസംബോധന ചെയ്യാനും കഴിയും. അദ്ദേഹത്തിൻെറ പ്രസംഗം എത്രയും നേരത്തെ ചർച്ചാ വിഷയമാക്കണമെന്നാണു നടപടിക്രമം. ചില റിപ്പോർട്ടുകളും പ്രസ്താവനകളും സഭക ളിൽ അവതരിപ്പിക്കാൻ രാഷ്ട്രപതിക്ക് അധികാരമുണ്ട്. ചില കരടുനിയമങ്ങൾ അവതരിപ്പിക്കാൻ അദ്ദേഹത്തിൻെറ മുൻകൂർ അനുമതി വേണം. രാഷ്ട്രപതിയുടെ ശുപാർശ കൂടാതെ ധനകാര്യ കരടു നിയമം(ബിൽ) അവതരിപ്പിക്കാനോ ചർച്ചാവിഷയമാ ക്കാനോ പാടില്ല. പാർലിമെൻറു പാസ്സാക്കിയെടുക്കുന്ന കരടു നിയമങ്ങൾ രാഷ്ട്രപതിയുടെ അംഗീകാരം നേടിയാലെ നിയമ മാകൂ. പാർലിമെൻറു സമ്മേളിച്ചിട്ടില്ലാത്ത വേളകളിൽ അടിയ ന്തിര നടപടി ആവശ്യമായ കാര്യങ്ങൾക്കുതകുന്ന ഓർഡിനൻസു പുറപ്പെടുവിക്കാനുള്ള അധികാരവും പറയേണ്ടതുണ്ട്.

ഭാരതവും വിദേശരാജ്യങ്ങളുമായുള്ള ബന്ധങ്ങൾ, സംബ ന്ധിച്ച് രാഷ്ട്രപതിക്ക് ചുമതലകളുണ്ട്. വിദേശകാര്യം, നയതന്ത്രം, വാണിജ്യം തുടങ്ങിയവയ്ക്കുള്ള പ്രതിനിധികളുടെ നിയമനം, ഐക്യരാഷ്ട്ര സംഘടനയുമായുള്ള ബന്ധം, അന്താ രാഷ്ട്രസമ്മേള നങ്ങളിലും സംഘാടനകളിലുമുള്ള സഹകരണം അവയുടെ തീരുമാനങ്ങൾ നടപ്പാക്കാനുള്ള ഉത്തരവാദിത്വം, എന്നിങ്ങനെ യുള്ള കാര്യങ്ങൾ സംബന്ധിച്ച നിയമനിർമ്മാണാധികാരം പാർലിമെൻറിനാണ്. മറ്റു രാജ്യങ്ങളുമായി ഉടമ്പടികൾ, കരാറു കൾ തുടങ്ങിയവയുടെ ആലോചനകൾ നടത്താൻ അദ്ദേഹ ത്തിനും മന്ത്രിമാർക്കും കഴിയും. വിദേശ പ്രതിനിധികളുടെ നിയമനം, ഭാരതത്തിൽ നിയോഗിക്കപ്പെടുന്ന പ്രതിപുരുഷൻമാ രുടെ അധികാരപത്ര സ്വീകരണം എന്നിവയും അദ്ദേഹത്തിൻെറ ചുമതലകളിൽ പെടും.

അടിയന്തിരഘട്ടങ്ങളിൽ കരണീയങ്ങളായ കാര്യങ്ങൾ നിർവ്വഹിക്കാൻ രാഷ്ട്രപതിക്കു കർത്തവ്യമുണ്ട്. യുദ്ധത്താലോ പുറമെ നിന്നുള്ള ആക്രമണത്താലോ ആഭ്യന്തരകലാപത്താലോ

ഭാരതത്തിലാകമാനമോ, ഏതെങ്കിലും ഭാഗത്തു മാത്രമോ ഭദ്രതയ്ക്കു ഭംഗം ഭവിച്ചാൽ, രാഷ്ട്രപതിക്ക് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാം[5]. കുഴപ്പമുണ്ടായികഴിയണമെന്നില്ല. ആസന്നമാണെന്ന തീരുമാനമുണ്ടായാലും മതി. സംസ്ഥാന ഗവർണ്ണറിൽ നിന്ന്, തൻെറ സംസ്ഥാനത്ത് വ്യവസ്ഥാപിത ഭരണം സുഗമമല്ലെന്നുള്ള അറിയിപ്പു വന്നാൽ, ഒരു പ്രഖ്യപനത്തിലൂടെ അവിടത്തെ ഭരണം രാഷ്ട്രപതിക്ക് ഏറ്റെടുക്കാം[6]. കേന്ദ്രസർക്കാരിൻെറ ഉത്തരവ് ഏതെങ്കിലും സംസ്ഥാനം അനുസരിക്കാതിരുന്നാലും വ്യവസ്ഥാപിത ഭരണ നിർവ്വഹണത്തിന് ഭംഗമുണ്ടായിരിക്കുന്നതായി കരുതാം[7]. സാമ്പത്തിക കാരണത്താലും അടിയന്തിരാവസ്ഥയുണ്ടാകാം[8]. ഈ ഏർപ്പാടുകൾ ജമ്മു-കാശ്മീർ സംസ്ഥാനത്തു പ്രയോഗിക്കുന്നതും നിയന്ത്രിക്കുന്നതും നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്[9].

ഒരു അടിയന്തിരാവസ്ഥാ പ്രഖ്യാപനം, പിന്നീടുള്ള പ്രഖ്യാപനത്താൽ റദ്ദു ചെയ്യാൻ സാധിക്കും. അടിയന്തിരാവസ്ഥാ പ്രഖ്യാപനം കഴിവതും നേരത്തെ പാർലിമെൻറിൽ സമർപ്പിക്കണമെന്നാണു വ്യവസ്ഥ. ഇരുസഭകളും രണ്ടു മാസത്തിനുള്ളിൽ ആ സ്ഥിതി വിശേഷം അംഗീകരിക്കാതെ പോയാൽ, അത് സ്വയം അസാധുവായി ഭവിക്കും. പാർലിമെൻറു പിരിച്ചു വിട്ടിരിക്കുകയോ, മുമ്പു പറഞ്ഞ രണ്ടു മാസത്തിൽ പിരിഞ്ഞു പോകാൻ ഇടയാകുകയോ ചെയ്താൽ, രാജ്യസഭയ്ക്ക് അടിയന്തിരാവസ്ഥ പ്രഖ്യാപനത്തിന് അംഗീകാരം കൊടുക്കാം. എന്നാൽ ഈ അംഗീകാരം ലോകസഭ സമ്മേളിച്ച് മുപ്പതു ദിവസത്തിനകം ശരിവയ്ക്കണം. രാഷ്ട്രപതിയുടെ അധികാരങ്ങൾ പാർലിമെൻറിൻെറ അധികാരങ്ങൾക്കു വിധേയമാണെന്ന് ഇവയിൽ നിന്നെല്ലാം മനസ്സിലാക്കാമല്ലോ.

ആവശ്യമെന്നു തോന്നിയാൽ രാഷ്ട്രപതിക്ക് പൊതു പ്രാധാന്യമുള്ള ഒരു നിയമ പ്രശ്നത്തെപ്പറ്റി സുപ്രീം കോടതിയുടെ സുചിന്തിതമായ അഭിപ്രായമാരായാം[10]. അതു പോലെ

5. Article :352 6. Article : 356 7. Article : 365 8. Article : 360
9. Constitution (Application to Jammu & Kashmir) Order 1954. 10. Article : 143

ചില നിശ്ചിതകാര്യങ്ങൾക്ക് നടപടി ക്രമങ്ങൾ എന്തായിരിക്കണ മെന്നം ം നിജപ്പെടുത്താം[11].

നമ്മുടെ ഭരണഘടനയിൽ നൽകിയിട്ടുള്ള അധികാരങ്ങൾ ഇഷ്ടം പോലെ പ്രയോഗിച്ചാൽ രാഷ്ട്രപതിക്ക് തികഞ്ഞ ഒരു സ്വേച്ഛാധിപതിയായി വിരാജിക്കാൻ വിഷമമില്ല. എന്നാൽ അധികാരം തോന്നിയപോലെ പ്രയോഗിക്കാൻ സാധ്യമല്ല. റിപ്പബ്ലിക്കിൻെറ ഔപചാരിക മേലാവ് മാത്രമാണ് അദ്ദേഹം. എല്ലാക്കാര്യങ്ങളും മന്ത്രിസഭയുടെ അഭിപ്രായവും ഉപദേശവും തേടിയശേഷമാണുതാനും നിർവ്വഹിക്കേണ്ടത്. നിർവ്വഹണ വിഭാഗത്തിൻെറ യഥാർത്ഥ മേധാവി പ്രധാനമന്ത്രിയാണ്. മന്ത്രി സഭയാണ് കർമ്മസമിതി. ഭാരതത്തിനു നേതൃത്വവും ലക്ഷ്യ ബോധവും നൽകാൻ നിയുക്തമായിട്ടുള്ളത് കേന്ദ്രത്തിലെ മന്ത്രി സഭയാണ്. പാർലിമെൻറും, കോടതികളും ജനങ്ങളുമാണ് അവരുടെ കടിഞ്ഞാൻ പിടിച്ചിരിക്കുന്നത് എന്നു മാത്രം.

ഭാരതജന രാജ്യത്തിൻെറ തലവൻ എന്ന നിലയിൽ അത്യു ന്നതവും മഹത്തുമായ അന്തസ്സും ബഹുമാനവും രാഷ്ട്രപതി ക്കുണ്ട്. ഔദ്യോഗികാധികാരം പ്രയോഗിക്കുമ്പോഴും കർത്തവ്യ ങ്ങളും മറ്റും നിറവേറ്റുമ്പോഴും ഭരണഘടനാ വ്യവസ്ഥകൾക്ക ല്ലാതെ മറ്റൊന്നിനും അദ്ദേഹത്തെ ചോദ്യം ചെയ്യാവുന്നതല്ല. ക്രിമിനൽ നടപടിക്ക് അതീതനാണ് അദ്ദേഹം. ഉദ്യോഗത്തി ലിരിക്കുമ്പോൾ അദ്ദേഹത്തെ തടവിൽ വെയ്ക്കാനോ അറസ്റ്റു ചെയ്യാനോ പാടില്ല. സിവിൽ നടപടികൾ എടുക്കുവാൻ രണ്ടു മാസത്തെ മുന്നറിയിപ്പ് കൊടുത്തിരിക്കണം.

രാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പ് പരോക്ഷമായ സമ്പ്രദായ ത്തിലാണെന്ന് മുമ്പു പറഞ്ഞല്ലോ. വിവിധ സംസ്ഥാനങ്ങൾക്ക് സിദ്ധിക്കുന്ന പ്രാതിനിധ്യത്തിൽ ഐകരൂപ്യം വരുത്താൻ വളരെ ശ്രദ്ധിച്ചിട്ടുണ്ടതിൽ[12]. തെരഞ്ഞെടുപ്പു സമ്പ്രദായം എങ്ങിനെ യെന്നു ഒരുദാഹരണത്തിലൂടെ വ്യക്തമാക്കാം. ഒരു സംസ്ഥാന ത്തിൻെറ ജനസംഖ്യ (20,84,9840) ആണെന്നുകരുതുക. ഒരു

11. Articles : 77 (2) & (3); 118 (3); 145; 318 12. Article : 55

ലക്ഷത്തിന് ഒരു പ്രതിവിധി എന്നു നിശ്ചയിച്ചാൽ അവിടുത്തെ നിയമസഭയിൽ 208 അംഗങ്ങളോളം ഉണ്ടായിരിക്കും. ഒരു സമാജികന് രാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പിന് എത്ര സമ്മതിദാനമാണ് ഉപയോഗപ്പെടുത്തുന്നത്? ആകെയുള്ള ജനസംഖ്യയെ (20,84,9840) ആകെയുള്ള അംഗസംഖ്യകൊണ്ട് ഹരിച്ച്, ആ ഹരണഫലത്തെ ആയിരം കൊണ്ട് ഹരിച്ചു വേണം. (ഉദാഹരണത്തിൽ 100,239 അതിനെ വീണ്ടും ആയിരം കൊണ്ട് ഹരിക്കുന്നു. അതായത് ഫലം 100-ം ശിഷ്ടം 239-ം. അഞ്ഞൂറിൽ കുറഞ്ഞ ശിഷ്ടമായതുകൊണ്ട് ഉപേക്ഷിക്കുക. ഒരു നിയമസഭാംഗത്തിന് 100 സമ്മതിദാനത്തിന് അവകാശം കിട്ടുന്നു.) ഇതു പോലെ പാർലിമെൻററിലെ ഓരോ സമാജികനും രാഷ്ട്രപതി തെരഞ്ഞെടുപ്പിനുപയോഗിക്കാവുന്ന സമ്മതിദാനങ്ങളുടെ എണ്ണം തിട്ടപ്പെടുത്താനും വ്യവസ്ഥയുണ്ട്. സംസ്ഥാന നിയമസഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കുള്ള സമ്മതിദാന സംഖ്യയെ, പാർലിമെൻററിലെ ഇരു സഭകളിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ എണ്ണം കൊണ്ട് ഹരിച്ചാണ് അതു കണ്ടുപിടിക്കുക. രാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പിൽ ആനുപാതിക വ്യവസ്ഥാടിസ്ഥാനത്തിൽ കൈമാറ്റം ചെയ്യപ്പെടാവുന്ന ഒറ്റ സമ്മതിദാനാവകാശമാണ് സ്വീകരിച്ചിട്ടുള്ളത്. സമ്മതിദാനം രഹസ്യമായിരിക്കും. ഏറ്റവും ഒടുവിൽ നടന്ന കാനേഷുമാരിയിലെ കണക്കാണ് തെരഞ്ഞെടുപ്പിന് ആസ്പദമായി സ്വീകരിക്കുന്നത്.

ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനു മുമ്പ്, സുപ്രീം കോടതി ചീഫ് ജസ്റ്റിസിൻെറയോ അദ്ദേഹത്തിൻെറ അഭാവത്തിൽ പദത്തിൽ ഏറ്റവും മുമ്പനായ ജഡ്ജിയുടെയോ സന്നിധിയിൽ നിശ്ചിതമായ സത്യപ്രതിജ്ഞ ചെയ്യേണ്ടതാണ്[13]. ഔദ്യോഗിക കർത്തവ്യങ്ങൾ വിശ്വസ്തതയോടുകൂടി പ്രാപ്തിക്കൊത്ത വണ്ണം അങ്ങേയറ്റം നിർവ്വഹിക്കുന്നതിനും, ഭരണഘടനയുടെ വ്യവസ്ഥകളും ഇതര നിയമങ്ങളും സംരക്ഷിക്കുന്നതിനും, ജനസേവയ്ക്കും, സുഖജീവിതവ്യവസ്ഥയ്ക്കും വേണ്ടി സ്വജീവിതം അർപ്പിക്കുന്നതിനും പ്രതിജ്ഞാബദ്ധനാകുകയാണ് സത്യപ്രതിജ്ഞയിലൂടെ. നിയമപരമായ ബാദ്ധ്യത വർദ്ധിപ്പിക്കു

13. Article : 60

കയോ, ഭരണഘടനാവ്യവസ്ഥ മൂലമുള്ള ഉത്തരവാദിത്വം വിപുല മാക്കുകയോ അതു ചെയ്യുന്നില്ല[14].

ഭരണഘടനാ ലംഘനം നടത്തിയാൽ, രാഷ്ട്രപതിയെ കുറ്റ വിസ്താരം ചെയ്യുന്നതിനും ഭരണഘടനയിൽ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്[15]. കുറ്റാരോപണം പാർലിമെൻറിൻെറ ഏതെ ങ്കിലും സഭയിൽ അവതരിപ്പിക്കാം. ആകെയുള്ള സമാജികൻ മാരിൽ നാലാലൊന്നിൽ കുറയാതെ ഒപ്പിട്ടുവേണം കുറ്റ വിസ്താര നിശ്ചയം അവതരിപ്പിക്കാൻ. അങ്ങിനെയൊന്നവതരി പ്പിക്കാൻ പതിന്നാലു ദിവസത്തെ മുന്നറിയിപ്പു വേണം. കുറ്റാ രോപണം ആകെയുള്ള സമാജികരിൽ മൂന്നിൽ രണ്ടു ഭാഗമെ ങ്കിലും അനുകൂലിച്ചാൽ മാത്രമേ ഗൗനിക്കപ്പെടുകയുള്ളൂ. കുറ്റാ രോപണം നടത്തിയസഭയെക്കൂടാതെ മറ്റേ സഭ ആവലാതിയെ പ്പറ്റി അന്വേഷണം നടത്തുകയോ നടത്തിക്കുകയോ വേണം. കുറ്റാരോപണവിധേയന് നേരിട്ടോ പ്രതിനിധിമൂലമോ ഹാജ രാകാം. സഭയിലെ അംഗങ്ങളിൽ മൂന്നിൽ രണ്ടു ഭാഗം പേർ അനുകൂലിച്ചാൽ, ചുമത്തിയ ആരോപണം വിജയിച്ചതായി വിധിക്കും. അന്നു മുതൽ രാഷ്ട്രപതിയെ നീക്കം ചെയ്തതായി പരിഗണിക്കും[15].

പദവിയിലിരിക്കുന്ന രാഷ്ട്രപതിയുടെ കാലാവധി തീരു ന്നതിനുമുമ്പ് പുതിയ നിയുക്ത രാഷ്ട്രപതിയെ തെരഞ്ഞെടു ക്കേണ്ടതാണ്. മരണം, രാജി, നീക്കൽ എന്നിവയെ അടിസ്ഥാന മാക്കി ഒഴിവുണ്ടായാൽ കഴിയുന്നതും വേഗം തെരഞ്ഞെടുപ്പിന് ഏർപ്പാടു ചെയ്യണം. യാതൊരു കാരണവശാലും ഒഴിവുണ്ടാ യതു മുതൽ ആറു മാസം കവിയാൻ അനുവദിച്ചുകൂടാ [16].

1952-ൽ ആണ് ആദ്യമായി രാഷ്ട്രപതിയുടെ തെരഞ്ഞെ ടുപ്പു നടന്നത്. ജനുവരി 26, 1950 മുതൽ മേയ് 13, 1962 വരെ യാണ് ഡാ. രാജേന്ദ്രപ്രസാദ് രാഷ്ട്രപതിയായിരുന്നത്. ഏതെ ങ്കിലും കാരണത്താൽ രാഷ്ട്രപതി സ്ഥാനം ഒഴിവായാൽ പുതിയ രാഷ്ട്രപതിസ്ഥാനമേൽക്കുന്നതുവരെ ഉപരാഷ്ട്രപതി, രാഷ്ട്രപതി യെന്ന നിലയിൽ കർത്തവ്യങ്ങൾ അനുഷ്ഠിക്കും. അതും ആറു മാസം മാത്രം.

---

14. Constitutional Law of U.S.A. Vol III 15. Article 61 15. Article : 61
16. Article : 62

ഭാരതത്തിൽ ഒരുപരാഷ്ട്രപതി ഉണ്ടായിരിക്കും[17]. ഔദ്യോഗിക നിലയിൽ അദ്ദേഹം രാജ്യസഭയുടെ അദ്ധ്യക്ഷനായിരിക്കും. എന്നാൽ രാഷ്ട്രപതിയായി സേവനം നടത്തുമ്പോൾ രാജ്യസഭയുടെ അദ്ധ്യക്ഷനെന്നനിലയിലുള്ള കർത്തവ്യങ്ങൾ അനുഷ്ഠിക്കേണ്ടതില്ല[18]. ആ കാലഘട്ടത്തിൽ രാജ്യസഭാദ്ധ്യക്ഷൻെറ ശമ്പളം, പടി തുടങ്ങിയവക്ക് അർഹതയുമില്ല. ആദായമേകുന്ന മറ്റു വല്ല ഉദ്യോഗവും ഉപരാഷ്ട്രപതിയായിരിക്കുമ്പോൾ സ്വീകരിച്ചു കൂടാ[19].

ഉപരാഷ്ട്രപതിയുടെ പദവിയിലേക്കുള്ള തെരഞ്ഞെടുപ്പിനു മത്സരിക്കാൻ മുപ്പത്തഞ്ചു വയസ്സെത്തിയ ഒരു ഭാരതീയ പൗരനുമാത്രമേ സാധിക്കൂ. ഒരു രാജ്യസഭാസാമിജികനാകാൻ പോന്ന യോഗ്യതകളൊക്കെ ഉണ്ടായിരിക്കണം. ആദായമേകുന്ന ഏതെങ്കിലും ഉദ്യോഗം വഹിച്ചു കൂടാ[20]. പാർലിമെൻറിലെ ഏതെങ്കിലും സഭയിലോ അംഗമായ ഒരാളെ തെരഞ്ഞെടുത്താൽ സഭാ സാമാജികത്വം ഒഴിഞ്ഞതായി പരിഗണിക്കും.

ലോക്സഭയുടേയും രാജ്യസഭയുടേയും സാമാജികൻമാർ ഒന്നിച്ചുള്ള സമ്മേളനത്തിലാണ് ഉപരാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പ്. ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയോടു കൂടിയ, കൈമാറ്റാവുന്ന ഒറ്റ സമ്മതിദാനത്തിൻെറ അടിസ്ഥാനത്തിൽ, തെരഞ്ഞെടുപ്പു നടത്തുന്നു. സംസ്ഥാന നിയമസഭാ സാമാജികൻമാർക്ക് ഇതിൽ പങ്കില്ല.

ജോലിയിൽ ചേർന്ന നാൾ തൊട്ട് അഞ്ചു കൊല്ലമാണ് ഉപരാഷ്ട്രപതിയുടെ ഉദ്യോഗകാലം. എപ്പോൾ വേണമെങ്കിൽ രാജിവെയ്ക്കാം. കത്ത് രാഷ്ട്രപതിക്കാണു കൊടുക്കേണ്ടത്. രാജ്യസഭാംഗങ്ങളിൽ ഭൂരിപക്ഷം പേർ പാസ്സാക്കുന്ന പ്രമേയത്തോട് ലോകസഭയും അനുകൂലിച്ചാൽ ഉപരാഷ്ട്രപതി സ്ഥാനത്തു നിന്ന് ഒരാളിനെ നീക്കാം. എന്നാൽ ഇതിനു പതിന്നാലു ദിവസത്തെ മുന്നറിയിപ്പുണ്ടായിരിക്കണം. മരണം, രാജി, നീക്കൽ തുടങ്ങിയ കാരണങ്ങളാൽ സ്ഥാനത്തിൽ ഒഴിവു വന്നാൽ, കഴിയുന്നത്ര നേരത്തെ പുതിയ ആളിനെ തെരഞ്ഞെടുക്കണം. രാഷ്ട്രപതിയു

---

17. Article : 63 18. Article : 64 19. Article : 64 20. Article : 66

ടെയും, ഉപരാഷ്ട്രപതിയുടെയും തെരഞ്ഞെടുപ്പു സംബന്ധിച്ചുണ്ടാകാവുന്ന ഏതു സംശയം, തർക്കം, തുടങ്ങിയ കാര്യങ്ങൾക്ക് അന്വേഷണവും തീരുമാനവും എടുക്കുന്നത് സുപ്രീം കോടതിയാണ്[21]. തെരഞ്ഞെടുപ്പിന്റെ മേൽ നോട്ടം തെരഞ്ഞെടുപ്പു കമ്മീഷൻ നടത്തുന്നു. കോടതി നടപടികൾ കൊണ്ട്, രാഷ്ട്രപതിയുടെയോ ഉപരാഷ്ട്രപതിയുടെയോ തെരഞ്ഞെടുപ്പു അസാധുവായിഭവിച്ചാൽ, അവർ ഉദ്യോഗം വഹിച്ചിരുന്ന കാലത്തുണ്ടായ ഔദ്യോഗിക കൃത്യങ്ങൾക്കൊന്നിനും സാധുതയില്ലാതാകുന്നതല്ല.

അമേരിക്കൻ ഐക്യനാടുകളുടെ ഭരണഘടനാ മാതൃക സ്വീകരിച്ചാണ് രാഷ്ട്രപതിയുടെയും ഉപരാഷ്ട്രപതിയുടെയും ചില കാര്യങ്ങൾ നമ്മുടെ ഭരണഘടനയിലും വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ സാരമായ വ്യത്യാസങ്ങൾ ധാരാളമുണ്ട്. മരണം കാരണം പ്രസിഡൻറിന്റെ സ്ഥാനം ഒഴിവു വന്നാൽ പകരം പ്രസിഡൻറായിത്തീരാൻ അവിടെ വൈസ് പ്രസിഡൻറിന് സാധിക്കും. എന്നാൽ ഇവിടെ പകരം നോക്കാൻ ഉപരാഷ്ട്രപതിക്ക് ആറുമാസമേ സാധിക്കൂ. അമേരിക്കൻ പ്രസിഡൻറ്, ഭരണനിർവ്വഹണ വിഭാഗത്തിന്റെ യഥാർത്ഥ മേധാവിയാണ്. ഭരണഭാരം മുഴുവൻ അദ്ദേഹം ഏൽക്കുന്നു. പ്രസിഡൻറിന്റെ കീഴിൽ ഓരോ ഭരണ വകുപ്പിന്റെയും ചുമതല വഹിക്കാൻ സ്റ്റേറ്റ് സെക്രട്ടറിമാർ നിയുക്തരായിരിക്കുന്നു. അവരെ പ്രസിഡൻറ് ഇഷ്ടാനുസരണം നിയമിക്കുന്നു; നീക്കുന്നു. സെക്രട്ടറിമാർക്ക് ഉത്തരവാദിത്വം പ്രസിഡൻറിനോടാണ്. കാൺഗ്രസ്സിനോടോ സെനറ്റിനോടോ അല്ല. ഒരിക്കൽ തെരഞ്ഞെടുത്തു കഴിഞ്ഞാൽ അമേരിക്കൻ ഐക്യനാടുകളിൽ, മറ്റ് അത്യാഹിത മുണ്ടായില്ലെങ്കിൽ, ഉദ്യോഗകാലാവധി കഴിയുന്നതുവരെ പ്രസിഡൻറിന് തുടരാം. പ്രസിഡൻറിന്റെ ഭാരിച്ച ഉത്തരവാദിത്വം ജനങ്ങളോടാണ്. കാൺഗ്രസ്സിനോടല്ല. കാൺഗ്രസ്സിന്റെ അവിശ്വാസമോ പ്രമേയമോ അദ്ദേഹത്തെ ബാധിക്കുകയുമില്ല. കുറ്റവിചാരണയിലൂടെയല്ലാതെ അവിടെ പ്രസിഡൻറിനെ മാറ്റാനും വഴിയില്ല.

21. Article : 71

ഭാരതമന്ത്രിസഭ

സ്വകർത്തവ്യനിർവ്വഹണത്തിന് രാഷ്ട്രപതിയെ സഹായിക്കാൻ ഒരു മന്ത്രിസഭയുണ്ട്. മന്ത്രിസഭയുടെ ഉപദേശമില്ലാതെ പ്രവർത്തിക്കാനുള്ള വിവേചനാധികാരം രാഷ്ട്ടപതിക്ക് ഇല്ലെന്നു പറയാം. ജനാധിപത്യ വ്യവസ്ഥാപിത ഭരണത്തിൽ ചുമതലകൾ നിറവേറ്റുമ്പോൾ ഉപദേശവും സഹായവും നൽകാൻ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള മന്ത്രിസഭ, കൊടുത്ത ഉപദേശം എന്തായിരുന്നെന്നോ അതു കൊടുത്തിട്ടുണ്ടോയെന്നോ ഉള്ള കാര്യങ്ങൾ ഒരു കോടതിയിലും ചോദ്യം ചെയ്യപ്പെടാവുന്നതല്ല[22]. പ്രധാന മന്ത്രിയാണ് മന്ത്രിസഭയുടെ തലവനും നേതാവും. പ്രധാനമന്ത്രി നൽകിയ ഉപദേശം പുന:പരിശോധനയ്ക്കു വിധേയമാക്കാൻ ആവശ്യപ്പെടുന്നതിനുള്ള അധികാരം രാഷ്ട്രപതിക്കുണ്ട്. ബ്രിട്ടനിലെ രാജാവിനെപ്പോലെ ഒരു വ്യവസ്ഥാപിത-ഔപചാരിക മേധാവിയാണ്, നമ്മടെ രാഷ്ട്രപതിയും. അവിടെ നിലവിലിരിക്കുന്ന വഴക്കങ്ങളും ആചാരങ്ങളും നമുക്കും ബാധകമാണ്.

പ്രധാനമന്ത്രിയുടെ ഉപദേശവും അഭിപ്രായവും കണക്കിലെടുത്താണ് സഹമന്ത്രിമാരെ രാഷ്ട്രപതി നിയമിക്കുന്നത്. മന്ത്രിസഭയ്ക്ക് ലോക്സഭയായ ജനസഭയോടാണ് കൂട്ടുത്തരവാദിത്വം. രാഷ്ട്രപതിക്കു തൃപ്തിയുള്ള കാലത്തോളമാണ് മന്ത്രിസഭയുടെ കാലാവധി. ആ തൃപ്തി, പ്രധാന മന്ത്രിയ്ക്കും മറ്റു മന്ത്രിമാർക്കും ലോക്സഭയിൽ ഭൂരിപക്ഷമുള്ളിടത്തോളം മാത്രമാണ്. ഇതു കാരണം ഏതു മന്ത്രിക്കും, ആറുമാസക്കാലം തുടർച്ചയായി ലോക്സഭയിൽ അംഗമല്ലാതായാൽ, സ്വ സ്ഥാനം ഒഴിയേണ്ടിവരും അഥവാ സ്ഥാനം സ്വതവേ നഷ്ടമാകും.

22. Article : 74. The Constitution (42nd and 44th Amendment) Act, 1974 and 1978 Sections :13 &11.

ഇംഗ്ലണ്ടിൽ പ്രധാനമന്ത്രിയാകാൻ രാജാവുക്ഷണിക്കാറുള്ളത് കോമൺസ് സഭയിൽ ഭൂരിപക്ഷമുള്ള കക്ഷിയുടെ നേതാവിനെയാണ്. അപ്രകാരമുള്ള ആളായിരിക്കും പ്രധാനമന്ത്രി. പ്രധാനമന്ത്രിയുടെ ശുപാർശയനുസരിച്ചാണ് മറ്റു മന്ത്രിമാരെ നിയമിക്കുന്നത്. നമ്മുടെ പ്രധാനമന്ത്രിയെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്. അദ്ദേഹത്തിൻെറ ശുപാർശപ്രകാരം മറ്റു മന്ത്രിമാരെയും നിയമിക്കുന്നു. അവർ പദവിയിൽ പ്രവേശിക്കുന്നതിനു മുമ്പ്, നിശ്ചിതമായ രൂപത്തിൽ മൂന്നാം പട്ടികയിലുള്ള പ്രതിജ്ഞ രാഷ്ട്രപതിയുടെ സന്നിധിയിൽ, ചെയ്യേണ്ടതാണ്. മന്ത്രിമാർ രാഷ്ട്രപതിയുടെ തൃപ്തി നിലവിലിരിക്കുന്നിടത്തോളം ആ പദവിയിൽ തുടരും. മന്ത്രിസഭയ്ക്ക് ലോക്സഭയോട് കൂട്ടുത്തരവാദിത്വമുണ്ട്[23].

ഭാരതപാർലിമെൻറിൽ അംഗമല്ലാത്ത ഒരാളിനെ മന്ത്രിയാക്കാനും വ്യവസ്ഥകളുണ്ട്. എന്നാൽ മന്ത്രിയായശേഷം ആറു മാസത്തിനുള്ളിൽ പാർലിമെൻറിൽ അംഗമായില്ലെങ്കിൽ അയാൾക്ക് മന്ത്രിസ്ഥാനം നഷ്ടപ്പെടും. മന്ത്രിമാരുടെ ശമ്പളവും പടിയും മറ്റും നിയമം മൂലം നിജപ്പെടുത്തുന്നു[24]. അവരുടെ ശമ്പളവും മറ്റും പാർലിമെൻറിലെ വോട്ടിനു വിധേയമാണ്. വ്യവസ്ഥാപിത-ഉത്തരവാദിത്വ ഭരണത്തിൽ ഇത് ഒഴിച്ചു കൂടാവുന്നതല്ല[25]. മന്ത്രിസഭ ഒരു തീരുമാനമെടുത്താൽ എല്ലാവർക്കും ഒരുപോലെ കൂട്ടുത്തരവാദിത്വമുണ്ട്. മന്ത്രിസഭയുടെ തീരുമാനം രാഷ്ട്രപതിയെ അറിയിക്കുന്ന കടമ പ്രധാനമന്ത്രിക്കാണ്. ഈ ഉത്തരവാദിത്വം ലംഘിക്കുന്ന മന്ത്രിയെ മന്ത്രിസഭയിൽ നിന്നു പിരിച്ചു വിടാൻ പ്രധാന മന്ത്രിക്ക് രാഷ്ട്രപതിയോട് ശുപാർശ ചെയ്യാം. അതുമല്ലെങ്കിൽ മന്ത്രിസഭ മൊത്തം രാജി സമർപ്പിച്ച്, അനഭിമതനായ മന്ത്രിയെ ഒഴിവാക്കിയ ശേഷം, പുതിയ മന്ത്രിസഭ രൂപീകരിക്കാം.

മന്ത്രിമാർ മൂന്നു തരത്തിൽ പെടുന്നു. ആദ്യത്തെ വിഭാഗത്തിലുള്ളവരെ ക്യാബിനറ്റ് മന്ത്രിമാർ എന്നു പറയും. അടുത്ത

23. Article : 75 24. Salaries and Allowances of Ministers Act (1952)
25. Government of Engiend Vol I p.347 (by Lowell)

കൂട്ടരെ 'മിനിസ്റ്റേഴ്സ് ഓഫ് സ്റ്റേറ്റ്സ്' അഥവാ സ്റ്റേറ്റു മന്ത്രിമാർ എന്നു പറയും. അവർ സ്വതന്ത്രപ്രവർത്തനാനുമതിയുള്ളവരും, ക്യാബിനറ്റ് മന്ത്രിമാരുടെ നിയന്ത്രണത്തിൽ കർത്തവ്യമനുഷ്ഠിക്കുന്നവരും എന്നാണറിയപ്പെടുക. മൂന്നാമത്തെ വിഭാഗക്കാരാണ് ഡെപ്യൂട്ടി മന്ത്രിമാർ. ക്യാബിനറ്റ് മന്ത്രിമാർക്കും സ്വതന്ത്രച്ചുമതലയുള്ള സ്റ്റേറ്റു മന്ത്രിമാർക്കും മന്ത്രി സഭാ സമ്മേളനങ്ങളിൽ ഭാഗഭാക്കുകളാകാം, ബ്രിട്ടനിലെ മന്ത്രി സഭയുടെ രൂപവും ഭാവവും സ്വീകരിച്ചാണ്, ഭാരതത്തിലെ മന്ത്രിസഭയും പ്രവർത്തിക്കുന്നത്. ഉദ്യോഗത്തിലിരിക്കുമ്പോൾ വാടകകൂടാതെ വസതി, ശമ്പളം, സഞ്ചരിക്കുമ്പോൾ സഞ്ചാരപ്പടി, ദിവസച്ചിലവ് എന്നിവയ്ക്ക് അർഹതയുണ്ട് മന്ത്രിമാർക്ക്. അവ കൂടാതെ മന്ത്രിക്കും കുടുംബാംഗങ്ങൾക്കും സൗജന്യവൈദ്യസഹായവും കിട്ടും ആ സമയം പാർലമെൻറംഗമെന്ന നിലയിൽ ശമ്പളവും മറ്റും പറ്റാൻ വയ്യ.

കേന്ദ്ര മന്ത്രിസഭയാണ് ഭാരതരാഷ്ട്രത്തിൻെറ പൊതുവായ നയപരിപാടികൾ രൂപീകരിക്കുന്നത്. വിദേശനയം എന്തായിരിക്കുമെന്നും മറ്റ് ഏതെല്ലാം വിദേശരാജ്യങ്ങളുമായി ബന്ധം പുലർത്തണമെന്നും മന്ത്രിസഭ തീരുമാനിക്കും. നികുതികൾ വസൂൽ ചെയ്യുന്നതും ചിലത് വേണ്ടെന്നുവെയ്ക്കുന്നതും, ദേശീയ വരുമാനം എങ്ങിനെ വ്യയം ചെയ്യണമെന്ന് അവർ തീർച്ചപ്പെടുത്തും. ബഡ്ജറ്റ് സമ്പൂർണ്ണമായി നിയന്ത്രിക്കുന്നതും അവർ തന്നെ. ഒരു മന്ത്രിക്കു മാത്രമേ ധനവിനിയോഗബില്ല് പാർലമെൻറിൽ അവതരിപ്പിക്കാൻ സാധിക്കൂ. നിയമനിർമ്മാണത്തെയും മന്ത്രിസഭ നിയന്ത്രിക്കുന്നു. സുപ്രധാനങ്ങളായ ബില്ലു (കരടുനിയമം)കളെല്ലാം അവതരിപ്പിക്കുന്നത് മന്ത്രിസഭയുടെ ആഭിമുഖ്യത്തിൽ തന്നെ. തങ്ങൾ പ്രതിനിധാനം ചെയ്യുന്ന കക്ഷിയുടെ കർമ്മപരിപാടി അവയിൽ പ്രതിഫലിക്കും. കക്ഷിയുടെ നിലനിൽപ്പും യശസ്സും ഏകീകരണവും ലക്ഷ്യം വെച്ചു അവർ പ്രവർത്തിക്കമെന്നാണു പ്രതീക്ഷ, സ്വകാര്യ ബില്ലുകൾ മന്ത്രിസഭയുടെ പിൻതുണയില്ലെങ്കിൽ പാസ്സാകുകയില്ല.

ഭരണവകുപ്പുകളുടെ ചുമതല മന്ത്രിമാരിലാണ് നിക്ഷിപ്തം. അതിനാൽ രാജ്യഭരണം അവരുടെ സ്വാധീനത്തിൽ നടക്കും. മന്ത്രിസഭയുടെ ഏതെങ്കിലും തീരുമാനത്തോടു വിയോജിപ്പുള്ള മന്ത്രിക്ക് രാജിസമർപ്പിക്കുകയല്ലാതെ മറ്റു വഴിയില്ല. നിയമം പാസ്സാക്കിയെടുക്കുകമാത്രമല്ല അത് ഏതുവിധത്തിൽ കാര്യക്ഷമമായി പ്രയോഗത്തിൽ വരുത്തണമെന്നും തീരുമാനിക്കുന്നത് മന്ത്രിസഭതന്നെ. ചുരുക്കത്തിൽ മന്ത്രിസഭയാണ് ഭരണയന്ത്രത്തിൻെറ മുഖ്യമായ ശക്തികേന്ദ്രം. ഓരോ ഡിപ്പാർട്ടുമെൻറിനെയും സംബന്ധിക്കുന്ന ദൈനംദിന കാര്യങ്ങൾ, വകുപ്പിൻെറ ഉത്തരവാദിത്വം വഹിക്കുന്ന മന്ത്രിയാണ് നിർവ്വഹിക്കുന്നത്. എന്നാൽ മൗലികനയരൂപീകരണവും സുപ്രധാന പ്രശ്നങ്ങളും മന്ത്രിസഭയുടെ ചർച്ചയ്ക്കും തീരുമാനത്തിനും വിടും. മന്ത്രിസഭായോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുന്നത് പ്രധാനമന്ത്രിയാണ്. എന്നാൽ "സമൻമാരിൽ വമ്പൻ" എന്ന പദവിയേ അദ്ദേഹത്തിനുള്ളൂ. രാഷ്ട്രപതിക്കു കൊടുക്കുന്ന ഉപദേശം ഏകകണ്ഠമായിരിക്കും. സർക്കാരിൻെറ എല്ലാ ഉത്തരവുകളും രാഷ്ട്രപതിയുടെ പേരിലാണ് പുറപ്പെടുവിക്കുന്നത്[26].

മന്ത്രിസഭയുടെ വക്താവും നേതാവും പ്രധാനമന്ത്രി തന്നെ. അദ്ദേഹം രാജിവെച്ചാൽ മന്ത്രിസഭമൊത്തം രാജിവെച്ചതായിട്ടേ കരുതുകയുള്ളൂ. പ്രധാനമന്ത്രിയുടെ അഭിപ്രായത്തിനായിരിക്കും പ്രാബല്യം. യോജിച്ചുപോകാൻ വഴിയില്ലാതായാൽ വിയോജിപ്പുകാരൻ, മന്ത്രിസഭയിൽ നിന്നു പുറത്തു പോകുകയേ വഴിയുള്ളൂ. പ്രധാനമന്ത്രിക്ക് രാജി ആവശ്യപ്പെടാനും വൈഷമ്യമില്ല. മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം പുലർത്താൻ പ്രധാനമന്ത്രിക്കാണു ചുമതല. മന്ത്രിസഭയിലെ അംഗങ്ങളുമായി സമഭാവനയിലാണ് അദ്ദേഹം വർത്തിക്കേണ്ടത്; മേലാളായല്ല; സ്വേച്ഛാധിപതിയായുമല്ല.

ഭരണകൂടത്തിൻെറ പാർലമെൻറിലെ വക്താവ് പ്രധാനമന്ത്രി തന്നെ. നേതൃത്വത്തിനു വേണ്ടി രാഷ്ട്രം നോക്കുന്നത് അദ്ദേ

---

26. Article : 77

ഹത്തെയാണ്. വ്യക്തിപ്രഭാവത്തിന് അപ്രധാനമല്ലാത്ത പങ്ക് ഇതിലുണ്ടെന്നു പറയാം. ജീവിതമാതൃകയിലുള്ള അത്യുന്നത മാനദണ്ഡം, സ്വഭാവശുദ്ധി, കർമ്മശേഷി അത്യുദാരമായ വീക്ഷണം തുടങ്ങിയ കാര്യങ്ങൾ മാത്രമല്ല, ജനാധിപത്യവഴക്കങ്ങൾ സൃഷ്ടിക്കാനും, പരിപാലിക്കാനുമുള്ള ശേഷിയും പ്രധാനമന്ത്രിയിൽ ജനങ്ങൾ ദർശിക്കുന്നു. പ്രധാനമന്ത്രിയുടെ ഉപദേശം രാഷ്ട്രപതി സ്വീകരിക്കാതെ വന്നാൽ മന്ത്രിക്ക് രാജിമാത്രമേ കരണീയമായിട്ടുള്ളൂ. പാർലിമെൻറിൽ ഭൂരിപക്ഷം ഇല്ലാതായൽ പ്രധാനമന്ത്രിയും, സ്ഥാനം വച്ചൊഴിഞ്ഞേ പറ്റൂ. ആ സാഹചര്യത്തിൽ മന്ത്രിസഭാക്കുഴപ്പങ്ങളും ബലഹീനമായ സാമാജിക സ്വാധീനവുമുള്ളപ്പോൾ രാഷ്ട്രപതിസ്ഥാനത്തിനായിരിക്കും കൂടുതൽ ശക്തി.

മന്ത്രിസ്ഥാനം വഹിക്കുന്നത് പാർലിമെൻറിൻെറ ഏതെങ്കിലും സഭയിൽ അംഗമായിട്ടുള്ള ആളായിരിക്കുമല്ലോ. എന്നാൽ മന്ത്രി എന്ന നിലയ്ക്ക് അദ്ദേഹത്തിന് മറ്റേ സഭയിലെ നടപടികളിലും പങ്കെടുക്കാം. എന്നാൽ അംഗമായിട്ടുള്ള സഭയിൽ, മാത്രമേ വോട്ടിംഗിനവകാശമുള്ളൂ. പാർലിമെൻറിൽ ഉയർത്തപ്പെടുന്ന ചോദ്യങ്ങൾ, അടിയന്തര പ്രമേയം, താൻ ചുമതലവഹിക്കുന്ന വകുപ്പുകളെക്കുറിച്ചുള്ള റിപ്പോർട്ട്, സർവ്വോപരി ബഡ്ജറ്റ് ചർച്ച തുടങ്ങിയ സമയങ്ങളിൽ വകുപ്പുമന്ത്രി മറുപടി പറയേണ്ടതുണ്ട്. ഈ വിധത്തിൽ മന്ത്രിമാരുടെ ജനാധിപത്യ ഉത്തരവാദിത്വം പാർലിമെൻറിൽ അനുനിമിഷം സ്ഥിരീകരിക്കപ്പെടുന്നു.

---

27. Article : 79

പാർലിമെൻറിൻെറ സഭകൾ

ഭാരതീയ ഭരണഘടനയനുസരിച്ച് ഭാരതമെന്ന സംയുക്ത രാജ്യത്തിന് ഒരു പാർലിമെൻറ് ഉണ്ടായിരിക്കും. അതിൻെറ ഘടകങ്ങൾ, രാഷ്ട്രപതിയും ""ലോക്സഭ" (ജനസഭ)യും, രാജ്യ സഭ (ഉപരിസഭ)യും ആയിരിക്കും[27]. ലോകസഭയിൽ സാമാജി കൻ മാരായിരിക്കുന്നത് ജനങ്ങളിൽ നിന്നു നേരിട്ടു തെരഞ്ഞെടു ക്കുന്നവരാണ്. രാജ്യസഭയിലെ അംഗങ്ങൾ സംസ്ഥാനങ്ങളിലെ അതായത് ഫെഡറേഷനിലെ (സംയുക്തരാജ്യത്തിലെ) ഘടകങ്ങ ളായി വർത്തിക്കുന്ന സംസ്ഥാനങ്ങളിലെ നിയമസഭകളിൽ നിന്ന് തെരഞ്ഞെടുത്തവരുമാണ്. പാർലിമെൻറിൻെറ സഭകളിലേതെ ങ്കിലുമൊന്നിൽ അംഗമല്ലെങ്കിലും രാഷ്ട്രപതി ഭാരത നിയമ നിർമ്മാണ വ്യവസ്ഥയിലെ അവിഭാജ്യ ഘടകമാണ്.

രാജ്യസഭ (ഉപരിസഭ)

സംസ്ഥാന നിയമസഭകൾ, യൂണിയൻ പ്രദേശങ്ങൾ എന്നി വിടങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത 238 അംഗങ്ങളും, സാഹിത്യം, ശാസ്ത്രം, കല, സാമൂഹികശാസ്ത്രം എന്നിവയെ പ്രതിനിധീ കരിക്കാൻ രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്ന പന്ത്രണ്ട് അംഗങ്ങളുമടക്കം 250 സാമാജികൻമാർ രാജ്യസഭയിലുണ്ട്. ഈ സാമാജികൻമാർ പരോക്ഷമായി തെരഞ്ഞെടുക്കപ്പെടുന്നവരാ ണെന്നർത്ഥം. ഓരോ സംസ്ഥാനത്തിനും യൂണിയൻ പ്രദേശ ത്തിനും (കേന്ദ്രഭരണ പ്രദേശത്തിനും) അവർക്കർഹമായ പ്രതി നിധികളുടെ എണ്ണം നിശ്ചയിച്ചിട്ടുണ്ട് - മുഖ്യമായും ജനസംഖ്യാ ടിസ്ഥാനത്തിൽ[28]. സംസ്ഥാനങ്ങളിലെ നിയമസഭാംഗങ്ങളെല്ലാം,

---

27. Article : 79. 28. Article : 80; Fourth Schedule 80. (3) and The Constitution (7th, 35th, 36th Amendments) 1956, 1974 & 1975.

കൈമാറ്റപ്പെടാവുന്ന രഹസ്യ സമ്മതിദാനത്തിലൂടെ തെരഞ്ഞെടുപ്പിൽ സഹകരിക്കുന്നു. നാമനിർദ്ദേശം ചെയ്യപ്പെടുന്നവരുടെ എണ്ണം ഭരണഘടനയിൽ തന്നെ നിശ്ചയിച്ചിട്ടുണ്ട് ഇങ്ങനെ വിദഗ്ദ്ധരുടെ സേവനം സ്വീകരിക്കാനും പ്രയോജനപ്പെടുത്താനും വഴിയുണ്ട്.

രാജ്യസഭ സ്ഥിരമായ ഒരു സ്ഥാപനമാണ്. പിരിച്ചു വിടപ്പെടുന്നില്ല. എന്നാൽ രണ്ടു വർഷം കൂടുമ്പോൾ അംഗങ്ങളിൽ മൂന്നിലൊരു ഭാഗമെങ്കിലും, നിയമമനുസരിച്ച്, വിരമിക്കുന്നതാണ്[29]. അവർക്കുപകരം പുതിയ സാമാജികൻമാരെ തെരഞ്ഞെടുക്കും. അതിനാൽ ആകെയുള്ള അംഗങ്ങളിൽ കുറവു വരികയില്ല. പുതിയ പുതിയ സാമാജികൻമാരുടെ സേവനം സ്വീകരിക്കുകയും ചെയ്യുന്നു. അതായത്, രാജ്യസഭ ഒരിക്കലും പഴഞ്ചനായി ഭവിക്കുന്നില്ല. രാജ്യസഭാസാമാജികനാകാൻ നിശ്ചിതമായ യോഗ്യതകൾ വേണം[30]. മുപ്പതു വയസ്സിൽ കുറയാത്ത പ്രായം, ഭാരതീയ പൗരത്വം, മറ്റു നിയമവിധേയത്വം എന്നിവയാണ്.

ഒരേസമയം ഒരാളിന് ഇരു സഭകളിലെയും അംഗമായിരിക്കാൻ വയ്യ. അപ്രകാരം സംഭവിച്ചാൽ ഏതെങ്കിലും സാമാജികത്വം ഒഴിഞ്ഞുകൊടുക്കേണ്ടതാണ്[31]. സംസ്ഥാന നിയമസഭയിലും അംഗമായിരുന്നു കൂടാ. അയോഗ്യതയുണ്ടായാലും സാമാജികത്വം അവസാനിക്കും[32]. സാമാജികന് സ്വസ്ഥാനം രാജിവെയ്ക്കാം. അനുമതി കൂടാതെ സഭയിൽ ഹാജരാകാതിരുന്നാലും അംഗത്വം നഷ്ടപ്പെടും. അംഗത്തിൻെറ അയോഗ്യത സംബന്ധിച്ച സംഗതികൾ തീരുമാനിക്കുന്നത് രാഷ്ട്രപതിയാണ്. തെരഞ്ഞെടുപ്പുകമ്മീഷൻെറ അഭിപ്രായം ആരാഞ്ഞശേഷമേ അദ്ദേഹം അന്തിമ തീരുമാനമെടുക്കൂ[33].

രാജ്യസഭയുടെ അദ്ധ്യക്ഷൻ ഉപരാഷ്ട്രപതിയാണെന്നു മുമ്പു പറഞ്ഞല്ലോ. അദ്ദേഹത്തെക്കൂടാതെ ഒരുപാദ്ധ്യക്ഷനെ

---

29. Article : 83 30. Article : 84 31. Article : 101. Constitution (33rd, 52nd Amendment) Acts. 1974; 1985 Prohibition of Simultaneous Membership Rules-1950
32. Article : 102 33. Article : 103

കൂടി രാജ്യസഭാ സാമാജികൻമാർ തെരഞ്ഞെടുക്കും[34]. സഭാ സാമാജികത്വമവസാനിച്ചാൽ ഉപാദ്ധ്യക്ഷ സ്ഥാനം കഴിയും. അദ്ദേഹത്തിന് എപ്പോൾ വേണമെങ്കിൽ സ്വസ്ഥാനം രാജിവെച്ചൊഴിയാം. രാജിക്കത്ത് രാജ്യസഭാദ്ധ്യക്ഷനാണ് കൊടുക്കേണ്ടത്. സഭാസാമിജികൻമാരിൽ ഭൂരിപക്ഷം പേർ അനുകൂലിച്ച് അവിശ്വാസം രേഖപ്പെടുത്തിയാലും ഉപാദ്ധ്യക്ഷ പദവി നഷ്ടപ്പെടും. അത്തരം ഒരു പ്രമേയത്തിന് പതിന്നാലു ദിവസത്തെയെങ്കിലും മുന്നറിയിപ്പുണ്ടാകണം [35].

മന്ത്രിസഭയ്ക്കെതിരായി അവിശ്വാസ പ്രമേയം അവതരിപ്പിക്കേണ്ടത് ലോക്സഭയിലാണ്; രാജ്യസഭയ്ക്കു അത് സ്വീകരിക്കാനധികാരമില്ല. ധനകാര്യ നക്കൽ നിയമങ്ങളുടെ കാര്യത്തിലും ആ സഭയ്ക്ക് നാമമാത്രമായ അധികാരമേയുള്ളൂ. എല്ലാ ധനകാര്യ നക്കൽ നിയമവും (ബിൽ) ലോകസഭയിൽ വേണം ആദ്യം അവതരിപ്പിക്കുന്നത്. അതിനുശേഷം രാജ്യസഭയിലേക്കു പോകുന്നു. പതിന്നാലു ദിവസങ്ങളിലധികം അത് അവിടെ വെയ്ക്കാവുന്നതല്ല. രണ്ടു സഭകളും തമ്മിൽ തർക്കമുള്ള വിഷയങ്ങൾ ഒരു സംയുക്ത സമ്മേളനം ചേർന്ന് പരിഹരിക്കാം. ഈ വിധത്തിലുള്ള ഒരു നടപടി 1960 -ൽ സ്ത്രീധന നിരോധന നക്കൽ നിയമത്തെക്കുറിച്ച് (ബിൽ) ഉണ്ടായകാര്യം ഇവിടെ ഓർമ്മിക്കട്ടെ. രാജ്യസഭയ്ക്ക് രണ്ടധികാരങ്ങളിൽ പ്രത്യേകത പറയാം. സംസ്ഥാനങ്ങളുടെ നിയമനിർമ്മാണാധികാരപ്പട്ടികയിൽ പെടുന്ന കാര്യത്തെപ്പറ്റിയും[36], അഖിലേന്ത്യാ സർവ്വീസുകൾ സംഘടിപ്പിക്കുന്നതിനെപ്പറ്റിയുമുള്ള കാര്യങ്ങളാണവ[37]. ഉപരാഷ്ട്രപതിയും ഉപാദ്ധ്യക്ഷനുമില്ലാതിരുന്നാൽ രാജ്യസഭാ നടപടികളിൽ അദ്ധ്യക്ഷത വഹിക്കാൻ നടപടിക്രമങ്ങളിൽ നിശ്ചയിച്ചിട്ടുള്ള ആൾ മതി.

രാജ്യസഭാംഗങ്ങളുടെ പേരുകൾ കാണിക്കുന്ന ഒരു പട്ടികയുണ്ട്. അംഗംഹാജരായി സ്ഥാനത്തേക്കു പോകുന്നതിനു മുമ്പ് അതിൽ ഒപ്പിടണം. ആകെയുള്ള അംഗങ്ങളിൽ പത്തിലൊന്ന്

34. Article : 89 35. Article : 90 36. Article : 249 37. Article : 312

ഹാജരായാൽ കോറം (നടപടി ക്രമത്തിനാവശ്യമായ കുറഞ്ഞ അംഗസംഖ്യ) തികയും. ചില നിശ്ചിത കാര്യങ്ങളൊഴിവാക്കിയാൽ, നടപടി ക്രമത്തിന് സാമാന്യ* ഭൂരിപക്ഷം മതി. ഇരുഭാഗത്തും തുല്യമായ എണ്ണം വരുമ്പോൾ അദ്ധ്യക്ഷൻ തന്റെ സമ്മതിദാനം കൂടി ചേർത്ത് തീർപ്പു കല്പിക്കും. സാധാരണമായി ചോദ്യോത്തരവേളയോടു കൂടിയാണ് സഭാനടപടികളാരംഭിക്കുന്നത്. അതിനുശേഷമാണ് നേരത്തെ നിശ്ചയിച്ച ക്രമമനുസരിച്ച് മറ്റു നടപടികളിലേക്ക് പ്രവേശിക്കുന്നത്. അടിയന്തിര പ്രമേയം, സാധാരണ പ്രമേയം, അവിശ്വാസ പ്രമേയം, നയപ്രഖ്യാപനം, രേഖകളും അടിസ്ഥാന പ്രമാണങ്ങളും മേശപ്പുറത്തു വയ്ക്കൽ എന്നിങ്ങനെ മറ്റു പരിപാടികളിലേക്ക് കടക്കുന്നു. ഈ വിധത്തിലാണ് സഭയുടെ കാര്യപരിപാടി. അദ്ധ്യക്ഷന്റെ അനുമതിയോടു കൂടി പ്രസക്തമായ കാര്യങ്ങളും ചർച്ചയ്ക്കെടുക്കാം. സഭയുടെ നടപടി നിയന്ത്രിക്കാൻ നിശ്ചിതമായ ചട്ടങ്ങളുണ്ട്.

രാജ്യസഭയും ലോക്(ജന)സഭയും രാഷ്ട്രപതിയും ചേരുമ്പോൾ, ഭാരത പാർലിമെന്റ് പൂർണ്ണമാകും. ലോക്- എന്നാൽ ജനങ്ങൾ എന്നാണ് ഹിന്ദി ഭാഷയിൽ. അതിനാൽ ലോക്സഭയ്ക്ക് (ജനസഭ) എന്ന പേരു വീണു. സംസ്ഥാനങ്ങളെയും പ്രദേശങ്ങളെയും, മുഖ്യമായി പ്രതിനിധീകരിക്കുന്നതിനാൽ, ഇതരസഭയെ രാജ്യസഭ എന്നും നാമകരണം ചെയ്തിരിക്കുന്നു. രാജ്യസഭയെ സംബന്ധിച്ച പ്രസക്തവസ്തുതകൾ മുമ്പു സൂചിപ്പിച്ചു കഴിഞ്ഞു.

ലേക്(ജന)സഭ

നേരിട്ടു തെരഞ്ഞെടുക്കുന്ന, സംസ്ഥാനങ്ങളിലെ അഞ്ഞൂറുപേരും, യൂണിൻ പ്രദേശങ്ങളിൽ നിന്നുള്ള ഇരു പത്തഞ്ചു പേരും, ചേർന്നാണ് ലോക്(ജന)സഭയിലെ സാമാജികൻമാർ രൂപം കൊള്ളുന്നത്[38]. ലോക്സഭാംഗങ്ങളെ തെരഞ്ഞെടുക്കുന്നത്

38. Article : 81 The Constitution (7th,35th,36th Amendments) Acts 1956, 1974, 1975 The Goa, Daman and Diu Re organisation Act, 1987.

പ്രാദേശിക നിയോജക മണ്ഡലങ്ങളിൽ നിന്നാണ്. ഏറ്റവും അവസാന കാലത്തു നടന്ന കാനേഷുമാരിയിയെ ആസ്പദമാക്കിയാണ് നിയോജകമണ്ഡലങ്ങൾ നിർണ്ണയിക്കുന്നത്. ജനസംഖ്യയും പ്രാതിനിധ്യാനുപാതവും എല്ലായിടത്തും, പ്രായോഗികമാകുന്നത്ര ഒരു പോലെ വരാൻ ശ്രദ്ധിക്കുന്നതാണ്. സംസ്ഥാനങ്ങളിലെയും യൂണിയൻ പ്രദേശങ്ങളിലെയും പ്രാതിനിധ്യം നിയമം മൂലമാണ് പാർലിമെൻറു വ്യവസ്ഥ ചെയ്യുന്നത്. സംസ്ഥാനത്തിലെ സ്ഥാനങ്ങൾ നിശ്ചയിക്കുന്നതിന് നിയമം ഉണ്ട്[39]. പട്ടികജാതി-വർഗ്ഗങ്ങൾക്ക് സ്ഥാനങ്ങൾ സംവരണം ചെയ്തിരിക്കുന്നു. ആംഗ്ലോ-ഇന്ത്യൻ വിഭാഗക്കാർക്ക് രണ്ടു സ്ഥാനം നാമനിർദ്ദേശത്തിലൂടെ, രാഷ്ട്രപതി കൊടുക്കും.

ഏതെങ്കിലും നിയമം കൽപ്പിക്കുന്ന അയോഗ്യതയില്ലാത്ത, പ്രായപൂർത്തിനേടിയ,ഭാരതീയ പൗരനു മാത്രമേ സമ്മതിദാനത്തിനവകാശമുള്ളു. സ്ത്രീപുരുഷഭേദമന്യേ അതിനുള്ള അധികാരം എല്ലാവർക്കുമുണ്ട്. ഇത്രയും വലിയ സംഖ്യയുള്ള ഒരു ജനതതിക്ക്, ഇത്രയും വിശാലമായ അടിസ്ഥാനത്തിൽ, രാഷ്ട്രീയാധികാരം നൽകിയിട്ടുള്ളതിന്, ഭാരതത്തിലല്ലാതെ മറ്റെവിടെയും ഉദാഹരണമില്ല. ഭാരതത്തിൽ തന്നെ, ദീർഘകാല ചരിത്രത്തിൽ ആദ്യമായിട്ടാണുതാനും. നമ്മുടെ ഭരണഘടന എല്ലാ വിവേചനങ്ങളും തൂത്തു നീക്കിയിരിക്കുന്നു. കർത്തവ്യബോധത്തോടെ എല്ലാ സ്ത്രീപുരുഷൻമാരും അവരുടെ ഉത്തരവാദിത്വം നിറവേറ്റുമ്പോൾ, ജനാധിപത്യം ഭാരതത്തിൽ വിജയിക്കും.

രാഷ്ട്രപതി യുക്തമായിക്കരുതുന്ന സമയത്ത്, അദ്ദേഹം നിർദ്ദേശിക്കുന്ന സ്ഥലത്ത് സഭ സമ്മേളിക്കും. സമ്മേളനങ്ങൾ തമ്മിലുള്ള ഇടവേള ആറുമാസത്തിൽ കവിയാൻ പാടില്ല. ആദ്യം സമ്മേളിച്ച സമയം തൊട്ട് അഞ്ചു കൊല്ലമാണ് ലോക്സഭയുടെ കാലാവധി. അഞ്ചുകൊല്ലം തികയുമ്പോൾ സഭാകാലാവധി തീർന്ന് സ്വയം പിരിഞ്ഞു പോകും. എന്നാൽ കാലാവധിക്കു മുമ്പ് രാഷ്ട്രപതിക്ക് സഭ പിരിച്ചു വിടാം. അടിയന്തിരാവസ്ഥ

39. The Representation of People's Act, 1950 as amended

നിലവിലിരിക്കുമ്പോൾ ഒരു തവണ ഒരു വർഷം കവിയാത്ത വിധം. കാലാവധി ദീർഘിപ്പിക്കാം. അടിയന്തിരാവസ്ഥ തീർന്ന ശേഷം ആറുമാസത്തിൽ കവിഞ്ഞ് ലോക്സഭാകാലാവധി നീട്ടാവുന്നതല്ല[40]. ഏതെങ്കിലും അംഗത്തെ കരുതൽ തടങ്കലിൽ വയ്ക്കുന്നതു കൊണ്ട്, പാർലിമെൻറു സമ്മേളന സാധുത കോടതിയിൽ ചോദ്യം ചെയ്യാനാവില്ല എന്ന് സുപ്രീം കോടതി വിധിച്ചിട്ടുണ്ട്[41]. പാർലിമെൻറു നടപടി ക്രമം നിയമപരിശോധനാവിഷയമല്ല. സഭ സമ്മേളിക്കാൻ അറിയിപ്പു പുറപ്പെടുവിക്കുന്നത് രാഷ്ട്രപതിയാണ്[42]. സഭാനടപടികൾ നിർത്തിവയ്ക്കാനും, സഭ പിരിച്ചു വിടാനും ഉള്ള അധികാരവും അദ്ദേഹത്തിനുണ്ട്. സഭകളെ ഒറ്റയ്ക്കോ സംയുക്തമായോ അഭിസംബോധന ചെയ്യാനും നിശ്ചിതവിഷയങ്ങളെക്കുറിച്ച് സന്ദേശം കൊടുക്കാനും രാഷ്ട്രപതിക്കു സാധിക്കും[43]. പൊതു തെരഞ്ഞെടുപ്പു കഴിഞ്ഞ ശേഷം പാർലിമെൻറ് ആദ്യമായി സമ്മേളിക്കുമ്പോഴും, ഓരോ വർഷം ആദ്യം സഭസമ്മേളിക്കുമ്പോഴും ഒറ്റയ്ക്കോ സംയുക്തമായോ അദ്ദേഹത്തിന് സഭകളെ അഭിസംബോധന ചെയ്യാം. നടപടികൾ ക്രമീകരിച്ച് രാഷ്ട്രപതിയുടെ പ്രസംഗം ചർച്ചാവിഷയമാക്കണം[44]. സമയം അതിനു നീക്കിവെയ്ക്കണം.

ലോകസഭാംഗങ്ങൾ, അവരുടെയിടയിൽ നിന്ന് സ്പീക്കറെയും ഡെപ്യൂട്ടി സ്പീക്കറെയും തെരഞ്ഞെടുക്കുന്നു[45]. അതിനാവശ്യമായ ചട്ടങ്ങളും നടപടി ക്രമങ്ങളും ക്രോഡീകരിച്ചിട്ടുണ്ട്. പാർലിമെൻറ് ആദ്യമായി സമ്മേളിക്കുമ്പോൾ സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ് ബ്രിട്ടനിലെ വഴക്കം[46]. പാർലിമെൻറു കാലാവധിവരെയാണ് അദ്ദേഹത്തിൻെറയും ഉദ്യോഗകാലം. ഒരിക്കൽ തെരഞ്ഞെടുത്ത ആളിനെ തന്നെ അടുത്ത തവണയും തെരഞ്ഞെടുക്കുകയാണ് അവിടത്തെ വഴക്കം. ഏതു കക്ഷി ഭൂരിപക്ഷമായിരിക്കുന്നു എന്ന നോട്ടമില്ല. പഴയ സ്പീക്കർ

40. Article : 83 The Constitution (44th Amendment) Act 1978
41. Indira Gandhi Vs. Raj Narain, AIR 1975. S.C. 2299
42. Article : 85 The Constitution (1st Amendment) Act 1957 43. Article : 86
44. Article : 87 45. Article : 93. Rules Procedure & Conduct of Business of Parliament 1950 46. Constituional law by Keith. p.48.

മരിക്കുമ്പോഴോ, പാർലിമെൻറിലെ അംഗം ആകാതിരിക്കുമ്പോഴോ മാത്രമേ പഴയ ആളിനെ അവഗണിക്കൂ. സഭയെ എല്ലാക്കാര്യങ്ങളിലും പ്രതിനിധീകരിക്കുന്നതും, സഭസമ്മേളിക്കുമ്പോൾ നടപടികൾ നിയന്ത്രിക്കാൻ അദ്ധ്യക്ഷത വഹിക്കുന്നതും സ്പീക്കറാണ്. ബ്രിട്ടനിലെ വഴക്കങ്ങൾ നമുക്കും പ്രസക്തമാണ്. സ്പീക്കറുടെ അനുമതിയില്ലാതെ സഭയിൽ ആരും സംസാരിക്കുകയില്ല. അദ്ദേഹത്തിൻെറ കർത്തവ്യങ്ങളിലും തീരുമാനങ്ങളിലും ഒരു കോടതിയും ഇടപെടുകയില്ല. സാമാജികൻമാർ അദ്ദേഹത്തെയാണ് അഭിസംബോധന ചെയ്യേണ്ടത്. സ്പീക്കർ സ്വതന്ത്രനും നിഷ്പക്ഷനുമാണ്. അദ്ദേഹത്തിൻെറ ശമ്പളവും പടിയും മറ്റും സഞ്ചിത നിധിയിൽ നിന്നാണു സ്വീകരിക്കുന്നത്[47]. അദ്ദേഹത്തിൽ അവിശ്വാസം രേഖപ്പെടുത്താൻ വ്യവസ്ഥകളുണ്ട്[48]. അതിന് പതിന്നാലു ദിവസത്തെ മുന്നറിയിപ്പു വേണം. ലോക്സഭാംഗത്വം നഷ്ടമായാൽ അദ്ദേഹത്തിൻെറ പദവി പോകും. രാജി സമർപ്പിക്കാനും ഏർപ്പാടുണ്ട്. രാജിക്കത്ത് ഡെപ്യൂട്ടി സ്പീക്കർക്കു വേണം കൊടുക്കാൻ. സഭാംഗങ്ങൾക്ക് സമ്പൂർണ്ണമായ പ്രസംഗ സ്വാതന്ത്ര്യമുണ്ട്. അംഗത്തിൻെറ പ്രസംഗത്തെ ആസ്പദമാക്കി അദ്ദേഹത്തിനെതിരായി ഒരു കോടതിയേയും സമീപിക്കാനാവുന്നതല്ല. പ്രസംഗം പ്രകാശനം ചെയ്യുവാനും പ്രയാസമില്ല[49]. ഹിന്ദിയിലോ ഇംഗ്ലീഷിലോ പ്രസംഗിക്കാൻ കഴിവില്ലെങ്കിൽ, സ്പീക്കറുടെ അനുമതിയോടെ അദ്ദേഹത്തിന് മാതൃഭാഷയിൽ അങ്ങിനെ ചെയ്യാം. സ്പീക്കറുടെ അന്തിമതീരുമാനത്തെ (റൂളിംഗിനെ) ഒരു കോടതിയ്ക്കും പരിശോധിക്കാൻ കഴിവില്ല. രാജ്യനൻമയെ ആധാരമാക്കി ഏതു കാര്യവും സഭയുടെ ശ്രദ്ധയിൽ വയ്ക്കുവാനാവശ്യമായ മുൻഗണനാതീരുമാനത്തിന് പ്രയാസമില്ല. സഭയിലെ കമ്മിറ്റികളുടെ രൂപീകരണം, പ്രവർത്തനം തുടങ്ങിയ വിഷയങ്ങളിൽ അദ്ദേഹത്തിന് അനിയന്ത്രിതമായ അവകാശങ്ങളുണ്ട്.

---

47. Article : 112 48. Article : 94

49. Article 105 and Parliamentary Procedings (Protection of Publication) Act 1956.

സ്പീക്കറുടെ അസാന്നിദ്ധ്യത്തിൽ ലോക്ഭാനടപടികൾ നിയന്ത്രിക്കാൻ അദ്ധ്യക്ഷത വഹിക്കുന്നത് ഡെപ്യൂട്ടി സ്പീക്കറാണ്. അദ്ദേഹത്തെ തെരഞ്ഞെടുക്കുന്നത് സ്പീക്കറുടെ മാതിരി തന്നെ. മറ്റു കാര്യങ്ങളിലും അവർ തമ്മിൽ സമാനതയുണ്ട്. അദ്ദേഹത്തെ ഉൾപ്പെടുത്തിയുള്ള കമ്മിറ്റി സംഘടിപ്പിച്ചാൽ, സ്വാഭാവികമായും അദ്ദേഹമായിരിക്കും കമ്മിറ്റിയുടെ അദ്ധ്യക്ഷൻ. അദ്ദേഹത്തിന് ഏതു കമ്മിറ്റിയിലും ഹാജരാകാവുന്നതുമാണ്. സ്പീക്കർ അദ്ധ്യക്ഷത വഹിക്കുന്ന സഭാസമ്മേളനത്തിൽ ഡെപ്യൂട്ടി സ്പീക്കർ മറ്റേതു സാമാജികനെയും പോലെയാണ് പെരുമാറേണ്ടത്. അദ്ദേഹത്തിന് ഡെപ്യൂട്ടി സ്പീക്കർ എന്ന പദവിയ്ക്ക് നിശ്ചിതമായ ശമ്പളമാണു സ്വീകരിക്കാവുന്നത്.

ലോക്(ജന)സഭയിലേക്ക് തെരഞ്ഞെടുക്കപ്പെടാൻ ഇരുപത്തഞ്ചു വയസ്സു പൂർത്തിയാക്കിയ, നിയമപരമായി അയോഗ്യതകളൊന്നുമില്ലാത്ത, ഒരു ഭാരതീയ പൗരന് അവകാശമുണ്ട്. ഏതു നിയോജകമണ്ഡലത്തിൽ നിന്നു വേണമെങ്കിൽ ഒരാൾക്ക് മത്സരിക്കാൻ പ്രയാസമില്ല. തെരഞ്ഞെടുക്കപ്പെട്ട ഒരംഗം സഭയിലെ സ്ഥാനം സ്വീകരിക്കുന്നതിനുമുമ്പ് രാഷ്ട്രപതിയുടെയോ അദ്ദേഹം നിർദ്ദേശിക്കുന്ന ആളിൻെറയോ സന്നിധിയിൽ നിശ്ചിതമായ സത്യപ്രതിജ്ഞ ചെയ്യേണ്ടതുണ്ട്[50]. ഭാരതഭരണഘടനയിൽ ആത്മാർത്ഥമായ തികഞ്ഞ വിശ്വാസവും, ഭക്തിയും ഉള്ളവനായിരിക്കുമെന്നും, തൻെറ കർത്തവ്യങ്ങൾ വിശ്വാസപൂർവ്വം നിറവേറ്റുമെന്നും അതിൻപ്രകാരം ഏൽക്കുകയാണ് ചെയ്യുന്നത്.

പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യങ്ങൾക്കൊഴിച്ച് മറ്റെല്ലാ വിഷയങ്ങളും തീരുമാനിക്കുന്നത് സഭയിൽ ഹാജരായി വോട്ടു ചെയ്യുന്നവരുടെ സാധാരണമായ ഭൂരിപക്ഷാടിസ്ഥാനത്തിലാണ്[51]. പ്രത്യേക ഭൂരിപക്ഷം ആവശ്യമായ ഒൻപതു കാര്യങ്ങൾ ഭരണഘടനയിലുണ്ട്. നക്കൽ നിയമം (ബിൽ) എവിടെ

---

50. Article : 99; Third Schedule, Form III
51. Article : 100; Rules of Procedure & Conduct of Business in Parliament - 1970

അവതരിപ്പിക്കേണ്ടതാണെന്ന കാര്യത്തിലും ചില നിശ്ചിത വ്യവസ്ഥകളുണ്ട്. പൊതുവെ പറഞ്ഞാൽ, ഇരു സഭകളും അവ തരിപ്പിച്ച രൂപത്തിലോ അല്ലെങ്കിൽ ഭേദഗതി ചെയ്ത രൂപ ത്തിലോ ആണ് പാസ്സാക്കാവുന്നത്. അപ്രകാരം പാസ്സാക്കിയ നക്കൽ നിയമം (ബിൽ) രാഷ്ട്രപതിയുടെ അംഗീകാരം സമ്പാദിച്ച ശേഷമേ, ആധികാരിക നിയമമാകൂ. ഭേദഗതിയോടോ അതു കൂടാതെയോ ഇരുസഭകളും പാസ്സാക്കിയാലോ മാത്രമേ ഒരു ബിൽ പാസ്സായതായി പരിഗണിക്കൂ. പാർലിമെൻറിൻെറ പരിഗണന യിലിരിക്കുന്ന, നക്കൽ നിയമം(ബിൽ) സഭകൾ പിരിച്ചുവിടു ന്നതുകൊണ്ട് കാലഹരണ വിധേയമാകുകയില്ല. രാജ്യസഭയിൽ പരിഗണനയിലിരിക്കുന്ന, ലോക്സഭ പാസാക്കിയ നക്കൽ നിയമം (ബിൽ). ഒരു ലോകസഭ പിരിച്ചു വിടലിനു വിധേയമാ യതുകൊണ്ട് ശക്തിഹീനമാകുകയില്ല. എന്നാൽ ലോക്സഭയടെ പരിഗണനയിലിരിക്കുന്നതോ അല്ലെങ്കിൽ ലോക്സഭ പാസ്സാ ക്കിയശേഷം രാജ്യസഭയുടെ പരിഗണനയിൽ വരുന്നതിനു കാത്തിരിക്കുന്നതോ ആയ ഒരു നക്കൽ നിയമം(ബിൽ) ലോക്സഭ പിരിച്ചു വിട്ടാൽ അസ്ഥിരമായി ഭവിക്കും[52]. ഇങ്ങനെ ദുർബ്ബല പ്പെടുന്നത് ചില വ്യവസ്ഥകൾക്കു വിധേയമായിട്ടാണ്. ഒരു സഭ പാസ്സാക്കിയ നക്കൽ നിയമം(ബിൽ) മറ്റേ സഭയുടെ പരിഗണ നയ്ക്ക് അയയ്ക്കുന്നു. ചർച്ചയെ തുടർന്ന് രണ്ടാമത്തെ സഭ അതു നിരാകരിച്ചെന്നു വരാം. നക്കൽ നിയമത്തിൽ (ബിൽ) വരു ത്തേണ്ട ഭേദഗതിയെ ക്കുറിച്ച് രണ്ടു സഭകൾ യോജിച്ചില്ലെന്നു വരാം. രണ്ടാമത്തെ സഭ, ആദ്യത്തെ സഭ പാസ്സാക്കിയ നക്കൽ നിയമം (ബിൽ) സ്വീകരിച്ചശേഷം ആറുമാസം കഴിഞ്ഞിട്ടും അതു പാസ്സാക്കാൻ കൂട്ടാക്കിയില്ലെന്നു വരാം, ലോക്സഭ പിരി ഞ്ഞതു കൊണ്ട് നക്കൽ നിയമം(ബിൽ) ദുർബ്ബലപ്പെട്ടിട്ടില്ലെ ങ്കിൽ, അതിനെപ്പറ്റി ആലോചിക്കാൻ സഭകളുടെ സംയുക്ത സമ്മേളനം വിളിച്ചു കൂട്ടാൻ രാഷ്ട്രപതിക്ക് ഉത്തരവു പുറപ്പെ ടുവിക്കാം. സംയുക്ത സമ്മേളനത്തിൽ ഹാജരായി പങ്കെടുത്ത

52. Article : 107; 109 & 117

സാമാജികരിൽ ഭൂരിപക്ഷം അനുകൂലിച്ചു പാസ്സാക്കുന്ന നക്കൽ നിയമം(ബിൽ) രണ്ടു സഭകളും പാസ്സാക്കിയ നക്കൽ നിയമത്തിനു (ബിൽ) സമമായി പരിഗണിക്കുന്നതാണ്[53]. ഇപ്രകാരം വിളിച്ചു ചേർക്കുന്ന സമ്മേളനത്തിൽ അദ്ധ്യക്ഷനായിരിക്കുന്നത് ലോക്സഭാ സ്പീക്കർ ആയിരിക്കും. അദ്ദേഹത്തിൻെറ അഭാവത്തിൽ ചട്ടപ്രകാരമുള്ള ഒരാൾ സ്ഥാനം സ്വീകരിക്കും[54].

സഭാനടപടികൾക്ക് സാധുത്വം ഉണ്ടാകാൻ വേണ്ടിവരുന്ന കുറഞ്ഞ ഹാജർ, നിയമം മൂലം മറ്റു വിധത്തിൽ വ്യവസ്ഥയുണ്ടാക്കുന്നതു വരെ, ആകെയുള്ള അംഗസംഖ്യയുടെ പത്തിൽ ഒരു ഭാഗമാണ്[55]. ആവശ്യമായ കുറഞ്ഞ ഹാജർ ഇല്ലാതെ സഭ എന്തെങ്കിലും ചെയ്താൽ, ആ സഭാ പ്രവർത്തനത്തെ ചോദ്യം ചെയ്യാൻ കഴിയുകയില്ല[56]. അനുകൂലവും പ്രതികൂലവുമായി തുല്യ എണ്ണം ഒരു കാര്യത്തിലുണ്ടായാൽ തീർപ്പു കൽപ്പിക്കാൻ സഭാദ്ധ്യക്ഷനോ സ്പീക്കർക്കോ സാധിക്കും. അപ്പോൾ മാത്രമേ ചർച്ചയ്ക്കു വിധേയമായ കാര്യത്തിൽ അവർക്ക് സ്വാഭിപ്രായം രേഖപ്പെടുത്താൻ സാധിക്കൂ. അയോഗ്യത കൊണ്ടോ നിരോധനത്താലോ സഭയിൽ പങ്കെടുക്കാൻ പാടില്ലാത്ത ഒരാൾ അങ്ങിനെ പങ്കെടുത്താൽ ദിവസമൊന്നിന് അഞ്ഞൂറു രൂപ പിഴയൊടുക്കേണ്ടിവരും[57]. നിശ്ചിതമായ സത്യപ്രതിജ്ഞ നിർവ്വഹിക്കാതെ, സഭയിൽ സംബന്ധിക്കുകയോ വോട്ടു രേഖപ്പെടുത്തുകയോ ചെയ്താലും ഈ പിഴയ്ക്ക് വിധേയനാകും.

ചില വിഷയങ്ങളിൽ നിയമനിർമ്മാണം നിർവ്വഹിക്കാനുള്ള പരമാധികാരം ലോക്സഭയ്ക്കുണ്ട്. ധനസംബന്ധികളായ നക്കൽ നിയമങ്ങൾ (ബില്ലുകൾ) ലോക്സഭയിൽ മാത്രമേ ആദ്യമായിട്ടവതരിപ്പിക്കാവൂ. അവിടെ പാസ്സാക്കുന്ന നക്കൽ നിയമം (ബിൽ) രാജ്യസഭയിലേക്ക് പോകും. പതിന്നാലു ദിവസങ്ങൾക്കകം ലോക്സഭയിലേക്കു അത് ശുപാർശകളോടുകൂടി രാജ്യസഭ മടക്കി അയക്കേണ്ടതാണ്. ശുപാർശകളിൽ ചിലതോ മുഴുവ

---

53. Article : 108 54. Article : 118 55. Article : 100 56. Article : 122
57. Article : 104

നുമോ ലോക്സഭയ്ക്ക് നിരാകരിക്കാം. മുകളിൽ സൂചിപ്പിച്ച പതിന്നാലു ദിവസത്തിനകം രാജ്യസഭ മടക്കാതിരുന്നാൽ, ലോക് സഭ പാസ്സാക്കിയ രൂപത്തിൽ, ഇരുസഭകളും അംഗീകരിച്ചതായി കരുതും[58]. സ്വയപ്രവർത്തനശേഷിയോ, ലോക്സഭയുടെ ഇംഗിതത്തിനെതിരായി പോകാനുള്ള ശക്തിയോ രാജ്യസഭയ്ക്കില്ല. ഒരു പക്ഷക്കാലം വെച്ചു അമാന്തിപ്പിക്കാമെന്നതിൽ കൂടുതലൊന്നും ചെയ്യാവുന്നതുമല്ല. ധനേതര നക്കൽ നിയമങ്ങൾ (ബിൽ) രണ്ടു സഭകളും പാസ്സാക്കിയശേഷമേ രാഷ്ട്രപതിയുടെ അംഗീകാരത്തിനു പോകൂ[59]. മന്ത്രിസഭയെ പുറന്തള്ളാൻ ലോക്സഭയ്ക്കു മാത്രമേ കഴിയൂ.

കേന്ദ്രാധികാരപരിധിയിൽപ്പെടുന്നവകൂടാതെ സംയുക്ത വിഷയങ്ങളിലുള്ള കാര്യങ്ങളിലും പാർലിമെൻറിന് അധികാരമുണ്ട്[60]. കേന്ദ്രനിയമങ്ങളുമായി പൊരുത്തപ്പെടാത്ത സംസ്ഥാന നിയമങ്ങൾ എത്രത്തോളം പൊരുത്തപ്പെടാതിരിക്കുന്നോ അത്രത്തോളം അസാധുവാണ്. സംസ്ഥാനവിഷയങ്ങളിൽ നിന്ന്, ചില വ്യവസ്ഥകൾക്കു വിധേയമായി, ദേശീയതാൽപര്യം മുൻനിർത്തി, കേന്ദ്രത്തിന് ചില വിഷയങ്ങൾ ഏറ്റെടുക്കാനും സാധിക്കും. അതിന് ഒരു നിശ്ചയത്തിലൂടെ, രാജ്യസഭ അതു സാക്ഷ്യപ്പെടുത്തണം[61]. ഇത് സമാധാനകാലത്ത്, അടിയന്തിരാവസ്ഥയില്ലാത്ത കാലത്തെ കാര്യമാണ്. അടിയന്തിരാവസ്ഥ കാലത്ത് സംയുക്ത ഭരണം അവസാനിക്കുകയും ഭാരത സർക്കാർ ഏകചക്രഭരണകൂടമായി ഭവിക്കുകയും ചെയ്യുന്നു. അപ്പോൾ രാജ്യത്തിൽ മൊത്തമോ, ചില പ്രദേശങ്ങളിൽ മാത്രമായോ നിയമ നിർമ്മാണം നടത്താം. അടിയന്തിരാവസ്ഥ അവസാനിച്ച് ആറു മാസം തികയുമ്പോൾ അപ്പോഴുണ്ടാകുന്ന പ്രത്യേക നിയമങ്ങൾ അസാധുവാകും[62]. സംസ്ഥാനനിയമങ്ങൾ പ്രബലമാകുകയും ചെയ്യും[63].

സംസ്ഥാനങ്ങളുടെ അധികാര പരിധിയിൽപെടുന്ന വിഷയങ്ങളിൽ കേന്ദ്രത്തിന് കടക്കാൻ കഴിയുന്ന മറ്റു സന്ദർഭവും ഉണ്ട്.

58. Article : 109 59. Article : 107 60. Article : 246 Seventh Schedule : Lists I & III
61. Article : 249 62. Article : 250 63. Article : 251

രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ പരസ്പരധാരണയിലൂടെ, അവർക്കായി നിയമനിർമ്മാണം നിർവ്വഹിക്കണമെന്നു പാർലിമെൻറിനെ അധികാരപ്പെടുത്തണം. എന്നാൽ നിയമപ്രകാരമുണ്ടാകുന്ന ഈ നിയമം ഭേദഗതി ചെയ്യാൻ സംസ്ഥാന നിയമസഭകൾക്കു കഴിയുകയില്ല[64]. ഭാരതം അംഗീകരിക്കുന്ന അന്താരാഷ്ട്രകരാറുകളും മറ്റും നടപ്പിലാക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്താൻ പാർലിമെൻറിനധികാരമുണ്ട്. ഭാരതത്തിനു മൊത്തമോ, ഏതെങ്കിലും ഭാഗത്തിനോ ആകാമത്.

ബ്രിട്ടീഷ് പാർലിമെൻറിനുള്ളത്ര, നമ്മുടെ പാർലിമെൻറിന് അധികാരമില്ല. പാർലിമെൻറു പാസ്സാക്കുന്ന നിയമം ഭരണഘടനാതീതമായിക്കൂടാ. അങ്ങിനെ കോടതി വിധിച്ചാൽ നിയമം സ്വയം ദുർബ്ബലമാകും.

പൊതുജനങ്ങൾക്ക് ഔദ്യോഗികമായി വസ്തുതകൾ അറിയാൻ സാധിക്കുന്നത്, പാർലിമെൻറിലെ ചോദ്യോത്തര വേളകളിലാണ്. സാമാജിൻമാർക്ക് ഏതു ചോദ്യവും ഉയർത്താം. മന്ത്രിമാർ ചോദ്യോത്തരവേള ഒരു വിനയായി കരുതിക്കൂടാ. നയങ്ങളെയും നടപടികളെയും വിശദമാക്കാനും വിശദീകരിക്കാനും, പാർട്ടി വിപ്പിൻെറ നിയന്ത്രണമില്ലാതെ സമ്മതിപ്പിക്കാനും ഉപചോദ്യങ്ങളിലൂടെ സാധിക്കും. ചോദ്യോത്തരവേളയിൽ മൂന്നുതരം ചോദ്യങ്ങൾ ഉന്നയിക്കാം. നക്ഷത്രചിഹ്നച്ചോദ്യം, അതില്ലാത്ത ചോദ്യം, മുന്നറിയിപ്പില്ലാത്തവ. നേരിട്ടു മറുപടി ലഭിക്കണമെന്നുള്ളവയ്ക്ക് നക്ഷത്രചിഹ്നചോദ്യം എന്നു പറയുന്നു. അതില്ലാത്തവയുടെ മറുപടി രേഖപ്പെടുത്തുകയേയുള്ളൂ. ഒരു സമാജികന് ഒരു ദിവസം സാധാരണമായി മൂന്നു നക്ഷത്രചിഹ്ന ചോദ്യങ്ങൾക്കാണവകാശം. ആ ചിഹ്നമില്ലാത്തവയ്ക്ക് അങ്ങിനെ പരിധിയില്ല. ചോദ്യത്തിന് പത്തു ദിവസത്തെ മുന്നറിയിപ്പെങ്കിലും കൊടുക്കേണ്ടതുണ്ട്. വളരെ പ്രാധാന്യമുള്ള വിഷയങ്ങളെപ്പറ്റി ഉയർത്തുന്ന ചോദ്യങ്ങൾക്ക് അരമണിക്കൂർ ചർച്ചയ്ക്ക് വഴിയുണ്ട്. ചോദ്യകർത്താവിന് പ്രസ്താവന ചെയ്യാനും മന്ത്രിക്ക്

64. Article : 252

മറുപടി പറയാനും സാധിക്കും. സഭയിലെ ഏറ്റവും രസകരവും ഉപയോഗപ്രദവുമായ സമയമാണ് ചോദ്യോത്തര വേള.

ഒരു മന്ത്രിക്കും മറ്റേതൊരംഗത്തിനും ഒരു വിഷയത്തെക്കുറിച്ച് ഒരു കരടു നിയമം(ബിൽ) അവതരിപ്പിക്കാം. മന്ത്രി അവതരിപ്പിക്കുന്നതിന് ഔദ്യോഗിക ബില്ലെന്നും, മറ്റേതിനെ അനൗദ്യോഗിക ബില്ലെന്നുമാണ് പൊതുവെ പരാമർശിക്കുക. മന്ത്രിക്ക് ചർച്ചാവേളയിൽ രണ്ടു സഭകളിലും സംബന്ധിക്കാം. എന്നാൽ സമ്മതിദാനാവകാശം (വോട്ട്) അംഗത്വമുള്ള സഭയിൽ മാത്രമേയുള്ളു. അനൗദ്യോഗിക ബില്ലിന് സാധാരണമായി ഒരു മാസത്തെയെങ്കിലും മുന്നറിയിപ്പുണ്ടായിരിക്കണം. കരടു നിയമം(ബിൽ) അവതരിപ്പിച്ചു കഴിഞ്ഞാൽ അത് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തും. ബില്ല് സഭയിൽ അവതരിപ്പിക്കുന്നതിനെയാണ് സാധാരണമായി ഒന്നാം വായന എന്നു പറയും. അതിൻെറ പരിഗണനയെ രണ്ടാം വായന എന്നു പറയും. അതിനു രണ്ടു ഘട്ടങ്ങളുണ്ട്. ആദ്യത്തേത് പൊതുവായ ചർച്ചയാണ്. ആ സന്ദർഭത്തിൽ ഒരു സെലക്ട് കമ്മിറ്റിക്കായക്കുകയോ, പൊതു ജനാഭിപ്രായമാരായാൻ വിതരണം ചെയ്യുകയോ ആകാം. സെലക്ട് കമ്മിറ്റിക്കയച്ചാൽ അവർ ബില്ലിലെ വകുപ്പുകളോരോന്നും പ്രത്യേകം പ്രത്യേകമായി ചർച്ച ചെയ്യും. അവർക്കു തോന്നുന്ന ഭേദഗതികൾ നിർദ്ദേശിക്കും. ആവശ്യമെന്നു തോന്നിയാൽ അവർക്ക് ബില്ലിനെക്കുറിച്ച് തെളിവു ശേഖരിക്കാം. സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്, ബില്ലിനോടൊപ്പം വീണ്ടും സഭയിൽ വരുന്നു. വകുപ്പുവകുപ്പായി വായിച്ചു പരിഗണിക്കുകയാണ് രണ്ടാം വായനയുടെ രണ്ടാം ഘട്ടം. ഓരോ വകുപ്പിനെപ്പറ്റിയും വാദപ്രതിവാദമാകാം. ഭേദഗതികൾ അവതരിപ്പിക്കുന്നത് ഈ വേളയിലാണ്. ഓരോ ഭേദഗതിയും, ഓരോ വകുപ്പും വോട്ടിനിട്ടാണ് അവസാനരൂപത്തിലെത്തിക്കുന്നത്. എല്ലാം പാസ്സാക്കിക്കഴിഞ്ഞാൽ രണ്ടാം വായന പൂർത്തിയാകും. ഇതു കഴിഞ്ഞ് ബില്ല് മൂന്നാം വായനയ്ക്ക് വരും. അനുകൂലമോ പ്രതികൂലമോ ആയ വാദഗതികൾ ഈ അവസരത്തിൽ ഉയരും.

ബിൽ പാസ്സാക്കിയാൽ, രാഷ്ട്രപതിയുടെ അനുമതിക്കായി സമർപ്പിതമാകും. അംഗീകാരം കൂടി കിട്ടിയാൽ നിയമവുമാകും.

ലോക്സഭയുടെ പ്രധാനപ്പെട്ട കമ്മിറ്റികളിൽ ഒന്നാണ് 1953-ൽ ആദ്യമായി സംഘടിപ്പിച്ച സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി. അതിൽ പതിനഞ്ച് അംഗങ്ങളുണ്ട്. കമ്മിറ്റിയേയും അദ്ധ്യക്ഷനെയും നിയമിക്കുന്നത് സ്പീക്കർ (സഭാപതി) ആണ്. സാധാരണമായി പ്രതിപക്ഷ കക്ഷിയിലെ സാമാജികനായിരിക്കും അദ്ധ്യക്ഷൻ. സഭ പാസ്സാക്കുന്ന നിയമമനുസരിച്ച് കാര്യനിർവ്വഹണവിഭാഗത്തിനുള്ള അധികാര പരിധിയിൽ നിർമ്മിക്കുന്ന നിയമങ്ങളും ഉപനിയമങ്ങളുമാണ് സബോർഡിനേറ്റ് ലെജിസ്ലേഷൻ-എന്നറിയപ്പെടുന്നത്. ഡെലിഗേറ്റഡ് ലെജിസ്ലേഷൻ-എന്നും പറയാറുണ്ട്. ബ്രിട്ടനിലും ഇതുണ്ട്[65]. പാർലിമെൻറ് കൊടുക്കുന്ന അധികാരം മൂലമാണ് കാര്യനിർവ്വഹണ വിഭാഗം (എക്സിക്യൂട്ടീവ്) ഇവ തയ്യാറാക്കുന്നത്. മറ്റു പ്രധാന നിയമങ്ങളെപ്പോലെ അവയ്ക്ക് നിയമപ്രാബല്യവും സാധുതയുമുണ്ട്. നിയമപരിപാടികളെ സ്പർശിക്കുന്ന കാര്യങ്ങൾ മാത്രം നിയമത്തിൽ നിജപ്പെടുത്തി, നടപടിക്രമങ്ങളും നടത്തിപ്പിനുള്ള നിർദ്ദേശങ്ങളും നിർവ്വഹണവിഭാഗത്തിന് വിട്ടുകൊടുക്കുന്നതാണ് സബോർഡിനേറ്റ് ലെജിസ്ലേഷൻെറ രീതി.

നമ്മുടെ ഭരണഘടനാപ്രമാണമനുസരിച്ച്, അനുമതിയില്ലാതെ പൊതുമുതലിൽ നിന്ന് ഒട്ടും പണം ചിലവഴിച്ചു കൂടാ. അതുപോലെ തന്നെ, പാർലിമെൻറിൻെറ അംഗീകാരം കൂടാതെ നികുതികൾ പുതിയതായി ഏർപ്പെടുത്താനും വയ്യ. സഞ്ചിത നിധി (കൺസോളിഡേറ്റഡ് ഫണ്ട്)യിൽ നിന്നുള്ള ചിലവിനങ്ങൾ പാർലിമെൻറിലെ വോട്ടിംഗിനു വിധേയമല്ല. എന്നാൽ അവയുടെ അടങ്കലുകൾ ചർച്ച ചെയ്യാൻ പാർലിമെൻറിന് സ്വാതന്ത്ര്യമുണ്ട്. പാർലിമെൻറിൽ ഭരണ കൂടത്തിൻെറ ഏതു വിഭാഗത്തെപ്പറ്റിയും ചോദ്യങ്ങളുണ്ടാകാം. ഖണ്ഡനോപ

65. Government and Parliament by Herbert Morrison (1954) p.150-157

ക്ഷേപം അവതരിപ്പിച്ച് മന്ത്രിയിൽ അവിശ്വാസം രേഖപ്പെടുത്താം. ഭരണത്തെ ആവുന്നോളം വിമർശിക്കാം.

സർക്കാരിൻെറ സാമ്പത്തികനയം ഫലപ്രദമായി നിയന്ത്രിക്കാൻ പാർലിമെൻറിനു സാധിക്കും. ഓരോ വർഷവും വരവു ചിലവുകൾ സംബന്ധിച്ച് ഒരു പ്രസ്താവന രണ്ടു സഭകളിലും സമർപ്പിക്കാൻ രാഷ്ട്രപതി ഏർപ്പാടു ചെയ്യണം. ഇതിന് ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെൻറ് -എന്നാണു പറയാറുള്ളത്-[66]. അതായത് ആയവ്യയ പത്രിക (ബഡ്ജറ്റ്). വാർഷികായവ്യയ പത്രികയിൽ, സഞ്ചിത നിധിയിൽ നിന്നുള്ള ചിലവുകളുടെയും ഇതരയിനങ്ങളുടെയും വിശദീകരണങ്ങളുണ്ടായിരിക്കും. ലോക് സഭയ്ക്ക് അത് അപ്പടി സ്വീകരിക്കാം. സഞ്ചിത നിധിയിലുള്ളതൊഴിച്ച് മറ്റുള്ളവ വോട്ടിംഗിനു വിധേയമാക്കാം. ഉപക്ഷേപങ്ങൾ വയ്ക്കുന്നത് രാഷ്ട്രപതിയുടെ ശുപാർശ പ്രകാരമേ സാധിക്കൂ. അതു കഴിഞ്ഞാൽ ധനവിനിയോഗ ബില്ലുകൾ (അപ്രോപ്രിയേഷൻ ബിൽ) കൊണ്ടു വരും[67]. സഞ്ചിത നിധിയിൽ ബാധ്യതപ്പെടുത്തിയിട്ടുള്ള ചിലവുകൾ കുറയ്ക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ നടപടി സ്വീകരിക്കുകയില്ല. ധനവിനിയോഗ നിയമ (അപ്രോപ്രിയേഷൻ ആക്ട്) ത്തിൻെറ വ്യവസ്ഥകൾക്കു വിധേയമല്ലാതെ സഞ്ചിത നിധിയിൽ നിന്ന് ഒരു സംഖ്യയും പിൻവലിച്ചുകൂടാ.

ഭരണകൂടത്തിൻെറ നികുതി നിർദ്ദേശങ്ങളും ഇതര വിഷയങ്ങളും ഉൾപ്പെടുന്നതാണ് ഫിനാൻസ് നക്കൽ നിയമം (ബിൽ). ഇത് സഭയുടെ ശ്രദ്ധയിൽ കൊണ്ടു വന്നു ചർച്ച ചെയ്യാൻ രാഷ്ട്രപതിയുടെ ശുപാർശ വേണം. സാധാരണമായി ബഡ്ജറ്റിൽ ചേർത്തിട്ടുള്ള ചിലവു തുകകൾ രണ്ടു വിഭാഗങ്ങളിൽ പെടും. വോട്ടു ചെയ്യേണ്ടവയും, വേണ്ടാത്തവയും. സഞ്ചിതനിധിയിലുള്ള ചിലവുകൾ (കൺസോളിഡേറ്റഡ് ഫണ്ടിൽ പെടുന്നവ) വോട്ടിംഗിനുവിധേയമല്ല. രാഷ്ട്രപതിയുടെ

66. Article : 112 67. Article : 114

ശുപാർശയോടു കൂടി ഡിമാൻണ്ടുകൾ വയ്ക്കണം. അവ അംഗീകരിക്കാനോ തള്ളാനോ സഭയ്ക്ക് സാധിക്കും. പൊതുവായ ചർച്ചയിൽ മിക്കവാറും തത്വങ്ങൾക്കും ധനകാര്യങ്ങൾക്കുമാണ് പ്രാമാണ്യം കിട്ടുക. ഖണ്ഡനോപക്ഷേപം മൂന്നു തരത്തിലുണ്ട്. 1) നാമമാത്രമായ, നയസംബന്ധമായ, വെട്ടിച്ചുരുക്കൽ; 2) ചിലവു ചുരുക്കലിനെ ലാക്കാക്കിയുള്ളവ; 3) നാമമാത്രമായ വെട്ടിച്ചുരുക്കൽ. ഒഴിച്ചു കൂടാൻ സാധിക്കാത്ത ചെലവുകൾക്കു വേണ്ടിയുള്ള തുകകൾക്ക് കണ്ടിൻജൻസി ഫണ്ട്[68]-എന്നൊന്നുണ്ട്.

സർക്കാരിൻെറ ധനവിഷയങ്ങളെ നിയന്ത്രിക്കുന്നതിനും മറ്റുമായി രണ്ടു മുഖ്യ കമ്മിറ്റികളുണ്ട്. എസ്റ്റിമേറ്റ്സ് കമ്മിറ്റി, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി-എന്നാണവയുടെ പേര്. പാർലിമെൻറിൻെറ കമ്മിറ്റികളുടെ കാര്യവും ഇവിടെ സൂചിപ്പിക്കട്ടെ. ലോക്സഭയിലെ കമ്മിറ്റികളിൽ ബിസിനസ് കമ്മിറ്റിയാണ് കാര്യപരിപാടി മുഖ്യമായി നിയന്ത്രിക്കുന്നതും തീരുമാനിക്കുന്നതും. സ്പീക്കർ തന്നെയാണ് അദ്ധ്യക്ഷൻ. ബില്ലുകളെ (നക്കൽ നിയമങ്ങൾ) സംബന്ധിച്ചുള്ള സെലക്ട് കമ്മിറ്റികളുടെ കാര്യം സൂചിപ്പിച്ചു കഴിഞ്ഞല്ലോ. ഇനിയുള്ളത് പരാതിക്കമ്മിറ്റിയാണ്. ഇത് സ്പീക്കർ നാമനിർദ്ദേശം നടത്തുന്നവരെ ചേർത്തുള്ള കമ്മിറ്റിയാണ്. ഈ കമ്മിറ്റികളെല്ലാം സർക്കാരിൻെറ നിയമ പ്രവർത്തനങ്ങളെ സഹായിക്കുകയും പൂരിപ്പിക്കുകയും ചെയ്യുന്നു. പലപ്പോഴും ഇവരുടെ പ്രവർത്തനങ്ങൾ സർക്കാരും പ്രതിപക്ഷവും തമ്മിലുള്ള ബന്ധങ്ങളെ പുഷ്ടിപ്പെടുത്തും. ധനപരമായി പാർലിമെൻറിൽ സമർപ്പിച്ചിട്ടുള്ള അധികാരം ശരിയാംവണ്ണമാണ് നിറവേറ്റുന്നതെന്നുറപ്പു വരുത്താൻ മുമ്പു സൂചിപ്പിച്ച എസെറ്റിമേറ്റ്സ് കമ്മിറ്റിയും, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റികളുണ്ട്. ബഡ്ജറ്റിലെ പ്രധാന കാര്യങ്ങളും നിർദ്ദേശങ്ങളും ആധികാരികമായി പരിശോധിക്കുകയാണ് അവരുടെ ചുമതല. ലോക്സഭാ സാമാജികൻമാരിൽ നിന്നു തെരഞ്ഞെടുക്കുന്ന മുപ്പതുപേർക്ക് എസ്റ്റിമേറ്റ്സ് കമ്മിറ്റിയിൽ സ്ഥാനമുണ്ട്. കമ്മിറ്റിയുടെ കാലാവധി ഒരു വർഷമാണ്. പൊതുധനം ചില

68. Article : 167

വാക്കുന്ന കാര്യങ്ങൾ വിശദമായി അവർ പഠിക്കുന്നു. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിൽ ഇരുപത്തിരണ്ട് അംഗങ്ങളുണ്ട്. ഈ കമ്മിറ്റിയുടെ തുടക്കം 1928-ൽ ആണെന്നു പറയാം- പണ്ടത്തെ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ! ഒരു വർഷത്തോളം കാലാവധി യുള്ള ഇപ്പോഴത്തെ കമ്മിറ്റിക്ക്, കംട്രോളർ-ആഡിറ്റർ ജനറ ലിൻെറ സഹായസഹകരണം മാത്രമല്ല, റിപ്പോർട്ടുകളും ഉപ യോഗത്തിനുതകും. പതിനഞ്ചു പേരെ നാമനിർദ്ദേശം ചെയ്ത് സഭാരംഭത്തിൽ സ്പീക്കർ സംഘടിപ്പിക്കുന്ന കമ്മിറ്റിയാണ് വിശേഷാധികാരക്കമ്മിറ്റി. സഭയുടെ പ്രവർത്തനകാലത്ത് പല സന്ദർഭങ്ങളിൽ, പല വിഷയങ്ങളിൽ മന്ത്രിമാർ നൽകുന്ന ഉറപ്പ് എത്രത്തോളം പാലിക്കപ്പെടാറുണ്ടെന്നു അന്വേഷിക്കുന്നത് അഷ്വറൻസ് കമ്മിറ്റിയാണ്. ഇവർ യഥാസമയം സഭയ്ക്ക് റിപ്പോർട്ടു കൊടുക്കും. പതിനഞ്ചുപേർ അംഗങ്ങളായി ഒരു വർഷത്തേക്കുള്ള കമ്മിറ്റിയാണ് സാമാജികഹാജർ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. സഭയുടെ നടപടി ക്രമങ്ങളെയും മറ്റും നിയന്ത്രിക്കുന്ന കാര്യങ്ങൾ നോക്കാൻ, സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന പതിനഞ്ചു പേരടങ്ങിയ റൂൾസ് കമ്മിറ്റിയുടെ അദ്ധ്യ ക്ഷനും സ്പീക്കർ തന്നെ. സർക്കാരിൻെറ ഭരണനിയന്ത്രണത്തി ലുള്ള നിരവധി സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വസ്തുതകൾ പരിഗണിക്കാൻ ലോക്സഭയിൽ പൊതുഉടമാസ്ഥാപനക്കമ്മിറ്റി യുണ്ട്. ലോക്സഭയിൽ നിന്നുള്ള പത്തും രാജ്യസഭയിൽ നിന്നുള്ള അഞ്ചും അംഗങ്ങളാണിതിലുള്ളത്. അത് ആദ്യമായി സംഘടിപ്പി ച്ചത് 1964-ൽ ആണ്. ഓരോ വർഷവും അഞ്ചിലൊന്നംഗങ്ങൾ വിരമിക്കുന്ന സമ്പ്രദായം ഈ കമ്മിറ്റിക്കുണ്ട്.

പട്ടികാരൂപത്തിൽ പറഞ്ഞാൽ പാർലിമെൻറിലെ കമ്മിറ്റി കൾ ഇവയാണ്: (1) എസ്റ്റിമേറ്റ്സ് കമ്മിറ്റി. (2) പബ്ലിക്ക് അക്കൗ ണ്ട്സ് കമ്മിറ്റി (3) അഷ്വറൻസ് കമ്മിറ്റി (4) സാമാജിക ഹാജർ കമ്മിറ്റി (5) റൂൾസ് കമ്മിറ്റി (6) പൊതു ഉടമാസ്ഥാപനക്കമ്മിറ്റി (7) പരാതിക്കമ്മിറ്റി (8) അനൗദ്യോഗിക നക്കൽ നിയമ-പ്രമേയ ക്കമ്മിറ്റി (9) കർമ്മപരാപാടി (Business)ക്കമ്മിറ്റി (10)സെലക്ട് കമ്മിറ്റികൾ.

പാർലിമെൻറിനും അതിലെ അംഗങ്ങൾക്കും ചില അത്യാവശ്യാവകാശങ്ങൾ, അധികാരങ്ങൾ, അബാധ്യതകൾ എന്നിവയുണ്ട്. അവ മുഖ്യമായി പ്രതിപാദിച്ചിട്ടുമുണ്ട്[69]. അവയെക്കുറിച്ച് ആനുഷംഗികമായി ഈ പുസ്തകത്തിൽ അവിടെവിടെ സൂചിപ്പിച്ചിട്ടുമുണ്ട്. എങ്കിലും അക്കാര്യങ്ങൾ ആവർത്തിക്കുന്നത് അനുചിതമാകുമെന്നു തോന്നുന്നില്ല. സർവ്വപ്രധാനമായത് ആശയപ്രകടന സ്വാതന്ത്ര്യമാണ്. പാർലിമെൻറിൻെറ സഭകളിലോ, കമ്മിറ്റിയിലോ, ചെയ്യുന്ന പ്രസ്താവനകളും ചെയ്ത സമ്മതിദാനവും ഒരു കോടതിയുടെയും പരിധിയിൽ പരിശോധനയ്ക്കോ, കുറ്റവിചാരണയ്ക്കോ മറ്റു നിയമനടപടികൾക്കോ വിധേയമാക്കാവുന്നതല്ല. പ്രിവിലേജസ് കമ്മിറ്റി എന്നൊന്നു തന്നെയുണ്ട്, ഇവ ഉറപ്പു വരുത്താൻ. സത്യസന്ധവും നീതിയുക്തവുമായി സഭാ വസ്തുതകൾ വർത്തമാനപത്രത്തിലും മറ്റും പ്രസിദ്ധം ചെയ്യാനും ഈ പ്രത്യേകാവകാശം സഹായിക്കും. എഴ്സ്കിൻമേയെന്ന നിയമ പണ്ഡിതൻെറ അഭിപ്രായം ഓരോ അംഗത്തിനും വിശേഷാധികാരം അനുഭവിക്കാമെന്നും, സഭയുടെ പ്രത്യേകമായ അധികാരവും അന്തസ്സും പുലർത്താമെന്നും ആണ്. എങ്കിലും ഏതെങ്കിലും കാര്യത്തിന് സഭയിലെ ഒരംഗത്തെ തടഞ്ഞു വെയ്ക്കുകയോ തടവിലാക്കാൻ നടപടിയെടുക്കുകയോ ചെയ്താൽ അതു ചെയ്ത അധികാരി അക്കാര്യം കാരണങ്ങളോടുകൂടി സ്പീക്കറേയോ, അദ്ധ്യക്ഷനേയോ അറിയിക്കണം. ശിക്ഷയിൽ മുക്തനാകുമ്പോഴും അക്കാര്യം അറിയിച്ചിരിക്കണം. മറ്റൊരുകാര്യം എടുത്തു പറയേണ്ടത്, സഭാ പരിസരത്തുവച്ച് ഒരു സാമാജികനെ തടവിലെടുക്കണമെങ്കിൽ സ്പീക്കറുടെ അനുമതി വേണം - എന്നുള്ളതാണ്.

---

69. Article : 105, The Constitution (44th Amendment) Act 1978

പരമോന്നത കോടതി

സംയുക്ത ഭരണവ്യവസ്ഥയിൽ ഒഴിച്ചുകൂടാനാവാത്ത ഏർപ്പാടാണ് കേന്ദ്രവും ഘടകങ്ങളും തമ്മിൽ ഉണ്ടായേക്കാവുന്ന തർക്കം പരിഹരിക്കാനുള്ള സംവിധാനം. അധികാരവും ചുമതലയും രണ്ടു വിഭാഗങ്ങൾക്കായി വീതിച്ചിട്ടുള്ളതിനാൽ, തർക്കവും ഉരസ്സലും ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് പ്രതീക്ഷിക്കുന്നതിൽ തെറ്റില്ല. തർക്കങ്ങളിൽ തീരുമാനമെടുക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള നീതിന്യായക്കോടതിയുടെ ആവശ്യവും പ്രാധാന്യവും സ്പഷ്ടമാണ്. സ്വതന്ത്രവും സുസംഘടിതവും, സുശക്തവുമായ നീതിന്യായ പരിപാലനേർപ്പാടാണ്, ജനങ്ങളുടെ അവകാശങ്ങളും താൽപ്പര്യങ്ങളും ഉറപ്പുവരുത്തുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകം. ന്യായാധിപൻമാർ ഭരണ മേധാവികളുടെ സ്വാധീനത്തിൽ കഴിയുന്നവരാകാൻ പാടില്ല. ഈ ആശയം സാക്ഷാത്കരിക്കുന്ന വിധത്തിലാണ് ഭരണഘടനാശിൽപ്പികൾ, നീതിന്യായ വകുപ്പിനെ ഭരണനിർവ്വഹണസംവിധാനത്തിൽ നിന്നു വേർപെടുത്തുന്നതിന് നടപടികൾ എടുത്തത്. രാഷ്ട്രം ഇതിലേക്കാവശ്യമായ നടപടികൾ എടുക്കേണ്ടതാണെന്ന് അനുശാസിച്ചിരിക്കുന്നു, നിർദ്ദേശക തത്വങ്ങളടങ്ങിയ IV ഭാഗത്തിൽ[70]. 1950 ജനുവരി 26-ാം തീയതി പുതിയ ഭരണഘടന നിലവിൽ വന്നപ്പോൾ, 1935-ലെ ഭരണ നിയമപ്രകാരമുള്ള ഫെഡറൽ കോടതിയുടെ തുടർച്ചയല്ല സംഭവിച്ചത്: പഴയ ഫെഡറൽ കോടതി പരമോന്നത നീതി പീഠമായിരുന്നില്ല. അതിൻെറ വിധി പുന:പ്പരിശോധനയ്ക്ക് ബ്രിട്ടനിലെ പ്രിവികൗൺസിലിലേക്ക് അപ്പീൽ പോകാമായിരുന്നു. എന്നാൽ നമുക്കു കിട്ടിയ സുപ്രീം കോടതി പരമോന്നത കോടതി തന്നെയാണ്. അതിൽ നിന്നു വേറൊരു അപ്പീലില്ല.

70. Article : 50

ഈ പരിവർത്തനം പൂർണ്ണമായ അർത്ഥത്തിൽ ഒരു പുതിയ അദ്ധ്യായത്തിൻെറ തുടക്കം തന്നെ. എങ്കിലും നീതിന്യായവകുപ്പിൻെറ തുടർച്ചയെ അത് വിഘാതപ്പെടുത്തിയുമില്ല. ഭരണഘടന പ്രാബല്യത്തിൽ വരുന്നതിനുതൊട്ടുമുമ്പുവരെ, ഭാരതത്തിൽ ഊർജ്ജിതത്തിലിരുന്ന എല്ലാ നിയമങ്ങളും തുടർന്നു പോകുന്നതിനു വ്യവസ്ഥയുണ്ടായി[71]. നിയമസഭകളോ, നിയമേനയുള്ള അധികാരികളോ ഭേദപ്പെടുത്തുകയോ ദുർബ്ബലപ്പെടുത്തുകയോ റദ്ദുചെയ്യുകയോ ഉണ്ടാകുന്നതുവരെ പഴയനിയമങ്ങൾ തുടരും. ഭരണഘടനയിലെ വകുപ്പുകളുമായി പൊരുത്തപ്പെടാൻ ദനരത്തെ പ്രാബല്യത്തിലിരുന്ന നിയമങ്ങളിൽ അനുയോജ്യമായ മാറ്റം വരുത്താനും അധികാരമുണ്ട്. ഭാരത രാജ്യത്ത് എങ്ങുമുള്ള സിവിലും ക്രിമിനലും റവന്യൂവും അധികാരമുള്ള കോടതികൾ അവർക്കുണ്ടായിരുന്ന എല്ലാ അധികാരങ്ങളും ഭരണഘടനാവ്യവസ്ഥകൾക്കു വിധേയമായി തുടർന്നു നടത്തും [72].

ഭാരതത്തിലെ നീതിന്യായ സംവിധാനത്തിൽ പരമോന്നത സ്ഥാനത്താണ് സുപ്രീം കോടതിയുടെ നില. ഈ പരമോച്ചന്യായാലയം പൗരൻമാർ തമ്മിൽ മാത്രമല്ല, പൗരൻമാരും സർക്കാറും തമ്മിലും കേന്ദ്രവും സംസ്ഥാനവും തമ്മിലും, സംസ്ഥാനങ്ങൾ തമ്മിലും ഉള്ള തർക്കങ്ങൾക്ക് പരമവും, അന്ത്യവുമായ, വിധി കൽപ്പിക്കാൻ കരുത്തുള്ളതാണ് [73]. കേന്ദ്രനിയമങ്ങളുടെ ഭരണഘടനാപരമായ പ്രശ്നങ്ങളിൽ തീർപ്പുകൽപ്പിക്കാനും അതിനു കഴിവുണ്ട്[74].

ചീഫ് ജസ്റ്റിസും (മുഖ്യന്യായാധിപൻ) പാർലമെൻറ് നിയമം വഴി നിർണ്ണയിക്കുന്നത്ര മറ്റു ജഡ്ജിമാരും (ന്യായാധിപൻ) ആണ് സുപ്രീം കോടതിയിൽ ഉണ്ടാകുന്നത്[75]. ചീഫ് ജസ്റ്റിസിനെയും മറ്റു ജഡ്ജിമാരെയും നിയമിക്കുന്നത് രാഷ്ട്രപതിയാണ്. ജഡ്ജിമാരെ നിയമിക്കുന്നത് സുപ്രീം കോടതി

---

71. Article : 372. The Adaptation of Laws Order 1950 etc.
72. Article : 375. 73. Article : 131. The Constitution (7th Amendment) Act 1956.
74. The Constitution (43rd Amendment) Act 1977 75. Article :124. Supreme Court (Number of Judges)Act 1960, 1986 etc.

ചീഫ്ജസ്റ്റിസുമായി ആലോചിച്ചായിരിക്കും. അതിന് അദ്ദേഹത്തിന് ആവശ്യമെന്നു തോന്നുന്ന ഹൈക്കോടതി ജഡ്ജിമാരുമായും ആലോചിക്കാം. അറുപത്തഞ്ചു വയസ്സു പൂർത്തിയാകുന്നതുവരെ ഒരു ജഡ്ജിക്ക് ഉദ്യോഗത്തിൽ തുടരാം. വയസ്സ് തർക്കം തീരുമാനിക്കുന്നത് പാർലിമെൻറ് അംഗീകരിച്ച ഒരു നിശ്ചിത നിയമപ്രകാരമാണ്[76]. ജഡ്ജിക്ക് കാലാവധിക്കു മുമ്പ് രാജിവെയ്ക്കാം. ചില നിശ്ചിത നടപടിക്രമങ്ങളനുസരിച്ച് ന്യായാധിപനെ നീക്കാനും സാധിക്കും. സ്വഭാവദൂഷ്യം, കാര്യ ക്ഷമത ാക്കുറവ് - തുടങ്ങിയ ആരോപണം ഉന്നയിക്കണം. പാർലിമെൻറിൻെറ ഒരേസമ്മേളനക്കാലത്ത് ഇരുസഭകളും ജഡ്ജിയെ നീക്കുന്നതിനു പ്രമേയം പാസ്സാക്കി രാഷ്ട്രപതിക്കു സമർപ്പിക്കണം. പ്രമേയത്തിൻെറ അംഗീകാരത്തിന് നിർദ്ദിഷ്ഠ ഭൂരിപക്ഷം വേണമെന്നുമുണ്ട്. നടപടിയെടുക്കാനുള്ള ഒരു അഭ്യർത്ഥനയായിട്ടാണ് പ്രമേയത്തെ പരിജണിക്കുക. രാഷ്ട്രപതി അത് സ്വീകരിച്ചാൽ, ജഡ്ജിയെ നീക്കാം. രാഷ്ട്രീയ കക്ഷികളുടെ നയവ്യത്യാസം കാരണമോ വ്യക്തിദ്വേഷം മൂലമോ സുപ്രീം കോടതി ജഡ്ജിയെ സ്ഥാനഭ്രഷ്ടനാക്കാൻ സാധ്യമല്ല. സേവനത്തിൽ സുരക്ഷിതത്വം ഇത്രയേറെ കർശനമാക്കിയിട്ടുള്ള ഉദ്യോഗം വേറെയില്ല. ഒരു ജഡ്ജി തീരുമാനമെടുക്കാൻ സ്വീകരിച്ച കാര്യങ്ങളെക്കുറിച്ചോ, നടപടിയെ സംബന്ധിച്ചോ ദോഷാരോപണം നടത്താൻ പാടില്ല. അദ്ദേഹത്തിൻെറ സ്വഭാവത്തെക്കുറിച്ചും ആരും എവിടെയും ചർച്ച ചെയ്യുകയില്ല. ഭരണഘടനയിലെ വ്യവസ്ഥകളിൽ ന്യായാലയങ്ങളുടെയും ന്യായാധിപൻമാരുടെയും അന്തസ്സു പരിപാലിക്കാനുതകുന്ന വസ്തുതകളാണ്, ഉള്ളത്. മറിച്ചു ചെയ്യുന്നവർ കോടതിയ ലക്ഷ്യ നടപടികൾ ക്ഷണിച്ചു വരുത്തും.

ഒരു ഹൈക്കോടതിയിൽ അഞ്ചു കൊല്ലമെങ്കിലും ജഡ്ജിയായി പരിചയം സിദ്ധിച്ചയാളും ഒരു ഹൈക്കോടതിയിൽ പത്തുവർഷം വ്യഹരിച്ച് പരിചയം നേടിയിട്ടുള്ള ആളുമായ ഒരു ഭാരതീയ പൗരന് ജഡ്ജിയായി പരിഗണിക്കാൻ യോഗ്യതകളുണ്ട്.

76. The Constitution (15th Amendment) Act 1963

അത്യുന്നതനായ നിയമപാണ്ഡിത്യം നേടിയ ഒരു ഭാരതീയ പൗരനേയും അതിന് പരിഗണിക്കാം. ജഡ്ജിയായി നിയമിതനായ ആളിന് അറുപത്തഞ്ചു വയസ്സുവരെ ഉദ്യോഗത്തിൽ തുടരാം. ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പ് രാഷ്ട്രപതിയുടെയോ അല്ലെങ്കിൽ അതിനായി നിയുക്തനായിട്ടുള്ള ആളിൻെറയോ സന്നിധിയിൽ നിശ്ചിതമായ സത്യപ്രതിജ്ഞ ചെയ്യണം[77]. പദവിയിൽ നിന്നു വിരമിച്ചശേഷം അദ്ദേഹത്തിന് ഭാരതത്തിലെ ഏതെങ്കിലും കോടതിയിൽ വ്യവഹരിക്കാവുന്നതല്ല. അദ്ദേഹം സേവനത്തിലിരിക്കുമ്പോൾ ശമ്പളവും പടിയും മറ്റും ഭരണഘടനയുടെ രണ്ടാം പട്ടികയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെയാണ്[78]. ഇതു സംബന്ധിച്ച നിയമനിർമ്മാണം പാർലമെൻറു നടത്തുന്നു. സഞ്ചിതനിധിയിൽ നിന്നാണ് തുക സ്വീകരിക്കുന്നത് ജഡ്ജിയുട ശമ്പളം, പടി തുടങ്ങിയ കാര്യങ്ങൾ നിയമത്തിനു ശേഷം, പ്രതികൂലമായ വിധത്തിൽ വ്യത്യാസപ്പെടുത്തുന്നതും നിരോധിച്ചിരിക്കുന്നു. ചില താൽക്കാലിക പ്രത്യേക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും മറ്റുമായി പ്രത്യേക (ആഡ്ഹോക്) ജഡ്ജിയെ നിയമിക്കാൻ ചീഫ് ജസ്റ്റിസിന്, രാഷ്ട്രപതിയുടെ മുൻകൂർ അനുമതിയോടെ സാധിക്കും. ഏതെങ്കിലും ബഞ്ചുകൂടാൻ നിശ്ചിതമായ ഹാജർ (കോറം) ഇല്ലെങ്കിൽ ഇപ്രകാരം പ്രവർത്തിക്കാം. പദവിയിലിരിക്കുന്ന ഒരു ഹൈക്കോടതി ജഡ്ജിയോ ഉദ്യോഗത്തിൽ നിന്നു വിരമിച്ച ജഡ്ജിയേയോ ഇതിനു സ്വീകാര്യനാണ്. ഹൈക്കോടതിയിൽ നിന്നാണു സ്വീകരിക്കുന്നതെങ്കിൽ, അവിടത്തെ ചീഫ് ജസ്റ്റിസ്സുമായി ആലോചിക്കണം. പ്രത്യേക ജഡ്ജികൾക്കും സാധാരണ ജഡ്ജിമാരുടെ എല്ലാ അധികാരവും അവകാശവുമുണ്ട്[79].

സുപ്രീം കോടതിയുടെ ആസ്ഥാനം സാധാരണമായി നവദില്ലിയാണ്. എന്നാൽ രാഷ്ട്രപതിയുടെ അംഗീകാരത്തോടെ, ചീഫ് ജസ്റ്റിസ് തീരുമാനിക്കുന്നിടത്ത്, കോടതികൂടാം. അതിൻെറ അധികാരപരിധി മൂന്നു മേഖലകളിൽ വ്യാപിച്ചു കിടക്കുന്നു;

77. Third Shedule No.IV
78. Second Schedule. Part D. Article :125
79. Articles : 127 & 128

ഉപദേശാധികാരം. കേന്ദ്രസരക്കാരും ഒന്നോ അതിലധികമോ സംസ്ഥാനങ്ങളും തമ്മിലുള്ള തർക്കം; കേന്ദ്രസർക്കാരും ഒന്നോ അതിലധികമോ സംസ്ഥാനങ്ങളും ഒരു വശത്തും, ഒന്നോ അതില ധികമോ സംസ്ഥാനങ്ങൾ മറുവശത്തുമുള്ള തർക്കം; സംസ്ഥാന ങ്ങൾ തമ്മിലുള്ള തർക്കം. ഈ വിഷയങ്ങളിൽ വിധി നിർണ്ണയി ക്കാനുള്ള അസ്സൽ അധികാരം സുപ്രീം കോടതിയ്ക്കുണ്ട്[80]. അമേരിക്കൻ ഐക്യനാടുകളിലെ സുപ്രീം കോടതിയ്ക്ക്, അന്യ രാജ്യപ്രതിപുരുഷൻമാർ തുടങ്ങിയവരെ സംബന്ധിക്കുന്ന നീതിന്യായാധികാരവും നൽകിയിരിക്കുന്നു[81]. ബ്രിട്ടനിൽ പ്രഭു പദവിയുള്ളവരെ പ്രഭുസഭാകോടതിയിലാണ് വിസ്തരിക്കുക. പഴയ സോവിയറ്റു റഷ്യയിൽ രാഷ്ട്രീയ കേന്ദ്രസമിതി അംഗങ്ങ ളെയും ഉന്നതസ്ഥാനീയരേയും സുപ്രീം കോടതിയിലേ വിസ്ത രിക്കുവായിരുന്നു. നമ്മുടെ ഭരണഘടന വ്യത്യാസങ്ങളൊന്നും അംഗീകരിച്ചിട്ടില്ല. റിട്ടുകൾ പുറപ്പെടുവിക്കാനുള്ള അധികാരം സുപ്രീം കോടതിയ്ക്കും ഹൈക്കോടതിക്കുമുണ്ട്.

അപ്പീലധികാരം മൂന്നു വിഭാഗങ്ങളിൽ പെടും: ഭരണ ഘടന സംബന്ധിച്ചവ; സൈനികമോ മതപരമോ അല്ലാത്ത (സിവിൽ) കുറ്റങ്ങളെക്കുറിച്ചുള്ളവ; വിശേഷവിധിയായി നൽ കേണ്ടവ. സിവിലോ ക്രിമിനലോ ആയ ഏതെങ്കിലും നടപടി യിൽ ഉണ്ടായവിധിയിൽ സാരമായ ഭരണഘടനാ നിയമ പ്രശ്നം അന്തർലീനമായിട്ടുണ്ടെന്ന് ഏതെങ്കിലും ഹൈക്കോടതി സാക്ഷ്യ പ്പെടുത്തിയാൽ, അതിൽ അപ്പീൽ അനുവദിക്കും[82]. ഹൈക്കോ ടതി സാക്ഷ്യപത്രം നൽകാൻ കൂട്ടാക്കാതിരുന്നാൽ ചില പ്രത്യേക സാഹചര്യത്തിൽ സ്പെഷ്യൽ അപ്പീലനുവാദം കൊടുക്കാൻ സുപ്രീം കോടതിയ്ക്കു കഴിയും[83]. സിവിൽ കേസുകളിൽ ഇതു പോലെയല്ല. തർക്കവിഷയം ഒരു നിശ്ചിതതുകയിൽ കുറയാത്ത വയിൽ അപ്രകാരം ഹൈക്കോടതി സാക്ഷ്യപ്പെടുത്തിയാൽ, സുപ്രീം കോടതിയിൽ അപ്പീലുണ്ട്. ആ കുറഞ്ഞതുകയ്ക്കൊപ്പം വിലവരുന്ന സ്വത്തുസംബന്ധിച്ച അവകാശത്തിൽ നേരിട്ടോ

80. Article : 131
81. U.S.A. Constitution Act III S.2
82. Article : 132
83. Article : 136

അല്ലാതെയോ പ്രശ്നം അടങ്ങിയ വിധിയോ. ഡ്രിക്രിയോ, അവസാന ഉത്തരവോ, ആണെങ്കിലും അപ്പീലിന് അനുമതിയുണ്ട്. പാർലിമെൻറ് അന്യഥാ വ്യവസ്ഥചെയ്യുന്നതുവരെ, ഒരു ഹൈക്കോടതിയിലെ ഒരു ജഡ്ജിമാത്രം നൽകുന്ന വിധിയിൽ നിന്നോ ഡിക്രിയിൽ നിന്നോ അവസാന ഉത്തരവിൽ നിന്നോ അപ്പീലില്ല[84].

ഭരണഘടന നടപ്പിൽ വരുന്നതിനുമുമ്പ് ക്രിമിനൽ കേസ്സുകളിൽ ഉള്ള ഹൈക്കോടതി വിധിയിൻമേൽ അപ്പീൽ ഉണ്ടായിരുന്നില്ല. അപൂർവ്വം സംഗതികളിൽ പുനഃപ്പരിശോധനാധികാരം പ്രിവികൗൺസിലിനുണ്ടായിരുന്നു. സിവിൽ കേസിലെമാതിരി അപ്പീൽ കോടതിയായി പ്രിവികൗൺസിൽ സമ്മേളിച്ചിരുന്നില്ല. ഭരണഘടനാവ്യവസ്ഥകളനുസരിച്ച് മൂന്നു കാര്യങ്ങളിൽ ക്രിമിനൽ അപ്പീൽ സുപ്രീം കോടതിയിൽ അംഗീകരിച്ചിരിക്കുന്നു. അതിൻെറ താഴെയുള്ള കോടതി നിർദ്ദോഷിയായി കണ്ടു വെറുതെ വിട്ട പ്രതിയെ, ഹൈക്കോടതി മരണ ശിക്ഷയുക്കു വിധിക്കുന്ന അവസരത്തിൽ, സുപ്രീംകോടതിയിലേക്ക് അപ്പീലുണ്ട്. കീഴ്ക്കോടതിയിൽ വിചാരണയിലിരുന്ന കേസ് ഹൈക്കോടതി വിചാരണ ചെയ്യാൻ വേണ്ടി ഏറ്റെടുത്ത് പ്രതിയെ മരണശിക്ഷയ്ക്കു വിധിച്ചാൽ, അതിൻമേൽ അപ്പീൽ ബോധിപ്പിക്കാം. സുപ്രീം കോടതിയുടെ ചട്ടങ്ങൾക്കു വിധേയമായി ഏതെങ്കിലും ഹൈക്കോടതി, ഒരു ക്രിമിനൽ കേസ് അപ്പീൽ പോകത്തക്കതാണെന്നു സാക്ഷിപ്പെടുത്തിയാലും, അതിന് വഴിയുണ്ടാകും[85]. സുപ്രീം കോടതിയ്ക്ക്, കൂടുതൽ അപ്പീലധികാരങ്ങൾ നിയമം മൂലം പാർലമെൻറിനു കൊടുക്കാനുള്ള സ്വാതന്ത്ര്യവും ഭരണഘടയിലുണ്ട്[86]

പൊതുപ്രാധാന്യമുള്ള ഏതൊരു നിയമപ്രശ്നം വസ്തുതയും സംശയപരിഹാരത്തിനായി സുപ്രീം കോടതിക്ക് അയക്കാൻ രാഷ്ട്രപതിക്കു സാധിക്കും. ആ സന്ദർഭത്തിൽ സുചിന്തിതമായ അവരുടെ അഭിപ്രായം നൽകാൻ കോടതി ബാദ്ധ്യസ്ഥമാണ്.

84. Article : 133 85 Article : 134 86. Article : 134

സാധാരണമായി ഇടപെടാൻ അധികാരമില്ലാത്ത കാര്യങ്ങളെ സംബന്ധിച്ചും ഈ ഉപദേശാധികാരം പ്രയോജനപ്പെടുത്താൻ സാധിക്കും[87].

അവരുടെ നടപടികളും, മറ്റും ക്രമീകരിക്കാനും നിയന്ത്രിക്കാനും ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കാൻ സുപ്രീം കോടതിയ്ക്ക് അധികാരം നൽകിയിട്ടുണ്ട്[88]. അത്തരം ചട്ടങ്ങൾക്ക് രാഷ്ട്രപതിയുടെ അംഗീകാരം നേടണമെന്നുമാത്രം. വിധി പ്രസ്താവിക്കുന്നത് കോടതി സമ്മേളിച്ചിരിക്കുമ്പോൾ, പരസ്യമായിട്ടാണ്. വാദം കേട്ട ജഡ്ജിമാരുടെ ഭൂരിപക്ഷാഭിപ്രായമായിരിക്കും അത്. ഭിന്നാഭിപ്രായം രേഖപ്പെടുത്താനും പ്രയാസമില്ല. ബ്രിട്ടനിലെ പ്രിവികൗൺസിൽ ഏകാഭിപ്രായമോ രേഖപ്പെടുത്താറുള്ളു. പ്രഭുസഭാകോടതിയിൽ ഭിന്നാഭിപ്രായത്തിനും സ്ഥാനമുണ്ട്.

സുപ്രീം കോടതിയിലെ ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നത് ചീഫ് ജസ്റ്റിസ് നേരിട്ടോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ആളോ ആണ്. അവരുടെ ശമ്പളം, പടി, അവധി, അടുത്തൂൺ തുടങ്ങിയവ സംബന്ധിച്ച ചട്ടങ്ങൾ രാഷ്ട്രപതി അംഗീകരിക്കണം. ചിലവെല്ലാം സഞ്ചിതനിധിയിൽ നിന്നാണ്. കോടതിയുടെ ആദായവും അതിൽ നിക്ഷേപിക്കുന്നു.

ഭാരതത്തിലെ ഏറ്റവും ഉന്നതമായ നീതിന്യായകോടതി എന്ന നിലയിൽ സുപ്രീം കോടതിയുടെ വിധികളും, നിയമ പ്രശ്നങ്ങളിൽ ഉണ്ടാകുന്ന അഭിപ്രായ പ്രകടനങ്ങളും, എല്ലാ കോടതികളിലും പ്രസക്തങ്ങളും പ്രാബല്യമുള്ളവയുമാണ്[89]. സ്വന്തം തീർപ്പുകളും, വിധികളും, ഉത്തരവുകളും പുനഃപ്പരിശോധന ചെയ്യാൻ പ്രയാസമില്ല[90]. സുപ്രീം കോടതിക്ക് ഭരണഘടനയിൽ ഏതു കാര്യത്തിലും നൽകിയിട്ടുള്ള അധികാരങ്ങൾ വിപുലപ്പെടുത്താനും കഴിവുണ്ട്[91]. ഒരു ഹൈക്കോടതിയിൽ നടന്നുകൊണ്ടിരിക്കുന്ന ഒരു കേസിൽ സുപ്രധാനമായ നിയമ

87. Article : 143 The Constitution (7th Amendment) Act 1956
88. Article : 145 Supreme Court Rules : 1950
89. Article : 141 90 Article : 137 91. Article : 138

പ്രശ്നങ്ങൾ-പ്രത്യേകിച്ചും പൊതു പ്രാധാന്യമർഹിക്കാവുന്നവ-ഉണ്ടെന്ന് സ്വയം ബോധ്യമായാലോ ഹൈക്കോടതിക്കു ബോധ്യമായാലോ, അല്ലെങ്കിൽ ഭാരതഅറ്റോർണിജനറലിനു ബോധ്യമായാലോ, അക്കാര്യം സുപ്രീം കോടതിയെ അറിയിക്കാവുന്നതും അതിൻെറ അടിസ്ഥാനത്തിൽ സുപ്രീം കോടതിയ്ക്ക് കേസ്സ് ഏറ്റെടുക്കാവുന്നതും വിധിയരുളാവുന്നതുമാണ്[92]. ഇത് 1976-ൽ ഭരണഘടനാഭേദഗതിയിലൂടെ വരുത്തിയ ഒരു മാറ്റമാണ്[93]. സുപ്രീംകോടതിയെ ഒരു കോർട്ട് ഓഫ് റെക്കാർഡ് ആയി അംഗീകരിച്ചിട്ടുണ്ട്. അതിൻെറ റെക്കാർഡുകൾ എവിടെയും തെളിവായി അംഗീകരിച്ചിട്ടുണ്ട്. അതിൻെറ റെക്കാർഡുകൾ എവിടെയും തെളിവായി അംഗീകരിക്കപ്പെടുന്നു. റെക്കാർഡിൻെറ സത്യാവസ്ഥ ചോദ്യം ചെയ്യാൻ ആർക്കും അധികാരവുമില്ല. അതു പോലെ സുപ്രീം കോടതിയ്ക്ക്, കോർട്ട് അലക്ഷ്യത്തിന് നടപടിയെടുക്കാൻ കഴിവും ഉണ്ട്. കോടതിയുടെ ഉത്തരവ് പ്രായോഗികമാക്കാൻ പാർലിമെൻറ് നിയമമുണ്ടാക്കും[94]. ഒരു നിയമപണ്ഡിതൻ പ്രസ്താവിച്ചിട്ടുള്ളതു പോലെ, നിയമത്തെ സ്വന്തം വെളിച്ചത്തിനനുസരിച്ച്, സാഹചര്യങ്ങൾക്കുതകുന്നവിധം, സമ്പൂർണ്ണനീതി ലഭ്യമാകുന്നതരത്തിൽ വർദ്ധിപ്പിക്കാനും വളർത്തുവാനും സുപ്രീം കോടതിക്കു കഴിവുണ്ട്[95].

അറ്റോർണി ജനറൽ

സുപ്രീം കോടതി ജഡ്ജിയായി നിയമിതനാകാൻ യോഗ്യതയുള്ള ഒരാളെ ഭാരതസർക്കാരിന് വേണ്ട നിയമോപദേശം നൽകാനും, രാഷ്ട്രപതി നിർദ്ദേശിക്കുന്ന നിയമ സ്വഭാവമുള്ള കർത്തവ്യങ്ങൾ നിറവേറ്റാനും അറ്റോർണി ജനറലായി നിയമിക്കുന്നതാണ്[96]. അദ്ദേഹത്തിന് എല്ലാ കോടതികളിലും ഹാജരാകാം. രാഷ്ട്രപതിക്കു തൃപ്തിയുള്ള കാലത്തോളം ഉദ്യോഗത്തിലിരിക്കാം പ്രതിഫലത്തുക നിശ്ചയിക്കുന്നതും രാഷ്ട്രപതി

92. Article : 139A
93. Article : 139A The (42nd Amendment) Act 1976. S. 24
94. Article : 142 Supreme Court (Decrees & Orders) Enforcement Order 1954
95. Constituent Assembly Debates VIII p. 638.
96. Article : 76

യാണ്. മന്ത്രിസഭയുടെ ഉപദേശം സ്വീകരിച്ചാണ് ഈ കാര്യങ്ങൾ രാഷ്ട്രപതി നിർവ്വഹിക്കുന്നതെന്നു പറയേണ്ടതില്ല. ഇംഗ്ലണ്ടിൽ അറ്റേർണി ജനറലിൻെറ ഉദ്യോഗം. തികച്ചും രാഷ്ട്രപതിച്ചായ യുള്ളതത്രേ. ഭരണ കക്ഷിമാറിയാൽ അവിടെ അറ്റോർണി ജനറലും മാറും.

അറ്റോർണിജനറലിൻെറ ആസ്ഥാനം ന്യൂ ഡൽഹിയി ലാണ്. ഭരണഘടനാവ്യവസ്ഥകളനുസരിച്ചോ. പ്രാബല്യത്തി ലുള്ള മറ്റേതെങ്കിലും നിയമം അനുസരിച്ചോ അദ്ദേഹത്തിൽ നിക്ഷിപ്തമായ കർത്തവ്യങ്ങൾ അദ്ദേഹം അനുഷ്ഠിക്കും. ഔദ്യോ ഗിക കാര്യങ്ങൾക്ക് നഗരം വിട്ടു പോകുമ്പോൾ യാത്രപ്പടിയും മറ്റും സുപ്രീം കോടതി ജഡ്ജിമാരുടെമാതിരി സ്വീകരിക്കാം.

സർക്കാരിനെതിരായുള്ള ഉപദേശം അദ്ദേഹം നൽകാനോ വാദിക്കാനോ പാടില്ല. സർക്കാർ വാദിക്കാൻ ഇടയുള്ളവയിൽ നേരത്തെ എതിർപക്ഷത്ത് ഹാജരാകുകയോ ഉപദേശം നൽകു കയോ പാടില്ല താനും. ക്രിമിനൽ കുറ്റങ്ങളിലെ പ്രതിക്കുവേണ്ടി, കേന്ദ്രസർക്കാരിൻെറ അനുമതി കൂടാതെ വാദിച്ചു കൂടാ. ഏതെ ങ്കിലും കമ്പനിയിൽ ഡയറക്ടർപദം സ്വീകരിക്കുന്നതിനു മുമ്പും അനുവാദം വാങ്ങണം. സ്വകാര്യനിലയിലുള്ള വ്യവഹാര വൃത്തി തടഞ്ഞിട്ടില്ല. അതു ചെയ്യുന്നതിന് ചില വ്യവസ്ഥകൾ ഉണ്ട്.

പാർലിമെൻറിൻെറ ഏതെങ്കിലും സഭയിൽ സംയുക്ത യോഗങ്ങളിലോ അറ്റേർണി ജനറലിനു പ്രസംഗിക്കാനും പങ്കെടു ക്കാനും കഴിയും[97] പക്ഷേ വോട്ടു ചെയ്യുകയില്ല. അവകാശ വുമില്ല. സഭകളിൽ മാത്രമല്ല അവയുടെ കമ്മിറ്റികളിലും പങ്കെ ടുക്കാനധികാരമുണ്ട്. പാർലിമെൻറംഗമല്ലാത്ത ആളിന് സഭയുടെ പരിപാടികളിൽ സംബന്ധിച്ചു കൂടെന്നുള്ള വിലക്കാനുള്ള ഒരു വ്യത്യസ്ഥതയാണിത്. ബ്രിട്ടനിലെ അറ്റേർണി ജനറൽ അവിടത്തെ മന്ത്രിസഭയിലെ അംഗമാണ്. ഇവിടെ ആ പദവിയില്ല. നിയമ കാര്യങ്ങൾക്ക് നിയമ മന്ത്രിയുണ്ട്.

97. Article : 88

കംട്രോളർ-ആഡിറ്റർ ജനറൽ

ജനാധിപത്യ വ്യവസ്ഥിതിയുടെ അടിസ്ഥാന തത്വങ്ങളിലൊന്നാണ് അധികാരപ്പെടുത്താതെ പൊതു മുതലിൽ നിന്ന് ഒരു പൈസ പോലും ചിലവാക്കാൻ പാടില്ലെന്നുള്ളത്. ഇക്കാര്യങ്ങൾ വിവിധ രൂപങ്ങളിൽ പരിശോധിക്കാനും ഉറപ്പുവരുത്തുവാനും വേണ്ടത്ര വ്യവസ്ഥകൾ ഭരണഘടനയിൽ ചെയ്തിട്ടുണ്ട് തികച്ചും സാങ്കേതിക സ്വഭാവമുള്ള ഈ ചുമതല ഏൽപ്പിച്ചിരിക്കുന്നത് മുഖ്യമായും കംട്രോളർ-ആഡിറ്റർ ജനറൽ എന്ന ഉദ്യോഗസ്ഥനാണ്. അദ്ദേഹത്തിൻെറ വിദഗ്ദ്ധമായ പരിശോധനകളും വിലയിരുത്തുകളും മാത്രമല്ല ഉപദേശങ്ങളും ഇതിന് വേണ്ടിവരുന്നു. അതുകൊണ്ട് എല്ലാ ജനാധിപത്യ വ്യവസ്ഥിതിയിലും ഒരവിഭാജ്യഭാഗമായിത്തീർന്നിരിക്കുന്നു കംട്രോളർ-ആഡിറ്റർ ജനറൽ എന്ന ഉദ്യോഗസ്ഥൻ. ഭാരതത്തിൽ ഇതിനുള്ള സംവിധാനം, 1919 മുതൽ ഇവിടെയുണ്ട് - പ്രാകൃതരൂപത്തിലായിരുന്നെങ്കിലും. പല ജനാധിപത്യ മര്യാദകൾക്കെന്ന പോലെ ഇതിൻേറയും ഉൽഭവസ്ഥാനം ബ്രിട്ടനാണ്. ഇവിടെ നിയമപരമായ അംഗീകാരം ആദ്യമായി നൽകാനുണ്ടായ ശ്രമം 1919-ൽ ആയിരുന്നു. അത് 1935 ഭരണസംവിധാനങ്ങളിൽ, കൂടുതൽ വിപുലമായിത്തീർന്നു. നമ്മുടെ ഭരണഘടനയിൽ തികഞ്ഞ സ്വാതന്ത്ര്യവും പ്രവർത്തനക്ഷമതയുള്ള ഒരു സ്ഥാപനമെന്ന നിലയിൽ കംട്രോളർ-ആഡിറ്റർ ജനറലിനെ ഉറപ്പിച്ചിരിക്കുകയാണ്. പൊതുമുതലിൻെറ കർശനമായ സൂക്ഷിപ്പാണ് അദ്ദേഹത്തിൻെറ കർത്തവ്യം.

കംട്രോളർ- ആഡിറ്റർ ജനറലിനെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്. അദ്ദേഹം പദവി ഏൽക്കുന്നതിനുമുമ്പ് നിശ്ചിത രൂപത്തിലുള്ള സത്യപ്രതിജ്ഞാകർമ്മം, രാഷ്ട്രപതിയുടെ സാന്നിദ്ധ്യത്തിലോ അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന ആളിൻെറ മുമ്പിലോ, അനുഷ്ഠിക്കേണ്ടതുണ്ട്. ഉദ്യോഗത്തിൽ നിയമിതനാകുന്ന അദ്ദേഹത്തിൻെറ ശമ്പളം, ബത്ത തുടങ്ങിയ കാര്യങ്ങൾ, പ്രതികൂലമായി ബാധിക്കുന്ന വിധത്തിൽ ഭേദഗതി ചെയ്യാവു

ന്നതല്ല[98]. അദ്ദേഹത്തെ നീക്കം ചെയ്യണമെങ്കിൽ, ഒരു സുപ്രീം കോടതി ജഡ്ജിയെ നീക്കം ചെയ്യുന്നതിനു സമാനമായ നടപടി ക്രമങ്ങൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. അതേസമയം അദ്ദേഹത്തിന് സ്വയം രാജിവെച്ചു പിരിഞ്ഞുപോകാം. അടുത്തൂൺ കാരണത്താലോ മറ്റു വിധത്തിലോ പിരിഞ്ഞുപോകുന്ന ആളിന് ഭാരതസംസ്ഥാനസർക്കാരുകളുടെ കീഴിൽ ഉദ്യോഗം സ്വീകരിക്കാവുന്നതല്ല. അദ്ദേഹത്തിൽ നിക്ഷിപ്തങ്ങളായ കർത്തവ്യങ്ങൾ കാര്യക്ഷമമായി നിറവേറ്റാൻ വേണ്ട ആഫീസും ഉദ്യോഗസ്ഥൻമാരും ഉണ്ടാകുന്നതിന് വേണ്ട ചട്ടങ്ങളും നടപടിക്രമങ്ങളും, കംട്രോളർ-ആഡിറ്റർ ജനറലുമായി ആലോചിച്ച് രാഷ്ട്രപതി വ്യവസ്ഥ ചെയ്യും. ഈ ചട്ടങ്ങൾ പാർലിമെൻറു നിയമങ്ങൾക്കും മറ്റും വിധേയമായിരിക്കും. ചിലവ് സഞ്ചിതനിധിയിൽ നിന്നായിരിക്കും.

സർക്കാരിൻെറ എല്ലാ ചിലവുകളും ആഡിറ്റു ചെയ്യുന്നത് കംട്രോളർ ആഡിറ്റർ ജനറലാണ്[99]. അതിനെ തുടർന്ന് കണക്കുകൾ സൂക്ഷിക്കും. അദ്ദേഹത്തിൻെറ ആധികാരികമായ റിപ്പോർട്ട് രാഷ്ട്രപതിക്കാണു സമർപ്പിക്കുന്നത്. പാർലമെൻറിൻെറ ഓരോ സഭയും ആ റിപ്പോർട്ട്, കൂലങ്കഷമായി പഠിക്കുകയും ചെയ്യും[100]. അതിനു വേണ്ടി പ്രത്യേകമായി ഉണ്ടാക്കിയിട്ടുള്ള കമ്മിറ്റിയാണ് പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി[1]. കണക്കുകൾ സൂക്ഷിച്ചിരിക്കുന്നത് നിയമമനുസരിച്ചാണോ എന്നു മാത്രമല്ല, പണം ചിലവിട്ടത് ഭരണനയങ്ങളെയും അംഗീകരിച്ചിട്ടുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണോയെന്നും പരിശോധിക്കും.

കംട്രോളർ-ആഡിറ്റർ ജനറൽ ഭരണഘടനാവ്യവസ്ഥകൾക്കു വിധേയനായി സംമ്പൂർണ്ണ സ്വതന്ത്രനാണ്. മുഖ്യമായി പാഴ്ചിലവ് പാർലിമെൻറിനെ ബോധ്യപ്പെടുത്തുകയാണ് അദ്ദേഹം ചെയ്യുന്നത്. ക്രമക്കേടുകൾ മാത്രമല്ല അപ്രാപ്തിയും ധാരാളിത്വവും ചൂണ്ടിക്കാണിക്കും. പക്ഷേ സർക്കാർ നയങ്ങളെ സംബന്ധിക്കുന്ന ഒരു കാര്യത്തിലും ഇടപെടാൻ പാടില്ല.

98. Article : 148 99. Article : 149 100. Article : 151

1. Rules of Procedure & Conduct of Business of Parliament Rules

സംസ്ഥാനങ്ങൾ

ഭാരതസംയുക്തരാജ്യത്തിലെ ഘടകങ്ങൾ സ്ഥാനങ്ങളാണ്. അവയുടെ എണ്ണം കാലാകാലങ്ങളിൽ ഏറ്റിയും കുറഞ്ഞുമിരിക്കാം. മറ്റു പല ഫെഡറൽ സംവിധാനങ്ങളെയും പോലെ രൂപീകൃതമായിട്ടുള്ളതല്ല, ഭരണഘടനാപ്രകാരമുള്ള ഭാരതസംയുക്തരാജ്യം എന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ട്. 1935 ലെ നിയമപ്രകാരം, സംസ്ഥാനങ്ങളും നാട്ടുരാജ്യങ്ങളുമായിരുന്നു ഫെഡറേഷനിലെ ഘടകാംഗങ്ങൾ. പലകാരണങ്ങളാൽ ആ ഫെഡറേഷൻ നടപ്പിൽ വന്നില്ല. സ്വാതന്ത്ര്യം കൈവരിക്കുകയും ഭരണഘടന എഴുതിയുണ്ടാക്കുകയും ചെയ്തശേഷം സംസ്ഥാന പുനഃസംഘടനാ കമ്മീഷൻെറ നിയമവും അവർ സുചിന്തതവും ആധികാരികവുമായി തയ്യാറാക്കിയ റിപ്പോർട്ടും, ആധാരമാക്കി നടന്ന സംസ്ഥാനപുനഃസ്സംഘടനയോടെ നാട്ടുരാജ്യങ്ങൾ എന്നന്നേക്കുമായി ഇല്ലാതായി. പകരം സംസ്ഥാനങ്ങൾ വിവിധരൂപങ്ങളിൽ, വിസ്തീർണ്ണത്തിൽ, നിലവിൽ വന്നു. ഇന്നു ജമ്മു-കാശ്മീർ സംസ്ഥാനമൊഴിച്ച് മറ്റൊന്നും പഴയ അതിർത്തികളോടു കൂടിയ നാട്ടുരാജ്യമായിട്ടവശേഷിച്ചിട്ടില്ല. ജമ്മു-കാശ്മീരത്തിൻെറ കാര്യത്തിലും ചില വ്യത്യാസങ്ങൾ വന്നു. മിക്കവാറും ഭാഷാടിസ്ഥാനത്തിൻെറ കാര്യത്തിൽ നിലവിൽ വന്നിട്ടുള്ള സംസ്ഥാനങ്ങളാണ് മുഖ്യമായി ഇന്ന് ഭാരതസംയുക്തരാജ്യത്തിൻെറ ഘടകങ്ങൾ. ഇവയെന്തെല്ലാമെന്ന് ഭരണഘടനയുടെ ഒന്നാം പട്ടികയിൽ കിണിച്ചിരിക്കുന്നു. കാലാകാലങ്ങളിൽ നിലവിൽ വരുന്ന ഭരണഘടനയുടെ ഭേദഗതികളിലൂടെയുണ്ടാകുന്ന മാറ്റങ്ങളും പ്രസക്തമാണ്. സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും ഒന്നാം പട്ടികയിൽ, പ്രദേശപരിധിയോടു കൂടി കാണിച്ചിട്ടുണ്ട്[2]. ഭാരത

2. First Schedule/with appropriate amendments from tome to time.

പ്രദേശ വിസ്താരം 3,287,263 (കരമാത്രം) ച.കി.മീറ്റർ വരും. കരയിലെ അതിർത്തി 15,200 കി.മീറ്ററും, സമുദ്രതീരം 7516.5. കി.മീറ്ററുമാണ്. ലക്ഷദ്വീപും, ആൻഡമാൻ-നിക്കോബാർ ദ്വീപുകളും ആണ് ഭാരതത്തിൻെറ രണ്ടു ദ്വീപ സമൂഹങ്ങൾ.

ഇവിടെ നമുക്കു പ്രസക്തമായ വിഷയം, ഭരണഘടനാ വ്യവസ്ഥകൾ അനുസരിച്ച് രാഷ്ട്രീയവും ഭരണപരവുമായ വിഷയങ്ങളാണ്. പ്രത്യേകിച്ചും, ഭരണഘടനയിൽ ഏർപ്പാടു ചെയ്തിട്ടുള്ള ഭരണ വ്യവസ്ഥകൾ.

ഗവർണർ (രാജ്യപാൽ)

ഓരോ സംസ്ഥാനത്തിനും ഓരോ ഗവർണർ (രാജ്യപാൽ) ഉണ്ട്. എന്നാൽ ഒരാളിനെ തന്നെ രണ്ടോ അതിലധികമോ സംസ്ഥാനങ്ങളുടെ ചുമതല വഹിക്കാൻ ഏർപ്പെടുത്താം. സംസ്ഥാനത്തെ നിർവ്വഹണ ശക്തി അദ്ദേഹത്തിൽ സഞ്ചയിച്ചിരിക്കുന്നു. ഭരണഘടനാ വ്യവസ്ഥകൾക്കു വിധേയമായി, നേരിട്ടോ ഉദ്യോഗസ്ഥൻമാർ മുഖാന്തിരമോ അദ്ദേഹം സ്വ കർത്തവ്യങ്ങൾ നിറവേറ്റും[3]. അദ്ദേഹത്തെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്[4]. അങ്ങിനെ ചെയ്യുന്നത് കേന്ദ്രമന്ത്രിസഭയുടെ ഉപദേശം അനുസരിച്ചായിരിക്കും. അഞ്ചു കൊല്ലമാണ് സാധാരണമായി രാജ്യപാലിൻെറ കാലാവധിയെങ്കിലും, രാഷ്ട്രപതിക്കു തൃപ്തിയുള്ള കാലത്തോളമേ അദ്ദേഹം ഗവർണറായി തുടരുകയുള്ളു. അമേരിക്കൻ ഐക്യനാടുകളിൽ ഗവർണറെ നേരിട്ടു ജനങ്ങൾ തെരഞ്ഞെടുക്കാനാണ് ഏർപ്പാട്. കാനഡായിൽ നമ്മുടെ വ്യവസ്ഥയ്ക്കു സമാനമായി ഏർപ്പാട് നിലവിലിരിക്കുന്നു. രാജ്യപാലിനെ നിയമിക്കുമ്പോൾ സംസ്ഥാനമന്ത്രിസഭയുടെ അഭിപ്രായം ആരായണമെന്ന വഴക്കം വളരുമെന്നാണ് പ്രതീക്ഷ[5]. മുപ്പത്തഞ്ചു വയസ്സുപൂർത്തിയായ ഭാരതീയ പൗരനും, പാർലിമെൻററിലോ സംസ്ഥാനനിയമ സഭയിലോ സാമാജികനല്ലാത്തയാളും ആയിരിക്കണം അദ്ദേഹം. സർക്കാരിൽ നിന്നു ശമ്പളം

3. Article : 153&154 4. Article : 155
5. Constituent Assembly Debates : Vol VIII

പറ്റുന്ന ഉദ്യോഗവും പാടില്ല. ഏതെങ്കിലും കാരണത്താൽ, പാർലമെൻററിലെയോ സംസ്ഥാന നിയമസഭലെയോ അംഗമായെന്നു വന്നാൽ, ഗവർണർ പദവിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ആ അംഗത്വം അസാധുവാകും. ഗവർണറോ അദ്ദേഹത്തിൻെറ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നയാളോ, പദവിയിൽ ഏറുന്നതിനുമുമ്പ് നിശ്ചിതമായ സത്യപ്രജ്ഞ ചീഫ് ജസ്റ്റിസിൻെറയോ, ഹൈക്കോടതിയിലെ ഏറ്റവും മുതിർന്ന ജഡ്ജിയുടെയോ സമക്ഷത്തിൽ ചെയ്യേണ്ടതുണ്ട്[6]. വാടക കൂടാതെ ഔദ്യോഗിക വസതി, ശമ്പളം, ബത്ത തുടങ്ങിയ സൗകര്യങ്ങൾ ഗവർണർക്കുണ്ട്. രണ്ടോ അതിലധികമോ സംസ്ഥാനങ്ങളുടെ ചുമതല വഹിക്കുന്നയാളിന് ചിലവിടേണ്ടിവരുന്ന കൂടുതൽ തുക, സംസ്ഥാനങ്ങൾ രണ്ടും യഥാവിധി വഹിക്കുന്നതാണ്. ഉദ്യോഗകാലത്ത് പ്രതികൂലമാകാത്തക്കവിധത്തിൽ പ്രതിഫല ലഭ്യതയിൽ വ്യത്യാസം വരുത്താവുന്നതല്ല[7]. തുക സഞ്ചിതനിധിയിൽ ബാധ്യതപ്പെട്ടിട്ടുള്ളതാണ്.

സംസ്ഥാന നിർവ്വഹണ ശക്തിയുടെ പരിധിയിൽ വരുന്ന ഒരു കാര്യം സംബന്ധിച്ചുള്ള നിയമത്തിനെതിരായി കുറ്റം ചുമത്തപ്പെട്ട ആളിൻെറ ശിക്ഷയ്ക്ക് മാപ്പു കൊടുക്കാനോ, പരിഹാരം അനുവദിക്കാനോ, ശിക്ഷ വിളംബപ്പെടുത്താനോ, ലഘൂകരിക്കാനോ രാജ്യപാലിനു സാധിക്കും[8]. അദ്ദേഹത്തിൻെറ മാപ്പ് ഒരു ദാക്ഷിണ്യമാണ്. അതിലൂടെ ശിക്ഷയിൽ നിന്നു കുറ്റവാളി വിമോചിതനാകുന്നു. അത് സമ്പൂർണ്ണമോ, പരിമിതമോ, സോപാധികമോ ആകാം. മരണശിക്ഷയ്ക്ക് മാപ്പരുളാൻ ഗവർണർക്ക് കഴിയുകയില്ല; രാഷ്ട്രപതിയ്ക്കേ സാധിക്കൂ. രാജീവ് ഗാന്ധി വധക്കേസിലെ മുഖ്യപ്രതിയായിരുന്ന നളിനിയുടെ മരണശിക്ഷ ഇളവുചെയ്ത് ജീവപര്യന്തമാക്കിയത് ഇവിടെ ഓർമ്മിക്കുക. ഗവർണർ ഈ അധികാരം പ്രയോഗിക്കുന്നത് മന്ത്രിസഭയുടെ ഉപദേശമനുസരിച്ചായിരിക്കണം.

6. Article : 159
7. Article : 158 The Constitution (7th Amendment) Act, 1956
8. Article : 161

സംസ്ഥാന നിയമ സഭയുടെ ഒരു ഘടകമാണ് ഗവർണറെ ങ്കിലും നിയമസഭ നീട്ടാനോ കുറയ്ക്കാനോ അദ്ദേഹത്തിനു കഴിയും. ബഡ്ജറ്റ് അവതരിപ്പിക്കാനുള്ള നിർദ്ദേശം അദ്ദേഹ ത്തിൽ നിന്നാണുണ്ടാകുന്നത്. ഗ്രാൻറിനുവേണ്ടി നടത്തുന്ന ഡിമാൻറുകൾ ഗവർണറുടെ ശുപാർശയോടു കൂടി വേണം സമർ പ്പിക്കാൻ. പാസ്സാക്കുന്ന നക്കൽനിയമം പൂർണ്ണതയാർജ്ജിച്ചു നിയമമാകുന്നത്, അദ്ദേഹത്തിൻെറ അംഗീകാരത്തോടു കൂടി യാണ്. തൽസമയം നക്കലിൽ നിശ്ചിതമായ മാറ്റമോ കൂട്ടിച്ചേർ ക്കലോ ചെയ്യാൻ ഗവർണർക്ക് നിർദ്ദേശിക്കാം. ധനകാര്യബില്ല് (നക്കൽ നിയമം) മടക്കുവാനദ്ദേഹത്തിനധികാരം നിഷേധിച്ചി രിക്കുന്നു. വേണമെന്നു തോന്നിയാൽ രാഷ്ട്രപതിയുടെ പരിഗണ നയ്ക്കായി ബിൽ (നക്കൽ നിയമം) ശുപാർശ ചെയ്യാം.

നിയമസഭ സമ്മേളിച്ചിട്ടില്ലാത്ത കാലഘട്ടങ്ങളിൽ അടിയ ന്തിര കാര്യങ്ങൾ നിറവേറ്റേണ്ടതാവശ്യമാണെന്ന് അദ്ദേഹത്തിനു വിശ്വാസമായാൽ, പ്രസക്തങ്ങളായ ഓർഡിനൻസുകൾ പുറപ്പെ ടുവിക്കാനുള്ള അധികാരം ഗവർണർക്ക് ഉണ്ട്. രാഷ്ട്രപതിയിൽ നിന്ന് നേരത്തെയുള്ള അനുമതി വാങ്ങി വേണം അതു ചെയ്യാൻ. എങ്കിലും മൂന്നു കാര്യങ്ങളിൽ ഓർഡിനൻസ് പ്രഖ്യാപിക്കാനുള്ള അധികാരം അദ്ദേഹത്തിനില്ല. സംസ്ഥാന നിയമസഭ വിളിച്ചു കൂട്ടുന്നത് ഗവർണർ ആണ്. ഓരോ കൊല്ലവും രണ്ടു പ്രാവശ്യമെ ങ്കിലും അതു സമ്മേളിച്ചിരിക്കണം. സഭ വിളിച്ചു കൂട്ടാനുള്ള അറിയിപ്പ് ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നു. സംസ്ഥാനനിയമസഭായോഗത്തെയോ, രണ്ടു സഭകളുണ്ടെങ്കിൽ ഓരോ സഭയിലോ അല്ലെങ്കിൽ സംയുക്തയോഗങ്ങളിലോ അഭി സംബോധന ചെയ്യാൻ അദ്ദേഹത്തിനു സാധിക്കും. നിയമസഭ യിൽ പരിഗണനയിലിരിക്കുന്നതോ അല്ലാതെയോയുള്ള നക്കൽ നിയമത്തെക്കുറിച്ച് അദ്ദേഹത്തിന് സഭയിലേക്ക് സന്ദേശം അയ ക്കാവുന്നതാണ്. പൊതു തെരഞ്ഞെടുപ്പിനുശേഷം ഒന്നാമത്തെ പ്രസംഗത്തിൽപ്പെടുത്തിയ കാര്യങ്ങൾ സുദീർഘമായി സഭ

4. Article : 176. The Constitution (1st Amendment) Act, 1951.

ചർച്ച ചെയ്യണമെന്നാണു വഴക്കം. ഇതിന്, വേണ്ട വിധത്തിൽ സഭാനടപടികൾ ക്രമീകരിക്കാം[4]. പൊതു തെരഞ്ഞെടുപ്പിനു ശേഷമുള്ള ആദ്യത്തെ സമ്മേളനത്തിൽ ഗവർണർ ചെയ്യുന്ന പ്രസംഗത്തിൽ സർക്കാരിന്റെ നയ പ്രഖ്യാപന വിഷയങ്ങൾ കാണുമെന്നതാണ് വഴക്കം. അംഗങ്ങൾക്ക് അതിനെപ്പറ്റിയുള്ള ആക്ഷേപം ഭേദഗതിയിലൂടെ അവതരിപ്പിക്കാവുന്നതാണ്. തുടർന്നു പാസ്സാക്കിയ പ്രസംഗത്തിന്റെ പൂർണ്ണരൂപം സ്പീക്കർ, ഗവർണർക്ക് എത്തിക്കും.

നിയമസഭയോ, രണ്ടു സഭകളുണ്ടെങ്കിൽ സഭകളോ പാസ്സാക്കുന്ന നക്കൽ നിയമം (ബിൽ) ഗവർണറുടെ അംഗീകാരത്തിനു വേണ്ടി സമർപ്പിക്കും. ബില്ലിന് അനുമതിയേകുന്നതായോ, രാഷ്ട്രപതിയുടെ പരിഗണനയ്ക്കു വയ്ക്കുന്നന്നോ, ഗവർണർക്ക് പ്രഖ്യാപിക്കാം. അല്ലെങ്കിൽ പുനരാലോചനയ്ക്കുവേണ്ടി ഒരു സന്ദേശത്തോടു കൂടി മടക്കാം. അത് സഭാഭേദഗതിയോടു കൂടിയോ അല്ലാതെയോ പാസ്സാക്കി വീണ്ടും സമർപ്പിക്കുന്നതായാൽ, അതിന് ഗവർണർ അംഗീകാരം കൊടുക്കാൻ നിർബ്ബന്ധിതനാണ്[5]. രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി അയച്ച ബിൽ അനുമതി നൽകിയതായോ, തടഞ്ഞുവെച്ചിരിക്കുന്നതായോ പ്രഖ്യാപിക്കാൻ രാഷ്ട്രപതിക്ക് കർത്തവ്യമുണ്ട്. പുനരാലോചനയ്ക്കായി ഒരു സന്ദേശത്തോടു കൂടി സഭയിലേക്ക് മടക്കാൻ രാഷ്ട്രപതിയ്ക്ക് ഗവർണറോട് നിർദ്ദേശിക്കാം. അങ്ങിനെയാകുമ്പോൾ ആറു മാസത്തിനകം സഭ അത് വീണ്ടും പരിഗണിക്കണം. പിന്നീട് ഭേദഗതിയോടോ അല്ലാതെയോ പാസ്സാക്കിയ നക്കൽ നിയമം, പാസ്സാക്കി രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി വീണ്ടും സമർപ്പിക്കേണ്ടതുണ്ട്[6]. പൊതു ആവശ്യത്തിനുവേണ്ടി ഏറ്റെടുക്കുന്ന സ്വത്തിന് നഷ്ടപരിഹാരം വ്യവസ്ഥ ചെയ്യുകയോ, അതിനുള്ള സംഖ്യ ക്ലിപ്തപ്പെടുത്തുകയോ, അതിനുള്ള തത്വങ്ങളും രീതികളും വ്യക്തമാക്കുകയോ ചെയ്യുന്ന നക്കൽ നിയമത്തിന് (ബിൽ) സാധുതവരണമെങ്കിൽ രാഷ്ട്രപതിയുടെ പര്യാലോചനയ്ക്ക്

5. Article : 200 6. Article : 201

5. Article : 31. Constitution (44th Amendment) Act 1978.

നീക്കിവച്ച് അംഗീകാരം നേടണം[7] - എന്ന ഈ വ്യവസ്ഥ നാല്പത്തിനാലാമത് ഭേദഗതിയിലൂടെ വേണ്ടെന്നു വെച്ചു; പകരം 31A. എന്ന വ്യവസ്ഥ നിലവിൽ വന്നു. ഏതെങ്കിലും നക്കൽ നിയമം, ഗവർണറുടെ അഭിപ്രായത്തിൽ, ഹൈക്കോടതിയുടെ ശക്തിയെ വിപരീതമായി ബാധിച്ചേക്കുമെന്ന് തോന്നുന്നപക്ഷം അനുമതി യേകാതെ, രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് നീക്കി വെയ്ക്കാം[6]. ബില്ലിനെക്കുറിച്ച്(കരടുനിയമം)എന്തെങ്കിലും വ്യക്തമാക്കാതെ അദ്ദേഹത്തിന് എത്രനാളുവേണമെങ്കിലും വച്ച് അമാന്തിക്കാം. നിശ്ചിതമായ കാലയളവിനു മുമ്പ് കരടുനിയമത്തെക്കുറിച്ച് വേണ്ടതു ചെയ്യണമെന്നു നിബന്ധനയൊന്നുമില്ല.

ഓരോ സാമ്പത്തികവർഷവും ആ വർഷത്തേക്കുള്ള ഒരു അടങ്കൽ സാമ്പത്തിക സ്റ്റേറ്റ്മെൻറ് നിയമസഭയിൽ വയ്പിക്കാൻ ഗവർണർ വേണ്ടതു ചെയ്യണം[7]. ദ്വിമണ്ഡല സംസ്ഥാനമാണെങ്കിൽ രണ്ടു സഭകളിലും അതു സമർപ്പിക്കണം. ആ വിവരണ പത്രികയിൽ സംസ്ഥാന സഞ്ചിത നിധിയിൽ ബാധ്യതപ്പെടുത്തുന്നവ (പ്രത്യേകിച്ച് ഭരണഘടനാ വ്യവസ്ഥകളിൽ വ്യക്തമാക്കിയിട്ടുള്ളവ) സഞ്ചിത നിധിയിൽ നിന്നു ചിലവാക്കാൻ ഉദ്ദേശിച്ചിട്ടുള്ള മറ്റു ചിലവുകൾ എന്നിങ്ങനെ വേർ തിരിച്ചു കാണിക്കണം. ഇവ രണ്ടിലും റവന്യൂ കണക്കിൽ വരുന്ന വ്യയത്തെ മറ്റുള്ള ചിലവിൽ നിന്ന് വേർ തിരിച്ചു കാണിക്കേണ്ടതാണ്.

സഞ്ചിത നിധിയെന്ന ഏർപ്പാട് ബ്രിട്ടനിലെ ഭരണ വഴക്കങ്ങളിൽ നിന്നു സ്വീകരിച്ചിട്ടുള്ളതാണ്. ഭരണനടത്തിപ്പിന് ഒരു ഭാഗം ചിലവുകൾ സഭയുടെ വോട്ടിനു വിധേയമാക്കാതെ വയ്ക്കേണ്ടതാവശ്യമാണ്. ഇവ സഞ്ചിത നിധിയിൽ ബാധ്യതപ്പെടുത്തിയിരിക്കുന്നു. ഓരോ വർഷവും ഇവ വോട്ടിനിട്ട് അനുമതിയാർജ്ജിക്കേണ്ട ആവശ്യമില്ല. സ്ഥിരമായി അനുവദിച്ചിരിക്കുന്നു. ഭരണഘടന ഭേദഗതിചെയ്യാതെ ഈ തുക മാറ്റാൻ വയ്യാ.

6. Article : 200 7. Article : 202

വാർഷിക സാമ്പത്തിക സ്റ്റേറ്റ്മെൻറ്, സാധാരണ ഭാഷയിൽ ബഡ്ജറ്റ് എന്ന വാക്കിലൊതുങ്ങുന്നു. അത് അവതരിപ്പിക്കുന്ന തീയതി നിശ്ചയിക്കുന്നത് ഗവർണറാണ്. അവയിലെ ഓരോ യിനത്തിനും വേണ്ടതുക നിയമനിർമ്മാണ സഭയിൽ അവതരി പ്പിച്ച് അംഗീകാരം നേടണം. അത് അവതരിപ്പിക്കാൻ ഗവർണ റുടെ ശുപാർശാവശ്യമാണ്[8]. നിയമപ്രകാരവും ഭരണഘടന യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യങ്ങൾക്ക്, നിയമം നിർണ്ണയി ച്ചിട്ടുള്ള വിധങ്ങളിലല്ലാതെ സഞ്ചിതനിധിയിൽ നിന്ന് ധനം വിനിയോഗിക്കാൻ പാടില്ല. ഇതിനുള്ള വഴിയാണ്, ധന വിനി യോഗ കരടുനിയമം പാസ്സാക്കി, യഥാസമയം നിയമമാക്കുക.

ചിലവാക്കാൻ അംഗീകാരം നേടിയ തുക തികയാതെ വന്നാലോ, പ്രതീക്ഷിക്കാത്ത ചിലവു വന്നാലോ, വ്യയത്തിന് അടങ്കൽ കാണിക്കുന്ന വിവരണ പത്രിക നിയമസഭയിൽ കൊണ്ടു വരണം[9]. അത് സാധാരണമായി ആനുകൂല്യത്തോടെ സാമാജി കൻമാർ വീക്ഷിക്കുകയില്ല. നടപടികൾ മുഴുവനുമായില്ലെ ങ്കിലും മുൻകൂറായി അനുദാനങ്ങൾ നേടുന്ന ഏർപ്പാടിനാണ് വോട്സ് ഓൺ അക്കൗണ്ട്സ് - എന്നു പറയാറുള്ളത്. ഏതെങ്കിലും കാര്യത്തിൻെറ വൈപുല്യമോ അനിർവ്വചനീയ സ്വഭാവമോ മൂലം വിശദാംശങ്ങളോടു കൂടിയ ധനാഭ്യർത്ഥന നടത്താൻ ഇടയാകാത്ത സാഹചര്യത്തിൽ വോട്ട് ഓൺ ക്രെഡിറ്റ് - എന്ന പേരിൽ ഒരു ധനാഭ്യർത്ഥനയ്ക്കും വഴിയുണ്ട്[10].

നിശ്ചിത സ്വഭാവങ്ങളോടു കൂടിയ ചില കരടു നിയമ ങ്ങൾ (ബിൽ) നിയമസഭയിൽ കൊണ്ടു വരേണ്ടത് ഗവർണറുടെ മുൻകൂർ അനുവാദത്തോടുകൂടി വേണം. അവ : (1) ഏതെങ്കിലും നികുതി ചുമത്തുകയോ റദ്ദാക്കുകയോ പരിഹരിക്കുകയോ, വ്യത്യാസപ്പെടുത്തുകയോ, നിയന്ത്രിക്കുകയോ ചെയ്യുന്നവ. (2) വായ്പ വാങ്ങുന്നതിനോ, ഏതെങ്കിലും ധനസംബന്ധമായ ഉറപ്പേകുന്നതിനോ, ധനബാധ്യത ബാധകമാകുന്നതോ ആയ നിയമ ഭേദഗതി. (3) സംസ്ഥാന സഞ്ചിതനിധി, ആകസ്മികനിധി

8. Article : 203 (3); 266 9. Article : 205 10. Article : 206

എന്നിവയുടെ സൂക്ഷിപ്പും, പണം നിക്ഷേപിക്കുന്നതും പിൻവലിക്കുന്നതും സംബന്ധിച്ച കരടു നിയമങ്ങൾ. (4) സഞ്ചിത നിധിയിലെ പണവിനിയോഗം സംബന്ധിച്ച കരടു നിയമം (ബിൽ) (5) ഏതെങ്കിലും വ്യയം സഞ്ചിതനിധിയിൽ ബാദ്ധ്യതപ്പെടുത്തുന്നതായി പ്രഖ്യാപിക്കുന്നതോ, നിലവിലുള്ള വ്യയം വർദ്ധിക്കുന്നതോ ആയ കരടു നിയമം (ബിൽ) (6) സംസ്ഥാന സഞ്ചിത നിധിയുടെയോ പൊതുകണക്കിൻെറയോ വകയിൽ പണം വരവുവെയ്ക്കൽ, സൂക്ഷിപ്പ്, പിൻ വലിക്കൽ എന്നിവയ്ക്കുള്ള കരടു നിയമം (ബിൽ)[11]. ഇവയെല്ലാം മണി ബില്ലുകൾ എന്നയിനത്തിൽ പെടുന്നവയാണ്.

പ്രത്യേകമായ സാഹചര്യങ്ങൾ നേരിടാൻ വേണ്ട പ്രശാസനങ്ങൾ - ഓർഡിനൻസുകൾ - പുറപ്പെടുവിക്കാൻ ഒരു ഗവർണർക്ക് അധികാരമുണ്ട് എന്നു മുമ്പു സൂചിപ്പിച്ചു. രാഷ്ട്രപതിയുടെ പൂർവ്വാനുമതി കൂടാതെ നിയമസഭയിൽ അവതരിപ്പിക്കാൻ പാടില്ലാത്തതോ,നിയമസഭാചർച്ചയ്ക്കു ശേഷം രാഷ്ട്രപതിയുടെ അനുമതിക്ക് നീക്കിവെച്ചേക്കാവുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതോ,രാഷ്ട്രപതിയുടെ നിർദ്ദേശം കൂടാതെ പ്രശാസനങ്ങൾ പുറപ്പെടുവിക്കാൻ പാടില്ല. ഇത് നിയമസഭാ വിശ്രമവേളകളിൽ മാത്രമേ പാടുള്ളുതാനും- അതായത് താൽക്കാലികമായ ഒഴിവുകാലത്തു മാത്രം[12]. ഈ പ്രശാസനങ്ങൾക്ക്, ഏതൊരു നിയമത്തെയും പോലെ ആധികാരികതാവും ശക്തിയും ഉണ്ട്. അത് അസംബ്ലി ചേർന്ന ശേഷം ആറ് ആഴ്ച കഴിയുമ്പോൾ, ശക്തിരഹിതമായിത്തീരും. എന്നാൽ ആ കാലത്തിനു മുമ്പ് അസംബ്ലിയിൽ വച്ച് പാസ്സാക്കിയാൽ പ്രാബല്യമുണ്ടായിരിക്കും. പ്രശാസനം ഏതു സമയത്തുവേണമെങ്കിൽ പിൻവലിക്കാം. മന്ത്രിസഭയുടെ ഉപദേശവും അഭിപ്രായവും കണക്കിലെടുത്താണ് ഗവർണർ ഓർഡിനൻസ് പുറപ്പെടുവിക്കുന്നത്; സ്വാഭിപ്രായത്തെ ആശ്രയിച്ചല്ല. ഓർഡിനൻസിൽ

---

11. Article : 199 (a) to (f)
12. Article : 213. The Constitution (38th Amendment) Act 1975.

ആവശ്യമായ ഭേദഗതി വരുത്താനുള്ള അവകാശം രാഷ്ട്രപതിക്കുണ്ട്[13]. ആംഗ്ലോ-ഇൻഡ്യക്കാർക്ക് പ്രാതിനിധ്യം ഉറപ്പുവരുത്താൻ, ആവശ്യമാണെന്നു തോന്നിയാൽ ഗവർണർക്ക് ന്യായ നിർദ്ദേശം ചെയ്ത് ഒരാളെ നിയമസഭാ സാമാജികനാക്കാം[14].

സംസ്ഥാനങ്ങൾ

ആന്ധ്രപ്രദേശം: (275.068 ച.കി.) ഹൈദരാബാദാണ് തലസ്ഥാനം. ഭാഷാടിസ്ഥാനത്തിൽ ഭാരതത്തിൽ ആദ്യമായി രൂപീകൃതമായ സംസ്ഥാനമെന്ന പ്രശസ്തിയുണ്ട്. സുദീർഘമായ പ്രക്ഷോഭണത്തിൻെറ ഫലമായി 1953 ഒക്ടോബർ 1- ന് മദ്രാസ് പ്രവിശ്യയിൽ നിന്നു വേർപെടുത്തി അത് രൂപീകൃതമായി. പിന്നീട് 1956 നവംബർ 1-ന് സംസ്ഥാന പുനഃസംഘടയോടു കൂടി ഹൈദരാബാദ് എന്ന നാട്ടുരാജ്യവും അതിൽ ലയിച്ചു. ഭരണഘടനയുടെ മുപ്പത്തിരണ്ടാമത് ഭേദഗതിയുടെ കാര്യവും ഇവിടെ പ്രസക്തമാണ്. (The Constitution (32nd Amendment) Act 1973) നിയമസഭയിൽ 295 സാമാജികൻമാരുണ്ട്. ഉപരിസഭ (Council) 1985-ൽ വേണ്ടെന്നു വെച്ചു.)

അരുണാചൽപ്രദേശം: (83,743 ച.കി.) ഇട്ടാനഗറാണ് തലസ്ഥാനം. പണ്ട് NEFA -എന്നറിയപ്പെട്ടിരുന്നതിൻെറ ഭാഗമാണ്. കേന്ദ്രഭരണ പ്രദേശമെന്ന പദവി 1948 മുതലുണ്ടെങ്കിലും അരുണാചൽപ്രദേശമെന്ന പേരിൽ കേന്ദ്രഭരണ മേഖലയായത് 1972 ജനുവരി 20 -ന് ആണ്. പ്രാദേശിക കൗൺസിൽ നിയമസഭാ പദവിനേടിയത് 1975 -ആഗസ്റ്റ് 15 ന് ആണ്. സംസ്ഥാനമെന്ന അംഗീകാരം 1987 ഫെബ്രുവരി 20- ന് കൈവന്നു. അസംബ്ലിയിൽ അറുപതു സാമാജികൻമാർ ഉണ്ട്.

അസ്സാം: (78,438 ച.കി.) ദിസ്പൂർ ആണ് തലസ്ഥാനം. ചില പ്രദേശങ്ങൾ പാകിസ്ഥാൻെറ രൂപീകരണത്തോടു കൂടി കിഴക്കൻ പാകിസ്ഥാനിൽ പെട്ടു. പിന്നീട് അവിടം ബംഗ്ലാദേശ്

---

13. Article : 160
14. Article : 333. The Constitution (7th Amendment) Act 1956.

എന്ന സ്വതന്ത്രരാജ്യത്തിന്റെ ഭാഗമായി. 1948-ൽ NEFA യും 1963-ൽ നാഗലാൻഡും, 1972 ജനുവരി 21-ന് മേഘാലയവും രൂപമെടുത്തു. മിസോറാം എന്ന ഭാഗം 1987-ൽ കേന്ദ്രഭരണ പ്രദേശമായി രൂപീകൃതമായി. പിന്നെ അത് സംസ്ഥാനവുമായി ത്തീർന്നു. അസ്സാം നിയമസഭയിൽ 128 സാമാജികൻമാരുണ്ട്.

ബിഹാർ: (173,877 ച.കി.) പട്നായാണ് (പാടലീപുത്രം) തലസ്ഥാനം. ദ്വിമണ്ഡല നിയമസഭയുള്ള സംസ്ഥാനമാണിത്. റാഞ്ചി തലസ്ഥാനമാക്കി ഝാർഖണ്ട് സംസ്ഥാന രൂപികരണത്തിന് പ്രക്ഷോഭണം നടക്കുന്നുണ്ട്. നിയമസഭയിൽ 324 അംഗങ്ങൾ.

ഗോവ: (3702 ച.കി.) പനജിയാണ് തലസ്ഥാനം. 1987 മേയ് 30-ന് സംസ്ഥാന പദവി നേടി. നിയമസഭയിൽ നാൽപ്പത് സാമാജികൻമാരുണ്ട്.

ഗുജറാത്ത്: (196024 ച.കി.) ഗാന്ധിനഗറാണ് തല സ്ഥാനം. ബോംബെ സംസ്ഥാന പുനഃസംഘടനയെത്തുടർന്ന് 1960 മേയ് 1ന് രൂപം കൊണ്ടു. നിയമ നിർമ്മാണസഭയിൽ 182 സാമാജികൻ മാരുമണ്ട്.

ഹരിയാന: (44212 ച.കി.) ചണ്ഡിഗർ ആണ് തലസ്ഥാനം. 1966 നവംബർ 1ന് രൂപീകൃതമായി. നിയമസഭയിൽ 90 അംഗങ്ങളുണ്ട്.

ഹിമാചൽ പ്രദേശം: (55,673 ച.കി.) തലസ്ഥാനം സിംലയാണ്. നിയമസഭയിൽ 68 സാമാജികൻമാരുണ്ട്. 1971 ജനുവരി 25 നാണ് സംസ്ഥാന പദവി നേടിയത്.

ജമ്മു-കാശ്മീരം: (222,236 ച.കി.) ശ്രീനഗർ വേനൽക്കാല തലസ്ഥാനവും ജമ്മു ഗ്രീഷ്മകാല തലസ്ഥാനവുമാണ്. 1974 ഒക്ടോബർ 26 ന് മഹാരാജാവ് ലയന പ്രമാണത്തിൽ ഒപ്പു വച്ചു. പാകിസ്ഥാനുമായി 1965-1971 എന്നിങ്ങനെ രണ്ടു തവണ യുദ്ധമുണ്ടായിട്ടുണ്ട്. ഒരു പ്രത്യേക ഭരണഘടന 1956 നവംബർ 17ന് നിലവിൽ വന്നു, ശേഷം 1957 ജനുവരി 26ന് പൂർണ്ണമായി

നിലവിൽ വന്നിട്ടുണ്ട്. ദ്വിമണ്ഡല നിയമസഭയ്ക്കാണു വ്യവസ്ഥ. അസംബ്ലിയിൽ 78 പേർ.

കർണ്ണാടകം: (191,791 ച.കി.) ബാംഗ്ലൂരാണ് തലസ്ഥാനം. സംസ്ഥാനപുനഃസംഘടനയെത്തുടർന്നാണ് ഇന്നത്തെ രൂപത്തിൽ സംസ്ഥാനമായത്. ദ്വിമണ്ഡല നിയമസഭയുണ്ട്. അസംബ്ലിയിൽ 224 സാമാജികൻമാരും കൗൺസിലിൽ 75 പേരുമുണ്ട്.

കേരളം: (38, 863 ച.കി.) തിരുവനന്തപുരമാണ് തലസ്ഥാനം. സംസ്ഥാനപുനഃസംഘടനയെ തുടർന്ന് രൂപമെടുത്തു. നിയമസഭയിൽ 141 അംഗങ്ങൾ. ഏറ്റവും കൂടുതൽ രാഷ്ട്രീയമാറ്റടിസ്ഥാനത്തിൽ സർക്കാർ മാറി മാറി വരുന്നതിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്.

മദ്ധ്യപ്രദേശം: (443,446 ച.കി.) ഭോപ്പാലാണ് തലസ്ഥാനം. സംസ്ഥാനപുനഃസംഘടനയാൽ ആധുനിക രൂപമാർജ്ജിച്ച് 1956 നവംബർ 1 ന് നിലവിൽ വന്നു. നിയമസഭ മാത്രമേയുള്ളു.

മഹാരാഷ്ട്രം: (307,690 ച.കി.) മുംബയ് ആണ് തലസ്ഥാനം. ബോംബെ സംസ്ഥാന പുനഃസംഘടനയെത്തുടർന്നാണ് ഇന്നത്തെ രൂപത്തിൽ സംസ്ഥാനമായത്. മേയ് 1, 1960 -ൽ. ദ്വിമണ്ഡല നിയമസഭ- അസംബ്ലിയിൽ (വിധാൻസഭ) കൗൺസിലും (വിധാൻപരിഷത്ത്) ഉണ്ട്. വിധാൻസഭയിൽ 288 പേർ.

മണിപ്പൂർ: (22, 327 ച.കി.) ഇംഫാലാണ് തലസ്ഥാനം. മുമ്പ് കേന്ദ്രഭരണ പ്രദേശമായിരുന്നു. 1972-ൽ സംസ്ഥാനമായി, ജനുവരി 21-ന്. നിയമസഭയിൽ തെരഞ്ഞെടുക്കപ്പെട്ട 60 സാമാജികൻമാരും മൂന്ന് നാമനിർദ്ദേശം ചെയ്തവരുമുണ്ട്.

മേഘാലയം: (22, 429 ച.കി.) ഷില്ലോംഗാണ് തലസ്ഥാനം. ഏകമണ്ഡല നിയമസഭയിൽ 60 പേരുണ്ട്. ഖാസിമല പ്രദേശത്തു നിന്ന് 29 ജൈയിന്റിയ മലപ്രദേശത്തുനിന്ന് 7, ഗാറോമലപ്രദേശത്തുനിന്ന് 24 എന്ന കണക്കിൽ, സംസ്ഥാനമായത് 1972 ജനുവരി 21ന്.

മിസോറം: (21, 081 ച.കി.) ഐസ്വാൾ ആണ് തലസ്ഥാനം. കേന്ദ്രഭരണപ്രദേശമായി 1972-ൽ നിലനിൽക്കുമ്പോൾ മിസോ കുന്നിൻ പ്രദേശജില്ല എന്നായിരുന്നു പേര്. അൻപത്തി മൂന്നാം ഭരണഘടനാ ഭേദഗതിയോടെ ഫെബ്രുവരി 20, 1987 -ൽ സംസ്ഥാനപദവി നേടി. ഏകമണ്ഡല നിയമസഭയിൽ 40 അംഗങ്ങളുണ്ട്. ഗവർണറും മന്ത്രിസഭയും മുഖ്യമന്ത്രിയുമുണ്ട്.

നാഗലാൻഡ് : (16,579 ച.കി.) കൊഹിമയാണ് തലസ്ഥാനം. സംസ്ഥാനമായത് 1963 ഡിസംബർ 1ന്. ഏകമണ്ഡല നിയമസഭയാണ്. ഗവർണറും മുഖ്യമന്ത്രിയുമുണ്ട്. നിയമസഭയിൽ 60 പേർ.

ഒറീസ്സ: (156,707 ച.കി.) ഭുവനേശ്വരമാണ് തലസ്ഥാന ം. ഗവർണറും മുഖ്യമന്ത്രിമുമുണ്ട്. ഏക്കമണ്ഡല നിയമസഭയിൽ 147 അംഗങ്ങൾ.

പഞ്ചാപ്: (50, 362 ച.കി.) ചണ്ഡിഗർ ആണ്. ഏകമണ്ഡല നിയമസഭയ്ക്കാണ് വ്യവസ്ഥ. ലഫ്റ്റനൻറ് ഗവർണറും, മുഖ്യമന്ത്രിയുമുണ്ട്. നിയമ സഭയിൽ 117 അംഗങ്ങൾ.

രാജസ്ഥാൻ: (342, 239 ച.കി.) ജയ്പൂരാണ് തലസ്ഥാനം. ഏകമണ്ഡല നിയമസഭയ്ക്കാണ് ഏർപ്പാട്. നിരവധി നാട്ടുരാജ്യങ്ങളും മറ്റും ലയിച്ച് അന്തിമമായി രൂപമെടുത്ത സംസ്ഥാനം. 1956 നവംബർ 1 നു ആ പേരിൽ അറിയാൻ തുടങ്ങി. ഗവർണറും മുഖ്യമന്ത്രി നേതാവായ മന്ത്രി സഭയുമുണ്ട്.

സിക്കിം: (7, 096 ച.കി.) ഗാംഗ്ടോക്കാണ് തലസ്ഥാനം. ഗവർണറും മുഖ്യമന്ത്രി നേതാവായി മന്ത്രിസഭയുമുണ്ട്. ഏകമണ്ഡല നിയമസഭയാണ്. മുപ്പത്തെട്ടാമതു ഭരണഘടനാ ഭേദഗതിയോടെ 1975 ഏപ്രിൽ 26- ന് നിലവിൽ വന്നു.

തമിഴ്നാട്: (130, 158 ച.കി.) ചെന്നൈയാണ് തലസ്ഥാനം. തമിഴ്നാട് എന്ന പേരു 1969 ജനുവരി 14 നാണ്

സ്വീകരിച്ചത് തലസ്ഥാനത്തിൻെറ പേര് 1996-ൽ ചെന്നൈ എന്നാക്കി. കൗൺസിൽ 1998-ൽ നിർത്തലാക്കി. ഇപ്പോൾ ഏക മണ്ഡല നിയമസഭയാണുള്ളത്. നിയമസഭയിൽ 234 സ്ഥാനം.

ത്രിപുര: (10, 486 ച.കി.) അഗർത്തലയാണ് തലസ്ഥാനം. ഗവർണറും മുഖ്യമന്ത്രി നേതാവായി മന്ത്രിസഭയുമുണ്ട്. ഏകമണ്ഡല നിയമസഭയാണുള്ളത്; അറുപത് അംഗങ്ങൾ. 1957 നവംബറിൽ യൂണിയൻ പ്രദേശമായി. പിന്നെ സംസ്ഥാനപദവി നേടിയത്, ജനുവരി 21, 1972 നാണ്.

ഉത്തരപ്രദേശം: (294,411 ച.കി.) ലക്നൗ ആണ് തലസ്ഥാനം. ദ്വിമണ്ഡല നിയമസഭയുണ്ട്. . ഉത്തരപ്രദേശം എന്നപേര് 1950 -ലാണിട്ടത്. ഉത്തരഖണ്ഡ് എന്നൊരു പുതിയ സംസ്ഥാന രൂപീകരണത്തെക്കുറിച്ച് പറഞ്ഞു കേൾക്കുന്നുണ്ട്. ഏറ്റവും വലിയ സംസ്ഥാന പദവി അതുകൊണ്ട് നഷ്ടമാകും. ദ്വിമണ്ഡല നിയമസഭയ്ക്കാണ് ഇന്ന് വ്യവസ്ഥ.

പശ്ചിമ ബംഗാൾ: (87,853 ച.കി.) കൽക്കട്ടയാണ് തലസ്ഥാനം. ഏകമണ്ഡല നിയമസഭയുണ്ട്. പാകിസ്ഥാൻെറ രൂപീകരണത്തോടു കൂടി ബംഗാളിൻെറ ഏറെ ഭാഗം കിഴക്കെ പാകിസ്ഥാനായും പിന്നെ ബംഗ്ലാദേശായും പരിണമിച്ചു. നിയമ സഭയിൽ 294 അംഗങ്ങൾ.

പുതിയതായി മൂന്നു സംസ്ഥാനങ്ങൾ, ഞ്ജാർഖണ്ഡ്, ഉത്തരാഖണ്ഡ്, ഛത്തിസ്ഗഢ് - രൂപീകരിക്കുന്നതിന് കേന്ദ്ര മന്ത്രി സഭ 2000 മേയ് മാസം മദ്ധ്യത്തോടു കൂടി അനുകൂലമായ തീരുമാനം കൈക്കൊള്ളുകയുണ്ടായി. ബീഹാർ, ഉത്തരപ്രദേശം, മദ്ധ്യപ്രദേശം എന്നീ സംസ്ഥാനങ്ങളുടെ ഭാഗങ്ങൾ മുഖ്യമായി ചേർത്താണ് പുതിയ മൂന്നു സംസ്ഥാനങ്ങൾ രൂപീകരിക്കുന്നത്. ഇതു സംബന്ധിച്ചുള്ള നക്കൽ നിയമങ്ങൾ (ബിൽ) പാർലമെൻറ്

സാമാജികൻമാർക്ക് പരിചിന്തനത്തിനായി മേയ് 15- ന് നൽകുകയുണ്ടായി. ലോക്സഭയിൽ അത് മേയ് 17-ന് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇരുപത്താറാമത്തെ സംസ്ഥാനമായി നവംബർ 1 ന് ഛത്തിസ്ഗഢ് രൂപമെടുത്തു. നിയമസഭയിൽ 90 അംഗങ്ങളുണ്ട്. പുതിയ ഈ സംസ്ഥാനത്തിൽ 37 ശതമാനം ജനങ്ങൾ ആദിവാസികളാണ്.

ഇരുപത്തിയേഴാമത്തെ സംസ്ഥാനമായി ഝാർ ഖണ്ഡും, ഇരുപത്തിയെട്ടാമത്തേതായി ഉത്തരാഖണ്ഡും പിന്നീട് നിലവിൽ വന്നിട്ടുണ്ട്.

സംസ്ഥാനമന്ത്രി സഭ

രാജ്യപാലിനെ (ഗവർണറെ) ഭരണത്തിൽ ഉപദേശിക്കാനും സഹായിക്കാനും സംസ്ഥാനത്ത് ഒരു മന്ത്രിസഭയുണ്ടായിരിക്കും. എന്നാൽ എന്ത് ഉപദേശമാണ് അവർ നൽകിയതെന്ന കാര്യത്തെക്കുറിച്ച് ആരായാനും അറിയാനും ആർക്കും അവകാശമില്ല[15]. മുഖ്യമന്ത്രിയെ നിയമിക്കുന്നത് രാജ്യപാലാണ്. മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരം സഭയിലെ മറ്റു മന്ത്രിമാരെയും തീരുമാനിക്കും. ഗവർണർക്ക് (രാജ്യപാലിന്) പ്രീതിയുള്ള കാലത്തോളം ഒരു മന്ത്രിക്ക് പദവിയിൽ തുടരാം. മന്ത്രിസഭയ്ക്ക് സംസ്ഥാന നിയമസഭയോടാണ് കൂട്ടുത്തരവാദിത്വം. മന്ത്രിസ്ഥാനം ഏൽക്കുന്നതിനുമുമ്പ് ഒരാൾ നിശ്ചിതമായ സത്യപ്രതിജ്ഞകൾ രാജ്യപാലിൻെറ (ഗവർണറുടെ)സന്നിധിയിൽ ചെയ്യണം[16]. നിയമസഭാസാമാജികനല്ലാത്ത ഒരാളിനെയും മന്ത്രിയാക്കാം. പക്ഷേ ആറുമാസത്തിനുള്ളിൽ നിയമസഭാസാമാജികനാകാതിരുന്നാൽ പദവി പോകും. നിയമസഭാസാമാജികൻമാർക്ക് നിശ്ചിതമായ ശമ്പളവും മറ്റും സ്വീകരിക്കാം. അതതു കാലത്ത് സംസ്ഥാന നിയമസഭ അതിനുള്ള ചട്ടങ്ങളുണ്ടാക്കും.

രാജ്യപാലിൻെറ (ഗവർണറുടെ) പേരിലാണ് സംസ്ഥാനത്തിൻെറ എല്ലാ കാര്യനിർവ്വഹണങ്ങളും നിറവേറ്റുന്നത്[17]. മന്ത്രിമാരോരുത്തരും വകുപ്പുകളുടെ ചുമതല വഹിക്കുന്നു. മന്ത്രിസഭാ പ്രവർത്തനങ്ങളെക്കുറിച്ചും മറ്റുമുള്ള വിവരങ്ങൾ രാജ്യപാലിന് നൽകുന്നത് മന്ത്രിസഭയുടെ തലവനെന്നനിലയിൽ, മുഖ്യമന്ത്രിയാണ്. ഏതെങ്കിലും കാര്യത്തെക്കുറിച്ച് കൂടുതൽ വസ്തുതകൾ വേണമെന്നു തോന്നിയാൽ, ഗവർണർക്ക് അത്

15. Article : 163
16. Article : 164. Third Schedule :V & VI
17. Article : 166

ആവശ്യപ്പെടാം. മുഖ്യമന്ത്രി അതു നൽകാൻ ബാദ്ധ്യസ്ഥനുമാണ്[18]. ഇങ്ങനെയൊക്കെയാണെങ്കിലും രാജ്യപാൽ (ഗവർണർ) പൂർണ്ണമായ അർത്ഥത്തിൽ തന്നെ ഒരു വ്യവസ്ഥാപിത ഭരണത്തലവനാണ്. മന്ത്രിസഭയ്ക്കാണ് യഥാർത്ഥ അധികാരം.

സ്വന്തമായി ചിലയവസരങ്ങളിൽ തീരുമാനമെടുക്കാനും രാജ്യപാലിന് (ഗവർണർക്ക്) ഉത്തരവാദിത്വമുണ്ട്. അവ (1) മന്ത്രിസഭാ രൂപീകരണത്തിന് മുഖ്യമന്ത്രിയെ നിശ്ചയിക്കുക. (2) പ്രസക്തമായ സമയത്ത് മന്ത്രിസഭയെ പിരിച്ചു വിടുക. (3) നിയമനിർമ്മാണസഭയുടെ പിരിച്ചു വിടുക (4) കൂടുതൽ വസ്തുതകൾ വേണമെന്നു തോന്നിയാൽ മുഖ്യമന്ത്രിയോട് ആവശ്യപ്പെടാം (5) ഒരു മന്ത്രി മാത്രമായെടുത്ത തീരുമാനത്തെ, മന്ത്രിസഭയുടെ പൊതുപരിഗണനയ്ക്കായി വയ്ക്കാൻ മുഖ്യമന്ത്രിയോട് ആവശ്യപ്പെടാം (6) നിയമസഭ പാസ്സാക്കി അംഗീകാരത്തിനയച്ച കരടുനിയമ (ബിൽ)ത്തിന് അംഗീകാരമേകാതെ പുനഃപ്പരിശോധനയ്ക്കായി അയക്കുക. (7) നിയമസഭ പാസ്സാക്കിയ ഒരു കരടു നിയമം (ബിൽ) രാഷ്ട്രപതിയുടെ അംഗീകാരത്തിന് അയക്കുക. (8) ഏതെങ്കിലും അത്യാവശ്യത്തിന് പ്രശാസനം (ഓർഡിനൻസ്) വേണമെന്നു തോന്നിയാൽ രാഷ്ട്രപതിയുടെ മുൻകൂർ അനുമതി തേടൽ. (9) അടിയന്തിരാവസ്ഥ പ്രഖ്യാപിക്കൽ, സർക്കാരിനെ ഉപദേശിക്കൽ. (10) അസ്സാം ഗവർണർക്ക് ചില നിശ്ചിത വിഷയങ്ങളിലുള്ള തർക്കങ്ങളിൽ തീരുമാനം ചെയ്യേണ്ടിവരുമ്പോൾ അതു ചെയ്യുക.

എല്ലാ സംസ്ഥാനങ്ങളിലും നിയമസഭയുണ്ടായിരിക്കും. ചിലയിടങ്ങളിൽ ഒരു സഭയേ ഉണ്ടാകൂ. മറ്റിടങ്ങളിൽ രണ്ടു സഭകളും. അതായത് അസംബ്ലിയും കൗൺസിലും. അതതു സംസ്ഥാനത്തെ അസംബ്ലിയും, കൗൺസിലും, ഗവർണറും ചേർന്നതാണ് നിയമനിർമ്മാണ സഭ[19]. നിയമനിർമ്മാണ വ്യവസ്ഥിതിയുടെ ഭിന്ന ഘടകങ്ങളാണ് അവയൊക്കെ. ഒരു സംസ്ഥാനത്തെ അസംബ്ലി അതിൽ സന്നിഹിതരായി വോട്ടു ചെയ്യുന്ന

19. Article : 168   18. Article : 167

അംഗങ്ങളിൽ മൂന്നിൽ രണ്ടുപേർ അനുകൂലിച്ച് - അതു സഭയുടെ ആകെ അംഗങ്ങളിൽ ഭൂരിപക്ഷവും ആയിരിക്കണം - പ്രമേയം പാസ്സാക്കിയാൽ പാർലിമെൻററിന് നിയമം മൂലം അവിടത്തെ കൗൺസിൽ (ഉപരിസഭ) നിർത്താനാവും. മുകളിൽ പറഞ്ഞ വോട്ടു രീതിയിൽ വേണമെന്നറിയിച്ചാൽ, പുതിയ കൗൺസിൽ സംഘടിപ്പിക്കാനുള്ള നടപടിയും എടുക്കാം. ഇത്തരത്തിലുണ്ടാകുന്ന വ്യത്യാസം ഭരണഘടനാ ഭേദഗതിയായി പരിഗണിക്കുന്നതല്ല[20].

സംസ്ഥാന അസംബ്ലിസഭാംഗങ്ങളെ ജനങ്ങൾ നേരിട്ടുതെരഞ്ഞെടുക്കും. പ്രാദേശിക നിയോജക മണ്ഡലത്തിലെ പ്രായപൂർത്തിയെത്തിയ, വോട്ടർ പട്ടികയിൽ പേർ ചേർത്തിട്ടുള്ള, സമ്മതിദാനാവകാശമുള്ള പൗരൻമാരാണ് അവരെ തെരഞ്ഞെടുക്കുന്നത്. നിയോജക മണ്ഡലത്തിൻെറ വിസ്തീർണ്ണവും മറ്റും തീരുമാനിക്കുന്നത് അവസാനമായി നടന്ന കാനേഷുമാരിയെ ആസ്പദമാക്കിയാണ്. ഒരു സംസ്ഥാന നിയമസഭയിലെ ആകെ സാമാജികൻമാരുടെ എണ്ണം അഞ്ഞൂറിൽ കവിയാനും അറുപതിൽ കുറയാനും പാടില്ല[21]. എല്ലാ നിയോജകമണ്ഡലങ്ങളിലെയും ജനസംഖ്യയും അംഗങ്ങളുടെ എണ്ണവും തമ്മിലുള്ള അനുപാതം സംസ്ഥാനമൊട്ടുക്ക് ഒന്നു പോലെ കഴിയുന്നത്രയാക്കാൻ ശ്രമിക്കണം. നിയോജകമണ്ഡല നിർണ്ണയം പാർലിമെൻറു നിശ്ചയിക്കുന്ന രീതിയിൽ നിയമം മൂലമാണ് നടത്തുക. എന്നാൽ അത് നിലവിലിരിക്കുന്ന നിയമസഭയെ ഒരു തരത്തിലും ബാധിക്കുകയില്ല.

കൗൺസിലിലെ സാമാജികൻമാരുടെ എണ്ണം, അസംബ്ലിയിൽ ആകെയുള്ള അംഗങ്ങളുടെ എണ്ണത്തിൽ മൂന്നിലൊന്നിൽ കവിയുന്നതല്ല. എന്നാൽ അതിലെ ഏറ്റവും കുറഞ്ഞ എണ്ണം നാൽപ്പതാണ്[22]. വ്യത്യാസങ്ങൾ വരുത്താൻ പാർലമെൻറിന്

---

20. Article :169 21. Article :170. The Constitution (7th Amendment)Act 1956
22. Article : 171.The Constitution (7th Amendment)Act 1956

നിയമത്തിലൂടെ കഴിയും. ഇതു സംബന്ധിച്ച നിയമം പാസ്സാക്കി ക്കഴിഞ്ഞു [23]. കൗൺസിലിലെ ആകെ അംഗങ്ങളിൽ മൂന്നിലൊന്ന് (a) മുനിസിപ്പാലിറ്റികൾ, ജില്ലാ ബോർഡുകൾ, മറ്റു പ്രാദേശി കാധികാര സ്ഥാനങ്ങൾ എന്നിവയിലെ സാമാജികൻമാർ തെര ഞ്ഞെടുക്കും. (b) പന്ത്രണ്ടിൽ ഒരു ഭാഗം പേരെ സർവ്വകലാശാല കളിൽ നിന്നു ബിരുദമെടുത്ത് മൂന്നു വർഷം പൂർത്തിയാക്കിവ രാണ് തെരഞ്ഞെടുക്കുന്നത്. (c)സെക്കണ്ടറിവിദ്യാലയത്തിനു താഴെയല്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, കുറഞ്ഞത് മൂന്നു കൊല്ലമെങ്കിലും അദ്ധ്യാപനത്തിൽ ഏർപ്പെട്ടവർ അടങ്ങുന്ന നിയോജക മണ്ഡലത്തിൽ നിന്ന് പന്ത്രണ്ടിലൊരു ഭാഗം അംഗ ങ്ങളെ അസംബ്ലിയിലെ അംഗങ്ങളാണ് തെരഞ്ഞെടുക്കുന്നത്. സാഹിത്യം, ശാസ്ത്രം, സഹകരണപ്രസ്ഥാനം, സാമൂഹിക സേവനം തുടങ്ങിയ മേഖലകളിൽ അറിവും പ്രായോഗിക പരിചയവും നേടിയ വ്യക്തികളെ ഗവർണർ നാമനിർദ്ദേശം ചെയ്ത് അംഗങ്ങളാക്കും. ഇതിൽ ആദ്യം പ്രസ്താവിച്ച മൂന്നു കൂട്ടരുടെ തെരഞ്ഞെടുപ്പ് ഒരു വോട്ടു എന്ന ക്രമത്തിൽ ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥാ ക്രമത്തിലാണ്.

സംസ്ഥാന അസംബ്ലിയുടെ കാലാവധി അഞ്ചു വർഷ മാണ്. എങ്കിലും ഗവർണർക്ക് (രാജ്യപാലിന്) ചില അടിയന്തിര ഘട്ടങ്ങളിൽ ഒരു തവണ ഒരു വർഷം എന്ന ക്രമത്തിൽ, (പാർലി മെൻറിൻെറ നിയമപ്രകാരം) നീട്ടിക്കൊണ്ടു പോകാം. എന്നാൽ അടിയന്തിരാവസ്ഥ തീർന്ന ശേഷം ആറുമാസമേ അങ്ങേയറ്റം നീട്ടാൻ പറ്റൂ. കൗൺസിൽ സ്ഥിരമായ ഒരു സ്ഥാപനമാണ്. രണ്ടുവർഷം കൂടുമ്പോൾ അതിൽ നിന്ന് മൂന്നിലൊരു ഭാഗം പേർ വീതം വിരമിക്കും[24]. സംസ്ഥാന നിയമസഭയിലേക്കു മത്സരി ക്കാൻ ചില നിർദ്ദിഷ്ടയോഗ്യതകളുണ്ടായിരിക്കണം[25]. കൗൺസി ലിലേക്കാണെങ്കിൽ മുപ്പതും, അസംബ്ലിയിലേക്കായാൽ ഇരുപ ത്തഞ്ചും വയസ്സു പൂർത്തിയാക്കിയ ഒരു ഭാരതീയ പൗരന് ഭരണ ഘടനയുടെ മൂന്നാം പട്ടികയിലുള്ള നിർദ്ദിഷ്ടമായ സത്യവാചക

23. Representation of Peoples Act (1950) S.10 & 3rd Schedule.
24. Article 172. 25. Article : 173

ങ്ങൾ ഇലക്ഷൻ കമ്മീഷൻ നിയോഗിക്കുന്ന ആളിൻെറ സന്നിധിയിൽ എടുത്താൽ, തെരഞ്ഞെടുപ്പിനു യോഗ്യത നേടും[26]. കൂടുതൽ യോഗ്യതകൾ നിയമത്തിലൂടെ പാർലമെൻറിന് നിർണ്ണയിക്കാം. രണ്ടു സഭകളുള്ള സംസ്ഥാനത്തിൽ ഒരാളിന് ഇരു സഭകളിലും ഒരേ സമയം സാമാജികനാകാൻ കഴിയുകയില്ല. ഒരാളെ അങ്ങനെ എടുത്താൽ ഏതെങ്കിലുമൊന്നിലെ സാമാജികത്വം വച്ചൊഴിയണം. ഇതിനു വേണ്ട നിയമം, സംസ്ഥാന നിയമസഭ നിർമ്മിക്കും. അതു പോലെ, ഒരാളെ രണ്ടു സംസ്ഥാനങ്ങളിലെ സഭകളിലേക്കു തെരഞ്ഞെടുത്താലും ഒന്നിലെ സ്ഥാനം ഒഴിയണം. അപ്രകാരം അദ്ദേഹം ചെയ്യാതിരുന്നാൽ രാഷ്ട്രപതി നിർമ്മിക്കുന്ന ചട്ടങ്ങളിലെ വ്യവസ്ഥയനുസരിച്ചുള്ള കാലാവധി കഴിഞ്ഞാൽ സ്ഥാനം സ്വമേധയാ നഷ്ടമാകും[27]. സർക്കാരിലോ സ്വയം ഭരണസ്ഥാപനത്തിലോ ശമ്പളമുള്ള സ്ഥാനമുണ്ടായാലും അയോഗ്യതയുണ്ട്. വിദേശരാജ്യപൗരത്വമാർജിച്ചാലും സ്ഥാനം പോകും[28]. കേന്ദ്രത്തിലോ സംസ്ഥാനത്തിലോ മന്ത്രിയായിരിക്കുന്നതു കൊണ്ട് അയോഗ്യതയില്ല. അയോഗ്യത സംബന്ധിച്ച പ്രശ്നം അന്തിമമായി തീരുമാനിക്കാൻ സംസ്ഥാന രാജ്യപാലിന് അധികാരമുണ്ട്. ഇത്തരം പ്രശ്നം അദ്ദേഹം തീരുമാനിക്കുന്നത് തെരഞ്ഞെടുപ്പു കമ്മീഷൻെറ അഭിപ്രായമാരാഞ്ഞായിരിക്കും. ഒരു സാമാജികൻ സ്വന്തം പദവിയിൽ പ്രവേശിക്കുന്നതിനു മുമ്പ് രാജ്യപാലിൻെറയോ, അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന ആളിൻെറയോ, സന്നിധിയിൽ സത്യപ്രതിജ്ഞ ചെയ്യണം. അതു ചെയ്യാതെയോ, ഒരാൾ അറിഞ്ഞുകൊണ്ടു സഭാ നടപടികളിൽ ഒരാൾ പങ്കെടുത്താൽ ഓരോ ദിവസവും അഞ്ഞൂറു ഉറുപ്പിക പിഴ കൊടുക്കാൻ ബാദ്ധ്യസ്ഥനാകും[29].

നടപടിക്രമങ്ങൾ നിയന്ത്രിക്കുന്ന കൽപ്പനകൾക്കും ചട്ടങ്ങൾക്കും വിധേയമായി സഭിസാമാജികന് പ്രസംഗസ്വാതന്ത്ര്യവും

---

26. Article 173. The Third Schedule VII A & B. Constitution (16th Amendment) Act 1963

27. Article:190 The Prohibition of Simultaneous Membership Rules, 1950 The Constitution (52nd and 33rd Amendments) Act 1985 & 1974.

28. Article:191 29. Article : 193

അവകാശങ്ങളും, അബാദ്ധ്യതകളും അനുഭവിക്കാം. ശമ്പളം, പടി തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സംസ്ഥാന നിയമസഭ നിയമമുണ്ടാക്കും. രണ്ടു സഭകളുണ്ടെങ്കിൽ അവ തമ്മിലുള്ള എഴുത്തുകുത്തുകൾ സംബന്ധിച്ച നടപടിക്രമം സഭാദ്ധ്യക്ഷൻമാരോടാലോചിച്ച് രാജ്യപാൽ നിർമ്മിക്കും. അസംബ്ലിക്ക് അവിടത്തെ നടപടികൾ നിയന്ത്രിക്കാൻ, തെരഞ്ഞെടുക്കുന്ന സ്പീക്കറും, ഡെപ്യൂട്ടി സ്പീക്കറും ഉണ്ട്. അവർക്ക് നിർദ്ദിഷ്ഠമായ പദവിയും, നടത്തിപ്പധികാരങ്ങളുമുണ്ട്- ലോക് സഭയിലെ സ്പീക്കർക്കും ഡെപ്യൂട്ടി സ്പീക്കർക്കും സമാപനമായി! കൗൺസിലിൽ അദ്ധ്യക്ഷനും ഉപാദ്ധ്യക്ഷനുമുണ്ട്.

പ്രത്യേകിച്ചു വ്യവസ്ഥ ചെയ്തിട്ടുള്ളവയ്ക്കൊഴികെ മറ്റെല്ലാ പ്രശ്നങ്ങളും യോഗത്തിൽ ഹാജരായി വോട്ടു ചെയ്യുന്നവരുടെ ഭൂരിപക്ഷമനുസരിച്ചാണ് തീരുമാനിക്കുന്നത്. വിഷയത്തിൻെറ ഗൗരവമനുസരിച്ച് ചർച്ചാ സമയവും ദൈർഘ്യവും തീരുമാനിക്കും. വോട്ട് തുല്യമായി വന്നാൽ നിർണ്ണായകവോട്ട് പ്രയോഗിച്ച് യോഗാദ്ധ്യക്ഷൻ അന്തിമ തീരുമാനമെടുക്കും. സഭാകോറം ആകെയംഗങ്ങളിൽ പത്തിലൊന്നോ, പത്തംഗങ്ങളോ ആണ്[32]. അതില്ലാതെ വന്നാൽ സഭ പിരിച്ചു വിടുകയോ, അൽപ്പ സമയത്തേക്ക് നിർത്തിവയ്ക്കുകയോ വേണം.

ഒരു ധനവിനിയോഗത്തിനുള്ള കരടു നിയമം (ബിൽ) കൗൺസിലിൽ അവതരിപ്പിക്കാവുന്നതല്ല. അത് അസംബ്ലിയിൽ തന്നെ വേണം. അസംബ്ലിയിൽ പാസ്സാക്കിയ ശേഷം കൗൺസിലിലേക്ക് അയക്കുന്നു. അയച്ച തീയതി തൊട്ട് പതിന്നാലു ദിവസത്തിനുള്ളിൽ, അവരുടെ ശുപാർശകളോടു കൂടി അസംബ്ലിയിലേക്ക് തിരിച്ചയക്കേണ്ടതാണ്. കൗൺസിൽ നൽകുന്ന ശുപാർശ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാൻ അസംബ്ലിക്ക് സാധിക്കും. നിശ്ചിതകാലാവധിക്കകം തിരിച്ചയക്കാതിരുന്നാലും മേൽ നടപടിയെടുക്കാൻ അസംബ്ലിക്കു കഴിവുണ്ട്. കൗൺസിലിന് താരതമ്യേന കുറഞ്ഞ അധികാരങ്ങളേ ഭരണഘടന

32. Article : 189

നൽകിയിട്ടുള്ളൂ. ഡാ. അംബേദ്കറുടെ അഭിപ്രായ പ്രകാരം. 1911-ലെ ഭരണപരിഷ്കാരങ്ങളിലെ ആശയമാണ് സ്വീകരിച്ചിരിക്കുന്നത്[33].

അധികാരം, വിശേഷാധികാരം, സ്വാതന്ത്ര്യം, കമ്മിറ്റികൾ, കമ്മിറ്റി അംഗങ്ങൾ- എന്നിവസംബന്ധിച്ച് പാർലിമെൻറും സംസ്ഥാനനിയമസഭയും സമാപനങ്ങൾ തന്നെ. സമ്പൂർണ്ണ പദവി വഹിക്കുന്ന ഔദ്യോഗിക സ്ഥാപനം എന്ന നിലയിൽ സ്പീക്കർമാർക്ക് സഭയുടെ അന്തസ്സും സ്ഥാനവും പരിപാലിക്കാനുള്ള കർത്തവ്യമുണ്ടെന്ന് വിധി ന്യായങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

സംസ്ഥാന നിയമനിർമ്മാണ സഭയുടെ അധികാരപരിധി നിശ്ചയിച്ചിട്ടുണ്ട്. ഭരണഘടന നിർണ്ണയിച്ചിട്ടുള്ള നാലു കോണുകൾക്കുള്ളിൽ നിന്നു കൊണ്ടു വേണം കേന്ദ്രത്തിലായാലും സംസ്ഥാനങ്ങളിലായാലും നിയമനിർമ്മാണം സാധിക്കാൻ. ഭരണഘടനയുടെ ഏഴാം പട്ടികയിൽ കേന്ദ്ര-സംസ്ഥാന-സംയുക്ത നടപടികളുടെ വിശദവിവരം നൽകേണ്ടിയിരിക്കുന്നു. സംസ്ഥാന പട്ടികയിലുള്ളവ മാത്രമല്ല, സംയുക്ത പട്ടികയിലും പെടുന്ന വിഷയങ്ങളിൽ സംസ്ഥാന നിയമസഭയ്ക്ക് നിയമനിർമ്മാണാധികാരമുണ്ട്. എന്നാൽ കേന്ദ്രം ഏതെങ്കിലും സംയുക്ത വിഷയത്തിൽ, നിയമമുണ്ടാക്കിയാൽ, സംസ്ഥാനനിയമസഭയ്ക്ക് പിന്നൊന്നും ചെയ്യാനാവില്ല. എന്നാൽ സംസ്ഥാന നിയമസഭ നിയമമുണ്ടാക്കിയതുകൊണ്ട്, പാർലിമെൻറിന് പിന്നെ നിയമം നിർമ്മിച്ചു കൂടെന്നു വിലക്കില്ല. കേന്ദ്രനിയമങ്ങളുമായി പൊരുത്തപ്പെടാത്ത ഘടകങ്ങൾ ഏതെങ്കിലും സംസ്ഥാനനിയമത്തിലുണ്ടായിരുന്നാൽ, അത്രത്തോളം അസാധുവായി ഭവിക്കും. സംയുക്തവിഷയത്തിൽ ഒരു സംസ്ഥാനനിയമം ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ, നേരത്തെ നിർമ്മിച്ച പാർലിമെൻറു നിയമവും തമ്മിൽ പൊരുത്തക്കേടുണ്ടായാൽ, സംസ്ഥാന നിയമത്തിന് രാഷ്ട്രപതി

---

33. Constituent Assembly Debated IX, p.41

യുടെ അംഗീകാരം നേടിയിട്ടുണ്ടെങ്കിൽ, അത് പ്രസക്തമായ സംസ്ഥാനത്ത് പ്രഭാവത്തിലിരിക്കുന്നതാണ്[34].

അടിയന്തിരാവസ്ഥാ വിളംബരം പ്രഭാവത്തിലിരിക്കുന്ന കാലത്ത് പാർലിമെൻററിന് സംസ്ഥാനവിഷയങ്ങളിലും നിയമ നിർമ്മാണാധികാരമുണ്ടെന്ന് മുമ്പു പ്രസ്താവിച്ചല്ലോ[35]. സാമാന്യരീതിയിൽ നിലവിലിരിക്കേണ്ട ഭരണം പരാജയപ്പെട്ട തിനാൽ, ഭരണച്ചുമതല രാഷ്ട്രപതിക്ക് മുഴുവനായി ഏറ്റെടുക്കുന്നതിന് കഴിവുണ്ട്[36].

34. Article : 254 (2) The Constitution (7th Amendment) Act, 1956
35. Article : 250 36. Article : 356 & 365

സംസ്ഥാന നീതിന്യായ വിഭാഗം

ഭരണ-രാഷ്ട്രീയാധികാരങ്ങൾ കേന്ദ്രത്തിനും സംയുക്ത വ്യവസ്ഥയിലെ ഘടകങ്ങളായ സംസ്ഥാനങ്ങൾക്കുമായി, വീതിക്കുമ്പോൾ നീതിന്യായ വ്യവസ്ഥകളും പ്രത്യേകം പ്രത്യേകമായി സംവിധാനം ചെയ്യേണ്ടത് ന്യായയുക്തമായ കാര്യമായിത്തീരുന്നു. സംയുക്തഘടകങ്ങളായ സംസ്ഥാനങ്ങളിൽ നീതിന്യായ പരിപാലനത്തിന് പ്രത്യേകമായി വ്യവസ്ഥ ചെയ്യേണ്ടത് പ്രധാനപ്പെട്ട വസ്തുതയാണ്. ഭാരതീയർക്ക് നീതിശാസ്ത്ര സംബന്ധമായ കാര്യങ്ങളിൽ ചരിത്രാതീതകാലം മുതൽ താൽപ്പര്യമുണ്ടായിരുന്നു. എന്നാൽ പാശ്ചാത്യരുടെ വരവോടുകൂടി ഇവിടെ വന്നുചേർന്നതും സ്ഥാപിതമായതും തികച്ചും വ്യത്യാസമായ നീതിന്യായ സമ്പ്രദായമാണ്. ബ്രിട്ടീഷുകാർ ഭാരതത്തിൽ അവിടവിടെയായി ഉറച്ച് രാഷ്ട്രീയാധികാരം കയ്യാളാൻ തുടങ്ങിയപ്പോൾ, ഭാരതീയ സമ്പ്രദായങ്ങൾ പാടെ നിരാകരിച്ചു നീങ്ങാൻ അവർക്കു സാധിച്ചില്ല. വിവാഹം, ദായക്രമം, ആചാര ക്രമം തുടങ്ങിയ കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നാട്ടുനടപ്പും, ദീർഘനാളായി നിലവിലിരിക്കുന്ന നിയമ ക്രമങ്ങളും പാരമ്പര്യങ്ങളും ആവശ്യമാണെന്നും വന്നു. അതിന് സംസ്കൃത ഭാഷയിൽ മുഖ്യമായി പ്രതിപാദിച്ചിരുന്ന നീതിന്യായ വ്യവസ്ഥകൾ പഠിക്കാൻ അവർ നിർബ്ബന്ധിതരായി. കോൾബ്രൂക്ക് തുടങ്ങിയവർ ഈ രംഗത്തെ പുരോഗമികളായിത്തീർന്നു. എങ്കിലും ബ്രിട്ടീഷുകാരുടെ സ്വാഭാവികമായ പക്ഷ വാതം അവർക്കു പരിചിതമായ നീതിന്യായ സമ്പ്രദായ ത്തോടായിരുന്നു. അപ്രകാരമാണ് കോടതികൾ പാശ്ചാത്യ രൂപത്തിൽ ഭാരതത്തിൽ ആരംഭിച്ചത്. താൽഫലമായി ഭാരതീയ ധർമ്മ ശാസ്ത്രത്തിൻെറ പ്രസക്തി, ചരിത്രകാരൻമാർക്കു മാത്രമായി സങ്കോചിച്ചു. നിയമം ജനങ്ങ

ൾക്കുവേണ്ടിയുള്ളതാകയാൽ, ജനങ്ങളുടെയിടയിൽ പ്രചാരത്തിലിരുന്ന പ്രമാണങ്ങൾക്ക് വിലയും നിലയും കല്പിക്കാതിരിക്കാൻ അധീശാധികാരികളായിരുന്ന പാശ്ചാത്യർക്കും സാധിച്ചില്ല. അവർ ആദ്യം തങ്ങളുടെ സ്വാധീനം ഉറപ്പിച്ച സങ്കേതങ്ങളിൽ, മദ്രാസ്, കൽക്കട്ട തുടങ്ങിയ കേന്ദ്രങ്ങളിൽ, പാശ്ചാത്യ സമ്പ്രദായക്കോടതികൾ രൂപീകരിച്ചു. അവയോടനുബന്ധമായി വളർന്ന വക്കീലൻമാരുടെ വ്യവസ്ഥയും, നിയമം നിർണ്ണയിക്കുന്ന വ്യവസ്ഥകളുൾക്കൊള്ളുന്ന ചട്ടവട്ടങ്ങളും പൊതുജനങ്ങൾക്ക് സ്വീകരിക്കാതെ വയ്യെന്നു വന്നു. ഇവയാണ് പാശ്ചാത്യ സമ്പ്രദായം പ്രചരിക്കാൻ ഇടവരുത്തിയത്.

ഓരോ സംസ്ഥാനത്തിലും ഹൈക്കോടതിയുണ്ടായിരിക്കുമെന്നാണ് ഭരണഘടനയിലെ വ്യവസ്ഥ[37]. ഹൈക്കോടതിയായി ഗണിക്കുന്ന ഏതു സ്ഥാപനവും, പാർലിമെൻറ് നിയമത്തിലൂടെ ഹൈക്കോടതിയായി പ്രഖ്യാപിക്കുന്ന കോടതിയും ആ പദവിക്ക് അർഹതയാർജ്ജിക്കും[38].

കേന്ദ്രഭരണ പ്രദേശങ്ങളിലെ ആവശ്യങ്ങൾക്ക് സമീപ സംസ്ഥാനത്തിലെ ഹൈക്കോടതിയെ ചുമതലപ്പെടുത്തുകയോ വികസിപ്പിക്കുകയോ ചെയ്യാം. കൽക്കട്ട ഹൈക്കോടതിയുടെ അധികാരം ആൻഡമാൻ-നിക്കോബാർ ദ്വീപസമൂഹപ്രദേശത്തേക്കും വ്യാപിപ്പിച്ചിട്ടുള്ളത് ഉദാഹരണമാണ്. ഹൈക്കോടതിയുടെ ആസ്ഥാനം പ്രഖ്യാപിക്കുന്നത് രാഷ്ട്രപതിയാണ്. ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി ആലോചിച്ച് സംസ്ഥാനത്ത് രണ്ടോ അതിലധികമോ സ്ഥലങ്ങളിൽ കോടതിയുടെ സ്ഥിരം ബഞ്ചു സ്ഥാപിക്കാം [40].

ഹൈക്കോടതികൾ അഭിലേഖനക്കോടതികളാണ് (കോർട്ട് ഓഫ് റെക്കാർഡ്). ഇതുകൊണ്ടുളവാക്കുന്ന പ്രത്യേകതകൾ മുമ്പു സൂചിപ്പിച്ചിട്ടുണ്ട്. ഹൈക്കോടതിയിൽ ഒരു ചീഫ്

37. Article : 214 38. Article : 366 (14)
39. States Re organization Act. 1956 40. Ibid

ജസ്റ്റിസും ആവശ്യമെന്നു തോന്നുന്നത്ര ജഡ്ജിമാരുമുണ്ട്[41]. ചീഫ് ജസ്റ്റിസ് നിയമിതനാകുമ്പോൾ കോടതി സംഘടിപ്പിക്കപ്പെടും. പ്രത്യക്ഷ രൂപത്തിൽ ഹൈക്കോടതികളുടെ മേൽ, സുപ്രീം കോടതിയ്ക്ക് അധികാര വ്യവസ്ഥകളൊന്നും ചെയ്തിട്ടില്ല. കോടതി കാര്യങ്ങളിൽ ഇടപെടാൻ സംസ്ഥാനകാര്യനിർവ്വഹണ വിഭാഗത്തിനോ സംസ്ഥാന നിയമസഭയ്ക്കോ കഴിവില്ല. ഹൈക്കോടതിയുടെ സ്വാതന്ത്ര്യം ഇതിൽ നിന്ന് അനുമാനിക്കാം. ജഡ്ജിമാരുടെ എണ്ണം എത്രയായിരിക്കണമെന്നു തീരുമാനിക്കുന്നത് രാഷ്ട്രപതിയാണ്. വിവിധ കോടതികളിലെ ജഡ്ജിമാരുടെ എണ്ണത്തിൽ വ്യത്യാസമുണ്ട്. ജഡ്ജിമാരെ നിയമിക്കുന്നതിനു മുമ്പ് സുപ്രീം കോടതി ചീഫ് ജസ്റ്റിസ്, സംസ്ഥാന ഗവർണർ, ഹൈക്കോടതി ചീഫ് ജസ്റ്റിസ് എന്നിവരുടെ ഉപദേശമാരായേണ്ടതുണ്ട്. ഭാരതത്തിലെ ഏതെങ്കിലും ഹൈക്കോടതിയിൽ പത്തു വർഷമെങ്കിലും വ്യവഹരിച്ചു പരിചയം സിദ്ധിച്ച ഒരു ഭാരതീയ പൗരന് ജഡ്ജിയാകാനുള്ള യോഗ്യതയുണ്ട്[42]. നിയമിതനായ ദിവസം മുതൽ അറുപത്തിരണ്ടു വയസ്സാകുന്നതുവരെ പദവിയിലിരിക്കാം. പെരുമാറ്റദൂഷ്യം, പിടിപ്പുകേട്, തുടങ്ങിയ കാര്യങ്ങൾ കൊണ്ട് തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യാം. ജഡ്ജിമാർക്ക് ശമ്പളം, ബത്ത, അടുത്തൂൺ, എന്നിവയ്ക്ക് അവകാശമുണ്ട്. സേവനകാലത്ത് അവ വിപരീതമാംവിധം വ്യത്യാസ പ്പെടുത്തിക്കൂടാ. ജോലിയിൽ ചേരുന്നതിനുമുമ്പ് ഗവർണറുടെയോ അദ്ദേഹം നിയോഗിക്കുന്ന ആളിൻെറയോ സന്നിധിയിൽ നിശ്ചിതമായ സത്യപ്രതിജ്ഞ ചെയ്യണം[43]. നേരത്തെ ജോലി രാജിവയ്ക്കാം. ഭാരത ചീഫ് ജസ്റ്റിസുമായി ആലോചിച്ചുശേഷം ഒരു ജഡ്ജിയെ രാഷ്ട്രപതിക്ക് സ്ഥലം മാറ്റാം[44]. ജഡ്ജിമാരുടെ അവധി തുടങ്ങിയകാര്യങ്ങൾക്കു വ്യവസ്ഥ ചെയ്യുന്ന പാർലിമെൻറു നിയമം നിലവിലുണ്ട്[45]. അഡീഷനൽ (ആക്ടിംഗ്) ജഡ്ജിമാരെ നിയമി

41. Article : 215. Constitution (7th Amendment) Act, 1956.
42. Article : 217 43. Article : 219. Third Schedule VIII
44. Article : 222 Constitution (7th & 15th Amendments) Act 1956, 1963
45. High Court Judges (Conditions of Service) Act 1954.

ക്കാനും വ്യവസ്ഥയുണ്ട്[46]. ജോലിയിൽ നിന്നു പരിഞ്ഞു പോയ ശേഷം ഒരു ജഡ്ജിയുടെ സേവനം ഉപയോഗിപ്പെടുത്തുാനുള്ള സാധ്യതയുമുണ്ട്[47].

ഹൈക്കോടതിയുടെ ക്ഷേത്രാധികാരം പഴയകാര്യങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രസ്താവിച്ചിരിക്കുന്നത് - അതായത് ഭരണഘടന നിലവിൽ വന്ന കാലത്തിനു തൊട്ടു മുമ്പുണ്ടായിരുന്ന അവസ്ഥയെ ആശ്രയിച്ച്. അധികാരപരിധി സംസ്ഥാനത്തിനു പുറമെയുള്ള പ്രദേശത്തേക്കും ദീർഘിപ്പിക്കാം. മൗലികാവകാശങ്ങളുറപ്പിക്കാൻ റിട്ടുകൾ പുറപ്പെടുവിക്കാനുള്ള അധികാരം ഹൈക്കോടതികൾക്കുണ്ട്. സംസ്ഥാനത്തെ കീഴ്കോടതികളുടെ മേൽനോട്ടം കൂടാതെ, ഹൈക്കോടതിയുദ്യോഗസ്ഥൻമാരെയും മറ്റും നിയമിക്കാനും മറ്റുള്ള അധികാരവും ഉണ്ട്. കീഴ്ക്കോടതികളെ ജില്ലാ കോടതിയെന്നും മറ്റു കോടതിയെന്നുമാണ് തരം തിരിച്ചിട്ടുള്ളത്. ഭരണഘടനാപരമായ കേന്ദ്രനിയമസാധുത്വം ചോദ്യം ചെയ്യാനുള്ള കഴിവ് നിഷേധിക്കുന്ന ഒരു ഭരണഘടനാ ഭേദഗതിയിലൂടെ പുതിയ 226 A എന്ന വകുപ്പു ചേർത്തിരിക്കുന്നു[48].

ഹൈക്കോടതിയുമായാലോചിച്ച് ഗവർണർ, ജില്ലാ ജഡ്ജിയെ നിയമിക്കുന്നു. ഏഴു വർഷമെങ്കിലും വ്യവഹരിച്ച് പരിചയം നേടിയ ഒരാൾ അതിനു യോഗ്യനാണ്. അഡ്വോക്കേറ്റ്/ പ്ലീഡർ എന്നിവരെ ഹൈക്കോടതിയുടെ ശുപാർശയോടു കൂടി വേണം നിയമിക്കാൻ. സംസ്ഥാന ജൂഡീഷ്യൽ സർവ്വീസിലേക്ക് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പരീക്ഷ നടത്തുന്ന സമ്പ്രദായവും ഉണ്ട്. പരീക്ഷയ്ക്കിരിക്കാൻ യോഗ്യത തീരുമാനിക്കുന്നത് ആ കമ്മീഷൻ തന്നെ. ജില്ലാ ജഡ്ജിയുടെ നിയമനം ഉദ്യോഗക്കയറ്റം തുടങ്ങിയവ ഹൈക്കോടതിയുമായി ആലോചിച്ച് ഗവർണർ ചെയ്യും.

---

46. Article : 224 47. Article : 224 A (15th Amendment) Act 1963
48. Article : 226 A. The Constitution (43rd Amendment) Act, 1977

അറ്റോർണിജനറലിനു സമ്മാനമായി സംസ്ഥാനത്ത് അഡ്വോക്കേറ്റ് ജനറലിനെ നിയമിക്കാൻ ഭരണഘടനാ വ്യവസ്ഥയുണ്ട്[49]. അദ്ദേഹം ഹൈക്കോടതിയിൽ ജഡ്ജിയായി നിയമിക്കാൻ യോഗ്യതയുള്ള ആളായിരിക്കണമെന്നുണ്ട്. ഗവർണർക്കു തൃപ്തിയുള്ള കാലത്തോളം അദ്ദേഹം ഉദ്യോഗത്തിലിരിക്കും. സർക്കാരിന് വേണ്ട നിയമോപദേശം നൽകുകയാണ് കർത്തവ്യം. നിയമ സ്വഭാവമുള്ള മറ്റു കാര്യങ്ങളും നിറവേറ്റണം. സംസ്ഥാന സർക്കാർ കക്ഷിയായിട്ടുള്ള അസ്സൽ കേസുകളിൽ സർക്കാരിനെ പ്രതിനിധീകരിക്കേണ്ടത് അദ്ദേഹം തന്നെ. ക്രിമിനൽ അപ്പീലുകളായി ഹൈക്കോടതിയിൽ വരുന്ന കേസുകളിൽ സർക്കാരിനു വേണ്ടി ഹാജരാകേണ്ടത് അഡ്വോക്കേറ്റ് ജനറൽ തന്നെയാണ്. മറ്റു ചില ചുമതലകളുമുണ്ട്[50]. അദ്ദേഹത്തിന് ഹൈക്കോടതിയിൽ മാത്രമേ വ്യവഹരിക്കാനാവൂ. അറ്റോർണിജനറലിനിലുള്ള നിരോധനങ്ങൾക്ക് സമാനമായവ അദ്ദേഹത്തിനുമുണ്ട്. ഗവർണർ തീരുമാനിക്കുന്ന വേതനം അദ്ദേഹം സ്വീകരിക്കും. വോട്ടിംഗിനു വിധേയമാകയാൽ, സംസ്ഥാനനിയമസഭയ്ക്ക് നിയന്ത്രണമുണ്ട്.

---

49. Article : 165
50. Civil Procedure Code : 9, 92, 194, 333, 495

കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം

ലോകത്തിലെ പ്രധാനപ്പെട്ട ഫെഡറൽ (സംയുക്ത) രാജ്യങ്ങളിലെ കേന്ദ്രവും ഘടകങ്ങളും തമ്മിൽ അധികാരം പങ്കു വെച്ചിരിക്കുന്നത് എങ്ങിനെയെന്നു അറിയുന്നത്, നമ്മുടെ ഭരണഘടനയിലെ ഏർപ്പാടുകളുമായി താരതമ്യപ്പെടുത്താൻ സഹായിക്കുമല്ലോ. അമേരിക്കൻ ഐക്യനാടുകളിൽ നാലുഭാഗ ങ്ങളിലായിട്ടാണ് ഭരണ വിഷയങ്ങൾ വീതിച്ചിരിക്കുന്നത്. (1) കേന്ദ്ര അധികാരപരിധിയിലുള്ളവ (2) കേന്ദ്രത്തിനധികാര മില്ലാത്തതിനാൽ പാടില്ലെന്നു വിലക്കിയിട്ടുള്ളവ (3) ഘടക ങ്ങൾക്ക് നിരോധിച്ചിട്ടുള്ളവ (4) അവശിഷ്ടാധികാരങ്ങൾ. അവിടെ സംസ്ഥാനഘടകങ്ങളാണ് ഭരണാധികാരികൾ. കേന്ദ്രം ചില ലക്ഷ്യങ്ങൾക്കു മാത്രമുള്ളതാണ്[39]. ഒരാൾ, രണ്ടു സർക്കാരു കൾക്ക് വിധേയനാണ്. ഒന്നു കേന്ദ്ര(ഫെഡറൽ) സർക്കാർ; രണ്ട് സംസ്ഥാന സർക്കാർ. അവ ഒന്നിക്കുമ്പോൾ പൂർണ്ണത പൂകുന്നു. ആസ്ട്രേലിയൻ കോമൺവെൽത്ത് പാർലിമെൻറിന് (കേന്ദ്രം) പട്ടികയിൽ കാണിജച്ചിരിക്ുന്ന വിഷയങ്ങളിൽ മിത്രമേ സ്വാധീ നമുള്ളു. അവിടെ കേന്ദ്രപട്ടികമാത്രമേയുള്ളു. ബാക്കിയുള്ള വിഷയങ്ങളെല്ലാം സംസ്ഥാനങ്ങൾക്കുള്ളവയാണ്. തമ്മിൽ പൊരു ത്തപ്പെടാതിരുന്നാൽ, എത്രത്തോളം പൊരുത്തമില്ലായ്മയുണ്ടോ അത്രത്തോളം സംസ്ഥാന നിയമത്തിലെ സംഗതികൾ ശക്തി ഹീന മാകും[40]. കേന്ദ്രനിയമത്തിനായിരിക്കും എപ്പോഴും പ്രാബല്യം എന്നർത്ഥം. സംയുക്ത വിഷയങ്ങൾ പറയുന്ന പട്ടിക ആസ്ട്രേലി യൻ ഭരണഘടനയിലില്ല. ക്യാനഡയുടെ ഭരണഘടനയിൽ, ഡൊമിനിയൻ പാർലിമെൻറിനും (കേന്ദ്രം) സംസ്ഥാനങ്ങൾക്കു

39. Constitutional Government by Woodrow Wilson
40. Australian Constitutional Act -S. 109.

മായിട്ടാണ് അധികാരം വീതിച്ചിരിക്കുന്നത്[41]. കേന്ദ്രനിയമസഭയ്ക്കും, സംസ്ഥാനനിയനസഭയ്ക്കും ഉള്ള നിയന്ത്രണങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ബർമ്മയുടെ ഭരണഘടനയിൽ നിയമാധികാരം രണ്ടു പട്ടികകളിൽ പെടുത്തിയിട്ടുണ്ട്. കേന്ദ്രത്തിനും ഘടകങ്ങൾക്കും. സംയുക്ത വിഷയം അതിലില്ല. രണ്ടു വിഷയങ്ങൾ തമ്മിൽ പൊരുത്തക്കേടുവന്നാൽ, കേന്ദ്രനിയമത്തിനു മാത്രമായിരിക്കും പ്രാബല്യം.

മുമ്പു പറഞ്ഞതു പോലെ നമ്മുടെ ഭരണഘടനയിൽ മൂന്നു പട്ടികകളിലായി ഭരണവിഷയങ്ങൾ കാണിച്ചിരിക്കുന്നു. അവശിഷ്ടാധികാരം കേന്ദ്രത്തിനാണ്. കേന്ദ്രത്തിനും ഘടക സംസ്ഥാനങ്ങൾക്കും ഉള്ള അധികാരങ്ങളുടെ സമ്മോഹനമായ അനുരജ്ഞനമാണ് ഫെഡറലിസത്തിൻെറ സാരാംശം. ഒരു നിയമ പണ്ഡിതൻെറ അഭിപ്രായത്തിൽ ജനാധിപത്യത്തിലെ ഏറ്റവും ശക്തവും സ്വാഗതാർഹവുമാണ് ഫെഡറൽ വ്യവസ്ഥിതി[44]. നമ്മുടെ പട്ടികകളിൽ, കേന്ദ്രത്തിന് 97, സംസ്ഥാനങ്ങൾക്ക് 66, സംയുക്തത്തിൽ 47, എണ്ണമാണ് കാണിച്ചിട്ടുള്ളത്. ഇവ തികച്ചും വ്യാപകവുമാണ്. ഭാരതത്തിലെ കേന്ദ്രസർക്കാരിന് യുക്തമെന്നു തോന്നുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സംസ്ഥാനങ്ങൾക്ക് നൽകാം[45]. സംസ്ഥാനത്തിൻെറ നിർവ്വഹണാധികാരം പ്രയോഗിക്കുന്നത്, കേന്ദ്രത്തിൻെറ തദ്ധംബന്ധികളായ പ്രയോഗത്തെ പ്രതികൂലമായിട്ടോ കാലുഷ്യപ്പെടുത്തുന്ന വിധത്തിലേ ആയിക്കൂടാ[45]. വേണ്ടി വന്നാൽ കേന്ദ്രത്തിന് സൈന്യത്തെ നിയോഗിക്കാനും സാധിക്കും[46]. സംസ്ഥാനം ഇതിനു വിസമ്മതിച്ചാൽ, അല്ലെങ്കിൽ വിരോധം പ്രകടിപ്പിച്ചാൽ, ഭരണഘടനാപ്രകാരം കാര്യങ്ങൾ നടത്താൻ പ്രയാസമായിരിക്കുന്ന അവസ്ഥ സംജാതമായിട്ടുണ്ടെന്നവിധം പ്രവർത്തിക്കാം[47]. കേന്ദ്രാധികാരം

41. British North American Act (1867) S. 91 & 92.
42. Ibid. S. 51, 99, 100, 114, 115. 43. Article : 248
44. Essays on Freedom and Power by Lord Action p. 163.
45. Article : 256 45. Article : 257
46. Article : 257A. The Constitution (44th Amendment) Act 1978.
47. Article : 365, 356.

വ്യാപിപ്പിക്കുന്നതിന് സോപാധികമോ നിരുപാധികമോ നടപടിയെടുക്കാൻ സംസ്ഥാനത്തെ ഏൽപ്പിക്കുന്നതിനും വ്യവസ്ഥയുണ്ട്[48]. ഈ സന്ദർഭത്തിൽ കേന്ദ്രത്തിൻെറ പ്രതിനിധി ആയിത്തീരുന്നു സംസ്ഥാന സർക്കാർ.

സംയുക്തഭരണ സംവിധാനത്തിൽ, കേന്ദ്രത്തിനും ഘടക കക്ഷികൾക്കും പ്രത്യേകം പ്രത്യേകമായ ഉദ്യോഗസ്ഥവൃന്ദത്തിന് ഏർപ്പാടുണ്ട്. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും വെവ്വേറെ ഉദ്യോഗസ്ഥൻമാരുണ്ടെങ്കിലും ചില ഉദ്യോഗങ്ങൾ ഒന്നിച്ചുള്ളവ യായിരിക്കുമെന്നാണ് ഭരണഘടനയിലുള്ളത്. ഇൻഡ്യൻ അഡ്മി നിസ്ട്രേറ്റീവ് സർവ്വീസ്, ഇൻഡ്യൻ പൊലീസ് സർവ്വീസ് ഉദാഹര ണങ്ങളാണ്. ഇതു പോലെയുള്ള കൂടുതൽ സർവ്വീസുകൾ സൃഷ്ടി ക്കാൻ പാർലിമെൻറിലെ പ്രമേയത്തിലൂടെ കഴിയും. ദേശീയ താൽപ്പര്യത്തിന് ഉചിതവും ആവശ്യവുമാണെന്നു സ്പഷ്ടമാ ക്കുന്ന ഒരു പ്രമേയം, രാജ്യസഭ അതിന് സന്നിഹിതരായി വോട്ടു ചെയ്യുന്ന അംഗങ്ങളിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ പാസ്സാക്കണം. പ്രമേയത്തിൻെറ പിൻബലത്തിൽ കൂടുതൽ അഖില ഭാരതസർവ്വീസുകൾ രൂപീകരിക്കാം[49]. രാജ്യത്ത് എവിടെ യുമുള്ള സിവിൽ കോടതി നൽകിയ വിധിയും ഉത്തരവും ഭാരതത്തിൽ എവിടേയും നിയമേന നിർവ്വഹണ യോഗ്യമാണ്[50]. അന്തഃസ്സംസ്ഥാനീയ സമിതി (ഇൻറർസ്റ്റേറ്റ് കൗൺസിൽ) രൂപീ കരിച്ച് സംസ്ഥാനങ്ങൾ തമ്മിലുള്ള വിവാദത്തെക്കുറിച്ച് അന്വേ ഷിക്കാനും ഉപദേശിക്കാനും സാധ്യത നൽകിയിട്ടുണ്ട്. ഏതു വിഷയത്തെ ക്കുറിച്ചും ശുപാർശകൾ നടത്തി സമന്വയത്തി നുള്ള മാർഗ്ഗം, തുടങ്ങിയതിന് വേണ്ടി സമിതികളുണ്ടാക്കാം[51]. ഇതിനും മറ്റും ഉത്തരവിടുന്നത് രാഷ്ട്രപതിയാണ്.

സംസ്ഥാന പുനഃസ്സംഘടനയെ തുടർന്ന് നിലവിൽ കൊണ്ടുവന്ന ഏർപ്പാടാണ് മേഖലാസമിതി. പഞ്ചാബ്, രാജസ്ഥാൻ, ജമ്മു-കാശ്മീർ, ഡൽഹി, ഹിമാചൽപ്രദേശ് എന്നീ

48. Article : 258. The Constitution (7th Amendment) Act 1956.
49. Article : 312 50. Article : 261. 51. Article : 263

സംസ്ഥാനങ്ങൾ ചേർത്ത് ഉത്തരമേഖല, ബീഹാർ, പശ്ചിമ ബംഗാൾ, ഒറീസ്സാ, അസ്സാം, മണിപ്പൂർ, ത്രിപുര എന്നിവയുൾപ്പെട്ട പൂർവ്വമേഖല, ഗുജറാത്ത്, മഹാരാഷ്ട്ര എന്നിവപെടുന്ന പശ്ചിമമേഖല, ആന്ധ്രപ്രദേശ്, തമിഴ്നാട്, കർണ്ണാടക, കേരളം എന്നിവ കൂടിയ ദക്ഷിണമേഖല, എന്നിങ്ങനെയാണ് മേഖലാ സമിതികൾ [52]. രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്ന ഒരു കേന്ദ്ര മന്ത്രിയണ് അതിൻെറ അദ്ധ്യക്ഷൻ. സംസ്ഥാനങ്ങളിലെ മുഖ്യ മന്ത്രിമാരെ കൂടാതെ അതതു സംസ്ഥാനങ്ങളിലെ രണ്ടു മന്ത്രിമാരെ അതിലേക്ക് ഗവർണർ നാമനിദ്ദേശം ചെയ്യും. ഏതെങ്കിലും സംസ്ഥാനത്ത് മന്ത്രിസഭ ഇല്ലെങ്കിൽ അവിടെ നിന്ന് മൂന്ന് അംഗങ്ങളെ രാഷ്ട്രപതിനാമനിർദ്ദേശം ചെയ്യാനാണു വ്യവസ്ഥ. മുഖ്യമന്ത്രിമാർ, സമിതിയുടെ ഉപാദ്ധ്യക്ഷൻമാരായി ഓരോ കൊല്ലവും മാറിമാറിവരും. മന്ത്രിസഭയില്ലെങ്കിൽ നാമനിർദ്ദേശം ചെയ്ത അംഗങ്ങളിൽ ഒരാൾ പദവി വഹിക്കും. അതു നിർദ്ദേശിക്കുന്നത് രാഷ്ട്രപതിയാണ്. യൂണിയൻ പ്രദേശങ്ങളിലെ അംഗങ്ങളെ രാഷ്ട്രപതി നാമനിർദ്ദേശം ചെയ്താണ് ചേർക്കുന്നത്. പൂർവ്വമേഖലാസമിതിയിൽ ഗോത്രവർഗ്ഗഭരണത്തിന് ഗവർണറെ ഉപദേശിക്കാനായിട്ടുള്ള ഉദ്യോഗസ്ഥൻ, അംഗമായിരിക്കും. സമിതിയുടെ ഉത്തരവാദിതങ്ങൾ നിറവേറ്റാൻ, ആസൂത്രണ ക്കമ്മീഷൻ ശുപാർശ ചെയ്യുന്ന ഒരാൾ, സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാർ, ഡെവലപ്പ്മെൻറ് കമ്മീഷണറോ പകരം നാമനിർദ്ദേശം ചെയ്തിട്ടുള്ള ആളോ, ഉപദേശകൻമാരായി വർത്തിക്കും. സമിതിയിൽ അവർ പങ്കെടുക്കുമെങ്കിലും വോട്ടു ചെയ്യുകയില്ല. സമിതിയദ്ധ്യക്ഷൻ നിശ്ചയിക്കുന്ന സമയം, ക്രമമനുസരിച്ച് സംസ്ഥാനങ്ങളിൽ സമിതി ചേരും. കേന്ദ്രസർക്കാർ അംഗീകരിച്ച ചട്ടങ്ങൾ പ്രകാരമാണ് കൃത്യ നിർവ്വഹണം. അദ്ധ്യക്ഷനോ അദ്ദേഹത്തിൻെറ അഭാവത്തിൽ ഉപാദ്ധ്യക്ഷനോ, അവരുടെ രണ്ടുപേരുടെയും അഭാവത്തിൽ ഹാജരുള്ള അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത ആളോ ആണ് സമിതിയോഗങ്ങളിൽ അദ്ധ്യക്ഷത

---

52. States Reorganisation Act, 1956. Part III

വഹിക്കുന്നത്. എല്ലാ തിരുമാനങ്ങളും, ഹാജരുള്ള, വോട്ടിനർഹതയുള്ളവരുടെ ലഘു ഭൂരിപക്ഷത്തിൻെറ അടിസ്ഥാനത്തിലാണ്. യോഗനടപടികളുടെ റിപ്പാർട്ട് അതതു സംസ്ഥനങ്ങൾക്ക് എത്തിക്കും. ആവശ്യമെന്നു തോന്നുന്നപക്ഷം, പ്രമേയം പാസ്സാക്കി പ്രത്യേക കമ്മിറ്റികൾ സംഘടിപ്പിക്കാം. ഓരോ മേഖലാസമിതിയ്ക്കും അവരവരുടെ ഉദ്യോഗസ്ഥൻമാരുണ്ട്. സംസ്ഥാനങ്ങളിലെ ചീഫ സെക്രട്ടറി ഓരോ കൊല്ലത്തേക്ക് മാറി മാറി, സമിതിയുടെ സെക്രട്ടറിയായി സേവനം നൽകും. അദ്ദേഹത്തെക്കൂടാതെ ഒരു ജോയിൻറ് സെക്രട്ടറിയ്ക്കും വ്യവസ്ഥയുണ്ട്. സമിതിയാപ്പീസ് എവിടെയായിരിക്കണമെന്ന് സമിതിതന്നെ തീരുമാനിക്കും. ചിലവുകൾക്കു വേണ്ട തുക വഹിക്കുന്നത് കേന്ദ്രസർക്കാരാണ്. അത് പാർലിമെൻറ് അഗീകരിച്ച് അനുവദിക്കും.

മേഖലാ സമിതി മുഖ്യമായും ഒരുപദേശകസമിതിയാണ്. അവർക്ക് ചർച്ച ചെയ്യാവുന്ന കാര്യങ്ങൾ: (1) പൊതു താൽപ്പര്യമുള്ള സാമ്പത്തികവും സാമൂഹികവുമായ ആസൂത്രണം. (2) അതിർത്തിത്തർക്കം, ഭാഷാന്യൂനപക്ഷ പ്രശ്നം, അന്തഃസംസ്ഥാന ഗതാഗതം (3) സംസ്ഥാനപുനഃസ്സംഘടനയെ തുടർന്നുണ്ടായ സംഗതികൾ. ചില കാര്യങ്ങൾക്ക് മേഖലാ സമിതികളുടെ സംയുക്തയോഗം പ്രയോജനപ്പെടുമെന്നു കണ്ടാൽ അതിന് ഒരംഗത്തിന് നിവേദനം നടത്താവുന്നതാണ്. സംയുക്ത യോഗത്തിലെടുത്ത തീരുമാനം കൂടുതൽ പരിശോധനയ്ക്കായി പ്രസക്ത സംസ്ഥാനങ്ങൾക്ക് അയക്കും.

ധനകാര്യം

ഇംഗ്ലണ്ടിൽ ജനാധിപത്യവും വ്യവസ്ഥാപിത ഭരണവും ശക്തമാകാനും പരിണാമപ്പെടാനും സഹായിച്ച ആശയമാണ്- പ്രാതിനിധ്യമില്ലെങ്കിൽ നികുതിയുമില്ല എന്ന തത്വം. പാർലിമെൻറിൻെറ അംഗീകാരമില്ലാതെ രാജാവിന് നികുതിവസൂലാക്കാൻ അധികാരമില്ലെന്ന ആശയം 1215-ൽ മാഗ്നാ കാർട്ടയിൽ ആരംഭിച്ചു. 1689-ലെ അവകാശ പ്രമാണത്തിൽ (ബിൽ ഓഫ് റൈറ്റ്സിൽ) അത് സ്ഥിരീകരിച്ചു. എല്ലാ വർഷവും പാർലിമെൻറു വിളിച്ചു കൂട്ടി ധനസമ്പാദനത്തിനും വിനിയോഗത്തിനും അനുവാദമാർജ്ജിക്കണമെന്ന വ്യവസ്ഥ ക്രമേണ സാധാരണമായി. കരം ചുമത്തുന്നതും ഈടാക്കുന്നതും നിയമത്തിൻെറ അടിസ്ഥാനത്തിൽ മാത്രമേ പാടുള്ളെന്ന ഈ തത്വം, നമ്മുടെ ഭരണഘടനയും സ്പഷ്ടമാക്കുന്നു. സംയുക്ത (ഫെഡറൽ) സംവിധാനത്തിൽ ഈ ഉത്തരവാദിത്വം രണ്ടു തലങ്ങളിൽ പ്രകടമാകുന്നുണ്ട്: കേന്ദ്രത്തിലും സംസ്ഥാനത്തിലും. വിവാദം ഒഴിവാക്കാൻ സംയുക്തവ്യവസ്ഥയിൽ സാധ്യമായ എല്ലാ ധനാഗമന മാർഗ്ഗങ്ങളും വീതിച്ചു കൊടുക്കാനാണു ശ്രമം. 1935-ലെ ഭരണനിയമത്തിൽ ഇവിടെ അതു തുടങ്ങിയെന്നു പറയാം. ഭരണഘടനാശില്പികൾ അതു പിൻതുടർന്ന്, കുറവുകൾ പലതും പരിഹരിക്കാനും ശ്രമിക്കുകയുണ്ടായി. ധനകാര്യ കമ്മീഷനെന്ന സമ്പ്രദായത്തിലൂടെ സംയുക്ത (കേന്ദ്ര) സർക്കാരിനും (ഘടക) സംസ്ഥാനങ്ങൾക്കും വീതിക്കുവാനുള്ള സിദ്ധാന്തങ്ങൾ അതതു കാലങ്ങളിൽ സ്വരൂപിക്കും. അതിൻെറയൊക്കെ ഫലമായി വളരെയേറെ അച്ചടക്കം ഈ മേഖലയിൽ വരുത്താൻ സാധിച്ചു.

(1) കേന്ദ്രസർക്കാർ ചുമത്തുന്നതും, പിരിച്ചു സംസ്ഥാനങ്ങൾക്കു കൊടുക്കുന്നതുമായ നികുതികളെപ്പറ്റി പ്രതിപാദി

ക്കുന്ന വ്യവസ്ഥ[53]. (2) കേന്ദ്രം ചുമത്തുമെങ്കിലും സംസ്ഥാനങ്ങൾ പിരിച്ചെടുക്കാൻ വ്യവസ്ഥചെയ്യുന്ന നികുതികൾ[54] (3) കേന്ദ്രം ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുന്നവയെങ്കിലും കേന്ദ്രവും സംസ്ഥാനങ്ങളും വീതിച്ചെടുക്കാൻ വ്യവസ്ഥയുള്ളവ[55] എന്നിങ്ങനെ ഭരണഘടനയുടെ നാലു വകുപ്പുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ നികുതികളിലും ഒരു സർചാർജ് (അധിക നികുതി) വസൂലാക്കാനധികാരമുണ്ട്. അത് കേന്ദ്ര സഞ്ചിതനിധിയിലേക്കാണ് ചെല്ലുന്നത്[56].

പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങൾക്ക് സഹായധനം കൊടുക്കാൻ ഭരണഘടനയിൽ ഏർപ്പാടുണ്ട്[57]. ഘടകകക്ഷികളായ സംസ്ഥാനങ്ങൾക്ക് താൽപ്പര്യമുള്ള നികുതി പ്രതിപാദിക്കുന്ന നക്കൽ നിയമങ്ങൾ (ബിൽ) രാഷ്ട്രപതിയുടെ മുൻകൂട്ടി ശുപാർശയോടുകൂടിയെ പാർലിമെൻറിൽ അവതരിപ്പിക്കാനാവൂ. ഭരണഘടന ഊർജ്ജിതത്തിൽ വന്നശേഷം രണ്ടു വർഷത്തിനകവും പിന്നെ ഓരോ അഞ്ചുകൊല്ലവും, ചെയർമാനും നാല് അംഗങ്ങളുമുള്ള ധനകാര്യക്കമ്മീഷനെ രാഷ്ട്രപതി നിയമിക്കണം. അവരുടെ പരിഗണനയിൽ പെടുന്ന പ്രധാന കാര്യങ്ങൾ: (1) കേന്ദ്രവും ഘടകങ്ങളും (സംസ്ഥാനങ്ങൾ) തമ്മിൽ ഭാഗിക്കേണ്ടതോ ഭാഗിച്ചെടുക്കാവുന്നതോ ആയ നികുതിയുടെ വിതരണം. (2) സഞ്ചി തനിധിയിലേക്കു പോകുന്ന ധനം സംബന്ധിച്ച കാര്യങ്ങൾ. കൂടാതെ രാഷ്ട്രപതി ശുപാർശ ചെയ്യുന്ന മറ്റു പ്രസക്ത വിഷയങ്ങളെ സംബന്ധിച്ച അഭിപ്രായങ്ങളും അറിയിക്കണം[58].

ആദ്യത്തെ ധനകാര്യക്കമ്മീഷൻ നവംബർ 1951-ൽ സംഘടിപ്പിച്ചു. പിന്നീട് , 1956, 1961, എന്നിങ്ങനെ അതുണ്ടായി. ഭാരതരാജ്യത്തിൻെറ പൊതുവായ സാമ്പത്തിക ഭദ്രതയ്ക്ക് ഉതകുന്ന ഏതു വിഷയവും രാഷ്ട്രപതിക്ക് കമ്മീഷൻെറ

53. Article : 269. The Constitution (6th, 7th, 30th & 46th Amendments) Act 1956, 1956, 1982 54. Article : 268 55. Article : 270, 272 56. Article : 271.
57. Article : 275. The Constitution (22nd Amendment) Act 1969. The N.E. Areas (Reorganisatoin) Act, 1971 58. Article : 280

പരിഗണനയ്ക്ക് ശുപാർശ ചെയ്യാം. അവരുടെ നടപടി ക്രമങ്ങളും മറ്റും, പാർലിമെൻറു നിയമം മൂലം, അവർക്കു നൽകിയ അധികാരത്തെയാസ്പദമാക്കി, അവർക്കുതന്നെ രൂപീകരിക്കാം. കമ്മീഷൻെറ ശുപാർശകളും അതിൻമേലുണ്ടായ തീർപ്പുകളും മറ്റും കുറിപ്പോടുകൂടി പാർലിമെൻറിൻെറ ഓരോസഭയിലും വയ്ക്കാൻ രാഷ്ട്രപതി നടപടിയെടുക്കും[59]. ഇതുവരെ നിയമിച്ച ധനകാര്യക്കമ്മീഷൻെറ ശൈലിയും പ്രവർത്തനവും, കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള പല കുഴഞ്ഞ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ സഹായിച്ചിട്ടുണ്ട്. മറ്റു സംയുക്ത സർക്കാരുകൾക്കും അനുഭവത്തിലൂടെ അറിയാൻ കഴിഞ്ഞ ദോഷങ്ങൾ ഒരതിരുവരെ ഇതു മൂലം പരിഹരിക്കാനും സാധിച്ചു.

ഭാരതത്തിൻെറ സഞ്ചിത നിധിയുടെ ജാമ്യത്തിൽ, കേന്ദ്രസർക്കാരിന് ജനങ്ങളിൽ നിന്ന് കടമെടുക്കാൻ കഴിയും, പാർലിമെൻറ് നിയമത്തിലൂടെ നിശ്ചയിച്ചിട്ടുള്ള പരിധികൾക്കു വിധേയമായിട്ട്[60]. സംസ്ഥാന സർക്കാരിനും ഈ അധികാരമുണ്ട്. അവർ സംസ്ഥാന സഞ്ചിത നിധിയെ ബാദ്ധ്യതപ്പെടുത്തിയാണങ്ങിനെ ചെയ്യുന്നതെന്നു പറയേണ്ടതില്ല. അതുപോലെ, കേന്ദ്ര സർക്കാരിന്, സംസ്ഥാനസർക്കാരുകൾക്ക് ആവശ്യമെന്നു തോന്നിയാൽ കടം കൊടുക്കാനും കഴിയും[61]. 1950 ജനുവരി 26-മുതൽ, ഭാരതസർക്കാരും, സംസ്ഥാന സർക്കാരും യഥാക്രമം, പഴയ ഇൻഡ്യാഡൊമിനിയനു വേണ്ടി ചക്രവർത്തിയിൽ നിക്ഷിപ്തമായിരുന്ന എല്ലാ ആസ്തികളും മുതലുകളും ഭാരതത്തിൻെറ കേന്ദ്രസർക്കാരിൻെറ നിക്ഷിപ്തമായി. അതുപോലെ ഗവർണർമാരുടെ പ്രവിശ്യയിലെ ആസ്തികളും മുതലും ഓരോ സംസ്ഥാന സർക്കാരിലും ചെന്നു ചേർന്നു. കരാറുകൾ വഴിക്കോ മറ്റു വിധത്തിലോ ഉണ്ടായ അവകാശങ്ങളും ബാധ്യതകളും മറ്റും പിന്നീടു ചുമതലയേറ്റ സർക്കാരുകളുടെതായിത്തീർന്നു. ഇതൊക്കെ സർക്കാരിൻെറ തുടർച്ചയാണ് സ്പഷ്ടമാക്കുന്നത്[62]. അന്യം നിൽ

59. Article : 281 60. Article : 292. 61. Article : 293 62. Article : 294 & 295

ക്കൽ, വ്യതിക്രമണം തുടങ്ങിയ കാരണങ്ങളാൽ ഉടമസ്ഥന്റെ അഭാവം സംഭവിച്ചാൽ, അവരുടെ ആസ്തി സംസ്ഥാനത്തിലായാൽ, സംസ്ഥാന സർക്കാരിലും മറ്റെല്ലാ അവസ്ഥയിൽ കേന്ദ്ര സർക്കാരിലും നിക്ഷിപ്തമായിത്തീരും[63]. ഭാരതസർക്കാരിന്റെ അധികാരപരിധിയിൽ പെടുന്ന സമുദ്രാന്തർഭാഗത്തു നിക്ഷിപ്തങ്ങളായ വില പിടിപ്പുള്ളതെല്ലാം കേന്ദ്രസർക്കാരിന്റെതായി പരിഗണിക്കും [64]. കേന്ദ്ര-സംസ്ഥാനസർക്കാരുകൾക്ക് അവരവരുടെ ആവശ്യത്തിന് ആസ്തിയുടെ ക്രയത്തിനും സമ്പാദനത്തിനും മറ്റും കരാറ് ഉണ്ടാക്കാൻ വിഷമമില്ല. ഏതൊരു വ്യക്തിക്കും സാധിക്കുന്നതു പോലെ സംഭാവന, വിൽപ്പന വിനിയോഗക്രമങ്ങൾ എന്നിവയും സർക്കാരുകൾക്ക് സാധിക്കും [65]. അതു പോലെ അവർക്ക് വ്യവഹരിക്കാനും, വ്യവഹരിക്കപ്പെടാനുമുള്ള അവസ്ഥയുമുണ്ട്[66].

ഭാരതരാജ്യമേഖലയിൽ വ്യാപാര-വാണിജ്യ- സമ്പർക്കങ്ങൾ സ്വതന്ത്രമായിരിക്കുമെന്ന് ഭരണഘടനയിൽ എടുത്തു പറഞ്ഞിട്ടുണ്ട്. എന്നു വരികിലും പ്രസക്തങ്ങളായ പരാധീനതകൾ അവയിൽ ഏർപ്പെടുത്തുവാനുള്ള കഴിവ് നിഷേധിച്ചിട്ടില്ല. പാർലിമെന്ററിന് അതിന് അധികാരമുണ്ട്. മറ്റു പല സംയുക്ത ഭരണഘടനകളിൽ സംഭവിച്ചമാതിരി നിരന്തരമായ അഭിപ്രായ ഭിന്നത ഇവിടെയുണ്ടാകാതിരിക്കാൻ ഭരണഘടനാശിൽപ്പികൾ പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. കേന്ദ്രത്തിന്റെയും ഘടകങ്ങളായ സംസ്ഥാനങ്ങളുടേയും താൽപ്പര്യങ്ങൾ തമ്മിൽ പൊരുത്തപ്പെട്ടു പോകാൻ ഇവ അവസരമുണ്ടാക്കും. ഭാരതത്തിലാകെ വാണിജ്യവും വ്യാപാരവും സ്വതന്ത്രമാണെന്നു പറഞ്ഞിട്ടുള്ളതിൽ ചില പരിമിതികൾ രേഖപ്പെടുത്തിയിട്ടുമുണ്ട്. എണ്ണിപ്പറഞ്ഞാൽ അഞ്ചെണ്ണം എടുത്തു കാണിക്കാനൊക്കും. വ്യാപാര വിഭവങ്ങളുടെ നീക്കം, നിയന്ത്രിക്കാനുള്ള അധികാരം കേന്ദ്ര സർക്കാരിനുണ്ട്. അതു നിറവേറ്റുന്നത് പക്ഷപാത രഹിതമായി

---

63. Article : 296 64. Article : 297 65. Article : 298 & 299
66. Article : 300

ട്ടായിരിക്കണം. നിയന്ത്രണങ്ങൾ പ്രസക്തങ്ങളാണോ എന്നു പരിശോധിക്കാനുള്ള അധികാരം സുപ്രീം കോടതിയിൽ നിക്ഷിപ്തമായിട്ടുണ്ട്. പൊതുതാൽപ്പര്യം ലാക്കാക്കി ആവശ്യമെന്നു തോന്നുന്ന നിയന്ത്രണങ്ങൾ സാധനങ്ങൾനീക്കം ചെയ്യുന്നതിൽ വയ്ക്കാവുന്നതാണ്. അതിന് പാർലിമെൻറിനധികാരവുമുണ്ട്[67]. നിലവിലുള്ള നിയമങ്ങൾക്ക് അബാദ്ധ്യത വരുത്താനും സൗകര്യം നൽകിയിരിക്കുന്നു[68]. ഇവയെല്ലാം തന്നെ ഭരണഘടനയുടെ പതിമൂന്നാം ഭാഗത്താണ് വ്യക്തമാക്കിയിരിക്കുന്നത്. അന്തർ സംസ്ഥാനക്രയവിക്രയങ്ങളിൽ ചുമത്തുന്ന നികുതികളിലൂടെ ധനാഗമന മാർഗ്ഗം വിപുലമാക്കാനുള്ള യത്നത്തെക്കുറിച്ചു കൂടി ഇവിടെ പരാമർശിക്കട്ടെ[69].

---

67. Article: 302, 303 & 304 68. Article : 305 69. Article : 286

അടിയന്തിരാവസ്ഥ

ഭരണഘടനയുടെ XVIII ഭാഗത്താണ് അടിയന്തിരാവസ്ഥ സംബന്ധിച്ച സംഗതികൾ രേഖപ്പെടുത്തിയിരിക്കുന്നത്. ഭാരതത്തിലാകമാനം നിലവിൽവന്ന ഒരടിയന്തിരാവസ്ഥയുടെ രുചി നാം ശരിക്കും അറിഞ്ഞത് ഇന്നും ഒരു ഭീകരാനുഭവാസ്മരണയായി, പലരുടെയും ഹൃദയങ്ങളിൽ അവശേഷിച്ചിട്ടുണ്ട്. രാഷ്ട്രത്തിൻെറ ശക്തിചൈതന്യങ്ങൾ, നിയമനിർമ്മാണ സംവിധാനം, ഭരണനിർവ്വഹണവിഭാഗം, നീതിന്യായ പരിപാലന വ്യവസ്ഥകൾ, എന്നീ മൂന്നു ഭിന്ന മേഖലകളിലാക്കി ഭാഗിച്ചാണു നിലനിർത്തിയിരിക്കുന്നത്; പ്രത്യേകിച്ച് ജനായത്താധാരമായ സംയുക്ത ഭരണത്തിൽ. ആ മൂന്നു ഘടകങ്ങളിൽ ഒന്ന് ഒന്നിനെക്കാൾ മെച്ചമാണെന്നോ, അധികാരമുള്ളതാണെന്നോ പറയാനാവുകയില്ല. അവ സമ്മേളിക്കുന്നതും നിലനിൽക്കുന്നതും പരസ്പരമുള്ള തടയലിലൂടെയും, സന്തുലനസ്ഥിതി പുലർത്തുന്നതിലൂടെയുമാണ്. ഈ സമനിലയ്ക്ക് ഭംഗം വരുന്നത് അടിയന്തിരാവസ്ഥാകാലത്തു മാത്രമാണ്. അസാധാരണ പരിതസ്ഥിതികൾ നേരിടുന്നതിന്, അസാധാരണാധികാരങ്ങൾ വേണം. മൂന്നു വിധത്തിലുള്ള സാഹചര്യങ്ങളിൽ ഇത്തരം പരിതസ്ഥിതികൾ ഉണ്ടാകാം: യുദ്ധം, ബാഹ്യാക്രമണം, ആഭ്യന്തരകലാപം: ഭാരതത്തിൽ മൊത്തമോ, ഏതെങ്കിലും ഭാഗത്തോ ഭദ്രത അപായത്തിലാക്കുന്ന ഭീഷണിക്കു വിധേയമായാൽ, അസാധാരണമായ ആ പരിതസ്ഥിതി നേരിടുന്നതിന്, രാഷ്ട്രപതിക്ക് ഒരു വിളംബരത്തിലൂടെ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാം[70]. ആപൽക്കാലം വരുന്നതുവരെ കാത്തിരിക്കേണ്ടതില്ല. അത്യാസന്നമെന്ന് വിശ്വാസമായാലും മതി. ആ പ്രഖ്യാപനം. പാർലിമെൻറിൻെറ ഇരുസഭക

---

70. Article : 352. The Constitution (42nd, 44th Amendments) Act 1976, 1978

ളിലും - രാജ്യസഭയിലും ലോക്സഭയിലും- എത്രയും നേരത്തെ സമർപ്പിക്കണം. ലോക്സഭ പിരിച്ചു വിട്ടിരിക്കുന്ന വേളയിലാണതു സംഭവിക്കുന്നതെങ്കിൽ, രാജ്യസഭയിൽ വിളംബരം അവതരിപ്പിച്ച് പാസ്സാക്കണം. ലോക്സഭയും മുപ്പതുദിവസത്തിനകം അംഗീകാരം കൊടുക്കാതിരുന്നാൽ വിളംബരത്തിൻെറ നിയമസാധുത നഷ്ടമാകും. ലോക്സഭ പിരിച്ചു വിട്ടിരിക്കുമ്പോഴോ, നേരത്തെ പ്രസ്താവിച്ച ഒരു മാസക്കാലാവധിക്കുള്ളിൽ ലോക്സഭയുടെ പിരിച്ചുവിടൽ ഉണ്ടാകുമ്പോഴോ, രാജ്യസഭയുടെ അംഗീകാരത്തിന് വിളംബരം അവതരിപ്പിക്കണം. രാജ്യസഭാംഗീകാരമുണ്ടായാൽ, അടുത്ത ലോക്സഭ സമ്മേളിച്ച് മുപ്പതു ദിവസമാകുന്നതിനുമുമ്പ് അവിടെയും വിളംബരം അംഗീകരിച്ചില്ലെങ്കിൽ അതിൻെറ പ്രാബല്യം നഷ്ടമാകും[71].

അടിയന്തിരാവസ്ഥാപ്രഖ്യാപനത്തെ ഒരു കോടതിയ്ക്കും ചോദ്യം ചെയ്യാനാവുന്നതല്ല. ഒരു സംസ്ഥാനത്തെ ഗവർണർ, ആ സംസ്ഥാനത്ത് വ്യവസ്ഥാപിത ഭരണം സാധ്യമല്ലാത്ത സ്ഥിതി സംജാതമായിരിക്കുന്നു എന്നു റിപ്പോർട്ടയച്ചാൽ, അതിൻെറ അടിസ്ഥാനത്തിൽ രാഷ്ട്രപതിക്ക് കാര്യം ബോധ്യമായാൽ, തദനുസരണമായി അടിയന്തിരാവസ്ഥാപ്രഖ്യാപനം നടത്താം, (1) സംസ്ഥാനഭരണാധികാരം പൂർണ്ണമായോ ഭാഗികമായോ രാഷ്ട്രപതിയ്ക്ക് ഏറ്റെടുക്കാം[73]. ഗവർണറോ മറ്റേതെങ്കിലും അധികാരകേന്ദ്രമോ സാധാരണനിലയിൽ നിവർത്തിക്കുന്നവയാകാം അവ. നിയമസഭയുടേയും അതിൻെറ അധികാര പ്രയോഗത്തിൻേറയും ചുമതലകൾ, തദവസരത്തിൽ പാർലിമെൻറു നിറവേറ്റും. ഇവയ്ക്ക് ആവശ്യമായ പ്രസക്തവും അനുഷംഗികങ്ങളുമായ കാര്യങ്ങൾ പ്രഖ്യാപനത്തിലുണ്ടായിരിക്കും. വ്യവസ്ഥകൾ ഏതെങ്കിലും സ്ഥാപനത്തിനോ ശക്തികേന്ദ്രത്തിനോ ബാധകമല്ലെന്നും പ്രഖ്യാപനത്തിൽ വ്യവസ്ഥ ചെയ്യാം. എന്നാൽ ഹൈക്കോടതിയിൽ നിക്ഷിപ്തങ്ങളായ അധികാരം പൂർണ്ണമായോ ഭാഗികമായോ രാഷ്ട്രപതിക്ക് സ്വായത്തമായി പ്രയോഗി

---

71. Article : 352. 73. Article : 352 & Amendments

ക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ല. (2) അടിയന്തിരപ്രഖ്യാപനം റദ്ദു ചെയ്യാനോ ഭേദഗതി ചെയ്യാനോ പിന്നീടു പുറപ്പെടുവിക്കുന്ന പ്രഖ്യാപനത്തിൽ സാധിക്കും. (3) രണ്ടുമാസം തികയുന്നതിനു മുമ്പ് പാർലിമെൻറിൻെറ ഇരുസഭകളും പ്രമേയങ്ങളിലൂടെ അംഗീകരിച്ചനുവദിച്ചില്ലെങ്കിൽ പ്രഖ്യാപനത്തിൻെറ ശക്തി യില്ലാതാകും. പറഞ്ഞ രണ്ടുമാസത്തിനു മുമ്പ് ലോക്സഭ പിരി ച്ചുവിട്ടിരിക്കുകയോ, ആ കാലത്ത് ലോക്സഭാ കാലാവധി തീരു കയോ ചെയ്താൽ ഭവിഷ്യത്ത് എന്താണ് ? സ്ഥിര സ്ഥാപനമായ രാജ്യസഭയ്ക്ക് രാഷ്ട്രപതിയുടെ പ്രഖ്യാപനത്തെ ഒരു പ്രമേയത്തി ലൂടെ അംഗീകരിക്കാം. എന്നാലും ലോക്സഭ ചേർന്ന് രണ്ടു മാസ ക്കാലാവധിയ്ക്കു മുമ്പ് ഒരു പ്രമേയം പാസ്സാക്കാഞ്ഞാൽ, പുതി യതായി സംഘടിപ്പിക്കപ്പെട്ട ലോക്സഭ ആദ്യം ചേർന്ന ദിവസം തൊട്ട് മുപ്പതു ദിവസം കഴിയുമ്പോൾ, പ്രഖ്യാപനം സ്വയം ശക്തി ഹീനമാകും. (4) അപ്രകാരം പ്രഖ്യാപനത്തെ അംഗീകരിക്കുന്ന പ്രമേയവും ആ പ്രഖ്യാപനത്തീയതിമുതൽ ആറുമാസം മാത്രമേ പ്രാബല്യമുള്ളതായിരിക്കൂ. എന്നാൽ പാർലിമെൻറിൻെറ ഇരു സഭകളും പ്രമേയങ്ങൾ പാസ്സാക്കി പ്രഖ്യാപനത്തെ അംഗീകരിച്ചാ ലുള്ള അവസ്ഥയെന്ത്? നേരത്തെ റദ്ദു ചെയ്തില്ലെങ്കിൽ. ബലഹീ നമാകേണ്ടിയിരുന്ന കാലം മുതൽ അടിയന്തിര പ്രഖ്യാപനത്തിന് ഇനിയും ആറുമാസത്തേക്കുകൂടി ആയുസ്സു കിട്ടും. എന്നാൽ ഒരു സാഹചര്യത്തിലും പ്രഖ്യാപനത്തിൻെറ അധികാരം മൊത്തം മൂന്നു വർഷങ്ങളിലധികമാകാൻ പാടില്ല. മുമ്പു സൂചിപ്പിച്ച ആറു മാസക്കാലത്ത് ലോക്സഭ പിരിഞ്ഞാൽ, രാജ്യസഭയ്ക്ക് ഒരു പ്രമേയത്തിലൂടെ പ്രഖ്യാപനത്തെ അംഗീകരിക്കാം. മുമ്പു പറ ഞ്ഞമട്ടിൽ പുതിയ ലോക്സഭ സംഘടിപ്പിച്ച്, ആദ്യം സമ്മേളിച്ച ശേഷം, മുപ്പതുദിവസം തികയുന്നതിനു മുമ്പ് പാസ്സാക്കണം. (5) ഒരടിയന്തിരാവസ്ഥ നിലനിൽക്കുമ്പോൾ അല്ലെങ്കിൽ ഒരു പൊതുതെരഞ്ഞെടുപ്പു നടത്താനാവാത്ത സ്ഥിതിയാണെന്ന് തെര ഞ്ഞെടുപ്പു കമ്മീഷൻ സാക്ഷ്യപ്പെടുത്തുമ്പോൾ, പാർലിമെ ൻറിൻെറ ഇരു സഭകളിലും ഒരു കൊല്ലം നീട്ടാനുള്ള പ്രമേയം അവതരിപ്പിക്കാം 74.

---

74. Article : 356. The Constitution (42nd, 44th, 63rd, 68th Amendmenr Acts .1977, 1978, 1989, 1990,1991

സംസ്ഥാനത്തിൽ രാഷ്ട്രീയമായ അനിശ്ചിതത്വം ഉണ്ടാകാവുന്ന ദുർഘടസ്ഥിതിവിശേഷം തരണം ചെയ്യാനാണ് മുകളിൽ പറഞ്ഞ വ്യവസ്ഥകൾ ആവശ്യമായിത്തീരുന്നത്. ഒരു രാഷ്ട്രീയ കക്ഷിക്കും ഭൂരിപക്ഷമില്ലാതെയും, കക്ഷികൾ ചേർന്ന് സംയുക്ത ഭരണകക്ഷി രൂപീകരിക്കാതെയുമിരിക്കുമ്പോൾ ഇവയൊക്കെ ആവശ്യമായി വന്നേക്കാം. സംസ്ഥാന സർക്കാരിന് ഭരണഘടന നൽകിയിട്ടുള്ള അധികാരം മനഃപൂർവ്വം ദുർവ്വിനിയോഗം ചെയ്ത് ദുർഭരണം നടത്തിയാലും ഇവ മാത്രമേ ശരണമുള്ളൂ. ഭരണനിർദ്ദേശങ്ങൾ, മുന്നറിയിപ്പുകൾ, തെരഞ്ഞെടുപ്പ്, തുടങ്ങി എല്ലാ വ്യവസ്ഥാപിത വഴികളും അടഞ്ഞാലോ അവസാനക്കയ്യായി അടിയന്തിരാവസ്ഥാപ്രഖ്യാപനായുധം എടുക്കാവൂ.

ഈ അടിയന്തിരാവസ്ഥ പ്രയോഗക്ഷമമാകുമ്പോൾ മൗലികാവകാശങ്ങളിൽ ഏർപ്പാടു ചെയ്തിട്ടുള്ളവയിൽ പലതും നിരാകരിക്കാൻ പ്രയോജന രഹിതമാണ്[76]. അവ നിശ്ചിതകാലത്തേക്ക് നിരാകരിക്കാൻ, പാർലിമെൻറിനു മാത്രമല്ല, ഭരണനിർവ്വഹണവിഭാഗത്തിനും, കീഴ്ഘടകങ്ങൾക്കും സാധ്യമാകും. ഒരു കോടതിയും മൗലികാവകാശങ്ങൾക്കു വേണ്ടിയുള്ള അപേക്ഷയും സ്വീകരിച്ചു കൂടാ. എന്നാൽ ഇവയെല്ലാം നിരാകരിച്ച് മൗലികാവകാശസ്ഥാപനം കഴിയുന്നത്ര വേഗം സാധ്യമാക്കേണ്ടതാണ്.

ഇതിനു മുമ്പു പറഞ്ഞ രണ്ടു അടിയന്തിരാവസ്ഥകൾ കൂടാതെ ധനപരമായ പ്രയോഗത്തിൽ വരുത്താനും വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതുവരെ സാമ്പത്തികാടിയന്തിരാവസ്ഥ ഭാരതത്തിൽ ഉണ്ടായിട്ടില്ല. ഒരു പ്രഖ്യാപനത്തിലൂടെ രാഷ്ട്രപതിയാണു ഇതു വരുത്തേണ്ടത്. ഭാരതത്തിൽ പൊതുവെയോ ഭാഗികമായോ സാമ്പത്തിക ഭദ്രതാത്തകർച്ചയോ അതിൻെറ സാധ്യതയോ ഉണ്ടാകാമെന്ന ആശങ്കവരുത്തുന്ന സാഹചര്യം തരണം ചെയ്യുകയാണ് ഇതിൻെറ ലക്ഷ്യം[77]. മറ്റു കാരണങ്ങളാൽ നിലവിൽ വരുത്തുന്ന അടിയന്തിരാവസ്ഥകളെപ്പോലെ ഇതിനും പാർലി

75. Constitutional Assembly Debates. Vol IX p. 177 76. Article : 358
77. Article : 360

മെൻററിൻെറ സഭകളുടെ അംഗീകാരം നേടണം. അടിയന്തി രാവസ്ഥ കാലത്ത് ദീക്ഷിക്കേണ്ട സാമ്പത്തിക തത്വങ്ങൾ സംബ ന്ധിച്ച് കേന്ദ്രത്തിന് നിർദ്ദേശം നൽകുവാൻ കഴിവുണ്ട്, സംസ്ഥാ നങ്ങൾ അനുസരിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ആശാസ്യങ്ങളായ നടപടികൾ രാഷ്ട്രപതിക്കു സ്വീകരിക്കാം. ധനവിനിയോഗ ബില്ലുകൾ, അതിനു വ്യവസ്ഥയുള്ള ബില്ലുകൾ, തുടങ്ങിയവ സംസ്ഥാന നിയമസഭ പാസ്സാക്കിയ ശേഷം തൻെറ അംഗീകാര ത്തിന് അയക്കണമെന്നും രാഷ്ട്രപതിയ്ക്ക് ഏർപ്പാടു ചെയ്യാം. കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, ബത്ത തുടങ്ങിയവ കുറവു ചെയ്യാനും രാഷ്ട്രപതിക്കു സാധിക്കും. ഭരണഘടനയിലുള്ള വ്യവസ്ഥകൾ പ്രകാരം, കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധങ്ങൾ അനുയോജ്യ മാംവണ്ണം മാറ്റുന്നതിനും അടിയന്തിരാവസ്ഥാകാലത്ത് അധികാര മുണ്ട്. എന്നാൽ ഇത്തരം സംഗതികൾ അടിയന്ത ിരാവസ്ഥക്കാല ത്തിൽ കവിഞ്ഞു അനുവദനീയമല്ല.

അടിയന്തിരാവസ്ഥാവേളയിൽ കേന്ദ്ര നിർവ്വഹണ വിഭാഗ ത്തിൻെറ ശേഷി സംസ്ഥാന മേഖലകളിലേക്കും വ്യാപിക്കു മെന്നു പറഞ്ഞല്ലോ. സംസ്ഥാനത്തിലെ നിർവ്വഹണ വിഭാഗം ഏതു വിധങ്ങളിൽ അധികാരം പ്രയോഗിക്കണമെന്നും അവരെ അറിയിക്കാം[78]. പാർലിമെൻററിൻെറ നിയമനിർമ്മാണപരിധി അടിയന്തിരാവസ്ഥയിൽ സ്വയം വിപുലീകൃതമാകുന്നു. സംസ്ഥാ നത്തിൻെറ പരാധീനതകൾ ഇല്ലാതാകുകയാണപ്പോൾ[79]. അതാ യത് സംസ്ഥാന വിഷയങ്ങളും കേന്ദ്രത്തിനു വിധേയമാണ്[80].

വളരെയധികം ആളുകൾ അടിയന്തിരാവസ്ഥയുടെ ദോഷ ഫലങ്ങളെപ്പറ്റി വളരെ വാചാലമായി നിരൂപണം ചെയ്തിട്ടുണ്ട്, ഭരണഘടനാ നിർമ്മാണസഭയിൽ; വിശേഷിച്ചും 358, 359, 356, 352 എന്നീ വകുപ്പുകൾ! വിശദമായി ചർച്ച ചെയ്ത അവസരത്തിൽ.

---

78. Article : 353 (a)   79. Article : 246 (3)   80. Article 250 (1)

ഭരണഘടനാ ഭേദഗതി

ഭരണഘടനയിൽ ആവശ്യമെന്നു തോന്നുന്നു മാറ്റം വരുത്താനും, കൂടുതൽ ചേർക്കാനും, വേണ്ടാത്ത ഭാഗം റദ്ദു ചെയ്യാനും വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്[81]. അതിലേക്കാവശ്യമായ ഒരു നക്കൽ നിയമം (ബിൽ) പാർലിമെൻറിൻെറ ഏതെങ്കിലും സഭയിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ ഭേദഗതി ചെയ്യാനുള്ള ഈ അധികാരം, ഭരണഘടനയുടെ മൊത്തത്തിലുള്ള മൗലികാടിസ്ഥാനത്തെ മാറ്റി മറിയ്ക്കാൻ ഉതകുന്നതല്ല[82] മൂന്നു വിഭാഗങ്ങളിൽ പെടുത്താവുന്ന ഭേദഗതികൾക്ക് ഏർപ്പാടുണ്ട്. (1) പാർലിമെൻറിലെ ഇരുസഭകളിലെയും സാധാരണവും ലളിതവും ലഘുവുമായ ഭൂരിപക്ഷം മതിയായിട്ടുള്ളവയാണ് ആദ്യത്തെ വിഭാഗത്തിൽ, പുതിയസംസ്ഥാനങ്ങളുടെ രൂപീകരണം[83], പുനഃസ്സംഘടന, സംസ്ഥാനങ്ങളിൽ ഉപരിസഭ സംഘടിപ്പിക്കുകയോ നിറുത്തലാക്കുകയോ[84], കേന്ദ്രഭരണ പ്രദേശങ്ങളിലെ ഭരണ വ്യവസ്ഥ[85] തുടങ്ങിയ ഉദാഹരണങ്ങളാണ്. ഇവ 368-ാം വകുപ്പിൽ പറയുന്ന പ്രകാരമുള്ള ഭരണഘടനാ ഭേദഗതിയായി പരിഗണിക്കുകയില്ല. തികഞ്ഞ അർത്ഥത്തിൽ ഭേദഗതികളല്ലതാനും. ഇനിയുള്ള ഭേദഗതികൾക്ക് ഇരുസഭകളിൽ ഹാജരായി വോട്ടെടുപ്പിൽ പങ്കു കൊള്ളുന്നവരിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷം ആവശ്യമായിട്ടുള്ളവയത്രേ. (2) ഇനിയുള്ള മൂന്നാം വിഭാഗത്തിൽ അവശ്യം വേണ്ടിയിരിക്കുന്നത്, ഇരുസഭകളിലും മൂന്നിൽ രണ്ടു ഭൂരിപക്ഷം കൂടാതെ ആകെയുള്ള സംസ്ഥാനനിയമസഭകളിൽ കുറഞ്ഞത് പകുതിയെങ്കിലും അനുകൂലിക്കുകയും വേണം, എന്ന രണ്ടുകാര്യങ്ങളാണ്. (3) രാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പു

81. Article : 368
82. Kesavan and Bharatis Case, A.I.R. 1973 S.C. 1461
83. Article : 4 (2)
84. Article : 169 (3)
85. V Schedule (7); VI Schedule (21)

സംബന്ധിച്ച വ്യവസ്ഥകൾ[86]. മന്ത്രിസഭയുടെ കാര്യനിർവ്വഹണാധികാരങ്ങൾ[87] കേന്ദ്രഭരണ പ്രദേശങ്ങളിലെ ഹൈക്കോടതി വ്യവസ്ഥ[88], സുപ്രീം കോടതി സ്ഥാപനം[89], ഹൈക്കോടതികളുടെ രൂപീകരണവും സ്ഥാപനവും[90] കേന്ദ്രവും സംസ്ഥാന നിയമസഭകളും തമ്മിലുള്ള ബന്ധങ്ങൾ[91], കേന്ദ്ര-സംസ്ഥാന-സംയുക്ത വിഷയങ്ങൾ [92], ഭരണഘടനാ ഭേദഗതി സംബന്ധിച്ച പ്രശ്നങ്ങൾ[93]. ഇത്രയും കാര്യങ്ങൾക്ക് ഭേദഗതി വരുത്താൻ മൂന്നാമതു പറഞ്ഞ രീതിയാണവലംബിക്കേണ്ടത്. ഒന്നിലും മൂന്നിലും ഉൾപ്പെടാത്തവ മിക്കവാറും രണ്ടിൽ പെടുന്നു. ആദ്യത്തെ ഭരണഘടനാ ഭേദഗതി 1951-ൽ ഉണ്ടായി.

86. Article : 54 & 55 87. Article : 73; 162 88. Article : 241
89. Chapter IV of Part V 90. Part VI, Ch. V 91. Part XI, Chapter I
92. VII Schedule. 93. Article : 368. Part XX

ദേശീയഗാനവും മറ്റും

ഒരു സ്വതന്ത്രരാഷ്ട്രത്തിൻെറ പ്രധാനപ്പെട്ട ചിഹ്നമാണ് അതിൻെറ ദേശീയഗാനം. ദേശഭക്തിയുടേയും ദേശീയാഭിമാനത്തിൻെറയും ഓർമ്മ പുതുക്കലാണ് അതിൻെറ ആലാപനം കേൾക്കുമ്പോഴെല്ലാം പൗരൻമാർക്കുണ്ടാകുന്നത്. ഭൂതകാല സംഭവങ്ങളുമായി ചരിത്രബന്ധമുള്ള രണ്ടു ഗാനങ്ങൾ തമ്മിലായിരുന്നു ഈ പദവിയ്ക്കു വേണ്ടി മുഖ്യമായി മത്സരമുണ്ടായത്. ബങ്കിം ചന്ദ്രചാറ്റർജിയുടെ, 1882-ൽ പ്രസിദ്ധപ്പെടുത്തിയ 'ആനന്ദമഠം'- എന്ന നോവലിൽ, ആദ്യം പ്രത്യക്ഷപ്പെട്ട 'വന്ദേമാതരം' എന്ന ഗാനവും, 1912 -ൽ ടാഗോറിൻെറ തത്വ ബോധിനി പത്രികയിൽ അദ്യം പ്രകാശിതമായ "ഭാരതവിധാതാ"- എന്ന ടാഗോർ ഗാനവും ഭാരത വിധാതാ - എന്ന 'ജനഗണമന ഗാനത്തെ മഹാത്മാഗാന്ധി വളരെ പ്രശംസിച്ചിട്ടുണ്ട്. സുഭാഷ് ചന്ദ്രബോസിൻെറ നേതൃത്വത്തിൽ സ്ഥാപിച്ച ആസാദ് ഹിന്ദ് സർക്കാർ, ടാഗോർ ഗാനത്തെ ദേശീയഗാനമായി സ്വീകരിച്ചിരുന്നു. 1950 ജനുവരി 24-ാം തീയതി ഭരണഘടനാ നിർമ്മാണസഭ 'ജനഗണമന'യെ ഭാരതീയ ദേശീയഗാനമായി അംഗീകരിച്ച്, സ്വീകരിച്ചു.

ദേശീയഗാനമാലപിക്കുമ്പോൾ, ജനങ്ങൾ ആദരവു പ്രകടിപ്പിക്കാൻ നിശ്ചലരായി എഴുന്നേറ്റു നിൽക്കണം. മറ്റു കൃത്യങ്ങളിൽ ആരും തൽസമയം ഏർപ്പെട്ടുകൂടാ. സേനാവിഭാഗങ്ങൾക്ക് ഉപയോഗക്രമങ്ങളെക്കുറിച്ച് വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഗാനത്തിൻെറ സാരം ഇപ്രകാരമാണ്. സർവ്വജനങ്ങളുടെയും മനസ്സിൻെറ അധിപതിയും നായകനുമായവനെ, ഭാരതത്തിൻെറ ഭാഗ്യം വിധാനം ചെയ്യുന്നവനെ അവിടുന്നു ജയിച്ചാലും. പഞ്ചാബ്, സിൻഡ്, ഗുജറാത്ത്, മഹാരാഷ്ട്രം, ദ്രാവിഡം,

ഒറീസ്സാ, ബംഗാൾ എന്നീ പ്രദേശങ്ങളും, വിന്ധ്യൻ, ഹിമാലയം, എന്നീ പർവ്വതങ്ങളും, യമുന, ഗംഗ എന്നീ നദികളും, ഇന്ത്യാ സമുദ്രത്തിലെ കുതിച്ചുയരുന്ന തിരമാലകളും അവിടത്തെ ശുഭാശംസകൾക്കായി പ്രാർത്ഥിക്കുന്നു. അവിടത്തെ വിജയ ഗീതങ്ങൾ ഗാനം ചെയ്യുന്നു. സർവ്വജനങ്ങൾക്കും മംഗളം പ്രദാനം ചെയ്യുന്നവനെ, ഭാരതഭാഗ്യം വിധാനം ചെയ്യുന്ന വനെ, അവിടന്ന് ജയിച്ചാലും! ജയിച്ചാലും ! ജയിച്ചാലും ! [94].

ദേശീയപതാക.

രാജ്യത്തിൻെറ ഐക്യത്തിൻെറയും സ്വാതന്ത്ര്യത്തി ൻെറയും മറ്റൊരു ചിഹ്നമാണ് ദേശീയപതാക. 1906-ആഗസ്റ്റ് 6-ാം തീയതി ഭാരതത്തിൻെറ ചിഹ്നമെന്ന നിലയിൽ അത് ആദ്യം കൽക്കട്ടയിൽ ഉയർത്തി; ചുവപ്പും മഞ്ഞയും, പച്ചയും ചേർന്നു ത്രിവർണ്ണ പതാക. ഭാരതത്തിൽ നിന്ന് നാടു കടത്തിയ വിപ്ലവകാരികളുടെ ഒരു സമ്മേളനത്തിൽ 1907-ൽ പാരീസിൽ മാഡം കാമ അത് ഉയർത്തിക്കെട്ടി. താമര, ചന്ദ്രക്കല, നക്ഷത്രം, സൂര്യൻ എന്നിവ കൂടാതെ വന്ദേമാതരം- എന്നും കൽക്കട്ടയിൽ ഉയർത്തിയ പതാകയിലുണ്ടായിരുന്നു. പാരീസിലെ പതാകയിൽ സപ്തർഷികളെ പ്രതിനിധീകരിക്കുന്ന ഏഴുനക്ഷത്രങ്ങളാണു ണ്ടായിരുന്നത്. ഹോം റൂൾ പ്രസ്ഥാന കാലത്ത് ബാലഗംഗാധര തിലകനും, ആനിബസൻറും പതാക ഉപയോഗിച്ചിട്ടുണ്ട്. ഔപ ചാരികമായി കോഗ്രസ്സ് ദേശീയ പതാകയംഗീകരിച്ചത് 1931-ൽ ആണ്. 1947 ജൂലൈ 22-ാം തീയതി ഭാരതഭരണഘടനാ നിർമ്മാണ സഭ നമ്മുടെ ദേശീയ പതാകയെപ്പറ്റി പ്രമേയം അംഗീകരിച്ചു[95]. കടുംകേസരിയും, വെള്ളയും, കടും പച്ചയും നിറങ്ങളിൽ തുല്യാനുപാതത്തിൽ വിലങ്ങനെയുള്ള പീതവരകളും അതിൻെറ മദ്ധ്യത്തിൽ അശോകചക്രവും അങ്കിതമായിട്ടുള്ളതാണ് നമ്മുടെ പതാക. മൂന്നു തുല്യഭാഗങ്ങളായി നെടുകെ ഭാഗിച്ച് മുകളിലത്തേത് കടും കേസരി, നടുവിലത്തേത് വെള്ള, താഴ

94. ഭാരതദേശീയ ഗാനം. ഡാ. പി. കെ. നാരായണപിള്ള p. 9

95. Specification for the National Flag of India. (1951)

ത്തേതു പച്ച എന്നിങ്ങനെയാണ് നിറം. ഒത്തനടുവിലാണ് ഇരുപത്തിനാല് ആരക്കാലുള്ള അശോകചക്രം; അശോകച്ക്രത്തിൻെറ നിറം നീലമാണ്. നീളത്തിൻെറ മൂന്നിൽ രണ്ടു വീതി എന്ന അളവാണ് പതാകയ്ക്കുള്ളത്.

ദേശീയപതാകയുടെ ഉപയോഗത്തെക്കുറിച്ച് നിശ്ചിതമായ കാര്യങ്ങളുണ്ട്[96]. അലങ്കാരവസ്തുവായോ പ്രചരണോപാധിയോ അതുപയോഗിച്ചു കൂടാ. ദുർവ്വിനിയോഗം നിയമവിരുദ്ധവും[97]. രാജ്യസ്നേഹത്തിൻെറ കണികയെങ്കിലുമുള്ള ഒരോ ഭാരതീയനും, ദേശീയപതാകയെ ഹൃദയപൂർവ്വം സ്നേഹിക്കണം, ബഹുമാനിക്കണം, അമൂല്യസ്വത്തായി സൂക്ഷിക്കണം. മരണത്തെപ്പോലും അവഗണിച്ച് പതാകയുടെ അന്തസ്സ് സംരക്ഷിക്കണം. ജവഹർലാൽ നെഹ്രുവിൻെറ ഈ വാക്കുകൾ നമ്മുടെ ഓർമ്മയിൽ എപ്പോഴും മുഴങ്ങട്ടെ!

രാഷ്ട്രചിഹ്നം

സാരനാഥിലെ അശോകസ്തംഭത്തിൻെറ അഗ്രത്ത്, പുറത്തോടുപുറം ചേർന്നു നിൽക്കുന്ന നാലുസിംഹങ്ങളുണ്ടെങ്കിലും കാണാനാവുന്ന മൂന്നെണ്ണവും, അതിൻെറ അടിയിൽ നടുക്ക് അശോകചക്രവും, ചക്രത്തിൻെറ ഇടത്ത് ഓടുന്ന കുതിരയും, വലത്ത് ഉപ്പൂറ്റിയോടുകൂടിയ കൂറ്റൻ കാളയും ചേർന്നുള്ളതാണ് രാഷ്ട്രചിഹ്നം. 1950 ജനുവരി 26-ാം തീയതിയാണ് അപ്രകാരം അംഗീകരിച്ചത്. അതിനു കീഴെ സത്യമേവ ജയതേ എന്ന വാക്കുകളും അങ്കിതമായിരിക്കും. മുണ്ഡകോപനിഷത്തിലെ ആ വാക്കുകളുടെ സാരം സത്യം മാത്രം ജയിക്കും- എന്നത്രേ. ദേവനാഗരി ലിപികളിലാണ് വാക്കുകൾ രേഖപ്പെടുത്തിയിരിക്കുന്നത്.

ദേശീയപഞ്ചാംഗം

ചൈത്രമാസത്തോടുകൂടിയാരംഭിക്കുന്ന ശതാബ്ദമാണ് സ്വീകരിച്ചിരിക്കുന്നത്. സാധാരണവർഷത്തിൽ 365 ദിവസമുണ്ട്. ചൈത്രം ഒന്നാം തീയതിയെന്നത് മാർച്ച് മാസം 22-ാം

96. Flag Code issued by Govt of India, July 25, 1960
97. Emblems & Names (Prevention of Improper use) Act, 1950

തീയതിക്കു സമാനമാണ്. ലീപ്പിയറിൽ മാർച്ച് 21-നു! ദേശീയ പഞ്ചാംഗം അംഗീകരിച്ചത് 1957 മാർച്ച് 22-ന് ആണ്.

ദേശീയമൃഗം

(Panthera tigris എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന) ബംഗാൾ കടുവയാണ് നമ്മുടെ ദേശീയ മൃഗം. ഭാരതദേശത്താകമാനമായിരുന്നു ഇതിനെ ധാരാളമായി കണ്ടിരുന്നത്. 1972-ആയപ്പോഴേക്ക് എണ്ണം 1827- മാത്രമായി ശോഷിച്ചു. ഇന്ന് കടുവയുടെ സംരക്ഷണാർത്ഥമുള്ള 19 വനമേഖലകൾ നിലവിലുണ്ട്; മൊത്തം 29,716 ച. കിലോമീറ്റർ പ്രദേശത്ത്!

ദേശീയപക്ഷി

അഴകേറിയ മയിലാണ് (Pava Cristatus) ഈ പദവി നേടിയിരിക്കുന്നത്. പ്രാചീനകാലം മുതൽ സുബ്രഹ്മണ്യൻെറ വാഹനമെന്ന നിലയിൽ ജനങ്ങൾ ആദരിച്ചു വന്നു. ഭാരതത്തിലെ മിക്കവാറും എല്ലാ മേഖലകളിലും ഈ പക്ഷിയുണ്ട്. വന്യമൃഗസംരക്ഷണ നിയമമനുസരിച്ച് സംരക്ഷണമുള്ള പക്ഷിയാണിത്. സാധാരണമായി അതിനെ ആരും ഉപദ്രവിക്കുയോ ഹിംസിക്കുകയോ ചെയ്യുകയോ ചെയ്യാറില്ല.

പിന്നാക്കക്കാരെക്കുറിച്ചുള്ള ഏർപ്പാടുകൾ

അഞ്ചാം പട്ടികയിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളധികവും പട്ടിക ജാതി -വർഗ്ഗങ്ങളെക്കുറിച്ചും അവരധിവസിക്കുന്ന പ്രദേശങ്ങളെ സംബന്ധിച്ചുമാണെന്നു പറയാം. അസ്സാമിനെക്കുറിച്ച് ആറാം പട്ടികയിലാണ് വ്യവസ്ഥകൾ. അതിൽ അസ്സാം, മേഘാലയം, ത്രിപുര, എന്നീ സംസ്ഥാനങ്ങളും മിസോറാം എന്ന ഭരണ മേഖലയും പെടും[98]. ഒരു സ്വയംഭരണ ജില്ലയിൽ ധാരാളം മറ്റു ജനജാതികളുണ്ടെങ്കിൽ, ആ പ്രദേശത്തെ സ്വയംഭരണ ഭാഗങ്ങളായി ഗവർണർക്ക് വിഭജിക്കാം. അതിലേക്ക് ഒരു പൊതുവായ അറിയിപ്പ് (പബ്ലിക് നോട്ടിഫിക്കേഷൻ) ഗവർണർ പുറപ്പെടുവിക്കേണ്ടതാണ്. അങ്ങിനെയുള്ള പ്രദേശമുൾപ്പെടുന്ന സംസ്ഥാനത്ത് ഇരുപതിൽ കവിയാത്ത അംഗങ്ങളോടു കൂടിയ ഒരു ഗോത്രോപദേശസമിതി രൂപീകരിക്കേണ്ടതാണ്[99]. കഴിയുന്നിടത്തോളം നാലിൽ മൂന്നു ഭാഗമംഗങ്ങളെങ്കിലും പ്രസ്തുത സംസ്ഥാനത്തിലെ നിയമസഭയിലുള്ള പട്ടികവർഗ്ഗ പ്രതിനിധികളായിരിക്കണം. പാർലിമെൻറോ സംസ്ഥാന നിയമസഭയോ പാസ്സാക്കിയ ഏതെങ്കിലും നിയമം പട്ടിക ജാതി-വർഗ്ഗങ്ങൾ അധിവസിക്കുന്ന ഏതെങ്കിലും പ്രദേശത്തിനോ ഭാഗത്തിനോ ബാധകമാണെന്നോ അല്ലെന്നോ ഒരു പൊതു വിജ്ഞാപനം വഴി ഗവർണർക്ക് നിർദ്ദേശിക്കാം. ഇതിന് മുൻകാല പ്രാബല്യവുമുണ്ടാക്കാം. സമാധാനം, സൽഭരണം എന്നീകാര്യങ്ങൾക്ക് ചട്ടങ്ങളുണ്ടാക്കാനും (റഗുലേഷൻ) ഗവർണർക്ക് സാധിക്കും. അവയിലൂടെ പട്ടികജാതി-വർഗ്ഗ വിഭാഗങ്ങളുടെ ഭൂമികൈമാറ്റം നിയന്ത്രിക്കാൻ സാധിക്കും. പട്ടിക ജാതി- വർഗ്ഗങ്ങൾക്ക് പണം

---

98. Article : 244 (1)   99. Article 244 (1)

കടം കൊടുക്കൽ, ക്രമപ്പെടുത്താനും പ്രയാസമില്ല. അത്തരം റഗുലേഷനുകൾ (ചട്ടങ്ങൾ) ഉണ്ടാക്കുമ്പോൾ പ്രദേശങ്ങളിൽ ബാധകമായിട്ടുള്ള കേന്ദ്ര-സംസ്ഥാന നിയമങ്ങൾ രൂപഭേദപ്പെടുത്തുകയോ നിർജ്ജീവമാക്കുകയോ ചെയ്യാം. ഈ ചട്ടങ്ങൾ (റഗുലേഷനുകൾ) ഗവർണർ നിർമ്മിക്കുമ്പോൾ കഴിയുന്നതും നേരത്തെ രാഷ്ട്രപതിക്കു സമർപ്പിച്ച് അംഗീകാരം നേടണം. അവ നിർമ്മിക്കുന്നത് ഗോത്രവർഗ്ഗോപദേശക സമിതിയോട് ആലോചിച്ചുവേണമെന്നു പറയേണ്ടതില്ല. ഗോത്രവർഗ്ഗോപദേശക സമിതികൾ പല സംസ്ഥാനങ്ങളിലും രൂപീകരിച്ചിട്ടുണ്ട്. പശ്ചിമ ബംഗാളിൽ പട്ടിക വർഗ്ഗ-ജാതി ക്ഷേമം ലാക്കാക്കി ഒരു സമിതി സംഘടിപ്പിച്ചിട്ടുണ്ട്, അവിടെ പട്ടിക ജാതി-വർഗ്ഗ പ്രദേശമില്ലെങ്കിലും!

പട്ടിക ജാതി-വർഗ്ഗങ്ങളുള്ള സംസ്ഥാനങ്ങളിലെ ഗവർണർമാർ, പ്രതിവർഷമോ അല്ലെങ്കിൽ രാഷ്ട്രപതി ആവശ്യപ്പെടുമ്പോഴോ, സംസ്ഥാനത്തെ പട്ടിക ജാതി-വർഗ്ഗ പ്രദേശങ്ങളിലെ ഭരണത്തെക്കുറിച്ച് റിപ്പോർട്ട് കൊടുക്കണം. ചില നിശ്ചിത സംസ്ഥാനങ്ങളിൽ ഗോത്രവർഗ്ഗക്ഷേമച്ചുമതലയുള്ള മന്ത്രിയുണ്ട്[1]. ചില നിശ്ചിതമേഖലകൾ സ്വയംഭരണജില്ലകളാണ്[2]. അവിടെ ഇരുപത്തിനാലിൽ കൂടാത്ത അംഗങ്ങളോടു കൂടിയ ജില്ലാസമിതികളുമുണ്ട്. അവരിൽ മുക്കാൽ പങ്കും പ്രായപൂർത്തിവോട്ടവകാശാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരായിരിക്കണം. ആ ജില്ലയിൽ ഗണ്യമായി പട്ടിക ജാതികളുണ്ടെങ്കിൽ, അവർക്ക് സ്വയം ഭരണ പ്രദേശങ്ങൾ അനുവദിക്കും. ഓരോ പ്രദേശത്തിനും പ്രത്യേകം പ്രത്യേകമായി സമിതിയും അനുവദിച്ചിട്ടുണ്ട്. സമിതിയ്ക്ക് ശാശ്വത പിൻതുടർച്ച, മുദ്ര എന്നിവയുണ്ട്. ഭരണം ജില്ലാസമിതിയിലാണ് നിക്ഷിപ്തം.

പ്രാദേശിക സമിതിയ്ക്ക്, അതിൻെറ നിയന്ത്രണത്തിലുള്ള പ്രദേശങ്ങൾക്കും, ജില്ലാസമിതിക്ക് പ്രാദേശിക സമിതിയുടെ നിയന്ത്രണ പ്രദേശമുണ്ടെങ്കിൽ അതൊഴിച്ചുള്ള പ്രദേശ

1. Article : 164 (1)   2. Lushai Hibbs Dst (change of Name) Act 1854

ങ്ങൾക്കും, കൃഷി, വനം തുടങ്ങിയ കാര്യങ്ങളിൽ നിയമനിർമ്മാണത്തിന് അധികാരമുണ്ട്. ഇപ്രകാരമുണ്ടാകുന്ന എല്ലാ നിയമങ്ങളും താമസംവിനാ ഗവർണർക്ക് സമർപ്പിച്ച് അംഗീകാരം നേടണം. അല്ലാത്തപക്ഷം അവ പ്രയോഗക്ഷമമല്ല. ഗ്രാമസമിതികൾ, ഗ്രാമകോടതികൾ, തുടങ്ങിയവ നിർമ്മിക്കാൻ സമിതികൾക്ക് സാധിക്കും. രാജ്യപാലിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി പ്രാദേശിക സമിതിയ്ക്കും ജില്ലാ സമിതിയ്ക്കും ഗ്രാമസമിതികൾ, ഗ്രാമകോടതികൾ തുടങ്ങിയവയുടെ സംഘടന, അധികാരമണ്ഡലം, കേസുകളുടെ വിചാരണ, അപ്പീൽ എന്നിവ സംബന്ധിച്ച ചട്ടങ്ങളുമുണ്ടാക്കാം. ചിലവ്യവഹാരം, കുറ്റങ്ങൾ തുടങ്ങിയവയുടെ വിചാരണയ്ക്ക്, പ്രാദേശികസമിതികൾക്കും ജില്ലാ സമിതികൾക്കും, ചില കോടതികൾക്കും ഉദ്യോഗസ്ഥൻമാർക്കും സിവിൽ-ക്രിമിനൽ നടപടിനിയമങ്ങളനുസരിച്ചുള്ള അധികാരം നൽകാം. ആ അധികാരത്തെയാസ്പദമാക്കി വേണം അവർ വിചാരണ ചെയ്യേണ്ടത്.

ജില്ലാസമിതിയ്ക്ക് അധികാരമുള്ള ജില്ലയിൽ പ്രാഥമിക വിദ്യാലയങ്ങൾ, ആശുപത്രികൾ, ചന്ത, കടത്ത്, റോഡ്, ജലമാർഗ്ഗങ്ങൾ തുടങ്ങിയവ സ്ഥാപിക്കാം. പ്രാഥമിക വിദ്യാഭ്യാസ പ്രചാരത്തിന് സ്വീകരിക്കേണ്ട ഭാഷയും പരിപാടികളും നിശ്ചയിക്കാം. എല്ലാ നിയമവും ചട്ടവും സംസ്ഥാന ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയാലേ നിയമസാധുതയുള്ളൂ. പ്രാദേശിക സമിതിയുടെയോ ജില്ലാ സമിതിയുടേയോ പ്രവർത്തനമോ പ്രമേയമോ ഭാരത ഭദ്രതയ്ക്ക് വിരുദ്ധമായേക്കാമെന്ന് ഗവർണർക്ക് തോന്നിയാൽ അവ നിറുത്തിവയ്ക്കുകയോ റദ്ദാക്കുകയോ ചെയ്യാം. ഇതിന് രാജ്യപാൽ നിർമ്മിക്കുന്ന ഏതുത്തരവും കഴിയുന്നത്ര വേഗം സംസ്ഥാന നിയമസഭയിൽ സമർപ്പിക്കണം. നിയമസഭ അവ നിരസിച്ചില്ലെങ്കിൽ പന്ത്രണ്ടുമാസം ഊർജ്ജിതത്തിലിരിക്കും.

ചില വിഭാഗങ്ങൾക്ക് പ്രത്യേകമായ വ്യവസ്ഥകൾ

ഭാരതഭരണ ഘടനയുടെ പതിനാറാം ഭാഗത്ത് ചില വിഭാഗം ജനങ്ങൾക്ക് ബാധകമായ കുറെവ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. ചരിത്രപരമായ കാരണങ്ങളാൽ മുഖ്യധാരയിൽ കടക്കാനിടയാകാതെ പോയവരെ, മറ്റുള്ളവർക്കൊപ്പം നടക്കാൻ ത്രാണിയുള്ളവരാക്കിത്തീർക്കുകയാണു ലക്ഷ്യം. വസ്തുതകൾ 330-342 വകുപ്പുകളിൽ വ്യാപിച്ചു കിടക്കുന്നു. ജാതീയമോ (റിലിജിയസ്), പ്രത്യേകമോ (സെപ്പറേറ്റ്) നിയോജകമണ്ഡലങ്ങൾക്ക് ഭരണഘടനയിൽ സ്ഥാനമില്ല. ഭാരത മഹാരാജ്യത്തെ രണ്ടായി വെട്ടിമുറിക്കാൻ നിർബ്ബന്ധിതമാക്കിയ സാഹചര്യം വളർത്തിയത്, സമൂഹത്തിലെ സഹോദര വിഭാഗങ്ങൾ തമ്മിലുള്ള സമ്പർക്കച്ഛേദമാണല്ലോ. ആ അവസ്ഥ ഇനിമേൽ ആവർത്തിച്ചുകൂടാ. പ്രസക്തമായ സംസ്ഥാനങ്ങളിലെ ഗവർണർമാരുമായി ആലോചിച്ച്, പട്ടികജാതി-വർഗ്ഗങ്ങളിൽ പെടുത്തേണ്ട വിഭാഗങ്ങളുടെ ആധികാരികമായ ഒരു പട്ടിക ഓരോ സംസ്ഥാനത്തിനും തയ്യാറാക്കാൻ ഭരണഘടന രാഷ്ട്രപതിയെ ഭാരമേൽപ്പിച്ചിട്ടുണ്ട്[3]. യഥാകാലങ്ങളിൽ പട്ടിക പുതുക്കാൻ പാർലിമെൻറിനു കഴിവുണ്ട്. ഭരണഘടനാ വ്യവസ്ഥകൾ യഥാവിധി പ്രയോജനപ്പെടുത്താൻ പട്ടികയിലുള്ളവർക്ക് അർഹതയുണ്ടെന്ന് വിശേഷിച്ചു പറയേണ്ടതില്ല. പട്ടികജാതി-വർഗ്ഗങ്ങളെ സംബന്ധിച്ച് ഒരു ദേശീയ കമ്മീഷൻ രൂപീകരിക്കാൻ ഏർപ്പാടുണ്ട്[4].

ലോക്സഭ, സംസ്ഥാന നിയമ നിർമ്മാണസഭ, എന്നിവിടങ്ങളിൽ പട്ടിക ജാതി-വർഗ്ഗങ്ങൾക്ക് നിശ്ചിതമായ എണ്ണം ഉറപ്പു

---

3. Articles : 341, 342   4. Article : 338. The Constitution (65th Amendment) Act 1990

വരുത്താൻ സംവരണനിയോജക മണ്ഡലമെന്ന ഏർപ്പാട് സ്ഥിരമാക്കിയിരിക്കുന്നു[5]. അത് അൻപതു കൊല്ലം കഴിയുമ്പോൾ അവസാനിക്കുമെന്നാണ് വ്യവസ്ഥ. ഉദ്യോഗങ്ങളിലും യഥാർഹമായ എണ്ണം അവർക്കു കൊടുക്കണമെന്നുമുണ്ട്. പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളെക്കുറിച്ചുള്ള കാര്യങ്ങൾ സമാഹരിക്കാൻ, രാഷ്ട്രപതി ഒരു കമ്മീഷനെ നിയമിക്കണമെന്ന് ഭരണഘടന അനുശാസിക്കുന്നു[6].

---

5. Articles : 330; 332; 334; 335. 6. Article : 340

ഉദ്യോഗസ്ഥവൃന്ദം

ഭാരതത്തിലെ സർക്കാരുദ്യോഗസ്ഥൻമാരുടെ സേവനം സംബന്ധിച്ച് വിശാലമായ തത്വങ്ങൾ ഭരണഘടനയിൽ ചേർത്തിട്ടുണ്ട്. വിശദമായ നിയമാവലിയും ചട്ടക്രമങ്ങളും ക്രോഡീകരിച്ചിട്ടില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കീഴിൽ ജോലി ചെയ്യുന്നവരെ തെരഞ്ഞെടുക്കുന്ന രീതി, അവർ അനുസരിക്കേണ്ട അടിസ്ഥാന നിബന്ധനകൾ, തുടങ്ങിയവയ്ക്കാണ് പ്രാമാണ്യം ഭരണഘടനയിലുള്ളത്. സ്വതന്ത്രരും കാര്യനിർവ്വഹണ ശേഷിയുള്ളവരുമായ സർക്കാരുദ്യോഗസ്ഥൻമാരുടെ സേവനം ജനപ്രതിനിധികൾക്ക് കിട്ടണമെന്നതാണ് ലക്ഷ്യം. നിയമസഭയും ജനപ്രതിനിധികളുടെ മറ്റു വ്യവസ്ഥാപിത സ്ഥാപനങ്ങളും സ്ഥിരത ഉറപ്പുവരുത്തുന്നതോടൊപ്പം, പൊതുവായി അംഗീകരിച്ചിട്ടുള്ള നയങ്ങളും മറ്റും നടപ്പിൽ വരുത്താൻ പ്രാപ്തിയും അവരിൽ നിന്നും പ്രതീക്ഷിക്കുന്നു. നിയമസഭയ്ക്കും മറ്റും സർക്കാരുദ്യോഗസ്ഥൻമാരുടെ പ്രവർത്തനങ്ങളിൽ ദീക്ഷിക്കേണ്ട അടിസ്ഥാനപരങ്ങളായ ആദർശങ്ങളും ആവശ്യമായ നിയന്ത്രണങ്ങളും ഏർപ്പെടുത്താൻ കഴിയും. ഒരു രാഷ്ട്രീയ കക്ഷിയിലും അവർ പ്രവർത്തിച്ചു കൂടാ[7]. കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും ഉദ്യോഗസ്ഥൻമാരുടെ തെരഞ്ഞെടുപ്പ്, സേവന വ്യവസ്ഥ തുടങ്ങിയവ നിർണ്ണയിക്കാനും സാധിക്കുന്നു[8]. ഭരണഘടനയിൽ സ്പഷ്ടമായി വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴിച്ച് സർക്കാരുദ്യോഗസ്ഥൻ കേന്ദ്രത്തിലാണെങ്കിൽ രാഷ്ട്രപതിയുടെയും സംസ്ഥാനത്തിലാണെങ്കിൽ ഗവർണറുടെയും തൃപ്തിയുള്ള കാലത്തോളം ജോലിയിലായിരിക്കും[9]. പദവി,

7. Government Servants Conduct Rules - R. 23
8. Article : 309 9. Article : 310

പിരിച്ചു വിടൽ, അച്ചടക്ക നടപടി എന്നീ കാര്യങ്ങൾ നിയമവിധേയമല്ലാതെ ചെയ്തു കൂടാ[10]. തൻെറ പേരിലെടുത്ത നടപടിക്കെതിരായി സമാധാനം ബോധിപ്പിക്കാൻ ഉദ്യോഗസ്ഥന് അവസരം കൊടുക്കണം. നിയമനം നടത്തിയ അധികാര സ്ഥാന ത്തിൽ കുറഞ്ഞ ഒരധികാരസ്ഥാപനത്തിന് ഒരുദ്യോഗസ്ഥൻെറ പേരിൽ നടപടിയെടുക്കാനും വയ്യാ. നിയമനാധികാരിയിൽ തന്നെ, നടപടിയെടുക്കാനുള്ള അധികാരവും നിക്ഷിപ്തമാണ്. സേവനവ്യവസ്ഥയിൽ മാറ്റം വരുത്താനോ ഏതെങ്കിലും വ്യവസ്ഥ നിരാകരിക്കാനോ പാർലമെൻറിന് അധികാരമുണ്ട്[11].

ജോലി സ്ഥിരതമാത്രമല്ല, അതിൻെറ തുടർച്ചയും യഥാർഹ ങ്ങളായ കയറ്റവും ഉറപ്പാക്കിയാലേ ഉദ്യോഗസ്ഥരുടെ അർപ്പണ ബോധവും മനോവീര്യവും നിലനിൽക്കു. ഗൗരവമേറിയ അച്ചടക്ക നടപടി സർക്കാരെടുക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ചുവേണം[12]. അഖില ഭാരത സർവ്വീ സുകൾ സൃഷ്ടിക്കുന്നതിന് ഒരു പ്രമേയം രാജ്യസഭയിലെ മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കേണ്ടതാവശ്യമാണ്[13]. അഖിലഭാരത സർവ്വീസുകൾ രാജ്യത്തിൻെറ ഐക്യം, ഉദ്യോ ഗസ്ഥ വൃന്ദത്തിൻെറ പ്രവർത്തി മാനദണ്ഡം, എവിടെയും സേവനം നടത്താനുള്ള സന്നദ്ധത, ദേശീയ കാഴ്ചപ്പാട് തുടങ്ങി യവ ഉറപ്പിക്കാൻ ഉതകും. നേരത്തെ ഉണ്ടായിരുന്ന ഇൻഡ്യൻ സിവിൽ സർവ്വീസ് (ഐ.സി.എസ്) മാതൃകയാക്കി ആദ്യം രൂപീകരിച്ചത് : ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസും ഇൻഡ്യൻ പൊലീസ് സർവ്വീസും ആണ്. പിന്നീട് ഈവിധത്തി ലുണ്ടായ നടപടി 1962-ൽ ആയിരുന്നു. ഇന്ന് വേറെ പല സർവ്വീ സുകൾ നിലവിൽ വന്നിട്ടുണ്ട്. ഉദ്യോഗസ്ഥവൃന്ദവും വ്യവസ്ഥാ പിത ഭരണാധികാരികളും ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ

10. Article : 311. The Constitution (7th, 15th, 42nd Amendment) Act,1956, 1963, 1976
11. Article : 312 A. The Constitution (28th Amendment) Act, 1972
12. Article : 320 13.Article : 312

ആണ് സ്വാഗതാർഹം. ബ്രിട്ടീഷ് ഭരണകാലത്ത് ഉദ്യോഗസ്ഥരും ജനങ്ങളും രണ്ടു ചേരികളിലായിരുന്നു. ഇന്നത് മാറി. നല്ല വഴക്കങ്ങളും അന്യൂനമായ അച്ചടക്കവും, ആദർശ ശുദ്ധിയും രണ്ടു ചേരികളിലുമുണ്ടായാൽ മാത്രമേ ജനക്ഷേമ പദ്ധതികൾ വിജയകരമായി പുരോഗമിക്കൂ.

പബ്ലിക് സർവ്വീസ് കമ്മീഷൻ

ഭാരതത്തിൽ ഇത്തരമൊരു കമ്മീഷൻ സ്ഥാപിക്കാൻ 1935 -ലെ ഭരണനിയമത്തിലാണ് ആദ്യശ്രമമുണ്ടായത്. ഫെഡറൽ പബ്ലിക് സർവ്വീസ് കമ്മീഷൻ എന്ന പേരിലാണവതരിച്ചത്. നമ്മുടെ ഭരണഘടന അതേ ആശയം സ്വീകരിച്ചിരിക്കുന്നു. കേന്ദ്രത്തിലും പ്രവിശ്യകളിലും വേറെവേറെ 1935-ലെ നിയമത്തിൽ കമ്മീഷന് വ്യവസ്ഥയുണ്ടാക്കി. അൽപം പ്രസക്തങ്ങളായ മാറ്റങ്ങളോടുകൂടി കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും കമ്മീഷനുകൾ രൂപീകരിച്ചിരിക്കുന്നു[14]. രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ ചേർന്ന് ഒരു കമ്മീഷൻ മതിയെന്നു തീരുമാനിച്ചാൽ, അപ്രകാരം ചെയ്യാം. അതിനു നടപടികളെടുക്കാൻ തൽപ്പരസംസ്ഥാനങ്ങളിലെ നിയമസഭകൾ നിശ്ചയം പാസ്സാക്കണം. കേന്ദ്ര പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഏതെങ്കിലും സംസ്ഥാനത്തിലെ ആവശ്യം കൂടി നിറവേറ്റണമെന്നും വ്യവസ്ഥ ചെയ്യാം. അതിലേക്ക് ഒരഭ്യർത്ഥന, രാഷ്ട്രപതിക്ക് , പ്രസക്ത സംസ്ഥാനങ്ങളിലെ രാജ്യപാൽ നടത്തണം. ആ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ, രാഷ്ട്രപതിയുടെ അനുമതിയോടെ, സംസ്ഥാനത്തെ മുഴുവനുമോ ഏതെങ്കിലുമോ ആവശ്യം കേന്ദ്രപബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിർവ്വഹിക്കും.

കേന്ദ്രപബ്ലിക് സർവ്വീസ് കമ്മീഷൻെറ അദ്ധ്യക്ഷനെയും അംഗങ്ങളെയും നിയമിക്കുന്നത് രാഷ്ട്രപതിയാണ്; സംസ്ഥാനത്തിലേത് പ്രസക്ത ഗവർണറും. ഉദ്യോഗത്തിൽ പ്രവേശിച്ച നാൾ തൊട്ട് ആറുവർഷമോ, അറുപത്തഞ്ചു വയസ്സുതികയുന്നതുവ

14. Article : 315 15. Article : 316 (2)

രെയോ ആണ് ജോലിയിലിരിക്കാവുന്നത്[15]. സംയുക്ത കമ്മീഷ ൻെറയും കമ്മീഷനുകളുടെ അംഗങ്ങൾക്ക് അറുപത്തഞ്ചു വയസ്സോ ആറുവർഷമോ പൂർത്തിയാകുന്നതുവരെ പദവി യിലിരിക്കാം. അതു കഴിഞ്ഞാൽ, വീണ്ടും നിയമിതനാകാനുള്ള യോഗ്യതയില്ല. തക്കതായ കാരണങ്ങളാൽ നീക്കം ചെയ്യാനും സാധിക്കും. ആരോപണങ്ങൾ അന്വേഷിക്കുന്നത് സുപ്രീം കോടതിയാണ്. തീർപ്പ് കൽപ്പിക്കുന്നത് രാഷ്ട്രപതിയും[16]. കമ്മീ ഷൻെറ ചുമതലകൾ (1) തെരഞ്ഞെടുപ്പു നടത്താനുതകുന്ന പരീക്ഷ നടത്തുക. (2) തെരഞ്ഞെടുപ്പു രീതികൾ സംവിധാം ചെ യ്യുക. (3) മാറ്റം, ഉദ്യോഗക്കയറ്റം തുടങ്ങിയവക്കാവശ്യമായ തത്വ ങ്ങൾ രൂപീകരിക്കുക. (4) അച്ചടക്കകാര്യങ്ങളിൽ ഉപദേശം കൊടുക്കുക. (5) പെൻഷനവകാശങ്ങൾ നിജപ്പെടുത്തുക. (6) രാഷ്ട്രപതിയോ / ഗവർണറോ ആവശ്യപ്പെടുന്ന കാര്യങ്ങളിൽ ഉപദേശം നൽകുക. പൊതുവായോ പ്രത്യേകം കാര്യത്തിലോ കമ്മീഷനുമായി ആലോചിക്കാനാവശ്യമില്ലാത്ത കാര്യങ്ങൾ കാണിക്കുന്ന ഉത്തരവുകൾ (റെഗുലേഷനുകൾ) കേന്ദ്രത്തിൽ രാഷ്ട്രപതിക്കും, സംസ്ഥാനത്ത് ഗവർണർക്കും പുറപ്പെടുവി ക്കാൻ സാധിക്കും. പാർലിമെൻറിലോ / നിയമസഭയിലോ കഴി യുന്നത്ര വേഗത്തിൽ അവ വെയ്ക്കണം. കമ്മീഷൻ മുഖ്യമായും ഉപദേശം നൽകാനുള്ള ഏർപ്പാടാണ്; ഉത്തരവു പുറപ്പെടു വിക്കുന്നതിനല്ല. ആണ്ടുതോറും അവരുടെ പ്രവർത്താങ്ങളുടെ ഒരു സമഗ്രവിവരം-റിപ്പോർട്ട്-രാഷ്ട്രപതിക്ക് /ഗവർണർക്ക് സമർപ്പിക്കണം. രാഷ്ട്രപതി/ഗവർണർ റിപ്പോർട്ടിൻമേലെടുത്ത നടപടികളുടെ വിവരങ്ങളോടു കൂടി അദ്ദേഹം ആ റിപ്പോർട്ട് പാർലിമെൻറിലെ ഇരു സഭകളിലും നിയമസഭയിലും വയ്ക്കു ന്നതാണ്. അത് ചർച്ചയ്ക്ക് വിഷയമാക്കാം. കമ്മീഷൻെറ ചിലവ് സഞ്ചിത നിധിയിൽനിന്നു സ്വീകരിക്കുന്നു. കമ്മീഷൻെറ ചുമ തല വിപുലമാക്കാൻ പാർലിമെൻറിന് /സംസ്ഥാന നിയമ സഭയ്ക്ക് സാധിക്കും [17].

---

16. Article : 317   17. Article : 321

ട്രൈബ്യൂണലുകൾ

ഭരണഘടനയുടെ XIV ഭാഗത്തിൽ, നാൽപ്പത്തി രണ്ടാമതു ഭരണഘടനാഭേദഗതിയിലൂടെ രണ്ടു പുതിയ വകുപ്പുകൾ ചേർക്കുകയുണ്ടായി[18]. ആദ്യത്തേത് അഡ്മിനിസ്ട്രേറ്റീവും രണ്ടാമത്തേത് മറ്റുള്ളവയും ആയ ട്രൈബ്യൂണലുകളാണ് പ്രതിപാദിച്ചിട്ടുള്ളത്. ഉദ്യോഗസ്ഥൻമാരുടെ തെരഞ്ഞെടുപ്പ്, നിയമനം, സേവന വ്യവസ്ഥ സംബന്ധിച്ചുളവായേക്കാവുന്ന തർക്കങ്ങളും പരാതികളും മറ്റും തീർപ്പുകൽപ്പിക്കുന്നതിനുള്ളതാണ്. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലുകൾ. കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും പ്രാദേശികാധികാര സ്ഥാനങ്ങളിലെയും കാര്യങ്ങൾ അതിനു വിധേയമാണ്. ഉദ്യോഗസ്ഥേതരമായ ഏതു കാര്യത്തിലും ട്രൈബ്യൂലുകൾ സംഘടിപ്പിക്കാം[19]. വ്യവസായ തർക്കങ്ങൾക്ക് പരിഹാരം കാണാൻ വ്യവസായ ട്രൈബ്യൂണലുകൾ ഭാരതത്തിൽ പലയിടങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

---

18. Article : 323 A & B. The Constitution (42nd Amendments) Act 1976
19. Article : 323 B

തെരഞ്ഞെടുപ്പ്

പതിനെട്ടു വയസ്സു തികഞ്ഞ ഏതൊരു ഭാരതീയനു സമ്മതിദാനാവകാശമുണ്ട്. പക്ഷേ നിയമേനയുള്ള ഏതെങ്കിലും പരാധീനത അയാൾക്കുണ്ടായിരിക്കരുത്. തെരഞ്ഞെടുപ്പു സംബന്ധമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ തെരഞ്ഞെടുപ്പു കമ്മീഷനെ ഭാരമേൽപ്പിച്ചിരിക്കുന്നു[20]. കേന്ദ്രത്തിലെയും യൂണിയൻ പ്രദേശങ്ങളിലെയും ഭരണാധികാരം ജനങ്ങൾ തെരഞ്ഞെടുക്കുന്ന പ്രതിനിധികളിലൂടെ വ്യവസ്ഥാപിതമായിട്ടാണ് നിർവ്വഹിക്കുന്നത്. തെരഞ്ഞെടുപ്പിനു സഹായകമായ രാഷ്ട്രീയ കക്ഷി വ്യവസ്ഥയും ഭാരതത്തിൽ നിലവിലിരിക്കുന്നു. കക്ഷികളെ തെരഞ്ഞെടുപ്പു കമ്മീഷൻ, ദേശീയ കക്ഷി, സംസ്ഥാനകക്ഷി എന്നു വേർതിരിച്ചിട്ടുണ്ട്. നാലോ അതിലേറെയോ സംസ്ഥാനങ്ങളിൽ അംഗീകാരമുള്ള ഒരു കക്ഷി ദേശീയ കക്ഷിയായിരിക്കും [21]. ഈ ഏർപ്പാട് 1989 ജൂൺ 15 മുതൽ നിലവിലിരിക്കുന്നു. തെരഞ്ഞെടുപ്പു കമ്മീഷനിൽ രാഷ്ട്രീയ കക്ഷികൾ രജിസ്റ്റർ ചെയ്യണമെന്ന് ഏർപ്പാടുണ്ട്[22]. 1952-ൽ ആദ്യമായി നടന്ന പൊതു തെരഞ്ഞെടുപ്പിൽ എഴുപത്തേഴ് (77) രാഷ്ട്രീയ കക്ഷികളാണ് സംബന്ധിച്ചത്. അവയിൽ 21 കക്ഷികൾക്ക് നാമമാത്രമായിട്ടെങ്കിലും പാർലിമെൻറിൽ പ്രവേശനം കിട്ടി. പാർലമെൻറ്, സംസ്ഥാന നിയമസഭ, രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നീ തെരഞ്ഞെടുപ്പുകളുടെ മേൽനോട്ടം, ഗതി, നിയന്ത്രണം എന്നിവയൊക്കെ നിർവ്വഹിക്കേണ്ടത് തെരഞ്ഞെടുപ്പുകമ്മീഷനാണ്. കമ്മീഷന് സമ്പൂർണ്ണ സ്വാതന്ത്ര്യവും നിഷ്പക്ഷതയും ഉറപ്പിക്കാനുള്ള എല്ലാ സാഹചര്യവും

20. Article : Article : 324. Representation of the People Acts 1950, 1951; Presidential and Vice-Presidential Election Act, 1952 etc.
21. The Election Symbols (Reservation and Allotment) Order 1968.para (7)
22. Representation of the People (Amendment) Act, 1951.

ഉണ്ട് [23]. കമ്മീഷനിലെ ഉദ്യോഗസ്ഥവൃന്ദം സേവനകാലമത്രയും ഡെപ്യൂട്ടേഷനിലാണെന്നാണ് സങ്കൽപ്പം. ഇതിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുമുണ്ട്. കമ്മീഷന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും, അച്ചടക്കനടപടിക്രമത്തിലും വിധേയമായി അവർ ചുമതല നിർവ്വഹിക്കുന്നു[24]. ഇലക്ട്രോണിക് വോട്ടിംഗ് സൗകര്യം ഉണ്ടായപ്പോൾ, 1981-ലെ നിയമത്തിൽ പ്രസക്തമായ ഭേദഗതി ചെയ്തു. നിയോജക മണ്ഡല രൂപീകരണം, അതിലെ പ്രാതിനിധ്യവ്യവസ്ഥ എന്നീ കാര്യങ്ങൾ കോടതികളുടെയധികാരപരിധിയിൽ പെടുന്നില്ല. പാർലിമെന്റിലേക്കോ സംസ്ഥാന നിയമസഭകളിലേക്കോ ഉള്ള തെരഞ്ഞെടുപ്പു കാര്യം തെരഞ്ഞെടുപ്പു പെറ്റീഷൻ എന്ന നിലയിൽ പ്രസക്താധികാരികൾക്ക് സമർപ്പിക്കേണ്ടതുണ്ട്. പ്രധാനമന്ത്രി, ലോക്സഭാ സ്പീക്കർ എന്നിവരുടെ തെരഞ്ഞെടുപ്പിനെക്കുറിച്ച് പ്രത്യേക വ്യവസ്ഥകളുണ്ട്[25].

പതിനെട്ടു വയസ്സു പൂർത്തിയാക്കിയ ഒരു ഭാരതീയന്, ചിത്തഭ്രമം തുടങ്ങിയ അയോഗ്യതയില്ലെങ്കിൽ സമ്മതിദായകരുടെ പട്ടികയിൽ പേരു ചേർക്കാനുള്ള അവകാശമുണ്ട് [26]. എല്ലാ പൗരൻമാർക്കുമുള്ള ഒരേ ഒരു വോട്ടർ (സമ്മതിദാനം) പട്ടികയേ ഉള്ളൂ. സാക്ഷരത, സ്വത്ത്, കരം തീർപ്പ്, എന്നിവയ്ക്കൊന്നും അതിൽ സ്ഥാനമില്ല. സമ്മതിദായക പട്ടിക,നിയോജക മണ്ഡലാതിർത്തി നിർണ്ണയിക്കൽ, തുടങ്ങിയ കാര്യങ്ങൾക്ക് നിയമം പാർലമെന്റിനാണു നിർമ്മിക്കുന്നത്. ഇത്തരം നിയമങ്ങൾ നിലവിൽ വന്നിട്ടുണ്ട്. തെരഞ്ഞെടുപ്പു തർക്കം ട്രൈബ്യൂണൽ തീരുമാനിക്കണമെന്നാണ് വ്യവസ്ഥ. അവരുടെ തീർപ്പ് അന്തിമവുമാണ്.

---

23. Chief Election Commission (Condition of Service Rules, 1972 as amended.
24. Representation of the People (Amendment) Act, 1988
25. The Constitution (44th Amendment) Act, 1978; 329A & 329
26. Article : 326

ഔദ്യോഗികഭാഷ

ഭാരതത്തിലെ ഔദ്യോഗികഭാഷ ദേവനാഗരിലിപി സ്വീകരിച്ചിട്ടുള്ള ഹിന്ദിയാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്[27]. എങ്കിലും ഇംഗ്ലീഷ് ഭാഷ തുടർന്നും ഉപയോഗത്തിലിരിക്കും. നിയമങ്ങളുടെ ആധികാരികരൂപം, നീതിന്യായ വിധികൾ, തുടങ്ങിയ പല കാര്യങ്ങളും ഇംഗ്ലീഷിൽത്തന്നെ[28]. സുപ്രീം കോടതി, ഹൈക്കോടതികൾ എന്നിവിടങ്ങളിലെ നടപടികൾ ഇംഗ്ലീഷിൽ തുടരും. ഔദ്യോഗിക ഭാഷാനിയമം പ്രാബല്യത്തിലുണ്ട്[29]. അതിൻെറ കീഴിലുള്ള ചട്ടങ്ങളും നിലവിൽ വന്നു[30]. ചില പ്രസക്തങ്ങളായ കമ്മിറ്റികളും രൂപീകരിച്ചു കഴിഞ്ഞു. (1) കേന്ദ്രീയ ഹിന്ദി സമിതി (2) ഹിന്ദി സലാഹ്കർ സമിതി (3) കേന്ദ്ര ഔദ്യോഗികഭാഷ നടപ്പാക്കൽ സമിതി. (4) ടൗൺ ഔദ്യോഗിക നടപ്പാക്കൽ കമ്മിറ്റി (5) ഡിപ്പാർട്ടുമെൻറൽ ഔദ്യോഗികഭാഷ നടപ്പാക്കൽ കമ്മിറ്റി-എന്നിവ ഉദാഹരണങ്ങളാണ്. കേന്ദ്രീയ ഹിന്ദി പ്രശിക്ഷൺ സൻസ്ഥാൻ ഭരണവകുപ്പുകളിലെ ഹിന്ദി ഉപയോഗത്തിനാവശ്യമായ പരിശീലനം നൽകുന്നുണ്ട്.

ആറു വിഭാഗങ്ങളിൽ പെടുത്താവുന്ന ഭാഷകൾ ഭാരതത്തിലുണ്ട്. (1) നെഗ്രോയിഡ് (2) ആസട്രിക് (3) സൈനോ-ടിബറ്റൻ (4) ദ്രാവിഡം (5) ഇൻഡോ-ആര്യൻ (6) മറ്റുള്ളവ. ഈ ആറു വിഭാഗങ്ങളിൽ പെടുന്ന പതിനെട്ടു ഭാഷകൾ പല സംസ്ഥാനങ്ങളിലായി ഉപയോഗത്തിലുണ്ട്. ചിലത് ഔദ്യോഗികാംഗീകാരവുമാർജ്ജിച്ചിരിക്കുന്നു. അവയെ എട്ടാം പട്ടികയിൽ,

27. Article : 343 (1) 28. Article : 348 (1) 29. Official Language Act, 1963. Amended in 1967 etc.
30. Official Languages (use for official purposes of the Union) Rules.1976.

ഭരണഘടനയുടെ ഭാഗമാക്കിയിട്ടുണ്ട്. 1999-ൽ ഉണ്ടായിരുന്ന പട്ടികയിൽ : (1) അസ്സാമീസ് (2) ബംഗാളി (3) ഗുജറാത്തി (4) ഹിന്ദി (5) കന്നഡ (6) കാശ്മീരി (7) മലയാളം (8) മറാഠി (9) ഒറിയ (10) പഞ്ചാബി (11) സംസ്കൃതം (12) സിന്ധി (13) തമിഴ് (14) തെലുങ്ക് (15) ഉർദു (16) കൊങ്കിണി (17) മണിപ്പൂരി (18) നേപ്പാളി- എന്നീ 18 ഭാഷകൾ കൊടുത്തിരിക്കുന്നു.

ജമ്മു-കാശ്മീരിൻെറ ഭരണഘടന

ഹിമാലയൻ മേഖലയിൽ കുന്നുകളും താഴ്വരകളും കൊണ്ട് പ്രകൃതി രമണീയമായ ഭൂപ്രദേശമാണ് ജമ്മു-കാശ്മീർ സംസ്ഥാനം. അതിൻെറ ആകെയുള്ള വിസ്തീർണം 222,236 ച.കിലോമീറ്റർ ആണ്. അതിൽ 84,1222 ച.കിലോമീറ്റർ മേഖല പാകിസ്ഥാൻ നിയമരഹിതമായി അവരുടെതാക്കിവച്ചു കൊണ്ടിരിക്കുന്നു. 37, 555 ച.കിലോമീറ്റർ അനധികൃതമായി പാകിസ്ഥാൻ ചൈനയ്ക്ക് കൈമാറിയിട്ടുണ്ടെന്നാണറിവ്. സംസ്ഥാനത്ത് 1999-ൽ 14 ജില്ലകളാണുള്ളത്.

അതിപുരാതനമായ കാലം മുതൽ പ്രാമാണ്യം പ്രാപിച്ചി ട്ടുള്ള പ്രദേശമാണ് ജമ്മു-കാശ്മീർ. മൗര്യൻമാരുടെ കാലംമുതൽ ഈ പ്രദേശങ്ങൾക്ക് ഭാരതവുമായി ഉറ്റ സമ്പർക്കവുമുണ്ടായി രുന്നു. അശോകപ്രിയദർശൻെറ കാലത്ത് ഭാരതസാമാജ്യ വിസ്തൃതി ഇന്നത്തെ അഫ്ഘാനിസ്ഥാനിലേക്ക് വ്യാപിച്ചിരു ന്നത് സ്മരണീയമാണ്. വേനൽക്കാല തലസ്ഥാനമായ ശ്രീനഗർ തന്നെ അശോകചക്രവർത്തിയാണ് സ്ഥാപിച്ചതെന്ന് പറയപ്പെ ടുന്നു. കനിഷ്കൻെറ കാലവും അന്നത്തെ നേട്ടങ്ങളും ചരിത്ര കാരൻമാർ പ്രശംസയോടെ വിവരിക്കാറുണ്ട്. ലളിതാദിത്യൻ എന്ന ചക്രവർത്തി (എ.ഡി. 724-760) യുടെ ഭരണകാലത്ത് ഏറ്റവും വിസ്തൃതിയുള്ള സാമ്രാജ്യമായി വളരുകയും ചെയ്തി ട്ടുണ്ട്. സംസ്കൃതസാഹിത്യത്തിലെ വിലപ്പെട്ട പലകൃതികളും കാശ്മീരത്തിൻെറ സംഭാവനകളാണ്. അതിൽ ഒന്നു മാത്രമാണ് കൽഹണൻെറ "രാജതരംഗിണി". കാശ്മീർ മേഖലയിൽ സ്ഥായി യായസ്വാധീനമുറപ്പിച്ച ശൈവസിദ്ധാന്തത്തിൻെറ കാര്യവും സോമാനന്ദൻെറ "ശിവദൃഷ്ടി"യും ഇവിടെ സ്മരണീയമത്രേ.

പതിനൊന്നാം നൂറ്റാണ്ടുമുതലാണ് ഈ മേഖല മുസ്ലീം സ്വാധീനത്തിൽ പെട്ടത്. 1586-ൽ അക്ബർ ചക്രവർത്തി കാശ്മീരത്തെ മുകില സാമ്രാജ്യത്തിൻെറ ഭാഗമാക്കി. അദ്ദേഹത്തിൻെറ പിൻതുടർച്ചക്കാർക്ക് കാശ്മീരത്തോട് പ്രത്യേക സ്നേഹം തന്നെയുണ്ടായിരുന്നു. സിക്കുകാരുടെ സ്വാധീന വലയത്തിൽ ഈ മേഖലയമർന്നത് രഞ്ജിത്സിംഗിൻെറ കാലത്താണെന്നു പറയാം. 1820 മുതൽ ഭരണാധികാരി ഡ്രോഗ്ര വംശജനായ ഗുലാബ് സിംഹനിയിരുന്നു. രഞ്ജിത് സിംഹനും ബ്രിട്ടീഷുകാരും തമ്മിലുണ്ടായ അമൃതസരസിലെ കരാറനുസരിച്ച് 1846-മുതൽ ഈ മേഖലയുടെ മേൽക്കോയ്മ വിദേശികളായ യൂറോപ്യമാരുടെതായെന്നു പറയാം.

1947-ആഗസ്റ്റ് 15-ന് ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ, മറ്റുള്ള നാട്ടുരാജാക്കൻമാർ ചെയ്തതുപോലെ ലയന പ്രമാണമൊപ്പിട്ട് ഭാരതത്തിൻെറ ഭാഗമാക്കിത്തീർക്കാൻ കൂട്ടാക്കിയില്ല. എന്നാൽ 1947 ഒക്ടോബറിൽ അതു ചെയ്തു; അങ്ങിനെ ഭാരതത്തിൻെറ ഭാഗമായിത്തീർന്നു ജമ്മു-കാശ്മീർ. 1951-ൽ പ്രായപൂർത്തിവോട്ടവകാശാടിസ്ഥാനത്തിൽ സംഘടിപ്പിച്ച ഭരണഘടനാ നിർമ്മാണസഭ ഒരു പ്രത്യേക ഭരണഘടന ചമച്ചു. അവ ലയന പ്രമാണത്തെ അനുകൂലിച്ച് പ്രമേയം പാസാക്കി. 1952 മുതൽ "സദർ ഇ റിയാസത്ത്" ആയിത്തീർന്നു. ഭരണത്തലവൻ (ഇന്നത് ഗവർണർ ആക്കിയിട്ടുണ്ട്). അങ്ങിനെ രാജ്വാഴ്ച അസ്തമിച്ചു. ഇന്നു ഭാരതത്തിൻെറ അവിഭാജ്യഘടകമാണ് ജമ്മു-കാശ്മീർ സംസ്ഥാനം. 1947 ആഗസ്റ്റ് 15-ന് ഉണ്ടായിരുന്ന വിസ്തീർണമാണതിനുള്ളത്. അക്കാര്യം ഭരണഘടനയിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്- അതായത് 222,236 ച.കിലോമീറ്റർ. എല്ലാവിധത്തിലുള്ള ചൂഷണങ്ങളും അവസാനിപ്പിച്ച് ദേശീയ ജീവിതത്തിലെ എല്ലാ രംഗങ്ങളിലും-സാമൂഹികം, സാമ്പത്തികം-രാഷ്ട്രീയം എന്നിവിടങ്ങളിലെല്ലാം നീതിയുള്ള സോഷ്യലിസ്റ്റു രീതിയിലുള്ള ഒരു സമുദായം സൃഷ്ടിക്കാൻ അവരുടെ ഭരണഘടന ലക്ഷ്യമിട്ടിരിക്കുന്നു. അതുവഴി യോഗക്ഷേമ പുരോഗതി

യാർജ്ജിക്കാൻ ശ്രമിക്കുകയാണ്, സംസ്ഥാനത്തിന്റെ ലക്ഷ്യം. സ്ഥിരമായി അവിടെ വസിക്കുന്ന എല്ലാവർക്കും സർവ്വകലാശാലാരംഗംവരെ ഫീസീടാക്കാതുള്ള വിദ്യാഭ്യാസത്തിനവകാശമുണ്ട്. ഭരണഘടന ഊർജ്ജിതത്തിൽ വന്നു പത്തുകൊല്ലം തികയുന്നമുമ്പ് ഫീസീടാക്കാതെ എല്ലാ കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം നിർബ്ബന്ധിതമാക്കും. എല്ലാ തൊഴിലാളികൾക്കും ജോലിക്കാർക്കും മുതിർന്നവർ ക്കുള്ള വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും ശിക്ഷണവും സൗകര്യപ്പെടുത്തും.

സംസ്ഥാനത്തലവന്റെ നാമധേയം "സദർ ഇ റിയാസത്" - എന്നായിരിക്കും (ഇപ്പോൾ അത് ഗവർണർ-(രാജ്യപാൽ) എന്നാക്കിയിരിക്കുന്നു.) ഉദ്യോഗകാലാവധി അഞ്ചുകൊല്ലമാണ്. രാഷ്ട്രപതിയുടെ ഇച്ഛയ്ക്കു വിധേയമായി അദ്ദേഹം ഉദ്യോഗം വഹിക്കും. ഇരുപത്തഞ്ചു വയസു തികഞ്ഞ ഏതൊരാളിനും ആ പദവിയ്ക്ക് അർഹതയുണ്ട്-തെരഞ്ഞെടുപ്പിൽ മത്സരിക്കാം. 5000 ക. യാണ് ശമ്പളം. അദ്ദേഹത്തെ നീക്കം ചെയ്യാൻ നിയമസഭയുടെ മൂന്നിൽ രണ്ടു ഭൂരിപക്ഷം മതി. കുറ്റം ഇളവു ചെയ്യാനോ, കുറയ്ക്കാനോ ക്ഷമിക്കാനോ അദ്ദേഹത്തിനധികാരമുണ്ട്.

പ്രധാനമന്ത്രി തലവനായുള്ള ഒരു മന്ത്രിസഭയുടെ ഉപദേശമനുസരിച്ചാണ് സദർ ഭരണം നടത്തുന്നത്. എന്നാൽ മന്ത്രിസഭ തകരുന്നഴൊഴിച്ച് മറ്റ് എല്ലാ കാര്യങ്ങളും മന്ത്രിസഭയുടെ ഉപദേശം സ്വീകരിച്ചായിരിക്കും നടത്തുന്നത്. മന്ത്രിമാരെയും മറ്റും നിയമിക്കുന്നത് അദ്ദേഹം തന്നെ. മന്ത്രിസഭയ്ക്ക് അസംബ്ലിയോട് കൂട്ടുത്തരവാദിത്വം ഉണ്ട്.

സംസ്ഥാനത്ത് ദ്വിമണ്ഡല നിയമസഭയാണുള്ളത്. ഉപരിസഭയിൽ മുപ്പത്തിയാറുപേരും അസംബ്ലിയിൽ നൂറുപേരുമാണ് നിശ്ചയിച്ചിരിക്കുന്നത്. ഉപരിസഭയിലെ അംഗങ്ങളിൽ മൂന്നിൽ രണ്ടു ഭാഗം ഈ രണ്ടു കൊല്ലം ചെല്ലുമ്പോൾ ഒഴിയും. അസംബ്ലിയിലെ നൂറുപേരിൽ ആറുപേർ നാമനിർദ്ദേശത്താലാണംഗങ്ങളാകുന്നത്. സ്ത്രീകൾക്കു മതിയായ പ്രാതിനിധ്യം ഇല്ലെന്നു

തോന്നിയാൽ ഭരണത്തലവന് അവരെ നാമനിർദ്ദേശം ചെയ്ത് സാമാജികൻമാരാക്കാം.

അസംബ്ലിസാമാജികരെ തെരഞ്ഞെടുക്കുന്നത് പ്രാദേശിക മണ്ഡലങ്ങളിൽ നിന്നാണ് - പ്രായപൂർത്തിവോട്ടവകാശാടിസ്ഥാനത്തിൽ. പാകിസ്ഥാൻെറ കീഴിലമർന്നിരിക്കുന്ന പ്രാദേശങ്ങൾക്ക് 25 സ്ഥാനങ്ങൾ ഒഴിച്ച് ഇട്ടിട്ടുണ്ട്. പട്ടികജാതി-വർഗ്ഗങ്ങൾക്കും സ്ഥാനങ്ങൾ നീക്കിവച്ചിരിക്കുന്നു. ഇരുപത്തഞ്ചു വയസു പൂർത്തിയാക്കിയ ഒരു വോട്ടർക്ക് തെരഞ്ഞെടുപ്പിന് സ്ഥാനാർത്ഥിയാകാം. ഉപരിസഭയിലേക്കാണെങ്കിൽ അത് 35 വയസ്സാണ്.

അസംബ്ലിയുടെ കാലാവധി അഞ്ചുകൊല്ലമാണ്. ഭാരത പാർലിമെൻററിന് നീക്കിവച്ചിട്ടുള്ള വിഷയങ്ങൾ ഒഴിച്ച് മറ്റുള്ളവയ്ക്ക് നിയമനിർമ്മാണത്തിന് സഭയ്ക്ക് കഴിയും. അവിടെ പൂർണ്ണമായ അഭിപ്രായ പ്രകടനസ്വാതന്ത്ര്യമുണ്ട്. അസംബ്ലി പാസ്സാക്കുന്ന നക്കൽ നിയമം (ബിൽ) ഉപരിസഭയിലേക്കു പോകും. ധന ബില്ലുകൾ ഉപരിസഭയിൽ അവതരിപ്പിച്ചു കൂടാ. അസംബ്ലി രണ്ടു പ്രാവശ്യം പാസ്സാക്കിയാൽ ബിൽ നിയമസാധുതയാർജ്ജിക്കും - ഒരുമാസം കഴിയുമ്പോൾ, സഭാനടപടികൾ ഉർദുവിലോ ഇംഗ്ലീഷിലോ ആകാം. എന്നാൽ സഭാദ്ധ്യക്ഷന് ഒരാളെ ഹിന്ദിയിൽ സംസാരിക്കാനനുവദിക്കാം.

സംസ്ഥാനത്തിന് തെരഞ്ഞെടുപ്പു കമ്മീഷനും, അഡ്വോക്കേറ്റു ജനറലുമുണ്ട്. നിയമനാധികാരം സദർ ഇ റിയാസത്തിലാണ്. ഹൈക്കോടതിയിലെ ജഡ്ജിമാരെ നീക്കം ചെയ്യാൻ ചില നിശ്ചിത വ്യവസ്ഥകളുനുസരിക്കണം. കലാ-സാംസ്കാരിക അക്കാദമികൾ സ്ഥാപിക്കാനും വ്യവസ്ഥയുണ്ട്.

മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ പ്രമേയം പാസാക്കിയാൽ ജമ്മു-കാശ്മീർ ഭരണഘടന ഭേദഗതി ചെയ്യാനൊക്കും. കേന്ദ്രനിയമങ്ങളുടെ വ്യാപ്തി, ഭാരത ഭരണഘടന സംബന്ധിച്ച ഇതര കാര്യങ്ങൾ എന്നിവ അസംബ്ലി പരിഗണിച്ചു കൂടാ. സംസ്ഥാനത്തിന് പ്രത്യേകമായി ഒരു പതാകയുണ്ട്.

സംസ്ഥാന ഉദ്യോഗസ്ഥൻമാർ സദർ ഇ റിയാസത്തിന് തൃപ്തിയുള്ള കാലത്തോളം സേവനത്തിലിരിക്കാം. സ്ഥിരവാസി ആരെന്നതിനെക്കുറിച്ച് വിശദമായ അടിസ്ഥാന നിയമം 1956 നവംബർ 17-ന് ഭാഗികമായും 1957 ജനുവരി 26-ന് പൂർണ്ണമായും നിലവിൽ വന്നു. ജമ്മു-കാശ്മീർ സംസ്ഥാനത്തെ സംബന്ധിക്കുന്ന ഭാരത ഭരണഘടനാവകുപ്പ് 370-ആണ്. അതുപോലെ പ്രസക്തങ്ങളായ മറ്റു ചില ഉത്തരവുകളുമുണ്ട്.

ചില കൂടുതൽ വസ്തുതകൾ ഇവിടെ ഉചിതമായിരിക്കുമെന്നു കരുതുന്നു. അമേരിക്കൻ ഐക്യനാടുകളുടെ ഫെഡറൽ വ്യവസ്ഥയ്ക്ക് അടിസ്ഥാനമിട്ട പതിമ്മൂന്നു ഘടക(സംസ്ഥാനങ്ങൾ)ക്ക് അവരവരുടെ ഭരണഘടനയുണ്ടായിരുന്നു. ആസ്ട്രേലിയ എന്ന ഫെഡറൽ രാജ്യത്തിൻെറ കാര്യവും ഇതു പോലെ തന്നെ. ഘടകങ്ങളായിപ്പരിണമിച്ച സംസ്ഥാനങ്ങൾക്ക് അന്ന് അവരവരുടെതായ ഭരണഘടനകളുണ്ടായിരുന്നു. എന്നാൽ അവയൊക്കെ ഫെഡറേഷൻെറ ഭാഗമായിത്തീർന്നപ്പോൾ, അവരവർക്കുണ്ടായിരുന്ന ചില പ്രത്യേക പരമാധികാരങ്ങൾ ഫെഡറേഷനിൽ ലയിപ്പിക്കുകയുണ്ടായി. ഉദാഹരണത്തിന് അമേരിക്കൻ ഐക്യനാടുകളിലെ സുപ്രീം കോടതി, ഘടകങ്ങളുടേയും സുപ്രീംകോടതിയായി. തെരഞ്ഞെടുപ്പിൻെറ കാര്യത്തിലും ഈ പരമാധികാരം കൈമാറുകയുണ്ടായി. ഇന്ന് അവയെല്ലാം പൊതുവായി അംഗീകരിക്കുന്ന സവിശേഷതകൾ സ്വീകാര്യമായിരിക്കുന്നു. അമേരിക്കൻ ഐക്യനാടുകളിൽ സംസ്ഥാനങ്ങൾ അവരുടെ ഗവർണർമാരെ തെരഞ്ഞെടുക്കുന്നു. അവരെല്ലാം ഫെഡറൽ പ്രസിഡൻറിൻെറ കീഴെയുള്ളവരായിട്ടംഗീകരിക്കപ്പെടുന്നു. ചില പ്രത്യേക വ്യവസ്ഥകൾ ചെയ്തില്ലെങ്കിൽ ജമ്മു-കാശ്മീരിൻെറ ഭരണാധിപതി സദാർ ഇ റിയാസത്

---

(1). Ministry of Law order. G. O. 44, dtd November 1952
(2). The Constitution (Application to J&K) Order C.O. 48: 1954 as amended
(3). Jammu-Kashmir (Extenion of Law) Act 1956
(4). Indian Constitution -Part XXI Art : 370

ആയിരിക്കും. തെരഞ്ഞെടുപ്പു കമ്മീഷൻെറ അധികാരപരിധി അവിടെയ്ക്ക് വ്യാപിപ്പിക്കുന്നതിനും, സുപ്രീം കോടതിയുടെ അധികാരപരിധിയും വ്യാപിപ്പിക്കേണ്ടതിനും വ്യവസ്ഥ വേണ്ടി വരും. മറ്റൊരു കാര്യം മൗലികാവകാശങ്ങളെ സംബന്ധിച്ചവയാണ്. ചിലയാളുകൾക്ക് അവിടെ ഭൂ സ്വത്ത് സമ്പാദിക്കാനും, അത് ഉപയോഗിക്കാനും കഴിയാത്തയവസ്ഥയുമുണ്ട്. ഇതൊക്കെയാണെങ്കിലും ഇന്നത്തെ സ്ഥിതിയിൽ സർക്കാരിനാവശ്യമായ ധനത്തിൽ 90%ത്തോളം ഭാരതമാണുവഹിക്കുന്നത്. ഇതിനും ചില വ്യവസ്ഥകൾ ചെയ്യേണ്ടിവരും. സ്വയം ഭരണാവകാശത്തെക്കുറിച്ച് മുറവിളികൂട്ടുന്നവർ ഈതുപോലെ ചില കാര്യങ്ങൾ പരിഗണിക്കാൻ നിർബ്ബന്ധിതരാണ്. ഭാരത ഭരണഘടനയുടെ അംശമായിത്തീരുന്നതിന് അവ കൂടാതെ കഴിയുകയില്ല.

കേന്ദ്രഭരണ പ്രദേശങ്ങൾ

ഭരണഘടനയുടെ VIII ഭാഗത്ത് ഇതു സംബന്ധിച്ച വ്യവസ്ഥകൾ ചെയ്തിരിക്കുന്നു. അദ്ദേഹം നിർദ്ദേശിക്കുന്ന ഔദ്യോഗിക സ്ഥാനപ്പേരോടുകൂടിയ ഒരു അഡ്മിനിസ്ട്രേറ്ററെ നിയോഗിച്ച്, രാഷ്ട്രപതിയാണ് കേന്ദ്രഭരണ പ്രദേശങ്ങളിലെ ഭരണച്ചുമതല നിർവ്വഹിക്കുന്നത്. സമീപ സംസ്ഥാനത്തെ രാജ്യപാലിനെ ഇതുകൂടി ചുമതലപ്പെടുത്താനും അദ്ദേഹത്തിനു കഴിയും. ഭരണ ഘടനയിൽ 239A എന്ന പുതിയ വകുപ്പ് ഉൾക്കൊള്ളിച്ചു. ഇതനുസരിച്ച് പൂർണ്ണമായോ ഭാഗികമായോ തെരഞ്ഞെടുക്കുന്ന സാമാജികരടങ്ങുന്ന ഒരു നിയമസഭയോ, മന്ത്രിസഭയോ, രണ്ടുമോ, പാർലിമെൻറു പാസ്സാക്കുന്ന നിയമത്തിൻെറ അടിസ്ഥാനത്തിൽ പോണ്ടിച്ചേരി (പുതുശ്ശേരി)യിൽ രൂപീകരിക്കാം. ഭരണഘടനയിൽ വ്യത്യാസം വരുത്തുന്നതാണെങ്കിലും ഇവ 368-ാം വകുപ്പനുസരിച്ചുള്ള ഭേദഗതിയല്ല.

1951 നവംബർ 1 മുതൽ കേന്ദ്രഭരണപ്രദേശമായിരുന്ന ദില്ലിയെ, ഭരണഘടന നിലവിൽ വന്ന നാൾ മുതൽ ദേശീയ തലസ്ഥാനമെന്ന നഗരമായി 1991-ൽ പ്രഖ്യാപിച്ചു. അവിടത്തെ ഭരണാധിപതി ലെഫ്റ്റനൻറ് ഗവർണറാണ്. പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെ നിശ്ചയിക്കുന്ന എഴുപതു (70) സാമാജികൻമാരടങ്ങിയ നിയമസഭയുണ്ട്. അവരിൽ അഞ്ചുപേരെ നാമനിർദ്ദേശത്തിലൂടെയാണ് സഭയിലെ അംഗങ്ങളാക്കുന്നത്. ലെഫ്റ്റനൻറ് ഗവർണറെ ഉപദേശിക്കാനും ഭരണത്തിൽ സഹായിക്കാനും മുഖ്യമന്ത്രി നേതൃത്വം വഹിക്കുന്ന ഒരു ഏഴംഗമന്ത്രിസഭയുണ്ട്. മുഖ്യമന്ത്രി

The Constitution (6th Amendment) Act, 1991

യെയും മറ്റു മന്ത്രിമാരെയും നിയമിക്കുന്നത് രാഷ്ട്രപതിയാണ്. ദേശീയ തലസ്ഥാനമായ ദില്ലി പ്രദേശത്തെ ദില്ലി, നവദില്ലി, ദില്ലി കൻറോൺമെൻറ് എന്നിവ കൂടാതെ 214 ഗ്രാമങ്ങൾ എന്നു വിഭജിച്ചിട്ടുണ്ട്. ഡൽഹി മുൻസിപ്പൽ കോർപ്പറേഷൻ, ന്യൂഡൽഹി മുൻസിപ്പൽ കമ്മിറ്റി, കൻറോൺമെൻറ് ബോർഡ് എന്നാണ് ഭരണ സൗകര്യാർത്ഥം പറയാറുള്ളത്. മുമ്പു പറഞ്ഞ 214 ഗ്രാമങ്ങൾ, മുകളിൽ ആദ്യം പറഞ്ഞ ഭാഗത്തിൻെറ അംശമാണ്. ദേശീയ തലസ്ഥാന നഗരിയെ പാർലിമെൻറിൻെറ സഭകളിൽ പത്ത് സാമാജികൻമാരാണ് പ്രതിനിധീകരിക്കുന്നത് - ലോക്സഭയിൽ ഏഴും, രാജ്യസഭയിൽ മൂന്നും.

ആൻഡമാൻ-നിക്കോബർ ദ്വീപസമൂഹം, 8249 ച.കിലോ മീറ്റർ വിസ്തീർണ്ണമുള്ള മേഖലയാണ്. അവിടത്തെ ഭരണാധി പതിയും ലെഫ്റ്റനൻറ് ഗവർണർ തന്നെ. പോർട്ട് ബ്ലയർ ആണ് നിർവ്വഹണ കേന്ദ്രം.

ചണ്ഡിഗർ 1966-മുതൽ കേന്ദ്രഭരണ പ്രദേശമാണ്. ആ പട്ടണം പഞ്ചാബിൻെറയും ഹരിയാനയുടെയും തലസ്ഥാനമാണ്. മൊത്ത 114. ച. കിലോമീറ്റർ വിസ്യതിവരും. ഭരണനിർവ്വഹണം നടത്തുന്നത് ഒരു അഡ്മിനിസ്ട്രേറ്ററാണ്.

ഭാദ്ര-നാഗർഹവേലി. 1779-മുതൽ പോർച്ചുഗീസുകാരുടെ നിയന്ത്രണത്തിലിരുന്ന ഈ മേഖലയ്ക്ക് ഇന്ന് 491 ച. കിലോ മീറ്റർ വിസ്യതിയും വരും. എട്ടുകൊല്ലത്തോളം ജനങ്ങൾ തന്നെയാണ് ഇവിടം ഭരിച്ചത് (1954-1961). 1961 ആഗസ്റ്റ് 11-ാം തീയതി ഭാരതത്തിൻെറ ഭാഗമായി ലയിച്ചു. ഒരു അഡ്മിനിസ്ട്രേറ്ററാണ് ഭരണാധിപതി. അദ്ദേഹം ഭരണംബത്തുന്നത് സിൽവാസ്സായിൽ നിന്നുമാണ്.

ദാമൻ-ഡ്യൂ - ഇതും പോർച്ചുഗീസുകാരുടെ ഭരണത്തിലമർന്നിരുന്ന പ്രദേശമാണ്. ഇന്ന് 112 ച.കിലോമീറ്ററാണു വിസ്തീർണ്ണം. ഭരണനിർവ്വഹണസ്ഥാനം ദാമനിൽ. അഡ്മിനിസ്ട്രേറ്റനാണ് നിർവ്വാഹകൻ. ഗോവ 1987 മേയ് മാസം 30 -ന്

സംസ്ഥാനപദവി നേടി. അതോടുകൂടി ദാമൻ-ഡ്യൂ , ഗോവയുടെ ഘടകമെന്ന നിലവിട്ടു. 1967-ൽ ഒരഭിപ്രായ വോട്ടിട്ടുടുപ്പുവഴി അവർ കേന്ദ്രഭരണ പ്രദേശപദവി തുടരാൻ അഭിപ്രായപ്പെട്ടു.

ലക്ഷ്മദ്വീപുസമൂഹം 32 ച. കിലോമീർ വിസ്തൃതിയുള്ള ഈ ദ്വീപസമൂഹം അറബിക്കടലിൽ സ്ഥിതി ചെയ്യുന്നു. അഡ്മിനിസ്ട്രേറ്ററാണ് ഭരണാധികാരി; കവരത്തി അദ്ദേഹത്തിൻെറ ആസ്ഥാനവും. കേന്ദ്രഭരണപ്രദേശമായി തീർന്നത് 1956-ൽ ആണ്. ലക്ഷദ്വീപ് എന്ന പേർ നേടിയത് 1973 -ലും !

പോണ്ടിച്ചേരി (പുതുശ്ശേരി)യ്ക്ക് 492 ച. കിലോമീറ്ററാണ് വിസ്തീർണ്ണം. ഫ്രഞ്ചുകാർ ആദ്യം സ്ഥാപിച്ച സങ്കേതമെന്ന പ്രശസ്തിയാർജ്ജിച്ചിട്ടുള്ള പുതുശ്ശേരിയിൽ താവളം തുടങ്ങിയത് 1673-ൽ ആണ്. 1954-നവംബറിലാണ് ഭരണച്ചുമതല ഭാരതസക്കാിൻെറതായത്. അന്നുമുതൽ കേന്ദ്രഭരണ പ്രദേശവുമായി. ഭരണാധിപതി-ലെഫ്റ്റനൻറ് ഗവർണർ. നിയമസഭയും മന്ത്രിസഭയുമുണ്ട്. നിയമസഭയിൽ 30 അംഗങ്ങൾ.

സ്മരണീയങ്ങളായ ചില വസ്തുതകൾ

ഭാരതത്തിൻെറ ആകെ വിസ്തീർണ്ണം, 1982 മാർച്ച് 31-ന് കണക്കാക്കിയിട്ടുള്ളത്, 32,87,263 ച.കി.മീ. എന്നാണ്. 15, 200 കി.മീ. ആണ് കരയുടെ അതിർത്തി. രണ്ടു ദ്വീപസമൂഹങ്ങൾ ഭാരതപ്രദേശത്തിലുണ്ട്; ബംഗാൾ ഉൾക്കടലിലും അറേബ്യൻ കടലിലും. മൊത്തം പറയാവുന്ന കടലോരത്തിന് 7, 516,5 കി.മീ. വരും.

ഭാരതത്തിൽ ആളുകളുടെ എണ്ണമെത്രയെന്നറിയാൻ ആദ്യം ഉണ്ടായ പരിശ്രമം, 1872-ൽ ആയിരുന്നു. മുറപ്രകാരമുള്ള കാനേഷുമാരി ആദ്യം നടന്നത് 1881-ൽ ആണ്. അതിനുശേഷം പത്തു കൊല്ലത്തിലൊരിക്കൽ എന്ന ക്രമത്തിന് കാനേഷുമാരിയെടുത്തു വരുന്നു. 1998-ലെ ഐക്യരാഷ്ട്രകണക്കു പ്രകാരം ഭാരതത്തിലെ ജനസംഖ്യ 979.8 ദശലക്ഷമാണ്. വിസ്തൃതിയിൽ മാത്രമല്ല; ആകെ ജനസംഖ്യയുടെ കാര്യത്തിലും ഭാരതത്തിന് ഉന്നതമായ സ്ഥാനമുണ്ട്. ഭാഷാപരമായും സാംസ്കാരികമായും ഇത്രയധികം വൈവിധ്യമുള്ള ദേശങ്ങൾ ഭാരതത്തെപ്പോലെയധികമില്ല. എല്ലാ വിധത്തിലുമുള്ള കാലാവസ്ഥയും ഭാരതത്തിൻെറ വിവിധ ഭാഗങ്ങളിലായി അനുഭവപ്പെടാറുണ്ട്. 350 തിലധികം സസ്തനികൾ, 1200 ജാതിയിലേറെ പറവകൾ, 30.000 ത്തിലധികം ഷട്പദങ്ങൾ, ഏഴായിരത്തോളം മത്സ്യവർഗ്ഗങ്ങൾ എന്നിങ്ങനെ ജീവജാലങ്ങൾ ഭാരതമേഖലയിലുണ്ട് എന്നാണനുമാനം. ഇതു പോലെ അതിവിപുലമാണ് സസ്യജാതികളും! ഔദ്യോഗിക ഭാഷയായിട്ടംഗീകരിച്ചിരിക്കുന്നത് ദേവനാഗരി ലിപിയിലുള്ള ഹിന്ദിയാണ് എന്നു പറഞ്ഞല്ലോ. 1963-ലെ ഔദ്യോഗിക ഭാഷാനിയമവും അതിൻെറ കീഴിൽ ക്രോഡീകരിച്ചിട്ടുള്ള ചട്ടങ്ങളും (1976) സ്മരണീയങ്ങളാണ്.

ലോക്സഭ (ജനസഭ) ആദ്യമായി സംഘടിപ്പിച്ചത് 17 ഏപ്രിൽ 1952-ൽ ആണ്. വളരെ വർഷങ്ങളിൽ ഇന്ത്യൻ നാഷനൽ കാൺഗ്രസ് ആയിരുന്നു മുഖ്യ കക്ഷിയും ഭൂരിപക്ഷം നേടിയ കക്ഷിയും. എന്നാൽ അത് നിലനിർത്താൻ ആ കക്ഷിക്കു കഴിഞ്ഞില്ല. ഒൻപതാമതു ലോക്സഭയിൽ ആകെ ഇരുപത്തി നാലു കക്ഷികളുടെ പ്രതിനിധികളാണുണ്ടായിരുന്നത്. അതേ സമയം ഒരു കക്ഷിക്കും ഭൂരിപക്ഷവുമുണ്ടായിരുന്നില്ല എന്ന സ്ഥിതിയും നിലനിന്നു.

ഔദ്യോഗികാഗീകാരം നേടിയ ഭാഷകൾ പലതുമുണ്ട്. അവയെ (1) നെഗ്രോയിഡ് (2) ആസ്ട്രിക് (3) സൈനോ-ടിബറ്റൻ (4) ഡ്രാവിഡിയൻ (5) ഇൻഡോ ആര്യൻ (6) മറ്റുള്ളവ എന്നിങ്ങനെ വിഭജിച്ചു നിർത്താമെന്ന് പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നു.

ഭാരതീയ സംഗീതത്തിന് വിശാലമായ രണ്ടു വിഭാഗങ്ങളുണ്ട് - ഹിന്ദുസ്ഥാനി സംഗീതവും; കർണ്ണാടകസംഗീതവും. ഇത്രയും പ്രാചീനമായ സംഗീത പാരമ്പര്യമുള്ള മറ്റു ജനസമൂഹങ്ങൾ ലോകത്തിലില്ല. ഭാരതീയ നൃത്തത്തെ വിശാലമായി ഭരതനാട്യം, കഥക്, കഥകളി, കൂച്ചിപ്പുഡി, കൃഷ്ണനാട്ടം, മോഹിനിയാട്ടം, മണിപ്പുരി, ചാക്യാർ കൂത്ത്, ഒഡിസ്സി, ഓട്ടൻ തുള്ളൽ, യക്ഷഗാനം, നാടോടി നൃത്തങ്ങൾ എന്നിങ്ങനെ വിഭജിക്കാൻ വിഷമമില്ല.

ഭാരതീയ ചിത്ര കലയോളം പഴക്കം പറയാവുന്ന ചിത്ര കലാപാരമ്പര്യമുള്ള ജനവിഭാഗങ്ങൾ താരതമ്യേന കുറവാണ്. ശിലായുഗകാലത്തെ (15,000 ബി.സി.)തു മുതൽ ആ ചരിത്രം പറയാം. ശിൽപകലയുടെ കാര്യവും ഇതു പോലെ തന്നെ. ഭാരതീയ നാടകകലയുടെ കഥയും അതിദീർഘമായ ചരിത്രമാണ് സ്പഷ്ടമാക്കുന്നത്. ഏതാണ്ട് എല്ലാ ആധുനിക ഭാരതീയ ഭാഷകളിലും നാടകകല വികസിച്ചിട്ടുണ്ട്.

സൈന്യവിഭാഗങ്ങളുടെ പരമോന്നതയധികാരി ഭാരത രാഷ്ട്രപതിയാണ് എന്ന് ഭരണഘടന വ്യക്തമാക്കിയിട്ടുണ്ട്.

എങ്കിലും പ്രതിരോധത്തിൻെറ ഉത്തരവാദിത്വം മന്ത്രിസഭയ്ക്കാണ്. ദേശീയ പ്രതിരോധം സംബന്ധിച്ച എല്ലാ തീരുമാനങ്ങളും പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള രാഷ്ട്രീയകാര്യ മന്ത്രിസഭാകമ്മിറ്റിയാണ് ചർച്ച ചെയ്തു തീരുമാനിക്കുന്നത്. പ്രതിരോധമന്ത്രിക്കാണ് പാർലമെൻറിനോട് ഉത്തരവാദിത്വം. പ്രതിരോധവകുപ്പു മന്ത്രിയെയാണ് എല്ലാ പ്രതിരോധവകുപ്പു സംബംന്ധമായ കാര്യങ്ങളും പാർലിമെൻറിൽ ഉത്തരം പറയാൻ നിയുക്തനായിരിക്കുന്നത്.

വികസനത്തിനും ഗവേഷണത്തിനുമായുള്ള ഡിഫൻസ് റിസേർച്ച് ആൻഡ് ഡെവലപ്പ്മെൻറ് ഓർഗനൈസേഷൻ(DRDO) സംഘടിപ്പിച്ചത് 1958-ൽ ആണ്. ടെറിറ്റോറിയൽ ആർമിയും നാഷനൽ കേഡറ്റ് കോറും യഥാക്രമം 1949-ലും, 1948-ലും രൂപീകൃതമായി. ഡ്രാഡോ വികസിപ്പിച്ചെടുത്ത ആകാശ്, നാഗ്-എന്നീ മിസൈലുകൾ, അഗ്നി,പ്രഥ്വി, ത്രിശൂൽ-എന്നിവയുൾപ്പെടുന്ന അഞ്ചു ആയുധങ്ങളുടെ പട്ടികയിൽപെട്ടതാണ്. ആകാശ്-ഒറീസ്സയിലുള്ള ചണ്ടിപ്പൂർ പരീക്ഷണസ്ഥാപനത്തിൽ 1990-ൽ ആണ് പരീക്ഷിച്ചത്. സ്വന്തം ഇൻററമിഡിയേറ്റ് മിസൈലുകൾ നിർമ്മിക്കുവാൻ കഴിവുള്ള ഒൻപതാമത്തെ ലോകരാജ്യമായിത്തീർന്നു ഭാരതം. 1889-ൽ ആകാശപ്രതിരോധനത്തിൽ കഴിവാർജ്ജിച്ച്, പരീക്ഷണാർത്ഥമുള്ള എയർബോൺ ഏർളി വാർനിംഗ് വിമാനം പരീക്ഷിച്ചത് 1990 നവംബർ 9-നായിരുന്നു. സ്വന്തം രാജ്യത്തു നിർമ്മിച്ച വിഭൂതി എന്ന് നാവിക നൗക 1990 ഏപ്രിൽ 26-ന് പരീക്ഷണവിധേയമായി. അത് മസഗോൺ കപ്പൽ നിർമ്മാണ കേന്ദ്രത്തിലാണ് രൂപകൽപ്പന ചെയ്ത നിർമ്മിച്ചത്. നാവിക മേഖലയിൽ അണു ശക്തിയുപയോഗപ്പെടുത്തുന്ന ആറാമത്തെ രാജ്യമെന്ന പദവിയും 1988 ഫെബ്രുവരിയിൽ നാം ആർജ്ജിച്ചു.

ബഹിരാകാശ പദ്ധതിയും ഭാരതത്തിന് അഭിമാനകരമായ നേട്ടങ്ങൾ സംജാതമാക്കിയിട്ടുണ്ട്. അത് ആര്യഭട്ടയുടെ വിജയകരമായ വിക്ഷേപണത്തിലൂടെ 1975 മാർച്ച് 19-ന് അതാരംഭിച്ചെന്നു

പറയാം. ബഹിരാകാശ പരിപാടിയാരംഭിച്ചത് 1962-ൽ ആണ്. ഇന്ത്യൻ സ്പേയ്സ് ഗവേഷണ പദ്ധതി (ISRO) 1969-ൽ സ്ഥാപിതമായി. INSAT-1A പരമ്പരയിൽപെട്ട ആദ്യത്തെ വിക്ഷേപണം1982 സെപ്തംബർ 4-ന് പ്രവർത്തനക്ഷമമായി. വിക്രംസാരാഭായ് ബഹിരാകാശ കേന്ദ്രം (തിരുവനന്തപുരത്ത്) VSSC ആണ്, തുമ്പയിലെ മദ്ധ്യരേഖാ റോക്കറ്റ് വിക്ഷേപണം (TERLS)1963-മുതൽ പ്രവർത്തിച്ചു തുടങ്ങിയത്.

ഭാരതത്തിൽ ദൂരദർശൻ പ്രവർത്തനങ്ങൾ കാര്യക്ഷമമായത് 1959 ആഗസ്റ്റ് 15-ന് പരീക്ഷണാർത്ഥമായിരുന്നു. എല്ലാപ്രസരിണികളിലൂടെയും സംപ്രേക്ഷണം 1982 ആഗസ്റ്റ് 15-ന് തുടങ്ങി. ടെലിവിഷൻ-റേഡിയോ ബന്ധം വിച്ഛേദിച്ചത് 1976-ൽ ഏപ്രിൽ ഒന്നിനാണ്. ദാദാസഹേബ് ഫാൾക്കേ അദ്ദേഹത്തന്റെ രാജഹരിശ്ചന്ദ്ര എന്ന ചലച്ചിത്രം പ്രവർത്തനക്ഷമമാക്കിയത് 1913- മേയ് 3-നായിരുന്നു. ഭാരതത്തിൽ ഫിലിംഡിവിഷൻ സംഘടിപ്പിച്ചത് 1948-ൽ ആണ്. NFDC സംഘടിപ്പിച്ചത് 1975-ലും! കുട്ടികൾക്കായുള്ള ഫിലിം സൊസൈറ്റി 1955-മേയിൽ നിലവിൽ വന്നു.

ചലച്ചിത്ര മഹോത്സവത്തിന്റെ ആരംഭം 1953-ൽ ആണ്. ചലച്ചിത്ര ശേഖരം (Film Archieve) തുടങ്ങിയത് 1982-ലും! പൂനയിലുള്ള ചലച്ചിത്ര-ടെലിവിഷൻ പരിശീലനാലയത്തിന്റെ തുടക്കം 1960-ൽ!

1976-ൽ ഒരു ഭരണ ഘടനാഭേദഗതിയിലൂടെ വരുത്തിയ മാറ്റം വിദ്യാഭ്യാസത്തെ ഒരു സംയുക്ത വിഷയമാക്കി. അതായത് സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും ഉത്തരവാദിത്വമുള്ള വിഷയമാക്കി. 1976-നു മുമ്പ് സംസ്ഥാനങ്ങളുടെ മാത്രം ഉത്തരവാദിത്വമുള്ള വിഷയമായിരുന്നു വിദ്യാഭ്യാസം. വിദ്യാഭ്യാസം സംബന്ധിച്ച ദേശീയ നയം 1968-ൽ സ്വീകരിക്കുകയുണ്ടായകാര്യവും സ്മരണീയമാണ്. യൂണിവേഴ്സിറ്റി ഗ്രാൻഡ്സ് കമ്മീഷൻ (U.G.C.) രൂപീകരിച്ചത് 1953-ൽ ആണ്. NCERT സ്ഥാപിച്ചത് 1961-ലും സിംലയിലുള്ള ഇൻഡ്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ്

അഡ്വാൻസ്ഡ് സ്റ്റഡി 1965-ൽ സ്ഥാപിച്ചു. ഇതു പോലെ എടുത്തുപറയത്തക്ക മറ്റൊരു സ്ഥാപനമാണ്, ഹൈദരാബാദിലെ കേന്ദ്ര ഇംഗ്ലീഷും വിദേശഭാഷാ സ്ഥാപനവും (CIEFL).

സാംസ്കാരിക രംഗത്തെ നാഴികക്കല്ലുകൾ എന്നു പറയത്തക്കവയാണ് 1954-ൽ സ്ഥാപിച്ച ലളിത കലാ അക്കാദമിയും, 1953-ൽ രൂപീകരിച്ച സംഗീത് നാടക് അക്കാദമിയും, 1954-ൽ സംഘടിപ്പിച്ച സാഹിത്യ അക്കാദമിയും. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ 1861-ൽ രൂപീകരിച്ച വകുപ്പാണ്. ഇൻഡ്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് ന്യൂ ഡൽഹി കേന്ദ്രമാക്കി 1950-ൽ ആണ് സ്ഥാപിച്ചത്. കേന്ദ്രസർക്കാരിൻെറ ശാസ്ത്രനയപ്രഖ്യാപന പ്രമേയം പാർലിമെൻറ് അംഗീകരിച്ചത് 1958 മാർച്ച് 4 നായിരുന്നു. ദേശീയ ബയോടെക്നോളജി ബോർഡ് സംഘടിപ്പിച്ചത് 1982 ജനുവരി 18 നാണ്.

അണോർജ്ജക്കമ്മീഷൻ (Atomic Energy Commission) 1948-ൽ രൂപമെടുത്തു. ഭാരതത്തിലെ ബഹിരാകാശ ഗവേഷണത്തിൻെറ തുടക്കം 1962-ൽ ആണ്. CSIR-ൻെറ തുടക്കം 1942-ലും! കാർഷിക പ്രധാനങ്ങളായവ സംബന്ധിച്ച പഠനങ്ങളാണ് ICAR- നടത്തുന്നത്; രൂപീകൃതമായത് 1973-ൽ! അത് ഒരു രജിസ്റ്റേർഡ് സൊസൈറ്റിയായി 1929 മുതൽ പ്രവർത്തിക്കാൻ തുടങ്ങി. രോഗചികിത്സാപ്രധാനങ്ങളായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ICMR ആരംഭിച്ചത് 1911-ൽ ആണ്. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ സംബന്ധിക്കുന്ന പഠനങ്ങൾ നടത്തുന്നതിന് ബാധ്യതയുള്ളത് Department of Non-Conventional Energy Sources എന്ന വകുപ്പും Additional Sources of Energy (ASE) എന്ന വകുപ്പും ഊർജ്ജസ്രോതസ്സുകളുടെ കാര്യങ്ങൾ നിർവ്വഹിക്കാൻ ബാധ്യതയുള്ളവയാണ്. ഇതിൽ ASE രൂപീകൃതമായത് 1981-മാർച്ച് 12നാണ്. പരിസ്ഥിതിസംബന്ധിച്ച വിഷയങ്ങൾക്ക് മുഖ്യമായി ബാധ്യതപ്പെടുത്തിട്ടുള്ളത് 1980 നവംബറിൽ സ്ഥാപിച്ച (DOEN)ആണ്. സാഗരസംബന്ധികളായ വിഷയങ്ങൾക്ക് പനാജിയിൽ സ്ഥാപിതമായിട്ടുള്ള നാഷനൽ ഇൻസ്റ്റിട്യൂട്ടിൻെറ (1966) ചുമതലകളിൽ പെടുന്നു.

പട്ടിക ജാതി-വർഗ്ഗങ്ങൾ ഏതൊക്കെയെന്ന പ്രഖ്യാപനം ഭരണ ഘടനയിലെ 341;342, എന്നീവകുപ്പുകൾ പ്രകാരം, രാഷ്ട്രപതി നടത്തുന്നു. ചില സംസ്ഥാനസർക്കാരുകളും ഇതിലേക്കാവശ്യമായ പ്രഖ്യാപനം നടത്തും. 1955-ൽ പാസ്സാക്കിയ അയിത്തോച്ചാടന നിയമം (Untouchability Offences) Act 1955. വിപുലമായി ഭേദഗതി ചെയ്തിട്ടുണ്ട് 1976 -ൽ. അതിൻെറ പേർ തന്നെ Protection of Civil Rights Act 1955 എന്നായി. വ്യവസ്ഥകൾ ഊർജ്ജിതത്തിൽ വരുത്തുന്ന ചുമതല സംസ്ഥാന സർക്കാരുകൾക്കുമാണ്. എല്ലാകൊല്ലവും കേന്ദ്ര സർക്കാർ പാർലിമെൻറിൻെറ ഇരുസഭകളിലും വിശദമായ ഒരു റിപ്പോർട്ടു സമർപ്പിക്കാൻ ബാധ്യസ്ഥമാണ്. (Section 15A of the Act.)

ഭരണഘടനയിലെ 330; 332- വകുപ്പുകളനുസരിച്ച് ലോക് സഭയിലും, സംസ്ഥാന നിയമസഭകളിലും പട്ടികജാതി-വർഗ്ഗങ്ങൾക്ക് സ്ഥാനങ്ങൾ നിജപ്പെടുത്തേണ്ടതാണ്. രാജ്യസഭയിലും, സംസ്ഥാനങ്ങളിലെ ഉപരിസഭകളിലും സംവരണമില്ല. ആന്ധ്ര പ്രദേശം, ബീഹാർ, ഗുജറാത്ത്, ഹിമാചൽപ്രദേശം, മദ്ധ്യ പ്രദേശം, മഹാരാഷ്ട്രം, ഒറിസ്സാ, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ ഭരണഘടനയിലെ 244-ാം വകുപ്പനുസരിച്ച് അഞ്ചാം പട്ടികയനുസരിച്ചും രാഷ്ട്രപതിക്ക് കൊല്ലം തോറും ഗവർണർ (രാജ്യപാൽ) റിപ്പോർട്ടു സമർപ്പിക്കണം. അസ്സാം, മേഘാലയ, മിസോറാം, എന്നിവിടങ്ങളിൽ ഭരണഘടനയിലെ ആറാം പട്ടിക പ്രകാരം വേണം ഭരണം നടത്താൻ. സ്വയം ഭരണജില്ലകളിൽ ദൈനംദിന ഭരണത്തിന് മുപ്പതംഗങ്ങളുള്ള കൗൺസിൽ ഉണ്ട്. അവർക്ക് ഭരണപരം, നിയമനിർമ്മാണപരം, നീതിന്യായപരം എന്നിങ്ങനെയുള്ള അധികാരങ്ങളുണ്ട്. ഭരണഘടയിലെ 338 വ്യവസ്ഥയനുസരിച്ച് 1978-ൽ ഒരു പട്ടികജാതി-വർഗ്ഗ കമ്മീഷണരെ ആദ്യമായി നിയമിക്കുകയുണ്ടായി. ബീഹാർ, മദ്ധ്യ പ്രദേശം, ഒറീസ്സാ എന്നിവിടങ്ങളിൽ ഭരണഘടനയിലെ 164-ാം വ്യവസ്ഥയനുസരിച്ച് പ്രത്യേക മന്ത്രിമാരെ നിയമിക്കാൻ വ്യവസ്ഥയുണ്ട്. അഞ്ചാം പട്ടികയിലെ വ്യവസ്ഥ പ്രകാരം തമിഴ്നാട്,

പശ്ചിമബംഗാൾ അടക്കമുള്ള സംസ്ഥാനങ്ങളിൽ പട്ടികവർഗ്ഗ-ജാതി ഉപദേശകസമിതികളും രൂപീകരിച്ചിരിക്കുന്നു.

ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ളത്1927 - എന്നത്രേ ഭാരതത്തിലെ പ്രക്ഷേപണത്തിൻെറ ആരംഭം. 1924-ൽ അതു ചെന്നൈയിൽ ആരംഭിച്ചു എന്ന സത്യം വിഗണിച്ചാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്. ഭാരതപ്രക്ഷേപണത്തെ ആൾ ഇൻഡ്യാ റേഡിയോ (AIR) എന്നു നാമകരണം ചെയ്തത് 1936-ലും, ആകാശവാണിയെന്നു പറയാൻ തുടങ്ങിയത് 1957-ലും ആണ്. റേഡിയോയിൽ വാണിജ്യ പ്രക്ഷേപണം തുടങ്ങിയത് 1967-നവംബർ ഒന്നിനായിരുന്നു.

റിസർവ്ബാങ്ക് നിയമം (Reserve Bank of India Act 1934) അനുസരിച്ച് 1935 ഏപ്രിൽ 1 നാണ് ആ ബാങ്ക് സ്ഥാപിച്ചത്; ദേശീകരിച്ചത് 1949-ലും പ്ലാനിംഗ് കമ്മീഷൻ സംഘടിപ്പിച്ചത് 1950-ൽ ആണ്.

അതിപുരാതനകാലം മുതൽ ഭാരതത്തിൽ കൃഷിയിടങ്ങളുണ്ടായിരുന്നു. നെൽകൃഷി, കരിമ്പുകൃഷി, പരുത്തികൃഷി, എണ്ണക്കുരുക്കൾ തുടങ്ങിയവയിൽ പലതും കൃഷിചെയ്യാനാരംഭിച്ചതു തന്നെ ഭാരതത്തിലാണെന്നത്രേ പല പണ്ഡിതമാരും പറയാറുള്ളത്. ഭാരതീയ സംസ്കാരത്തോടൊപ്പം, ഇവിടെ കൃഷിയും വികസിച്ചു; വ്യാപിച്ചു; പ്രചരിച്ചു.പൊതുവെ പറഞ്ഞാൽ ഭാരതമേഖലയുടെ 22 ശതമാനത്തോളം പ്രദേശം മാത്രമാണ് വനങ്ങളായി നിലവിലിരിക്കുന്നത്. വനവിഭവങ്ങളെന്ന നിലയിൽ വിലപ്പെട്ട പലതും ലഭ്യമാകുന്നുണ്ട്. കൂടുതൽ മേഖലകൾ തെളിയുന്നത് വിപത്തു വരുത്തുമെന്നു വിദഗ്ദ്ധൻമാർ മുന്നറിയിപ്പു തരുന്നുണ്ട്. നേരത്തെ 1894-ൽ ഉണ്ടായിരുന്ന വനനയം 1952-ൽ പുനരാവിഷ്കരിക്കുകയുണ്ടായി. ലോകവനദിവസം നാം ആചരിക്കുന്നത് വനമഹോത്സവമായിട്ടാണ് - എല്ലാ വർഷവും മാർച്ച് മാസം 21- ന്.

അതിപുരാതനകാലം തൊട്ട് ഭാരതത്തിലെ ഭരണാധികാരികൾ അവരുടെ ഉത്തരവാദിത്വമെന്ന നിലയിൽ ജലസേചന

പദ്ധതികൾക്ക് ഏർപ്പാടു ചെയ്തിരുന്ന പാരമ്പര്യമാണ് ഇവിടെ യുള്ളത്. വിവിധോദ്ദേശപദ്ധതികളെന്ന രൂപത്തിൽ ഈ നയം തന്നെ, നമ്മുടെ നാട്ടിൽ ഇന്നും നിലവിലുണ്ട്. ഒരു ദേശീയ വെള്ളപ്പൊക്കനിയന്ത്രണ പരിപാടി 1954-ൽ ആരംഭിച്ചു. സംയോജിത ഗ്രാമവികസന പദ്ധതി തുടങ്ങിയവ നാട്ടിൻ പുറങ്ങ ളിൽ വികസനത്തിൻെറ സന്ദേശമെത്തിക്കാനുള്ളതാണ്. IRDP യുടെ ആരംഭം 1978-79 ൽ ആയിരുന്നു. കന്നുകാലി വളർത്തലിൽ ഊന്നൽ നൽകുന്ന പ്രത്യേക കന്നുകാലിയുൽപ്പാദന പരിപാടി (SLPP)യുടെയാരംഭം 1975-76 ൽ ആയിരുന്നു. യുവജനങ്ങൾ വേല കണ്ടെത്തുകയെന്ന ലക്ഷ്യം വച്ച് ഒരു പദ്ധതി പഴയ ആഹാര ത്തിനു പകരം വേലയെന്ന പേരിൽ ഉണ്ടായിരുന്നതിനു പകരം 1980-ൽ നിലവിൽ വന്നു (NREP). 1981 ഏപ്രിൽ 1 മുതൽ അത് സ്ഥിരമായ കാര്യമായി. സ്വതന്ത്രമായ തൊഴിൽ കണ്ടെത്താനുത കുന്ന ഒരു പരിശീലന പദ്ധതി 1979 ആഗസ്റ്റ് മുതൽ നിലവിൽ വന്നു (TRYSEM) പഞ്ചായത്തിരാജ് 1959 മുതൽ തുടങ്ങി. കരി ഞ്ചന്ത തടയാനും. ഏറ്റവും ആവശ്യമായ വിഭവങ്ങൾ നേരാം വണ്ണം കിട്ടാനുമുതകത്തക്ക വ്യവസ്ഥകൾ ചെയ്ത നിയമം 1980-ൽ (Prevention of Black Marketing and Maintenance of Essential Commodities Act) ഊർജ്ജിതത്തിൽ വന്നു. വിഭവങ്ങുളടെ നിലവാരം നിശ്ചയിക്കുന്ന Indian Standards Institution (ISI) 1947 ജനുവരിയിൽ സ്ഥാപിതയായ കാര്യവും സ്മരിക്കേണ്ടതുണ്ട്. അവരുടെ പ്രവർത്തനത്തിനാവശ്യമായ നിയമം 1952 (Indian Standards Institution (Certification) Act, 1952) നില വിലുണ്ട്. തൂക്കങ്ങളും അളവുകളും നിശ്ചയിക്കുന്നനിയമം Standards of Weight & Measures Act _ 1956 വും ഉണ്ടായി.

സഹകരണപ്രസ്ഥാനത്തിൻെറ ആശയം 1904-മുതൽ ഭാരത ത്തിൽ രൂപമാർജ്ജിച്ചിട്ടുണ്ട്. തികച്ചും നൂതനമായ ഒരു Co-Operative Ltd(IFFCO) രജിസ്റ്റർ ചെയ്തത് 1967-ൽ ആണ്. വൈ ദ്യുതിയുൽപ്പാദനത്തിലുള്ള താൽപര്യം 1900 മുതൽ ഭാരതത്തിലു ണ്ടായിരുന്നെങ്കിലും ജലവൈദ്യുതിയുൽപ്പാദനം കർണ്ണാടക ത്തിലെ ശിവസമുദ്രത്തിൽ സാധ്യമായതോടു കൂടി 1947-ൽ

ആണു സംഭവിച്ചത്. പ്രാദേശിക വൈദ്യുതി ബോർഡുകൾ നിലവിൽ വന്നത് 1964 മുതലത്രേ. NTPC(The National Thermal Power Corporation) സംഘടിപ്പിച്ചത് 1975-ലത്രേ! ജലവൈദ്യുതിയുടെ കാര്യത്തിന് NHPC 1975 നവംബറിൽ രൂപം കൊണ്ടു. സംസ്ഥാനങ്ങളിൽ എല്ലാം തന്നെ നിരവധി ജലവൈദ്യുത നിലയങ്ങൾ സ്ഥാപിച്ചിരിക്കുന്നു.

ഭാരതത്തിൽ കൽക്കരി ഖനനമാരംഭിച്ചത്, പശ്ചിമ ബംഗാളിലെ റാണിഗഞ്ച് എന്ന സ്ഥലത്ത് 1774-ൽ ആണ്. ഇന്നു പൊതുമേഖലയിൽ കൽക്കരിയുൽപാദനം മുഖ്യമായി കോൾ ഇൻഡ്യ (ലി.) ആഭിമുഖ്യത്തിലോ അതിൻെറ കീഴ് ഘടകങ്ങളുടെ ചുമതലയിലോ നടക്കുന്നു. ലിഗ്നൈറ്റ് മുഖ്യമായി തമിഴ്നാട്ടിലെ നൈയ്വേലിയിലാണ് കേന്ദ്രീകരിച്ചിട്ടുള്ളത്. എണ്ണ പ്രകൃതിവാതകച്ചുമതല മുഖ്യമായി Oil and Natural Gas Commission (ONGC)14 ഒക്ടോബർ 1981-ൽ കേന്ദ്രസർക്കാരിൻെറ ചുമതലയിൽ വന്നു. ഇന്ന് എണ്ണയുൽപ്പാദിപ്പിക്കുന്ന നിരവധി സങ്കേതങ്ങൾ ഭാരതത്തിലുണ്ട്. ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ (IOC) സെപ്തംബർ 1, 1964-ൽ രൂപമെടുത്തു.

ഭാരതത്തിലെ വ്യയസായ നയം ആദ്യമായി പ്രഖ്യാപിച്ചത് 1948-ൽ ആണ്. 1951-ൽ Industries (Development and Reguletion) Act നിർമ്മിച്ചു. സുസംഘടിതമായ വ്യവസായങ്ങളുടെ തുടക്കം 1854-ൽ അണെന്നു പറയാം, ജൗളി, ചണം, പഞ്ചസാര, വനസ്പതി, സിമൻറ്, കടലാസ്, തുടങ്ങിയ മേഖലകളിലെല്ലാം ഭാരതത്തിൻെറ സ്ഥാനം മുൻപന്തിയിൽ തന്നെ. അതു പോലെ തന്നെയാണ് ഇരുമ്പ്, ഉരുക്ക്, അലുമിനിയം വളം, രാസവസ്തുക്കൾ തുടങ്ങിയവയുടെ കാര്യങ്ങളിലും.

ഇതുപോലെ പ്രാധാന്യമർഹിക്കുന്നവയാണ് തോട്ട വിളകളും. ചായ, കാപ്പി, റബ്ബർ, പുകയില, ഏലക്ക- എന്നിവ പ്രത്യേകിച്ചും. മിക്കവാറും എല്ലാ ലോകരാജ്യങ്ങളുമായി ഇന്നു ഭാരതത്തിന് വാണിജ്യ ബന്ധമുണ്ട്. സ്വാതന്ത്ര്യലബ്ദിക്കുശേഷം സമു

ലമായ പരിവർത്തനം ഈ മേഖലയിൽ സംഭവിക്കുകയു മുണ്ടായി.

ഗതാഗതവിഷത്തിൽ പ്രാമാണ്യമുള്ളത് തീവണ്ടിയ്ക്കാണ്. ഏപ്രിൽ 1853-ൽ വളരെ ലളിതമായിട്ടാരംഭിച്ച തീവണ്ടി ഗതാഗതം ഇന്ന് അതിപ്രധാനമായ ഒന്നായിത്തീർന്നിരിക്കുന്നു. മിക്കവാറും എല്ലാ പ്രദേശങ്ങളിലും തീവണ്ടി സഞ്ചാരത്തിന് ഇന്ന് സൗകര്യമുണ്ട്. ആളുകളുടെ മാത്രമല്ല, അത്യാവശ്യവിഭവ ങ്ങളും യഥാസ്ഥാനങ്ങളിലെത്തിക്കാൻ തീവണ്ടിയ്ക്കു കഴിയും. അതുപോലെതന്നെയാണ് സമുദ്രവാണിജ്യ സൗകര്യങ്ങളും. കപ്പൽ നിർമ്മാണത്തിനുള്ള ഏർപ്പാടുകൾ ഇന്ന് പല സങ്കേതങ്ങളി ലുമുണ്ട്. തുറമുഖങ്ങളെ പലതായി വീതിച്ചു വേർപ്പെടുത്തി യാണ് പരാമർശിക്കാറുള്ളത്. അതിപുരാതനകാലം മുതൽ അസാധാരണമായ പ്രാധാന്യം റോഡുഗതാഗതത്തിന് ഭാരതത്തിൽ നൽകിയിട്ടുണ്ട്. ഇന്നും നമ്മുടെ റോഡു ശൃംഖല ലോകത്തിലെ ഏറ്റവും വലിയതാണ്. ക്രിസ്തുവിൻെറ ജനനത്തിനുമുമ്പു സഹസ്രാബ്ദങ്ങൾക്കപ്പുറം മൗര്യസാമ്രാജ്യകാലത്തു മുതൽ തുടങ്ങിയ ഈ സഞ്ചാരസൗകര്യം ഇന്നും അഭംഗുരമായി തുടരുന്നു. അതോടൊപ്പം, വിമാനസഞ്ചാരത്തിനും വമ്പിച്ച പുരോഗതിയുണ്ടായി.

ആധുനിക പോസ്റ്റൽ സമ്പ്രദായത്തിൻെറയാരംഭം 1837-ൽ ആണെന്നു പറയാം. എന്നാൽ അതിപ്രാചീന കാലം തൊട്ട് അറിയിപ്പുകളും പ്രഖ്യാപനങ്ങളും നാടിൻെറ നാനാഭാഗ ത്തുമെത്തിക്കുന്നതിനുള്ള ഏർപ്പാടുകളുണ്ടായിരുന്നു. ആധു നിക സന്ദേശവിനിമയ സജ്ജീകരണങ്ങളിൽ മുഖ്യം, കമ്പിത്ത പാലും, ടെലിഫോണും, അനുബന്ധ സജ്ജീകരണങ്ങളുമാണ്.

ഭരണഘടനയുടെ നയം സംബന്ധിച്ച നിർദ്ദേശക തത്വങ്ങ ളിൽ പ്രാമുഖ്യം നേടിയിട്ടുള്ള കാര്യങ്ങളാണ് തൊഴിലാളികളെ സംബന്ധിക്കുന്നവ. കുറഞ്ഞകൂലി നിയമം (The Minimum Wages Act,1948) ഇന്ന് എല്ലാ തൊഴിലാളികൾക്കും ബാധകമാക്കി

യിട്ടുണ്ട്. Payment of Bonus Act,1965, 1980-ൽ ഭേദഗതി ചെയ്തു. The Industrial Disputes Act, 1947 തുടങ്ങിയവയുടെ കാര്യവും പ്രസക്തമാണ്.

സ്വാതന്ത്ര്യത്തിനുമുമ്പ് ഭാരതത്തിന്റെ വാണിജ്യത്തിന്റെ പൊതുവായ സ്വഭാവം കാർഷികപ്രധാനവും കോളേണിയൽ സ്വാധീനമേറിയതുമായിരുന്നു. എന്നാൽ അതിനുശേഷം സമൂലമായ പരിവർത്തനമാണുണ്ടായത്. State Trading Corporation of India (STC) ഇൻഡ്യൻ കമ്പനീസ് നിയമത്തിന്റെ കീഴിൽ 1956-ൽ രജിസ്റ്റർ ചെയ്തു. ആഭ്യന്തരവാണിജ്യവും അതി വിപുലമായിട്ടുണ്ട്.

വിനോദസഞ്ചാരത്തിന് ഭാരതത്തിൽ വിപുലമായ സാധ്യതകളാണുള്ളത്. പ്രകൃതിരമണീയങ്ങളായ സ്ഥലങ്ങളും, പുരാണപ്രസിദ്ധങ്ങളായ അവ ശിഷ്ടങ്ങളും നമുക്ക് വേണ്ടുവോളമുണ്ട്. അതുപോലെ അപൂർവ്വ ജീവജാലങ്ങൾ പുലരുന്ന മേഖലകളും കുറവല്ല.

ചെന്നൈ, കൽക്കട്ട എന്നിവിടങ്ങളിലെ ഹൈക്കോടതികൾ സ്ഥാപിതമായത് 1861-ൽ ആണ്. അത്രയുമില്ലെങ്കിലും പഴക്കത്തിന്റെ കാര്യത്തിൽ പറയേണ്ടതാണ്. 1866 -ൽ സ്ഥാപിതമായ അലഹബാദ് ഹൈക്കോടതി. അതുപോലെയുള്ള ഹൈക്കോടതിയാണ് ജമ്മു-കാശ്മീരിലേത് -അത് 1928-ൽ സ്ഥാപിതമായി. കർണ്ണാടകത്തിലെ ഹൈക്കോടതി സ്ഥാപിതമായത് 1884-ൽ ആണ്. എടുത്തുപറയേണ്ട മറ്റൊരു വസ്തുതയാണ് ലോകത്തിലെ ഏറ്റവും പ്രാചീനമായ സാമൂഹ്യനീതിയാണ്, മനുസ്മൃതിയിലുള്ളത്. ഇത്രയും പഴക്കം പറയാവുന്ന മറ്റൊരു നീതിശാസ്ത്രവും ലോകത്തിലില്ല. ഈ പരമാർത്ഥം മനുസ്മൃതിക്കെ (2000 ബി.സി.) തിരായി കല്ലെറിയുന്നവരാരും തന്നെ ഓർമ്മിക്കാറാല്ലെന്നതാണ് ദുഃഖകരമായ സത്യം. നമ്മുടെ Code of Criminal Procedure 1898-ൽ നിലവിൽ വന്നു. അത് പിൽക്കാലങ്ങളിൽ ഏറെ ഭേദഗതികൾക്കു വിധേയമായിട്ടുണ്ട്. ഭരണഘടനയുടെ

14-ാം വകുപ്പ് അനുശാസിക്കുന്നത് ഒരു വ്യക്തിക്കും നിയമത്തിനു മുമ്പിൽ സമത്വമനുഭവിക്കാനിടയില്ലാത്ത സാഹചര്യമുണ്ടാകരുതെന്നതാണ്. 21-ാം വകുപ്പനുസരിച്ച് ഒരോ വ്യക്തിയുടേയും സ്വാതന്ത്ര്യവും മുതലും നിയമവിധേയമല്ലാതെ നിരാകരിച്ചു കൂടെന്നത്രേ. ഈ സാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ കാര്യങ്ങൾ ഭരണഘടനയിലെ 39 (A) ഉറപ്പാക്കുന്നുമുണ്ട്.

ഹൈദരാബാദിലെ സർദാർ വല്ലഭായിപ്പട്ടേൽ നാഷനൽ പൊലീസ് അക്കാദമി 1948-ൽ സ്ഥാപിതമായി. ക്രിമിനോളജി, ഫോറെൻസിക് സയൻസ് എന്നീ വിഷയങ്ങൾക്കുള്ള ഇൻസ്റ്റിട്യൂട്ട് 1972-ൽ സ്ഥാപിച്ചു.

ബഹിരാകാശത്ത് സഞ്ചരിച്ച ആദ്യത്തെ ഭാരതീയനാണ് Sq.Ldr. രാകേഷ് ശർമ്മ. ഇൻഡ്യയും സോവിയറ്റുറഷ്യയും സഹകരിച്ച് 1984-ഏപ്രിൽ 3-നു നടത്തിയ സഞ്ചാരത്തിലാണതു സാധ്യമായത്. ഭാരതത്തിൽ പിറന്ന ആദ്യത്തെ ടെസ്റ്റ് ട്യൂബ് ശിശു ബോംബെയിലെ ഒരാശുപത്രിയിലാണുണ്ടായത്. ഹർഷ ചൗവ്ഡയാണ് പിതാവ്. മണിബെൻ മാതാവും. 1986 ആഗസ്റ്റ് 6-നാണതു സംഭവിച്ചത്.

ഭാരതത്തിൻെറ ആദ്യത്തെ രാഷ്ട്രപതി ഡാ. രാജേന്ദ്രപ്രസാദ് (1884-1963) ആയിരുന്നു. ഒന്നാമത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രുവും (1889-1964) ചീഫ് ജസ്റ്റിസ്, ഹരിലാൽ കാനിയയും ആയിരുന്നെന്ന കാര്യവും സ്മരണീയമാണ്. 1950-ൽ ആണ് ഭരണഘടനയുടെ ആദ്യത്തെ ഭേദഗതി. (The Constitution (First Amendment) Act 1950) അവസാനമായി ഭേദഗതി ചെയ്തത് 1995-ലും എല്ലാം കൂടി 2000 വരെ തൊണ്ണൂറു ഭേദഗതികളാണുണ്ടായിട്ടുള്ളത്.

ഏറ്റവും ദൈർഘ്യമുള്ള ബ്രോഡ്ഗേജ് പാത ഹിമസാഗർ എക്സ്പ്രസ് ഓടുന്ന കന്യാകുമാരി-ജമ്മുടാവിയാണ്; 3726 കി.മീ.. മീറ്റർഗേജ് പാതയുടെ കാര്യമെടുത്താൽ, ഡൽഹി-

അഹമ്മദാബാദ് പാതയാണ് ഒന്നാം പന്തിയിൽ - ആശ്രമം എക്സ്പ്രസ് ഓടുന്നപാത! 934 കി.മി. ദൈർഘ്യം. ആകെപ്പാടെയുള്ള ദേശീയപാത (National Highway)യുടെ എണ്ണം എഴുപത്തേഴു വരും! അവയ്ക്കോരോന്നിനും ഓരോ നമ്പരാണു കൊടുത്തിരിക്കുന്നത്.

തെരഞ്ഞെടുപ്പു കമ്മീഷനു ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് 324 -ാം വകുപ്പിലാണെന്നു മുമ്പു പറഞ്ഞല്ലോ. 1989 ഒക്ടോബർ 7-ന് ഒരു പ്രത്യേക പ്രഖ്യാപനത്തിലൂടെ ഇലക്ഷൻ കമ്മീഷണറൻമാരുടെ എണ്ണം നിജപ്പെടുത്തി. അതിനു ശേഷം 1990 ജനുവരി 1-ന് മറ്റൊരു നോട്ടി ഫിക്കേഷനും വന്നു. അതിനു മുമ്പുണ്ടായ 1972-ലെ പ്രഖ്യാപനത്തിൽ കമ്മീഷണറുടെ സേവനവ്യവസ്ഥകൾ നിജപ്പെടുത്തി. അതിന്, പിൻകാല പ്രാബല്യവുമുണ്ടായിരുന്നു. ഇതുമായി അനുബന്ധപ്പെട്ട മറ്റു നിയമങ്ങൾ (Representation of the People Act 1950, 1951) എന്നിവയും, Presidential and Vice-Presidential Election Act, 1952, Govt. of the Union Territories Act 1963, Delhi Administration Act, 1966 എന്നിവയും ബന്ധപ്പെട്ട ചട്ടങ്ങളും ഉത്തരവുകളുമാണ്.

ഭാരതത്തിൽ കാലാവസ്ഥ പ്രവചനാർത്ഥവും മറ്റുമുള്ള പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന്, The India Meteorological Department (IMD) സ്ഥാപിച്ചത്, 1875-ൽ ആണ്. ലോക കാലാവസ്ഥാ പ്രവചന പ്രവർത്തനങ്ങളിൽ കാര്യമായി അവർ സഹകരിച്ചു വരുന്നു. CSIR സ്ഥാപിച്ചത് 1942-ആണെന്ന വസ്തുത മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. ബയോടെക്നോളജി വകുപ്പു 1986-ൽ സ്ഥാപിതമായി. പരിസ്ഥിതി വിഷയങ്ങൾക്കും വിപുലമായ പ്രാമാണ്യം ഭാരതം കൊടുക്കുന്നു.

ഒറ്റ സാംക്രമികരോഗത്തിനെതിരായി ലോകത്തിൽ ഏറ്റവും വിപുലമായ പോരു നടത്തിയത്, മലമ്പനിക്കെതിരായിട്ടായിരുന്നു. അത് (National Malaria Eradicatoin Programme) വിജയകരമായി 1958 പര്യവസാനിച്ചു. ഇതുപോലെ പ്രാമാണ്യം

നേടിയ പരിപാടിയാണ്, മന്തുരോഗനിവാരണ പദ്ധതി (National Filaria Control Programme).

ഭരണഘടനാവ്യവസ്ഥകളനുസരിച്ച് ധനകാര്യക്കമ്മീഷനെ നിയമിക്കണമെന്ന് നിർബ്ബന്ധമുണ്ട്. പത്താമത്തെ ധനകാര്യക്കമ്മീഷനെ 1992 ജൂൺ 15- ന്നിയമിച്ചു. ഭരണഘടനയിലെ നിർദ്ദേശക തത്വങ്ങളിൽ നിന്ന് ശക്തി സംഭരിക്കുന്ന വ്യവസ്ഥയാണ് നമ്മുടെ പ്ലാനിംഗിന് അടിസ്ഥാനം. ആദ്യത്തെ പഞ്ചവത്സര പദ്ധതി (1951-56) നിലവിൽ വന്നു. മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും അവരവരുടെതായ പ്ലാനിംഗ് ബോർഡുകളുണ്ട്. പരിപാടികൾ നിലവിൽ വരുത്താൻ ബാധ്യതയുള്ള Programme Implementation കമ്മിറ്റി ഒരു ഭരണ വകുപ്പായി, 1985 സെപ്തംബറിൽ നിലവിൽ വന്നു.

ഭാരതം എന്നും ഒരു കർഷക പ്രധാനമായ നാടായിരുന്നു. ഇന്നും എഴുപതു ശതമാനത്തിലധികം തൊഴിലാളികൾ കാർഷിക വൃത്തിയിലാണു വർത്തിക്കുന്നത്. വിപുലമായവിധം കൃഷി രീതികൾ പരിഷ്കരിക്കാനും നൂതന പദ്ധതികൾ ആവിഷ്കരിക്കാനും സാധിച്ചതുകൊണ്ട്, ആഹാരവിഭവങ്ങൾ ഇറക്കുമതി ചെയ്തിരുന്ന ഒരു മഹാരാജ്യത്തെ, ധാന്യം കയറ്റുമതി ചെയ്യാവുന്ന ഒരു നാടാക്കി പരിവർത്തനപ്പെടുത്താൻ നമുക്കു സാധിച്ചു. ദേശീയവിത്തു കോർപ്പറേഷൻ (NSC) 1963-ൽ സ്ഥാപിതമായി. അതുപോലെ പ്രാധാന്യമുള്ള സ്റ്റേറ്റ് വിത്തു കോർപ്പറേഷൻ (SFCI) സ്ഥാപിച്ചത്. 1969-ൽ ആണ്. വളനിർമ്മാണത്തിലും വമ്പിച്ച നേട്ടങ്ങൾ നമുക്ക് ആർജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ട്. പഴങ്ങളും പച്ചക്കറികളുമുൽപ്പാദിപ്പിക്കുന്ന കാര്യങ്ങളിൽ ലോകരാജ്യങ്ങളിൽ രണ്ടാം സ്ഥാനം നമുക്കുണ്ട്. കന്നുകാലി വളർത്തലിനും അഭിമാനിക്കാവുന്ന വസ്തുതകൾ നമുക്കുപറയാവുന്നതാണ്. അതു പോലെ തന്നെ കോഴി -താറാവുവളർത്തൽ, വിഷയങ്ങളിലും. മത്സോൽപ്പാദനത്തിലും വമ്പിച്ച പുരോഗതി നേടിക്കഴിഞ്ഞു. കഴിഞ്ഞ നാൽപ്പതു കൊല്ലങ്ങളിൽ നമ്മുടെ ഉൽപ്പാദനം ആറിരട്ടിപെരുകി. ദേശീയ

ജലനയം 1987 സെപ്തംബറിൽ ആവിഷ്കരിച്ചു. നമ്മുടെ നാടിൻെറ ഒരു വലിയ ശാപമായിരുന്നു, വെള്ളപ്പൊക്കങ്ങളും അവയുണ്ടാക്കുന്ന കെടുതികളും. ഇവയ്ക്കൊരു പരിഹാരം കാണാനാണ് 1954-ൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനാവശ്യമായ പരിപാടി സജ്ജീകരിച്ചത്. 1992-ൽ 4607 വെള്ളപ്പൊക്ക പ്രവചന സങ്കേതങ്ങൾ നിലവിലുണ്ടായിരുന്നു. ഈ പരിപാടികൾ ഇന്നു പുനഃപ്പരിശോധനയ്ക്കു വിധേയമാക്കിയിട്ടുമുണ്ട്. സംസ്ഥാനങ്ങൾ തമ്മിലുണ്ടാകാവുന്ന ജലവിഭവ വിതരണത്തർക്കങ്ങൾ പരിഹരിക്കാൻ സംവിധാനങ്ങളുണ്ടെന്ന കാര്യവും പറയട്ടെ, കേന്ദ്ര ജല കമ്മീഷൻ (CWC) 1945-ൽ രൂപീകരിച്ചു. നമുക്ക് എന്നും അഭിമാനിക്കത്തക്ക ജലവൈദ്യുത വിവിധോദ്ദേശ പദ്ധതികൾ പലതുമുണ്ടെന്നു പറയാനേ ഇവിടെ ഇടമുള്ളൂ.

നമ്മുടെ ഭരണഘടനയുടെ ആദ്യത്തെ ഭേദഗതിയുണ്ടായത് 1950- ൽ ആണ് എന്നു പറഞ്ഞല്ലോ. ഏറ്റവും മുഖ്യങ്ങളായ ഭേദഗതികൾ നടത്തിയത് 1976- ഉണ്ടായ നാൽപ്പത്തി രണ്ടാമത്തെ ഭേദഗതിയിലൂടെയായിരുന്നു. സ്വരൺ സിങ്ങ് കമ്മിറ്റിയുടെ ശുപാർശകളെയാധാരമാക്കിയാണവ ചെയ്തതും. രാജ്യത്തിൻെറ നയം സംബന്ധിച്ചവിഷയങ്ങൾക്ക് മൗലികാവകാശങ്ങളെക്കാൾ പ്രാമാണ്യമുണ്ടെന്ന് അവ വ്യക്തമാക്കി. മൗലിക കർത്തവ്യങ്ങളുടെ വിവരണവും അതിലൂടെ വ്യക്തമായി. 1999 അവസാനം വരെയായി എഴുപത്തിയെട്ടു ഭേദഗതികളാണ് ഭരണഘടനയിൽ വരുത്തിയത്. ഇത് ഭരണഘടനയോടു കാട്ടുന്ന അവജ്ഞയല്ല; മറിച്ച് മാറിക്കൊണ്ടിരിക്കുന്ന ആദർശലക്ഷ്യങ്ങൾ സാക്ഷാത് കരിക്കാനുള്ള, അയവുള്ള ഒരു ഭരണ സംവിധാനത്തെയാണ് പ്രകടമാക്കുന്നത്. ഏറ്റവും ആദർശശുദ്ധമായ ആശയങ്ങൾ ഉൾക്കൊള്ളിക്കാനുള്ള അവസരവും അയവും പ്രകടിപ്പിക്കുകയെന്നാൽ, അടിച്ചുടയ്ക്കേണ്ടയാവശ്യമില്ലാത്ത ഒരു ഭരണസംവിധാനം വാർത്തെടുക്കുകയെന്നതാണർത്ഥം. ഇതു തന്നെയാണ് ഭരണഘടനാശിൽപ്പികൾ ലക്ഷ്യം വെച്ചിരുന്നതും.

അടിയന്തരാവസ്ഥയെക്കുറിച്ച് അന്യത്ര വിശദമായി എഴുതിയിട്ടുണ്ട്. ദേശീയാടിസ്ഥാനത്തിൽ ഒരടിയന്തിരാവസ്ഥ 1962 പ്രഖ്യാപിതമായി. 1975-77 ലെ അടിയന്തിരാവസ്ഥാകാലത്ത് ഭരണനിർവ്വഹണവിഭാഗം അവരുടെ അധികാരങ്ങൾ അമിതമായി ദുരുപയോഗം ചെയ്തതും നമുക്കനുഭവമുണ്ട്. അധികവും അറിവിൽ വന്നത് അടിയന്തിരാവസ്ഥയവസാനിച്ച ശേഷവുമാണ്. 45-ാമതു ഭരണഘടനാഭേദഗതി 1978 ഡിസംബറിൽ വരുത്തിയതോടുകൂടി, അടിയന്തിരാവസ്ഥാ പ്രഖ്യാപനത്തിനുള്ള നിർദ്ദേശം, കേന്ദ്രമന്ത്രിസഭയുടെ ആവശ്യം, രേഖാമൂലം രാഷ്ട്രപതിക്കു നൽകണമെന്നു വന്നു. ഇനി ആ പ്രാമാണികമായ രേഖയുടെ അടിസ്ഥാനത്തിൽ മാത്രമേ രാഷ്ട്രപതി അടിയന്തിരാവസ്ഥാപ്രഖ്യാപനം നടത്തുകയുള്ളൂ. ദേശീയ അടിയന്തിരാവസ്ഥ 1962, 1965, 1971, 1975 എന്നീ കാലങ്ങളിലുണ്ടായപ്പോൾ മൗലികാവകാശങ്ങൾ നിഷ്പ്രഭങ്ങളായിട്ടുണ്ട്. സംസ്ഥാനങ്ങളിൽ അടിയന്തിരാവസ്ഥാ പ്രഖ്യാപനമുണ്ടാകുമ്പോൾ മൗലികാവകാശങ്ങൾക്കു മങ്ങലേൽക്കാറേയില്ല എന്നാണ് നമ്മുടെ അനുഭവം.

കോന്നിയൂർ ആർ. നരേന്ദ്രനാഥ്



പത്തനംതിട്ട താലൂക്കിലെ കോന്നിയെന്ന പ്രകൃതിരമണീയമായ നാട്ടിൻപുറത്ത്, പ്രശസ്ത അദ്ധ്യാപകനായിരുന്ന (പരേതനായ) എം.എൻ. രാഘവൻ നായരുടേയും (പരേതയായ) കുഞ്ഞു കൊച്ചമ്മയുടേയും മകനായി ശ്രീ. നരേന്ദ്രനാഥ് 1927-ൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം കോന്നിയിലും, ഹൈസ്ക്കൂൾ പഠനം തിരുവല്ലായിലും, കോളേജ് വിദ്യാഭ്യാസം തിരുവനന്തപുരത്ത് സയൻസ് കോളേജിലും, ലാ കോളേജിലും പൂർത്തിയാക്കി. നിയമ ബിരുദം സമ്പാദിച്ച ശേഷം അഡ്വോക്കേറ്റായി പരിശീലനം നേടി. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ പ്രശസ്ത സാഹിത്യകാരനെന്ന പദവിയിലെത്തി. കോഴിക്കോട് ആകാശവാണി, 1950-ൽ ആരംഭിച്ചപ്പോൾ, അവിടെ ഉദ്യോഗം സ്വീകരിച്ച്, ഉയർന്ന തസ്തികകളിൽ ഭാരതത്തിലെ വിവിധ സ്ഥലങ്ങളിലെ ആകാശവാണി കേന്ദ്രങ്ങളിൽ സേവനം നടത്തി. ചെന്നൈ നിലയത്തിൻെറ ചുമതലക്കാരനായ സ്റ്റേഷൻ ഡയറക്ടർ പദവിയിലിരിക്കുമ്പോൾ 1985-ൽ വിരമിച്ചു. ശാസ്ത്രസാഹിത്യ പരിഷത്തിൻെറ സ്ഥാപകരിൽ പ്രമുഖനായ ശ്രീ. നരേന്ദ്രനാഥ്, ബഹുജനങ്ങളിൽ-ശാസ്ത്രാഭിരുചി വികസിപ്പിക്കാൻ മികച്ച സേവനമനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹം മലയാളത്തിലെ ശാസ്ത്ര നോവൽ സാഹിത്യത്തിൻെറ ഉൽഘാടകരിൽ പ്രമുഖനായ ഒരാളാണ്. വരം-എന്ന നോവലോടുകൂടി അതാരംഭിച്ചു. മലയാളത്തിലെ ആദ്യത്തെ സീരിയലായി തിരുവനന്തപുരം ദൂരദർശൻ അത് സംപ്രേഷണം ചെയ്ത്, ജനശ്രദ്ധയാകർഷിച്ചു. നാടകം, ചിത്രീകരണം, ജീവചരിത്രം - തുടങ്ങിയ ശാഖകളിലും ആധികാരികങ്ങളായ നാൽപ്പതോളം ഗ്രന്ഥങ്ങൾ ചമച്ചിട്ടുണ്ട്. സംഘാടകൻ, വാഗ്മി, നടൻ എന്നീ നിലകളിലും പ്രശസ്തനാണ് ശ്രീ. നരേന്ദ്രനാഥ് . രണ്ടു പെൺമക്കളും ഒരു മകനുമുണ്ട്. സ്ഥിരവാസം ചെന്നൈയിൽ.